ഹരിതകേരളം മിഷൻ

# ഹരിതകേരളത്തിലേക്ക് ചുവടുവെക്കുമ്പോൾ

## ഹരിതകേരളത്തിന്റെ ആദ്യവർഷം

## വാർഷിക റിപ്പോർട്ട് 2017

കേരള സർക്കാർ

ഡിസംബർ 2017

# കൃതജ്ഞത

വെള്ളം, വൃത്തി, വിളവ് എന്നീ കാര്യങ്ങൾ മുൻനിർത്തിയും കേരളത്തിന്റെ ഹരിത സമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടും രൂപീകൃതമായ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ട് 2017 ഡിസംബർ 8 ന് ഒരു വർഷം പൂർത്തിയായി. വൈവിധ്യവും നൂതന വുമായ ഒട്ടേറെ പദ്ധതികളും കാമ്പയിനുകളും ഇക്കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കർമ്മപഥത്തിലെത്തിക്കുവാൻ ഹരിതകേരളം മിഷന് സാധിച്ചി ട്ടുണ്ട്. പ്രധാനമായും മൂന്നു ഉപദൗത്യങ്ങളായാണ് മിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്ക പ്പെട്ടത്. ഇതിൽ കാർഷിക ഉപദൗത്യ പ്രവർത്തനങ്ങൾക്ക് ബഹു. കൃഷി വകുപ്പ് മന്ത്രിയും ജലസംരക്ഷണ ഉപദൗത്യപ്രവർത്തനങ്ങൾക്ക് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ശുചിത്വ-മാലിന്യ സംസ്കരണ ഉപദൗത്യ പ്രവർത്തനങ്ങൾക്ക് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും നേതൃത്വം നൽകുകയുണ്ടായി. മിഷൻ സംഘടിപ്പിച്ച പ്രധാന ക്യാമ്പയിനുകൾക്ക് നേതൃത്വം നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ ബഹു. മന്ത്രിമാരുടെയും സഹായം ലഭിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും പ്രത്യേകം താത്പര്യമെടുക്കുകയുണ്ടായിട്ടുണ്ട്. മിഷൻ നടത്തിയ പ്രവർ ത്തനങ്ങളുടെ വിവരണങ്ങളാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ചാലകശക്തിയുമായി വർത്തി ച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും പൊതുജനങ്ങളുടെ സജീവ പങ്കാളി ത്തവും സഹകരണവുമാണ്. നിരവധി സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സംവിധാനങ്ങളും സർക്കാരിതര സംഘടനകളും പരിസ്ഥിതി സ്നേഹികളും ഹരിതകേരളം ഉദ്യമത്തിൽ പങ്കാളിക ളായി. ഹരിതകേരളം മിഷൻ ലക്ഷ്യമിട്ട വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ താഴെപ്പറ യുന്ന സംവിധാനങ്ങൾ നേതൃപരമായ പങ്ക് വഹിച്ചു.

ശുചിത്വമിഷൻ<br>
ജലസേചന വകുപ്പ്<br>
കൃഷി ഡയറക്ടറേറ്റ്<br>
മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ്<br>
സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ്<br>
ഗ്രാമപഞ്ചായത്തുകൾ<br>
ബ്ലോക്ക് പഞ്ചായത്തുകൾ<br>
ജില്ലാ പഞ്ചായത്തുകൾ

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ
മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)
സി-ഡിറ്റ് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി)
കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
ക്ലീൻ കേരള കമ്പനി
ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് ഡെവലപ്മെന്റ് മാനേജ്മെന്റ് കേരള (ഐ.ഡബ്ല്യു.ഡി.എം.കെ)
കുടുംബശ്രീ മിഷൻ
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണവകുപ്പ്
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ജല വിഭവ വകുപ്പ്
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്
സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
അനുബന്ധ വകുപ്പുകൾ, സ്ഥാപനങ്ങൾ

കഴിഞ്ഞ ഒരു വർഷത്തെ ഞങ്ങളുടെ സാർത്ഥകമായ പ്രവർത്തനങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകിയ എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും ഉദ്യോഗസ്ഥരോടും പൊതുജനങ്ങളോടും ഉള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. വരും തലമുറകൾക്ക് ഈ നാടിനെ അതിന്റെ എല്ലാ നന്മകളോടെയും കൈമാറണമെന്ന ബോധ്യം ഉൾക്കൊണ്ടു കൊണ്ടാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. പ്രതീക്ഷാ നിർഭരമായ ഈ ലക്ഷ്യ സാക്ഷാത്ക്കാരത്തിനുള്ള ഞങ്ങളുടെ ശ്രമങ്ങളിൽ തുടർന്നും ഏവരുടെയും ശ്രമവും പിന്തുണയും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

തിരുവനന്തപുരം
25.01.2018

**ഡോ.ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ
ഹരിതകേരളം മിഷൻ

# ഉള്ളടക്കം


1. ആമുഖം ............................................................ 7-9

2. ഉദ്ഘാടനം ............................................................ 10-14

3. ജില്ലാതല അവലോകനം ............................................................ 15-18

4. സംസ്ഥാനതല ശിൽപ്പശാല ............................................................ 19-23

5. മിഷൻ കമ്മിറ്റികൾ, കർമ്മസേന യോഗങ്ങൾ, പ്രധാനതീരുമാനങ്ങൾ . 24-28

6. മാർഗ്ഗരേഖകൾ ............................................................ 29-34

7. പരിശീലനം, കാര്യശേഷി വികസനം ............................................................ 35-42

8. ഉപദൗത്യങ്ങൾ, പ്രവർത്തനങ്ങൾ ............................................................ 43-99

9. പ്രത്യേക പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ ............................................................ 100-106

10. പ്രവർത്തന പുരോഗതി നിരീക്ഷണം ............................................................ 107-110

11. ഹരിതസംഗമം 2017 ............................................................ 111-122

12. മിഷൻ പ്രവർത്തനങ്ങൾ ജില്ലകളിലൂടെ ............................................................ 123-131

അനുബന്ധം 132-136

# 1. ആമുഖം

സുസ്ഥിര വികസനം സാധ്യമാകുന്നതിനായുള്ള നിരവധി പുരോഗമന നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, സാക്ഷരതാ കാമ്പയിൻ, ജനകീയാസൂത്രണം, സ്ത്രീ ശാക്തീകരണം, സാമൂഹ്യ ആരോഗ്യ പരിപാലനം തുടങ്ങിയ മേഖല കളിലെ പ്രവർത്തനങ്ങൾ രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടു. ഈ മേഖലകളിൽ എല്ലാം കേരളം നേടിയ നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസ്വലമായ പ്രവർത്തങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. പുതിയ കേരളത്തിലേക്കുള്ള പ്രയാണം വേഗത്തിൽ സാധ്യമാക്കു ന്നതിന് ഇത് അനിവാര്യമാണ്. സംസ്ഥാനത്തെ സാധാരണ ജനങ്ങൾ അവരുടെ ജീവിതവും ജീവനോ പാധികളുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളും പ്രത്യേകമായി പരിഗണിക്കപ്പെട്ടുകൊണ്ട് മാത്രമേ ഇത് സാധ്യമാകുകയുള്ളൂ.

സാധാരണ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് നമ്മുടെ തൃതല ആരോഗ്യ സേവന മേഖലയുടെ പരിഷ്കരണം അത്യന്താപേക്ഷിതമാണ്. ധാരാളം മഴ ലഭിക്കുന്നുവെങ്കിലും വേനൽക്കാല ത്ത് വലിയ ജലക്ഷാമം നേരിടുന്ന സ്ഥിതി കേരളത്തിൽ വർദ്ധിച്ചിരിക്കുന്നു. ലഭ്യമായ വെള്ളം മലിന മായി മാറുന്ന സ്ഥിതിയും വ്യാപകമാണ്. വർദ്ധിച്ചു വരുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിലെ അപര്യാപ്തത വലിയ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായിരിക്കുന്നു. കാർഷിക മേഖലയുടെ മുരടിപ്പ് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയെ വലിയ തോതിൽ ബാധിച്ചിരിക്കുന്നു. നെല്ലിന്റെ ഉത്പാദനം ഗണ്യമായി കുറഞ്ഞു. നാട്ടിൽ സാധ്യതയുണ്ടായിട്ടും അന്യദേശങ്ങളിൽ നിന്നെത്തുന്ന വിഷലിപ്തമായ പച്ചക്കറി ഉപയോഗിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. കേരളത്തിന്റെ പൊതുവി ദ്യാഭ്യാസ മേഖല മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്.എന്നാൽ ആഗോളതലത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി കാര്യങ്ങൾ കാണേണ്ടിവന്നി രിക്കുന്നു. അതിനനുസൃതമായി നമ്മുടെ അടിസ്ഥാന പൊതു വിദ്യാഭ്യാസ സൗകര്യങ്ങളുടെ നില വാരം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭൂരഹിതർക്കും ഭവന രഹിതർക്കും സഹായമെത്തിക്കുന്നതിൽ സംസ്ഥാനത്തെ പുരോഗമന സർക്കാരുകൾ ഏക്കാലവും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. എന്നി രുന്നാലും ഇനിയും സ്വന്തമായി വീടില്ലാത്തവരുടെ സ്ഥിതി പരിഹരിക്കേണ്ടതുണ്ട്. ഇപ്രകാരം, പരി ശോധിക്കുമ്പോൾ ആരോഗ്യ പരിപാലനം, ജലസംരക്ഷണം, മാലിന്യ സംസ്ക്കരണം, കൃഷിവിക സനം, വിദ്യാഭ്യാസ പരിഷ്കരണം, ഭവന ലഭ്യത ഇവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു ദൗത്യമായി നിർവ്വഹിക്കപ്പെടേണ്ടതുണ്ട്.

ആയതിനാൽ കേരളത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി അഞ്ചുവർഷം കൊണ്ട് ജനപങ്കാ ളിത്തത്തോടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന നാല് കർമ്മപദ്ധതികൾ 2016 സെപ്തംബർ 28 ന് സർക്കാർ ഉത്തരവ് (പി) നമ്പർ 41/2016/ആ.സാ.വ പ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. ഇതിൻ പ്രകാരം ആരോഗ്യമേഖലക്കായി 'ആർദ്രം', വിദ്യാഭ്യാസ മേഖലക്കായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', ഭവനങ്ങളും ജീവനോപാധി സഹായവും ലഭ്യമാക്കുന്നതിനായി 'ലൈഫ്', പരിസ്ഥിതി

സുരക്ഷ ഉറപ്പാക്കുന്നതിനായി 'ഹരിതകേരളം' എന്നീ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നാല് വികസന മിഷനുകൾ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സർക്കാർ രൂപീകരിക്കുകയുണ്ടായി. ബന്ധപ്പെട്ട വകുപ്പിന്റെ/വകുപ്പുകളുടെ ചുമതലയുള്ള ബഹു. മന്ത്രിമാർ സഹ അധ്യക്ഷരായിക്കൊണ്ടും, അനു ബന്ധ വകുപ്പുകളുടെ ചുമതലയുള്ള ബഹു.മന്ത്രിമാർ ഉപഅധ്യക്ഷരായിക്കൊണ്ടും, പ്രതിപക്ഷ നേതാവ് പ്രത്യേക ക്ഷണിതാവായിക്കൊണ്ടും, വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരുടെ അസോസിയേഷൻ പ്രതിനിധികളും, ചീഫ് സെക്രട്ടറിയും, വകുപ്പ് സെക്രട്ടറിമാരും, വിദഗ്ദ്ധരും അംഗങ്ങൾ ആയിക്കൊണ്ടുമാണ് വികസനമിഷനുകൾ പ്രവർത്തനം ആരംഭിച്ചത്. മുൻ പാർലമെൻറ് അംഗം ഡോ. ടി.എൻ.സീമയെ 2016 ഒക്ടോബർ 28 ലെ 48/2016/ആ.സാ.വാ. ഉത്തരവ് പ്രകാരം ഹരിതകേരളം മിഷന്റെ ഉപ അധ്യക്ഷയായി നിയമിച്ചുകൊണ്ട് മൂന്നു സുപ്രധാന മേഖലകളെ ഏകോപിപ്പിക്കേണ്ട മിഷന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനു നിയോഗിക്കുകയുണ്ടായി. 2016 ഡിസംബർ 7 ലെ സർക്കാർ ഉത്തരവ് 56/2016/ആ.സാ.വ പ്രകാരം ഡോ. ആർ. അജയകുമാർ വർമ്മയെ ഹരിത കേരളം മിഷന്റെ സാങ്കേതിക ഉപദേഷ്ടാവായും നിയോഗിച്ചു. തുടർന്നു ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം-1 ആയി നൽകിയിട്ടുണ്ട്.

വികസന മിഷനുകളുടെ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വേണ്ട സംഘടനാ സംവിധാനം, ഉദ്ദേശ്യലക്ഷ്യങ്ങൾ, ഏകോപന സംവിധാനം, ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണ സംവിധാനം, പദ്ധതിനിർവഹണ സംവിധാനം എന്നീ വിശദാംശങ്ങൾ മേൽ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ശുചിത്വം-മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നിങ്ങനെ മൂന്ന് ഉപമിഷനുകളും വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനു സംസ്ഥാനതലത്തിൽ ആറു കർമ്മസമിതികളും ജില്ലകളിലും, ബ്ലോക്കുകളിലും പ്രാദേശിക തദ്ദേശഭരണസ്ഥാപനങ്ങളിൽ ഓരോ കർമ്മസമിതിയും രൂപീകരിച്ചു. ഈ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ 2016 നവംബർ 4 ന് സർക്കാർ ഉത്തരവ് (പി) നമ്പർ 49/2016/ആ.സാ.വ പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ 2016 ഡിസംബർ 8 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് ഒരുവർഷം. നടന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്.

വറ്റുന്ന കിണറുകളും, മണ്ണും, മാലിന്യമടിഞ്ഞു നശീകരമായ കുളങ്ങളും, വെള്ളമില്ലാത്ത അരുവികളും, വറ്റി വരളുന്ന പുഴകളും, തരിശായ കൃഷിയിടങ്ങളും, മരങ്ങളില്ലാത്ത പുരയിടങ്ങളും, മാലിന്യം നിറഞ്ഞ പാതയോരങ്ങളും, തോടുകളും കേരളത്തിന്റെ മുഖമുദ്രയായി വളരെ വേഗം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഗ്രാമങ്ങളും, നഗരങ്ങളും വേണ്ടത്ര ജല-ഭക്ഷ്യ-പരിസ്ഥിതി സുരക്ഷ ഇല്ലാത്ത പ്രദേശങ്ങളായിക്കൊണ്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പ്രകൃതി പ്രതിഭാസങ്ങൾ ഈ ദുർഘടാവസ്ഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ജലക്ഷാമവും, സുരക്ഷിതമല്ലാത്ത ഭക്ഷ്യവസ്തുക്കളും, വ്യാപകമായ വായു-ജല മലിനീകരണവും വർദ്ധിതമായ രോഗഭാരവും ജീവിതം ദുസ്സഹമാക്കുന്ന സ്ഥിതി അനുദിനം വർദ്ധിക്കുന്നു. ശ്ലാഘനീയമായ പരിസ്ഥിതി സൗന്ദര്യത്തിനു പുകൾപെറ്റ നമ്മുടെ ഗ്രാമങ്ങൾക്കും, നഗരങ്ങൾക്കും, നമുക്കോരോരുത്തർക്കും ഈ സ്ഥിതി ഒട്ടുമേ ഭൂഷണമല്ലാതായിരിക്കുന്നു. ആയതിനാൽ നമ്മുടെ പ്രദേശങ്ങളെ ജലസുരക്ഷയിലേക്കും, ഭക്ഷ്യസുരക്ഷയിലേക്കും, പരിസ്ഥിതിസുരക്ഷയിലേക്കും നയിക്കുന്നതിന് വേണ്ട പിന്തുണാസംവിധാനം വിവിധ വികസന മേഖലകളിൽ അത്യന്താപേക്ഷിതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരളം നേരിടുന്ന ഗുരുതരമായ ചില വികസന പ്രതിസന്ധികളെ അഭിസംബോധന ചെയ്യേണ്ട അതിപ്രധാനമായ ദൗത്യം എന്ന നിലയിലാണ് സർക്കാർ ഹരിതകേരളം മിഷനെ വിഭാവനം ചെയ്തിട്ടുള്ളത്. കേരളത്തിന്റെ ഏറ്റവും പ്രധാന സവിശേഷതകളായിരുന്ന വൃത്തിയും, ജല സമൃദ്ധിയും, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനവും മെച്ചപ്പെടുത്തുന്നതിനുള്ള ലക്ഷ്യത്തോടെയാണ് ഈ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ മൂന്നു മേഖലകളും പരസ്പര ബന്ധിതമാണ് എന്നതിനാലും ഈ മൂന്നു മേഖലകളിലേയും സംയോജിതമായ പ്രവർത്തനം സംസ്ഥാനത്തിന്റെ പരിസ്ഥിതി സുരക്ഷ കൈവരിക്കുന്നതിന് ഏറ്റവും പ്രധാനമാണ് എന്നതിനാലും ഈ മൂന്ന് പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്നതിന് മിഷൻ പ്രാധാന്യം നൽകുന്നു. സമഗ്രമായ മാലിന്യ സംസ്ക്കരണം, ജൈവ കൃഷിയും വീട്ടുവളപ്പിലെ പച്ചക്കറികൃഷിയും വ്യാപിപ്പിക്കുക, കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വനസമ്പത്തും ജല സമ്പത്തും സംരക്ഷിക്കുവാനും വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിയുക തുടങ്ങിയവയെല്ലാം ഇന്നത്തെ കേരള സമൂഹത്തിന്റെ അടിയന്തര ആവശ്യ

ങ്ങളാണ്. കാലാവസ്ഥാവ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികളെ നേരിടുന്നതിനുള്ള ശേഷിയും ആർജ്ജിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ഇവയൊന്നും കേവലം ഒരു സർക്കാർ പദ്ധതി എന്ന നിലയിൽ നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളല്ല. നാടിന്റെ പച്ചപ്പും മണ്ണിന്റെ നന്മയും ജലത്തിന്റയും വായുവിന്റെയും ശുദ്ധിയും വീണ്ടെടുക്കണമെങ്കിൽ ഒരു ജനകീയ യജ്ഞം തന്നെ ആവശ്യമാണ്. വരും തലമുറകൾക്ക് ഈ നാടിനെ അതിന്റെ എല്ലാ നന്മകളോടെയും കൈമാറുന്നതിന് മുഴുവൻ ജനങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള വിപുലമായ പ്രവർത്തനവും അത്യന്താപേക്ഷിതമാണ്. ഈ പശ്ചാതലത്തിൽ പ്രാദേശിക ഭരണകൂടങ്ങളുടെയും വിവിധ വികസന വകുപ്പുകളുടെയും നേതൃത്വത്തിൽ, ജനങ്ങളുടെ പങ്കാളിത്തത്തോടെ നാടിന്റെ പരിസ്ഥിതി സുരക്ഷ വീണ്ടെടുക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകും എന്ന പ്രതീക്ഷ ഹരിതകേരളം മിഷന്റെ ഒന്നാം വർഷത്തെ പ്രവർത്തനം നൽകുന്നുണ്ട്.

# 2. ഉദ്ഘാടനം

കേരളത്തിന്റെ വൃത്തിയും വെള്ളവും വീളവും വീണ്ടെടുക്കാനുള്ള ഹരിതകേരളം യത്നത്തിന്റെ പ്രവർത്തനങ്ങൾക്ക്  2016 ഡിസംബർ 8 ന് തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത് കളത്തറക്കൽ ഏലായിൽ തടിച്ചുകൂടിയ ജനങ്ങളെ സാക്ഷി നിർത്തി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിത്തെറിഞ്ഞ് തുടക്കം കുറിച്ചു. സംസ്ഥാനത്ത് വരൾച്ചയുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനു നമ്മുടെ ജലസ്രോതസ്സുകളുടെ, അതായത് കിണറുകൾ, കുളങ്ങൾ, കനാലുകൾ, തോടുകൾ എന്നിവയുടെ നവീകരണം, ശുദ്ധീകരണം, പുനരുജ്ജീവനം ഇവയുടെ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. നാമുണ്ടാക്കുന്ന മാലിന്യം പരമാവധി കുറയ്ക്കുന്നതിനും ഉണ്ടാകുന്ന മാലിന്യം പരമാവധി പുനരുപയോഗിക്കുന്നതിനും, പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിനും അതുവഴി വൃത്തിയുടെ ബോധം ഓരോ വ്യക്തിയിലും ഉണ്ടാക്കുന്നതിനും നമുക്കാകണം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ നെൽകൃഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള സാധ്യതകളുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ വേണ്ടത്ര ശ്രമം വേണം. ലഭ്യമായ പച്ചക്കറിയേറെയും വിഷലിപ്തമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം സാധ്യമാക്കി സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാലാവസ്ഥാവ്യതിയാനം, മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ ഇവ നേരിടുന്നതിനു വൃക്ഷവൽക്കരണം വലിയ പ്രയോജനം ചെയ്യും. കൂടുതൽ വൃക്ഷങ്ങൾ നമുക്ക് വെച്ചുപിടിപ്പിക്കുന്നതിനാകണം. നമ്മുടെ എല്ലാ സ്കൂൾ, കോളേജ് കാമ്പസ്സുകളും ഹരിത കാമ്പസ്സുകളായി മാറണം. ഇത് നമ്മുടെ കുട്ടികൾക്ക്  പ്രകൃതിയോടും, പരി





സ്ഥിതിയോടും അനുഭാവപൂർവമുള്ള മനോഭാവം ഉണ്ടാക്കിയെടുക്കുന്നതിനു സഹായിക്കും. നമ്മുടെ മണ്ണിന്റെ ഉത്പാദനക്ഷമതയും വായുവിന്റെയും, ജലത്തിന്റെയും ഗുണനിലവാരം നിലനിർത്തിയും അടുത്ത തലമുറക്ക് ഈ ഭൂമി കൈമാറേണ്ടതായിട്ടുണ്ട് എന്ന ചിന്ത നമ്മളിൽ ഓരോരുത്തരിലും ഉണ്ടാകണം. എന്നാൽ ഇതെല്ലാം സർക്കാർ എന്ന നിലയിൽ മാത്രം ചെയ്യാനാവില്ല. ഈ പ്രവർത്തനങ്ങൾ എല്ലാം ജനങ്ങൾ സ്വന്തം ഉത്തരവാദിത്വം കൂടിയായി ഏറ്റെടുക്കുമ്പോൾ മാത്രമേ ഈ വിഷയങ്ങളിൽ എല്ലാം നമുക്ക് മുന്നേറാനാകൂ. നമ്മുടെ പഴയ സാക്ഷരതാ പ്രസ്ഥാനം പോലെ ജനങ്ങളിലേക്ക് ഇറങ്ങി ചെന്ന് പ്രവർത്തിക്കാൻ ആവണം. സർക്കാർ രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷൻ സംവിധാനം ഈ പ്രവർത്തനങ്ങൾക്കെല്ലാം പിന്തുണാസംവിധാനം ആയി നിലകൊള്ളുമെന്നും ബഹു, മുഖ്യമന്ത്രി പ്രസ്താവിച്ചു. ഇതിനായി സംസ്ഥാനതലത്തിലും, ജില്ല-ബ്ലോക്ക്-നഗരസഭ-ഗ്രാമപഞ്ചായത്ത് തലത്തിൽ മിഷനുകളും അവയുടെ കർമ്മസമിതികളും പ്രവർത്തിക്കും. വിവിധ വികസനവകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും, വിദഗ്ധരുടേയും സഹായവും, ഗവേഷണസ്ഥാപനങ്ങളുടെ സേവനവും അനുയോജ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും അദ്ദേഹം പ്രസ്താവിച്ചു. ഇതിനായി വിവിധസംവിധാനങ്ങളുടെ ഏകോപനവും, വിവിധ പ്രവർത്തനങ്ങളുടെ സംയോജനവും സർക്കാർ ഉറപ്പാക്കും. നിലവിലെ സാഹചര്യത്തിൽ ഗ്രാമ-നഗര പ്രദേശങ്ങളിൽ ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനങ്ങൾ സാധ്യമാക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു സംഘടനകളും പരീക്ഷണാടിസ്ഥാനത്തിൽ വിജയിപ്പിച്ചിട്ടുള്ള മാതൃകകൾ ഉപയോഗപ്പെടുത്തുമെന്നും ബഹു. മുഖ്യമന്ത്രി പ്രസ്താവിച്ചു.

ഉദ്ഘാടന സമ്മേളനത്തിലും തരിശുകിടന്ന പാടശേഖരത്തിൽ നെൽകൃഷി ആരംഭിക്കുന്ന ചടങ്ങിലും ബഹു. മുഖ്യമന്ത്രിയോടൊപ്പം ഗാനഗന്ധർവൻ യേശുദാസും പ്രശസ്ത ചലച്ചിത്രനടി മഞ്ജു വാര്യരും പങ്കെടുത്തു. ശാസ്ത്രീയമായ പ്രകൃതിവിഭവ പരിപാലനവും പരിസ്ഥിസംരക്ഷണവും സാദ്ധ്യമാക്കുന്നതിന് തങ്ങളാൽ ആവുന്നതെല്ലാം ചെയ്യുമെന്നും, ഹരിതകേരളം മിഷന്റെ അംബാസിഡർമാരായി പ്രവർത്തിക്കുമെന്നും ബഹു. യേശുദാസും, ബഹു. മഞ്ജു വാര്യരും അറിയിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ നാട്ടുകാരോടൊപ്പം വിവിധ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി.

തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല ഉദ്ഘാടനത്തോടൊപ്പം എല്ലാ ജില്ലകളിലും മാലിന്യസംസ് കരണം, ജലസംരക്ഷണം, നെൽകൃഷി, പച്ചക്കറികൃഷി, ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ അതതു ജില്ലകളുടെ ഉത്തരവാദിത്വം നൽകിയിട്ടുള്ള ബഹു. മന്ത്രിമാർ ഉത്ഘാടനം ചെയ്യുകയുണ്ടായി. ഇതോടൊപ്പം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലും ജനപങ്കാളിത്തതോടെയുള്ള ശുചീകരണ, മാലിന്യസംസ്കരണ, ജലസംരക്ഷണ, കാർഷിക പ്രവൃത്തികൾ ജനപ്രതികളുടെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. സംസ്ഥാനമൊട്ടാകെ നടന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലും രാഷ്ട്രീയഭേദമന്യേ ജനപ്രതിനിധികളും, സാമൂഹ്യനേതാക്കളും, സംഘടനകളും, വലിയ പങ്കുവഹിക്കുകയുണ്ടായി. തൊഴിലുറപ്പ് തൊഴിലാളികളും, കുടുംബശ്രീ പ്രവർത്തകരും, സന്നദ്ധപ്രവർത്തകരും,

ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരും അണിചേർന്ന ഉദ്ഘാടനപ്രവർത്തനങ്ങളുടെ വിജയം ഹരിതകേരളം മിഷന്റെ പിന്നീടുള്ള പ്രവർത്തനങ്ങൾക്കു വലിയ മുതൽക്കൂട്ടായി.




സംസ്ഥാനതല ഉദ്ഘാടനത്തോടൊപ്പം തന്നെ എല്ലാ ജില്ലകളിലും ബഹു. മന്ത്രിമാർ ഓരോ പ്രധാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതോടൊപ്പം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികൾ വിവിധ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഉദ്ഘാടന പ്രവർത്തനങ്ങളിൽ ബഹു. പാർലമെൻറ്അംഗങ്ങൾ, നിയമസഭാ സാമാജികർ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ തുടങ്ങിയവരുടെ നേതൃത്വം വളരെ ശ്രദ്ധേയമായിരുന്നു. ജില്ലാതലത്തിൽ നടന്ന ഉദ്ഘാടന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ പട്ടിക1 ൽ വിശദമാക്കിയിട്ടുണ്ട്.

**പട്ടിക1**

| നം | ജില്ല | സ്ഥലം | ഉദ്ഘാടന പ്രവൃത്തി | ഉദ്ഘാടകൻ | വിശിഷ്ടാതിഥികൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | കളത്തറക്കൽ ഏല, കൊല്ലയിൽ പഞ്ചായത്ത് | തരിശു നിലത്തിലെ നെൽക്കൃഷി | ശ്രീ. പിണറായി വിജയൻ ബഹു.മുഖ്യമന്ത്രി | 1. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ടൂറിസം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി<br>2. ശ്രീ. സി.കെ ഹരീന്ദ്രൻ എം.എൽ.എ<br>3. ശ്രീ. വി.കെ രാമചന്ദ്രൻ, വൈസ് ചെയർപേഴ്സൺ, പ്ലാനിംഗ് ബോർഡ്<br>4. ശ്രീ. വി.കെ മധു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>5. ഡോ. ടി.എൻ സീമ, ഹരിതകേരളം മിഷൻ, വൈസ് ചെയർപേഴ്സൺ<br>6. പത്മവിഭൂഷൺ യേശുദാസ്, ശ്രീമതി. മഞ്ജുവാര്യർ |
| 2 | കൊല്ലം | കുലശേഖര പുരം ഗ്രാമ പഞ്ചായത്ത് | കുലശേഖര പുരം ഗ്രാമ പഞ്ചായ ത്തിലെ തഴവയൽ ഏലായിൽ എള്ളുകൃ ഷിക്കും പച്ചക്കറി കൃഷിക്കും തുടക്കം കുറിച്ചു കൊണ്ട് | ശ്രീമതി. ജെ.മേഴ്സിക്കുട്ടിയമ്മ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി | 1. ശ്രീ.ആർ.രാമചന്ദ്രൻ, എം.എൽ.എ.<br>2. ശ്രീമതി.ജഗദമ്മ ടീച്ചർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |

| | | | | | |
|---|---|---|---|---|---|
| 3 | പത്തനംതിട്ട | പത്തനംതിട്ട മുനിസിപ്പാലിറ്റി | തച്ചംപടി കണ്ണങ്കര തോട് വൃത്തിയാക്കൽ | അഡ്വ. മാത്യു. ടി തോമസ് ബഹു.ജലവിഭവ വകുപ്പ് മന്ത്രി, ഡോ. ടി.എം തോമസ് ഐസക് ബഹു. ധനകാര്യ മന്ത്രി | 1. ശ്രീ.രാജു എബ്രഹാം എം.എൽ.എ.<br>2. ശ്രീമതി. വീണ ജോർജ്ജ് എ.എൽ.എ.<br>3. ശ്രീ. അടൂർ പ്രകാശ് എം.എൽ.എ.<br>4. ശ്രീമതി എൻ.ഗിരിജ ഐ.എ.എസ്., ജില്ലാകളക്ടർ |
| 4 | ആലപ്പുഴ | ജില്ലാ കളക്ടറേറ്റ് | ഹൈടെക് കൃഷിത്തോട്ടം, കരിമീൻ കുഞ്ഞുങ്ങളുടെ വിതരണം | ശ്രീ.ജി സുധാകരൻ ബഹു. പൊതു മരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | 1. ശ്രീ.ജി വേണുഗോപാൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>2. ശ്രീമതി വീണ മാധവ് ഐ.എ.എസ് ജില്ലാ കളക്ടർ |
| 5 | കോട്ടയം | മാഞ്ഞൂർ പഞ്ചായത്ത് | മാഞ്ഞൂർ പഞ്ചായത്ത് മാങ്ങാച്ചിറ പാടശേഖരത്ത് 7.5 ഏക്കർ നെൽക്കൃഷി | അഡ്വ. കെ രാജു. ബഹു. വനം ക്ഷീര വികസന വകുപ്പ് മന്ത്രി | 1. ശ്രീ.മോൻസ് ജോസഫ് എം.എൽ.എ.<br>2 അഡ്വ. സുരേഷ് കുറുപ്പ് എം.എൽ.എ.<br>3. ശ്രീമതി. സി.കെ ആശ എം.എൽ.എ.<br>4. ശ്രീ. ജോഷി ഫിലിപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>5. ശ്രീമതി സി.എ. ലത ഐ.എ.എസ്. ജില്ലാ കളക്ടർ |
| 6 | ഇടുക്കി | മുരിക്കാശ്ശേരി പാവനാത്മക കോളേജ് | 5 ഏക്കർ തരിശു ഭൂമിയിലെ ജൈവ പച്ചക്കറി കൃഷി | ശ്രീ.എം.എം മണി, ബഹു. വൈദ്യുതി വകുപ്പ് മന്ത്രി | 1. ശ്രീ.റോഷി അഗസ്റ്റിൻ എം.എൽ.എ.<br>2. ശ്രീമതി. കൊച്ചുത്രേസ്യ പൗലോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>3. ശ്രീ. ജി.ആർ ഗോകുൽ ഐ.എ.എസ്, ജില്ലാ കളക്ടർ<br>4. ശ്രീ. ദിലീഷ് നായർ, സിനിമ സംവിധായകൻ |
| 7 | എറണാകുളം | കാക്കനാട് | ജലസംരക്ഷണ കാർഷിക വികസന മാലിന്യ സംസ്ക്കരണ പദ്ധതികൾ | പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി | 1. അഡ്വ. പി.ടി തോമസ് എം.എൽ.എ.<br>2. ശ്രീ. മമ്മൂട്ടി, സിനിമ നടൻ<br>3. ശ്രീ. ശ്രീനിവാസൻ, സിനിമ നടൻ<br>4. ശ്രീമതി ആശ സുനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>5. ശ്രീ.കെ മുഹമ്മദ് സഫീറുള്ള ഐ.എ.എസ്. ജില്ലാ കളക്ടർ |
| 8 | തൃശ്ശൂർ | നെന്മണിക്കര പഞ്ചായത്ത് | മണലിപ്പുഴയിലെ ശുചീകരണ പ്രവൃത്തികൾ | ശ്രീ.എ.സി മൊയ്തീൻ, ബഹു. വ്യവസായ- കായിക യുവജന ക്ഷേമ വകുപ്പ് മന്ത്രി | 1 ശ്രീ.ജയരാജ് വാര്യർ, സിനിമാ താരം<br>2. ശ്രീമതി. ഷീല വിജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |

| | | | | | |
|---|---|---|---|---|---|
| 9 | പാലക്കാട് | മണ്ടഴി, പുലാപ്പറ്റ | കോളശ്ശേരി പുത്തൻകുളം നവീകരണം | ശ്രീ. പി. തിലോത്തമൻ, ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി | 1. ശ്രീ. പി. ഉണ്ണി എം.എൽ.എ.<br>2. അഡ്വ. കെ ശാന്തകുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>3. ശ്രീമതി. പി.മേരിക്കുട്ടി ഐ.എ.എസ്, ജില്ലാ കളക്ടർ |
| 10 | മലപ്പുറം | കാവുംപുറം വളാഞ്ചേരി | കിണർ റീ-ചാർജ്ജിംഗ് | ഡോ.കെ.ടി ജലീൽ, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | 1. പ്രൊഫ.ആസിത് ഹുസൈൻ തങ്ങൾ എം.എൽ.എ.<br>2. ശ്രീ.എ.പി. ഉണ്ണിക്കൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>3. ശ്രീ. അമിത് മീണ, ഐ.എ.എസ്. ജില്ലാ കളക്ടർ |
| 11 | കോഴിക്കോട് | സരോവരം ബയോപാർക്ക് (കോഴിക്കോട് ചെളിയന്നൂർ കൊയിലാണ്ടി) നഗരസഭ | സിവിൽസ്റ്റേഷൻ, ബയോ പാർക്ക് ശുചീകരിച്ചു, 10000 ഏക്കറിൽ കൃഷിവീണ്ടെടുക്കുന്നതിനായി വെളിയന്നൂർചല്ലിയിൽ വിത്തെറിഞ്ഞു. | ശ്രീ. ടി.പി. രാമകൃഷ്ണൻ, ബഹു. തൊഴിൽ, എക്സൈസ് വകുപ്പ് മന്ത്രി, ശ്രീ. എം.ടി. വാസുദേവൻ നായർ | 1. ശ്രീ.കെ ദാസൻ, എം.എൽ.എ.<br>2. കെ. സത്യൻ, മുനിസിപ്പൽ ചെയർപേഴ്സൺ |
| 12 | വയനാട് | പനമരം ഗ്രാമ പഞ്ചായത്ത് | എരനെല്ലൂർ ക്ഷേത്രക്കുളം നവീകരണം | ശ്രീ. എ.കെ. ശശീന്ദ്രൻ ബഹു. ഗതാഗത വകുപ്പ് മന്ത്രി | 1. ഒ.ആർ കേളു എം.എൽ.എ.<br>2. ശ്രീമതി.ടി ഉഷാകുമാരി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് |
| 13 | കണ്ണൂർ | ചിറക്കൽ ഗ്രാമപഞ്ചായത്ത് | ചിറക്കൽ കോവിലകം ചിറ നവീകരണം | ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ബഹു. തുറമുഖ, പുരാവസ്തു, മ്യൂസിയം വകുപ്പ് മന്ത്രി, ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ, ബഹു. ആരോഗ്യ വകുപ്പ് മന്ത്രി | 1. ജെയിംസ് മാത്യു, എം.എൽ.എ. |
| 14 | കാസർഗോഡ് | നീലേശ്വരം നഗരസഭ | നീലേശ്വരം കോവിലകം ചിറ ശുചീകരണം | ശ്രീ. ഇ. ചന്ദ്രശേഖരൻ ബഹു. റവന്യൂ വകുപ്പ് മന്ത്രി | 1. ശ്രീ.എം.രാജഗോപാൽ എം.എൽ.എ.<br>2. ശ്രീ.എ.ജി.സി. ബഷീർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>3. ശ്രീ.ജീവൻ ബാബു, ഐ.എ.എസ് ജില്ലാ കളക്ടർ |

ഇതോടൊപ്പം മിക്കവാറും എല്ലാ തദ്ദേശ ഭരണ സ്ഥാപങ്ങളുടെയും നേതൃത്വത്തിൽ അനുബന്ധ പരിപാടികൾ ഉത്ഘാടനം ചെയ്യപ്പെടുകയുണ്ടായി. കൂടാതെ ശുചീകരണം, മാലിന്യസംസ്കരണം, ജലസ്രോതസ്സുകൾ വൃത്തിയാക്കൽ, ജൈവകൃഷിതുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് അതതു പ്രദേശത്തെ ജനപ്രതിനിധികൾ നേതൃത്വം കൊടുക്കുകയുണ്ടായി. സംസ്ഥാന സർക്കാർ മുന്നോട്ടുവെച്ച ഹരിത കേരളം എന്ന ആശയത്തെ ജില്ലാ ഭരണകൂടങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ഉത്തരവാദിത്വത്തോടെയും, ഉത്സാഹത്തോടെയും ഏറ്റെടുക്കുന്ന സ്ഥിതി വലിയ പ്രതീക്ഷ നൽകുന്നതായി.

# 3. ജില്ലാതല അവലോകനം

ഹരിതകേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ജില്ലകളിൽ നടന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും, മിഷൻ സംവിധാനം ജില്ലകളിൽ എത്രമാത്രം ഫലപ്രദമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്ന തിനും എല്ലാ ജില്ലകളിലും വിശദമായ അവലോകന യോഗം സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും മിഷൻ അദ്ധ്യക്ഷർക്കും കളക്ടർക്കും, ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും അറിയിപ്പ് നൽകിയാണ് യോഗം സംഘടിപ്പിച്ചത്. ഹരിതകേരളം ഉപാധ്യക്ഷയും സാങ്കേതിക ഉപദേഷ്ടാവും എല്ലാ യോഗങ്ങളിലും പങ്കെടുക്കുകയുണ്ടായി. ജില്ലാമിഷൻ കർമ്മ സേനയിലെ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഓരോ ജില്ലയിലും നടന്ന യോഗങ്ങളുടെയും സമയക്രമവും, നേതൃത്വം നല്കിയവരുടെയും വിശദവിവരം പട്ടിക-2 ൽ നൽകിയിരിക്കുന്നു.

**പട്ടിക-2**

| നം | ജില്ല | തീയതി | നേതൃത്വം നൽകിയവർ |
|---|---|---|---|
| 1 | കാസറഗോഡ് | 17.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 2 | കണ്ണൂർ | 6.2.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 3 | വയനാട് | 18.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 4 | കോഴിക്കോട് | 23.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് |
| 5 | മലപ്പുറം | 23.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 6 | പാലക്കാട് | 20.1.2017 | ജില്ലാ കലക്ടർ |
| 7 | തൃശൂർ | 7.2.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 8 | ഏറണാകുളം | 24.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 9 | ഇടുക്കി | 8.2.2017 | ജില്ലാ കലക്ടർ |
| 10 | കോട്ടയം | 25.1.2017 | ജില്ലാ കലക്ടർ |
| 11 | ആലപ്പുഴ | 24.1.2017 | ജില്ലാപഞ്ചായത്ത്<br>വൈസ്പ്രസിഡണ്ട്<br>അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് |
| 12 | പത്തനംതിട്ട | 25.1.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 13 | കൊല്ലം | 10.2.2017 | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്<br>ജില്ലാ കലക്ടർ |
| 14 | തിരുവനന്തപുരം | 9.2.2017 | ജില്ലാ കലക്ടർ |

ഹരിതകേരളം മിഷൻ സംബധിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, ആസൂത്രണരീതി, നിർവഹണരീതി, പദ്ധതി സഹായം, വിവിധ പ്രവർത്തികളുടെ സംയോജന സാധ്യതകൾ, മിഷൻ ഘടന, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷന്മാരുടെ നേതൃത്വത്തിൽ രൂപീകൃതമാകുന്ന മിഷൻ സംവിധാനം, വിവിധതലങ്ങളിൽ രൂപീകരിച്ചിട്ടുള്ള മിഷൻ കർമ്മസമിതികൾ, ജനകീയാസൂത്രണത്തെ ശക്തിപ്പെടുത്തേണ്ട ആവശ്യകത തുടങ്ങിയ കാര്യങ്ങൾ ഓരോ യോഗത്തിലും ആമുഖമായി അവതരിപ്പിക്കപ്പെട്ടു. എല്ലാ ജില്ലകളിലും 2016 ഡിസംബർ 8 ന്റെ ഉദ്ഘാടന പ്രവർത്തനങ്ങൾ സംബന്ധിച്ചും, തുടർ നടപടികൾ സംബന്ധിച്ചും ജില്ലകളിൽ നില നിൽക്കുന്ന വികസന പ്രശ്നങ്ങൾ സംബന്ധിച്ചും വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. ജില്ലാ പ്ലാനിംഗ് ഓഫീസറാണ് മിക്ക ജില്ലകളിലും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഏറണാകുളം ജില്ലയിൽ പഞ്ചായത്ത് ഡ.ഡയറക്ടറും, കൊല്ലം ജില്ലയിൽ അസി.ഡവലപ്മെൻറ് കമ്മീഷണറും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. വിവിധ വകുപ്പുകൾ ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ടു നടത്തിയതും, നടത്തി വരുന്നതുമായ പ്രവർത്തനങ്ങൾ അതതു വകുപ്പുകളുടെ ജില്ലാമേധാവികൾ അവതരിപ്പിച്ചു. ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ, തൊഴിലുറപ്പ്പദ്ധതിയുടെ ജില്ലാതലഓഫീസർ, കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആത്മ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയുടെ മേധാവികൾ, പബ്ലിക് റിലേഷൻസ്, ജലസേചനം, ഭൂഗർഭ ജലം, ആരോഗ്യം, വനം, മണ്ണ്പര്യവേഷണം, മണ്ണ് സംരക്ഷണം, വിദ്യാഭ്യാസം, മൃഗസംരക്ഷണം, ഡയറി, മലിനീകരണനിയന്ത്രണ ബോർഡ്, ടൂറിസം, സോഷ്യൽ ജസ്റ്റിസ്, ഫിഷറീസ് തുടങ്ങിയവകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ നടന്ന പ്രവർത്തനങ്ങളും, ഭാവിപ്രവർത്തനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും വിശദമായി അവതരിപ്പിച്ചു. ഡിസംബർ 8 ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് തയാറാക്കിയ റിപ്പോർട്ടും മിക്ക ജില്ലകളും സംസ്ഥാന മിഷനിൽ നിന്നും ആവശ്യപ്പെട്ട ഫോർമാറ്റിൽ തയ്യാറാക്കി നൽകുകയുണ്ടായി. കാസർഗോഡ്, കണ്ണൂർ, എറണാകുളം ജില്ലകൾ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ചെയ്ത സവിശേഷ പ്രവർത്തനങ്ങളുടെ ഫോട്ടോ എക്സിബിഷനും എറണാകുളത്തു ഇ-വേസ്റ്റ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്കു കൈമാറുന്ന പരിപാടിയും ജില്ല അവലോകന യോഗത്തിൻറെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. പൊതുവേ പരിശോധിക്കുമ്പോൾ തദ്ദേശ ഭരണ വകുപ്പും ഗ്രാമ വികസന വകുപ്പും കൃഷി വകുപ്പും ആണ് ഏറ്റവും നല്ല നിലയിൽ ഡിസംബർ 8 ന്റെ പ്രവർത്തനത്തിൽ പങ്കെടുത്തത്.എന്നാൽ എല്ലാ ജില്ലകളിലും അനുബന്ധ വകുപ്പുകളും ഓഫീസ് പരിസരങ്ങൾ അടക്കം ശുചീകരിച്ചു കൊണ്ടും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ചു കൊണ്ടും, ബോധവൽക്കരണപരിപാടികൾ നടത്തിക്കൊണ്ടും ഡിസംബർ 8 ന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്. ജില്ലാതല അവലോകനത്തിൽ നിരവധി പ്രാദേശിക പ്രശ്നങ്ങളും പദ്ധതി നിർവഹണത്തിൽ വരുന്ന ബുദ്ധിമുട്ടുകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാന അടിസ്ഥാനത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ചില പ്രധാന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും താഴെ പറയുന്നവയാണ്.

- ഹരിതകേരളം പ്രവർത്തനങ്ങളെ ഒരു തുടർപ്രവർത്തനമായി ഉൾകൊണ്ടിട്ടില്ല. അതുകൊണ്ടുതന്നെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഉണ്ടാകണം.
- ഒരു ജില്ലയിൽ ഒരു പുഴയെങ്കിലും സംരക്ഷിക്കുന്നതിനുള്ള പരിസ്ഥിതി പുന:സ്ഥാപനപ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ശ്രമം നടത്തണം.
- വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി മരം വെക്കുമ്പോൾ അത് പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം കൂടി എടുക്കുന്ന തരത്തിലുള്ള ബോധവൽക്കരണം ആവശ്യമാണ്.
- മാലിന്യസംസ്കരണ പദ്ധതിക്കായി തുക മാറ്റിവെച്ചിട്ടുണ്ടെങ്കിലും എങ്ങിനെ പദ്ധതി തയ്യാറാക്കണമെന്നോ, നടപ്പിലാക്കണമെന്നോ വ്യക്തമായ നിർദ്ദേശങ്ങളില്ല. നിർദ്ദേശിച്ചിട്ടുള്ള മാതൃകകൾ താല്പര്യജനകവുമല്ല.
- മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനു ഗണ്യമായ കാലതാമസമുണ്ട്. ഇതോഴിവാക്കുന്നതിനുള്ള നടപടികൾ ഉടൻ ഉണ്ടാകണം.
- വിവിധ സമയങ്ങളിലായി ശേഖരിച്ച് വെക്കപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.
- ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക സഹായം ലഭ്യമാക്കണം
- ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഊന്നൽ നൽകണം

- മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി വിവിധ സ്കീമുകൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും വിശദമായ മാർഗനിർദ്ദേശങ്ങൾ ഉണ്ടാകണം.
- വിവിധ സ്കീമുകളുടെ നിർവ്വഹണമാനദണ്ഡങ്ങൾക്കനുസൃതമായാരിക്കണം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.
- ജില്ലാടിസ്ഥാനത്തിൽ സഹായത്തിനു ഉദ്യോഗസ്ഥരുടെ ലഭ്യത പരിമിതമാണ്. സാമ്പത്തിക സഹായവും ലഭ്യമാക്കണം.
- ഉദ്യോഗസ്ഥരുടെ ശേഷി വർധന, കൂട്ടായ പ്രവർത്തനരീതി ആവിഷ്കരിക്കുന്നതിനുള്ള സഹായം എന്നിവക്ക് മുൻഗണന ഉണ്ടാകണം.
- ഹരിത കേരളം പ്രവർത്തനങ്ങൾക്ക് പ്രത്യേകം സാമ്പത്തിക സഹായം ലഭ്യമാക്കണം
- സ്വകാര്യ ഉടമസ്ഥതയിലുള്ളതും എന്നാൽ പൊതുവായി ഉപയോഗിക്കപ്പെടുന്നതുമായ ജലസ്രോതസ്സുകൾ സംരക്ഷിച്ച്നിലനിർത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ വേണം
- വൃത്തിയാക്കിയ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനും, നിലനിർത്തുന്നതിനും വ്യവസ്ഥ യുണ്ടാകണം
- ആശുപത്രികൾ, ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, ചന്തകൾ തുടങ്ങി കൂടുതൽ ഖര-ദ്രവ മാലി ന്യം ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലങ്ങളിൽ മാലിന്യസംസ്കരണസംവിധാനം ഏർപ്പെടുത്തുന്ന തിനും, അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും പ്രത്യേക വ്യവസ്ഥ ഉണ്ടാകണം.
- മാലിന്യസംസ്കരണത്തിനായി നീക്കിവെക്കപ്പെട്ട ഫണ്ട് ഉപയോഗിക്കപ്പെട്ടുകൊണ്ട് സുസ്ഥിര പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും വേണ്ടത്ര സാങ്കേതിക സഹായം ലഭിക്കുന്നില്ല.
- പ്രാദേശിക പരിസ്ഥിതിപ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര പദ്ധതികൾ തയാറാക്കി നടപ്പി ലാക്കുന്നതിനും ഊന്നൽ നൽകണം.
- വിവിധ കാരണങ്ങളാലുള്ള ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ കർശനമാക്കണം
- പ്രാഥമിക മേഖലയിൽ പ്രവർത്തിക്കുന്ന കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ഡയറി തുടങ്ങിയ വകുപ്പുകളും, ജലസേചനം, മലിനീകരണനിയന്ത്രണം, ശുചിത്വ മിഷൻ തുടങ്ങിയ സംവിധാനങ്ങളുമായി മെച്ചപ്പെട്ട ഏകോപനരീതി ഉണ്ടാകണം.
- മഴവെള്ളസംഭരണം, കിണറുകളുടെ റീചാർജിംഗ് എന്നിവ നിർബന്ധിതമാക്കുന്നത് പരിശോ ധിക്കണം.
- ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു ജില്ലാതല സംവിധാനവും, സാമ്പത്തിക സഹായവും ലഭ്യമാക്കണം.
- ഹരിത കേരളം പ്രവർത്തനങ്ങളിൽ നഗരപ്രദേശങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.
- ഓരോ പ്രവർത്തനങ്ങളുടെയും പ്രയോജനം മുൻനിർത്തിയുള്ള നിരീക്ഷണസംവിധാനം ഉണ്ടാ കണം.
- എല്ലാ ജിലകളിലും നടന്ന അവലോകനയോഗത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി സംസ്ഥാനതലത്തിൽ ഇടപെടേണ്ട ചില കാര്യങ്ങൾ മിഷൻ നേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ജില്ലാ മിഷനുകൾ എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക്/ പഞ്ചായത്ത്/ നഗരസഭാ മിഷനുകൾ ഫലപ്രദമായിട്ടില്ല. ആസൂത്രണ ഗ്രാമസഭകൾക്ക് മുൻപായി എല്ലാ തട്ടിലെയും മിഷൻ യോഗം നടക്കുന്നത് നല്ലതാണ്.
- ജില്ലാ തല ടാസ്ക് ഫോഴ്സുകളുടെ രൂപീകരണം ഉടൻ നടക്കേണ്ടതുണ്ട്. പഞ്ചായത്ത്/ നഗരസഭാ മിഷൻ വരെയുള്ള ടാസ്ക് ഫോഴ്സ് രൂപീകരണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ ഗ്രാമസഭയ്ക്കും ആസൂത്രണ പ്രവർത്തനങ്ങൾക്കും മുൻപായി നടക്കണം.
- വകുപ്പുകളുടെ പദ്ധതികൾ തമ്മിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തമ്മിലും ഏകോപനവും സംയോജനവും പ്രായോഗികമായി ഉണ്ടാകുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ താഴേക്കു നൽകണം. ഇത് ഹരിതകേരളം സംസ്ഥാന മിഷന് മാത്രമായി തീരുമാനിക്കാൻ കഴി യില്ല. വകുപ്പ് സെക്രട്ടറിമാരുടെയും പ്രധാന ഉദ്യോഗസ്ഥരുടെയും യോജിച്ച ആലോചന വേണം.
- ജില്ലാ കോർഡിനേറ്റർമാരെ അടിയന്തരമായി നിയമിക്കണം. ഇങ്ങനെ എടുക്കുന്നവരുടെ മുഖ്യ ചുമതല ഹരിത കേരളം മിഷന്റെ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുജില്ലാ

മിഷനെ സഹായിക്കുക എന്നതായിരിക്കും.

- നാല് മിഷനുകളുടെയും ഹരിത കേരളം മിഷൻറെ ഭാഗമായുള്ള മൂന്നു ഉപമിഷനുകളുടെയും ടാസ്ക് ഫോഴ്സുകളുടെയും ഘടനയും ചുമതലകളും സംബന്ധിച്ച സർക്കാർ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കണം. ഇതെല്ലാം സംബന്ധിച്ചു താഴെത്തട്ടിൽ നിലനിൽക്കുന്ന അവ്യക്തതകൾ ഒഴിവാക്കണം..
- ഡിസംബർ 8 ന് നടന്ന പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. എന്നാൽ ജലസംരക്ഷണം,മാലിന്യ സംസ്കരണം തുടങ്ങി പല പ്രവർത്തനങ്ങൾക്കും തുടർ നടപടി ആവശ്യമാണ്. ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്ന നിലപാടിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പ് ഉദ്യോഗസ്ഥരും. ഈ നിർദ്ദേശം ഹരിതകേരളം സംസ്ഥാന മിഷൻ വഴി നൽകിയാൽ ഉപമിഷനുകൾ എന്ന നിലയിൽ തർക്കങ്ങൾ വകുപ്പുകൾ ഉന്നയിച്ചേക്കാം. അതതു വകുപ്പുകൾ വഴി മാർഗ നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെയും പഞ്ചവത്സര പദ്ധതിയുടെയും ആസൂത്രണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഹരിത കേരളം പദ്ധതിയുടെയും മറ്റു മിഷനുകളുടെയും ഭാഗമായുള്ള പ്രവർത്തനങ്ങൾ അതിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉണ്ടാകണം.
- മാലിന്യ സംസ്കരണ പദ്ധതികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതിനായി പണവും നീക്കിവെച്ചിട്ടുണ്ട്. നിലവാരമുള്ളതും, അനുയോജ്യവുമായ പദ്ധതികൾ അസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനു കൂടുതൽ ശക്തമായ പിന്തുണ ശുചിത്വ മിഷന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.
- കില, ഐ എം ജി തുടങ്ങിയ സ്ഥാപനങ്ങളാണ് പദ്ധതി ആസൂത്രണ പരിശീലനം നൽകുന്നത്. എന്നാൽ ഇപ്പോൾ ജനകീയാസൂത്രണം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പൊതു പരിശീലനമാണ് നൽകുന്നത്. നാല് മിഷനുകളുടെയും ഭാഗമായുള്ള സാങ്കേതിക കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്ന പരിശീലനങ്ങൾ നടക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ മേൽ പറഞ്ഞത് കൂടാതെയുള്ള എല്ലാ പരിശീലന സ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും യോഗം വിളിച്ചു ചേർത്ത് മിഷനുകളുടെ പശ്ചാത്തലത്തിൽ അവർ നടത്തേണ്ട സവിശേഷ പരിശീലനങ്ങൾ സംബന്ധിച്ചു നിർദ്ദേശങ്ങൾ നൽകുന്നത് നന്നായിരിക്കും.
- ജില്ലാ സന്ദർശനത്തിൽ എല്ലാ ജില്ലകളിലെയും ഏറ്റവും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ചുള്ള ചർച്ച നടന്നിട്ടുണ്ട്. നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച് മിഷന് പരാതികൾ ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന തലത്തിൽ നിന്ന് തന്നെ ഇടപെടൽ വേണ്ടതാണ്. സംസ്ഥാന പരിസ്ഥിതി വകുപ്പും മലിനീകരണ നിയന്ത്രണ ബോർഡും നിർണായക പരിസ്ഥിതി പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, സഹായം നൽകുകയും വേണ്ടതുണ്ട്.

# 4. സംസ്ഥാനതല ശില്‍പ്പശാല

ഹരിതകേരളം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ക്കനുസൃതമായി ശുചിത്വം-മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളിലെ ഇടപെടല്‍ വിപുലമാക്കുന്നതിനും ഭാവിപ്രവര്‍ത്തനങ്ങള്‍ ആസൂത്രണം ചെയ്യുന്നതിനുമായി വിവിധ മേഖലയിലെ വിദഗ്ദ്ധരേയും വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല 2017 ഫെബ്രുവരി 3 നു തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഹരിതകേരളം മിഷന്‍ വൈസ്ചെയര്‍പേര്‍സണ്‍ ഡോ. ടി.എന്‍. സീമയുടെ നേതൃത്വത്തില്‍ നടന്ന ശില്‍പ്പശാലയില്‍ ബഹു. തിരുവനന്തപുരം മേയര്‍ അഡ്വ. വി.കെ. പ്രശാന്ത് അദ്ധ്യക്ഷപ്രസംഗം നടത്തി. സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി.

നിലവിലെ സാഹചര്യത്തില്‍ മിഷന്‍ രീതിയിലുള്ള പ്രവര്‍ത്തനങ്ങളുടെ ആവശ്യകതയും, പ്രസക്തിയും, സാധ്യതകളും അദ്ദേഹം വിശദീകരിച്ചു. കേരള വികസന മാതൃക പുനരാവിഷ്കരിക്കുന്നതിനും, ജനകീയാസൂത്രണ പ്രക്രിയ പുനരുജ്ജീവിപ്പിക്കുന്നതിനും നല്‍കേണ്ട പ്രാധാന്യം അദ്ദേഹം സൂചിപ്പിച്ചു. കൃഷി, ജലസുരക്ഷ, ശുചിത്വം എന്നീ മൂന്ന് മേഖലകള്‍ക്ക് പ്രാധാന്യം നല്‍കിക്കൊണ്ട് നടപ്പിലാക്കുന്ന ഹരിതകേരളം മിഷന്‍ ഈ കാലഘട്ടത്തില്‍ കൂടുതല്‍ പ്രസക്ത



മാണെന്നും അതുകൊണ്ട് തന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം അനിവാര്യമാണ് എന്നും ചീഫ് സെക്രട്ടറി പ്രസ്താവിച്ചു. കേരളത്തിലെ പൊതുജനാരോഗ്യവികസനത്തിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതും സമ്പൂർണ്ണ ശുചിത്വം നേടിയെടുക്കേണ്ടതും അത്യന്താപേക്ഷിതമായിരിക്കുന്നു എന്നും അദ്ദേഹം വിശദീകരിച്ചു. ഇതിനായി കൃത്യമായ പദ്ധതി രൂപീകരണം, നിശ്ചിതമായ നിരീക്ഷണം, അനുയോജ്യവും നൂതനവുമായ സാങ്കേതിക വിദ്യകളുടെ പ്രയോഗം ഇവയെല്ലാം കൂട്ടിയോജിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം തദ്ദേശഭരണസ്ഥാപനതലത്തിൽ വിഭവങ്ങളുടെ ഏകോപനം, പദ്ധതികളുടെ സംയോജനം ഇവ പൂർണ്ണമായും ഉറപ്പാക്കുന്ന തരത്തിലാകണം പ്രവർത്തനങ്ങളുടെ ആസൂത്രണം. ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന് ഒറ്റ പ്ലാൻ എന്നതരത്തിൽ ഏകോപനവും സംയോജനവും സാധ്യമാകണം. ആത്യന്തികമായി ഹരിത കേരള മിഷൻ ത്രയേകത്വം (Trininity) എന്ന തത്ത്വത്തിലൂന്നി നമ്മുടെ മണ്ണും ജലവും ജൈവപരിസ്ഥിതിയും സംരക്ഷിക്കുന്നതിനുള്ള ഒരു തലത്തിലേക്കുള്ള മനോഭാവം വളർത്തുന്നതിനുള്ള ശ്രമമായി കാണണം. അതിനായി നമ്മുടെ വകുപ്പുകളുടെ മനോഭാവവും വളരേണ്ടതുണ്ട് എന്നും ബഹു. ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. തുടർന്ന് മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ.അജയകുമാർ വർമ്മ ഹരിതകേരളം മിഷനെക്കുറിച്ച് വിശദമായ അവതരണം നടത്തി. തുടർന്ന് സമ്പൂർണശുചിത്വം നേടുന്നതിനായി നിർദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. കെ.വാസുകി വിശദീകരിച്ചു.

തുടർന്ന് നടന്ന ചർച്ചകളിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. മൃദുൽ ഈപ്പൻ, തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. വി.കെ. ബേബി, തിരുവനന്തപുരം സബ് കളക്ടർ ഡോ. ദിവ്യാ എസ്. അയ്യർ, കില ഡയറക്ടർ പി.പി. ബാലൻ, സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല, സാമൂഹ്യ പ്രവർത്തകനും, ചിന്ത പബ്ലിഷേഴ്സ് ജനറൽ മാനേജരുമായ ശ്രീ. കെ. ശിവകുമാർ, ഹരിത സാങ്കേതികവിദ്യാ വിദഗ്ദ്ധയായ ഡോ. റീനാ അനിൽകുമാർ, എൻ.എസ്സ്.എസ്സ് സാങ്കേതിക കൺസൽട്ടന്റ് ഡോ. നിസാം റഹ്മാൻ, കുടുംബശ്രീ മിഷൻ പ്രോഗ്രാം ഓഫീസ്സർ ശ്രീ. പ്രമോദ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം ശ്രീ. ജമാൽ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. ആനി, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുൻ ഡയറക്ടർ ഡോ. പി.എൻ. പ്രേമചന്ദ്രൻ, ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. മഹാനുദേവൻ, കൃഷി വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ് ശ്രീ. സുനിൽകുമാർ, എസ്സ്.സി.ഇ.ആർ.ടി. പ്രതിനിധി, K.W.A ഓഫീസേഴ്സ് സംഘടനയുടെ സെക്രട്ടറി ശ്രീ. സന്തോഷ്, ജലസേചന വകുപ്പ്എക്സിക്യുട്ടീവ് എഞ്ചിനീയർ ശ്രീ. മജു ബാലകൃഷ്ണൻ, കാർഷിക സർവകലാശാലയിലെ ശ്രീ. ഹിരോഷ്കുമാർ തുടങ്ങിയവർ പങ്കെടുത്ത് വ്യക്തമായ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും നൽകുകയുണ്ടായി. ചർച്ചകൾ ഹരിതകേരളം മിഷൻ വൈസ് ചെയർപേർസൺ ക്രോഡീകരിച്ചു.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. നാടിനെ കൂടുതൽ ശുചിത്വമുള്ളതും ഹരിതാഭവും ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച ഹരിതകേരളം മിഷൻ കേരള സമൂഹം ഇരുകൈകളും നീട്ടി സ്വീകരിച്ച ആവേശകരമായ അനുഭവമാണുള്ളത് എന്നും മിഷന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സംസ്ഥാനവ്യാപകമായി ഏതാണ്ട് പതിനയ്യായിരത്തിലധികം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു എന്നും ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. കേരളത്തിലങ്ങോളമിങ്ങോളം. സർക്കാർ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും രാഷ്ട്രീയ സാമൂഹ്യ സംഘടനകളും എല്ലാം കൈകോർത്തപ്പോൾ ജനകീയ വികസന സംസ്കാരത്തിന്റെ പുത്തൻ അനുഭവം കുറിക്കാനായി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.


ആരംഭപ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ ശുചീകരണവുമായി ബന്ധപ്പെട്ടതാണ് എന്നും, ശുചിത്വ പ്രവർത്തനങ്ങൾ ഒറ്റത്തവണ കൊണ്ട് അവസാനിപ്പിക്കേണ്ടതല്ല എന്നും ഖര-ദ്രവ മാലിന്യ സംസ്കരണത്തിന്റെയും പരിപാലനത്തിന്റെയും സ്ഥായിയായ നേട്ടങ്ങൾ ഉറപ്പാക്കാൻ പറ്റുന്ന തരത്തിലുള്ള തുടർ പദ്ധതികൾക്ക് അനുയോജ്യമായ സംസ്കരണ രീതികൾ ഉപയോഗപ്പെടുത്തി, ആവശ്യമായസാങ്കേതിക പിന്തുണ ഉറപ്പാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപം നൽകേണ്ടതുണ്ട് എന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ആയിരക്കണക്കിന് ഹെക്ടർ തരിശു ഭൂമിയിൽ നെല്ലും ജൈവ പച്ചക്കറികൃഷിയും തുടങ്ങിയ അനുഭവമാണുള്ളത്. നെൽകൃഷിയിലേക്ക് തിരിച്ചു വരാനുള്ള കൃഷിക്കാരുടെ സന്നദ്ധത പ്രതീക്ഷ നല്കുന്നതാണ്. കുടുംബശ്രീയിലെ സഹോദരിമാരുടെ ഉത്സാഹവും, കൃഷിവകുപ്പിന്റെ ഭാഗത്തുനി

ന്നുള്ള പിന്തുണയും ആശാവഹമാണ്. എന്നാൽ കടുത്ത വേനലും ജലദൗർലഭ്യവും കൃഷിയെ ബാധിക്കുമെന്ന ആശങ്ക നിലനില്ക്കുയകയാണ്. ലഭ്യമായ ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കി എങ്ങനെ കൃഷിയെയും കൃഷിക്കാരെയും സംരക്ഷിക്കുന്നതിന് നല്ല ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഇതിനായി എങ്ങനെ ജലസേചന വകുപ്പും കൃഷി വകുപ്പും മറ്റു ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൂട്ടായി പരിശ്രമിക്കാം എന്നാലോചിക്കണം എന്നും അദ്ദേഹം നിർദ്ദേശിച്ചു.

ദീർഘകാലമായുള്ള ജല മലിനീകരണത്തിന്റെയും തെറ്റായ ജല വിനിയോഗത്തിന്റെയും ദുഷ്ഫലങ്ങളാണ് ഇന്ന് നാട് നേരിടുന്നത്. ഹരിത കേരളം മിഷന്റെ കഴിഞ്ഞ രണ്ടു മാസത്തെ പ്രവർത്തനത്തിലൂടെ ഏറ്റവും ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിക്കപ്പെട്ടത് ജല സംരക്ഷണ രംഗത്താണ്. പുതിയ കുളങ്ങളും കിണറുകളും നിർമ്മിക്കപ്പെട്ടു. പാഴായി കിടന്നിരുന്ന പൊതു കുളങ്ങളും പൊതു കിണറുകളും ഉപയോഗയോഗ്യമാക്കി. അസാദ്ധ്യമെന്നു വിചാരിച്ച വലിയ ചിറകൾ, തോടുകൾ ഇവ ജീവൻ വെയ്ക്കുന്ന അപൂർവ കാഴ്ച കേരളം കണ്ടു. ഇനി പെയ്യുന്ന ഓരോ മഴത്തുള്ളിയും ശേഖരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ആഘോഷപൂർവമാണ് ജനങ്ങൾ ഏറ്റെടുത്തത്. ഇക്കാര്യങ്ങളിൽ മുഖ്യ പങ്കു വഹിച്ചത് തൊഴിലുറപ്പ് പദ്ധതിയിലെ ഭൂരിപക്ഷം വരുന്ന സഹോദരിമാരാണ് എന്നത് അഭിമാനകരമായ കാര്യമാണ്. എന്നാൽ ജല സംരക്ഷണം എന്നത് ചെറിയ കുട്ടികൾ മുതൽ മുതിർന്നവർവരെയുള്ളവർ ഏറ്റെടുക്കുന്ന ശീലവും സംസ്കാരവുമായി മാറേണ്ടതുണ്ട്.

ഹരിതകേരളം സൃഷ്ടിക്കുക എന്ന വിപുലമായ ലക്ഷ്യം ലഘുവായി നേടാൻ കഴിയുന്നതല്ല. വളരെ ആസൂത്രിതവും ഏകോപിതവുമായ പ്രവർത്തനം ഇതിനു വേണ്ടി നടക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പതിമൂന്നാം പഞ്ചവത്സരപദ്ധതി രൂപീകരണം, ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രഖ്യാപനത്തിന്റെ ഉണർവ് ഇവയെല്ലാം ഉപയോഗപ്പെടുത്തി ഹരിത കേരളത്തിന്റെ ലക്ഷ്യങ്ങളെ നമുക്ക് വേഗത്തിൽ നേടാൻ കഴിയണം. ഇതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഹരിത കേരളം പദ്ധതിക്ക് നീക്കി വയ്ക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. അനുരൂപമായ നിലയിൽ വകുപ്പുകളുടെ പദ്ധതികളെ എങ്ങനെ ഏകോപിപ്പിക്കാനുള്ള ശ്രമം വകുപ്പുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. അധികാരവും ഫണ്ടും ഉള്ള നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക






പിന്തുണ എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന് നാം ആലോചിക്കണം. അനുഭവ സമ്പത്തും വൈദഗ്ദ്ധ്യവും ഉള്ള ആളുകളെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായുള്ള ഇടപെടൽ ഹരിതകേരളം മിഷന്റെ മുഖ്യ ചുമതലയായി നിർവ്വഹിക്കപ്പെടണം. ദേശീയ തലത്തിൽ തന്നെയുള്ള മികച്ച സാങ്കേതിക വിദഗ്ദ്ധരേയും ഗവേഷകരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജ്ഞാന ശൃംഖലയും സാങ്കേതിക പിന്തുണാ-സംവിധാനങ്ങളും ഒരുക്കുക എന്ന ഉത്തരവാദിത്വം ഹരിത കേരളം മിഷൻ നിർവ്വഹിക്കും. ചെറുപ്പക്കാരെയും വിദ്യാർഥികളെയും ഹരിത കേരളം പദ്ധതിയുടെ മുഖ്യപങ്കാളികളാക്കുക എന്നതും പ്രധാനമാണ്. ഇതിനുള്ള പ്രവർത്തനങ്ങളും പരമപ്രധാനമാണ്.

ചടങ്ങിൽ 'ഹരിതകേരളം എന്ത്? എന്തിന്? എങ്ങനെ?' എന്ന കൈപ്പുസ്തകം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.കെ.മധുവിനു നല്കി ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തുടർന്ന് ഹരിതകേരളം മിഷന്റെ പ്രവർത്തന അജണ്ട തിരുവനന്തപുരം കോർപ്പറേഷൻ ഡപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാറിന് നല്കി അദ്ദേഹം പ്രകാശനം ചെയ്തു. പരിസ്ഥിതി പ്രവർത്ത നങ്ങളിൽ അഖിലേന്ത്യാതലത്തിൽ അംഗീകാരം നേടിയ മുണ്ടക്കയം സി.എം.എസ്.എൽ.പി.സ്കൂൾ തയ്യാറാക്കിയ ഗ്രീൻ ബുക്ക് ബഹു. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ ഏറ്റുവാങ്ങി. ഹരിതകേരളം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വേഗത്തിൽ സാക്ഷാത്കരിക്കേണ്ടതിന്റെ പ്രാധാന്യവും അതിനു കൃഷി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളും ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. സുനിൽകുമാറും ബഹു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ. കെ.ടി. ജലീലും വിശദീകരിച്ചു.

ശിൽപ്പശാലയിൽ നടന്ന അവതരണങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയുണ്ടായി.

1. ജലസുരക്ഷ എന്ന ആശയം മുൻ നിർത്തി ഓരോവർഷവും 4-6 ലക്ഷം കിണറുകളിൽ മഴവെള്ളം റീചാർജ്ജ് ചെയ്യുന്ന പ്രവർത്തിയിലൂടെ 5 വർഷം കൊണ്ട് 20 ലക്ഷം കിണറുകൾഎങ്കിലും സുസ്ഥിര ജലസ്രോതസ്സുകളാക്കി മാറ്റുന്ന പ്രവൃത്തി ഏറ്റെടുക്കണം.
2. ജലസേചനവും, കുടിവെള്ളവിതരണവും എന്ന രീതിയിൽ ജലവിഭവ മേഖലയിലെ പ്രവർ ത്തനങ്ങൾ കാണണം. സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും മലിനീകരണം തടയു ന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാകണം മുൻഗണന.
3. പച്ചക്കറികൃഷി വർധിപ്പിക്കുന്നതിനുള്ള ശ്രമത്തോടൊപ്പം അത് കൂടുതൽ കഴിക്കുന്നതിനുള്ള പ്രേരണയും ഉണ്ടാകണം.
4. സുരക്ഷിതമായ പച്ചക്കറിപോലെ തന്നെ പ്രധാനമാണ് ശുദ്ധമായ പാലും, മുട്ടയും മറ്റും ലഭ്യമാ ക്കലും. ആയതിനാൽ,
5. പച്ചക്കറിവിപണന മേഖലയിൽ സഹകരണ സംഘങ്ങളെ വ്യാപകമായി ഉപയോഗിക്കണം
6. പുരയിടങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള സംയോജിത കൃഷി സമ്പ്രദായങ്ങൾ-കന്നുകാലി, കോഴി-താറാവ്, മത്സ്യം വളർത്തൽ ഇവയെല്ലാം കൂട്ടിയോജിപ്പിച്ചുള്ള സംയോജിത കൃഷിരീതി കൾ ആലോചിക്കണം.
7. സ്കൂളുകൾ വഴി ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക്, ഇലക്ട്രോണിക്-മാലിന്യം എന്നിവ സ്കൂളുകളിൽ കെട്ടിക്കിടക്കുന്ന സ്ഥിതി അടിയന്തിരമായി ഒഴിവാക്കണം.
8. സ്കൂളുകളിലും മറ്റ് പൊതുപരിപാടികളിലും അതിഥികൾക്ക് പൂച്ചെണ്ട് നൽകുന്നതിന് പകരം ചെടികൾ നല്കണം.
9. പൊതുഉപകരണങ്ങൾ റിപ്പയർ ചെയ്യുകയും പുനരുപയോഗിക്കുകയും ചെയ്യണം. ഇത് വ്യാപ കമാക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും വേണം.
10. നഗരങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായ തന്ത്രം ആവിഷ്കരിക്കണം. ജൈവകൃഷി ക്യാമ്പയിനിലൂടെ നഗരങ്ങളിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കും. നഗര ങ്ങളിൽ 'Vertical Garden Concept' പോലെയുള്ള രീതികൾ ആകർഷകമായിരിക്കും
11. ജൈവകൃഷി വ്യാപനം, ജലസംരക്ഷണം, ശുചിത്വം, മാലിന്യ പരിപാലനം എന്നീ മേഖലകളി ലെല്ലാം രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ കേരളത്തിലെമ്പാടും കാണാം. കേരളത്തിലെ സാമൂഹ്യ ഇടത്തിൽ നടക്കുന്ന സന്നദ്ധസേവനം, ബഹുജനസേവനം, രാഷ്ട്രീയസേവനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായി ഉപയോഗിക്കപ്പെടണം. ഇത് മിഷൻ സ്റ്റേറ്റ്മെന്റിൽ

ഉൾപ്പെടുത്തണം.

12. വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ജില്ലാ മിഷന്റെ കീഴിൽ ജില്ലാ ടാസ്ക് ഫോഴ്സിന്റെ ഭാഗമായി വിവിധ അറിവുകൾ ലഭ്യമാക്കുന്നതിനുള്ള അറിവ് കേന്ദ്രങ്ങൾ(Knowledge point), ഹെൽപ് ഡസ്ക് തുടങ്ങിയ സംവിധാനങ്ങൾ തുടങ്ങണം.
13. മൃഗസംരക്ഷണ വകുപ്പിനെയും, ജില്ലാ സാക്ഷരതാ മിഷനെയും, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിനെയും ഹരിതകേരളം മിഷന്റെ ടാസ്ക് ഫോഴ്സിൽ ഉൾപ്പെടുത്തണം.
14. യുവാക്കളെയും വിദ്യാർത്ഥികളെയും മിഷന്റെ പ്രവർത്തനലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സമീപനം രൂപപ്പെടുത്തണം.
15. ജലസംരക്ഷണം, ജൈവകൃഷി, ശുചിത്വം എന്നിങ്ങനെ ഓരോ മേഖലയിലും വ്യക്തിതലത്തിലും, പൊതുതലത്തിലും, സർക്കാർ തലത്തിലും പ്രത്യേകമായ ഇടപെടലുകൾ ഉണ്ടാവണം.
16. ഓരോവ്യക്തികളിലും ഈ പ്രവർത്തനങ്ങൾ അവർക്ക് വേണ്ടിയാണെന്ന ബോധം ഉണ്ടാക്കിയെടുക്കണം.
17. സംസ്ഥാന സാക്ഷരതാ മിഷൻ പരിസ്ഥിതി സാക്ഷരതാ പ്രൈമർ തയ്യാറാക്കുമ്പോൾ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കണം. ഇതിനായി സാക്ഷരതാപ്രേരക്മാരുടെ സേവനം പ്രയോജനപ്പെടുത്തണം.
18. SCERT-യുടെ ആഭിമുഖ്യത്തിൽ ഹരിതകേരളം മിഷൻ ലക്ഷ്യം വെക്കുന്ന പ്രവർത്തനങ്ങൾ സ്ക്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ട പരിഗണന നൽകണം.
19. മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തതയും, ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതിന് വേണ്ട നിർദ്ദേശവും അടങ്ങിയ സർക്കാർ ഉത്തരവ് അടിയന്തിരമായിലഭ്യമാക്കണം.
20. ജില്ലാമിഷനും അതിന്റെ ടാസ്ക് ഫോഴ്സും പ്രവർത്തന നിരതമാക്കുന്നതിനു വേണ്ട ഓഫീസ് സംവിധാനം, കോർഡിനേറ്റർ, ഫണ്ട്, ഇവക്കുള്ള നിർദ്ദേശം ലഭ്യമാക്കണം.
21. ലൈബ്രറി, കലാ-കായിക ക്ലബ്ബുകൾ, എൻ.എസ്സ്.എസ്സ് പോലെയുള്ള സാമൂഹ്യ സംഘടനകളെ പങ്കാളികളാക്കണം. ഇതിനായി ഓരോ വാർഡിലും ഓരോ റിസോഴ്സ് പേഴ്സൺ (RP) മാരുടെ സേവനം ലഭ്യമാക്കണം. ഇവർക്ക് പ്രായോഗിക പരിശീലനം നൽകാനുമാകണം.
22. എഞ്ചിനീയർമാർക്ക് ഹരിതനിർമ്മാണമേഖലയിൽ പ്രത്യേക പരിശീലനം നൽകണം.
23. സർവ്വീസ് സംഘടനകളെ കൂടുതലായി ബന്ധപ്പെടുത്തുന്നതിനും ശ്രമമുണ്ടാകണം.
24. കൃഷി, ജലവിഭവം, ശുചിത്വം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് വാർഡ് തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ, റിസോർഴ്സ് പേഴ്സൺമാർ, സർവീസ് പ്രൊവൈഡർമാർ എന്നിവരെ സജ്ജമാക്കണം.
25. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടു തുടങ്ങിയിട്ടുള്ള പരിശീലനങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ആവശ്യകതയും, മാർഗ്ഗനിർദ്ദേശങ്ങളും അടിയന്തിരമായി ഉൾപ്പെടുത്തണം.
26. പ്രൊഫഷണൽ ഏജൻസികളുടെ സഹായം, വിവിധ ഗവേഷണ ഫലങ്ങൾ, 'ലാബ് ടു ലാൻഡ്' എന്ന രീതി ഇവയെല്ലാം അനുയോജ്യമായി ബന്ധപ്പെടുത്തണം.
27. മിഷൻ പ്രവർത്തനങ്ങൾ പലപ്പോഴും വകുപ്പുകളുടെ ചട്ടക്കൂടുകൾക്കുള്ളിൽ നിന്ന് സമയക്രമം പാലിച്ച് ചെയ്യുന്നതിനു നിരവധി പരിമിതികൾ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കപ്പെടണം.
28. പഞ്ചായത്ത് തലത്തിൽ മൈക്രോലവൽ പ്ലാൻ ഉണ്ടാക്കണം. മൈക്രോ-മാക്രോ പദ്ധതികൾ സംയോജിപ്പിക്കണം. ഹരിതകേരളം മിഷന്റെ ജലമേഖലയിലുള്ള പ്രവർത്തനങ്ങളുടെ ആദ്യപടിയായി നദികളുടെ മാസ്റ്റർപ്ലാൻ തയാറാക്കണം.

# 5. മിഷൻ കമ്മിറ്റികൾ, കർമ്മസേന യോഗങ്ങൾ, പ്രധാന തീരുമാനങ്ങൾ

### 5.1 മിഷൻ യോഗങ്ങൾ

ഹരിതകേരളം മിഷന്റെ സംസ്ഥാനതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാന മിഷനാണ്. മിഷൻ പ്രവർത്തനം ആരംഭിച്ച ശേഷം 3 യോഗങ്ങൾ ചേരുകയുണ്ടായി. 2016 ൽ ചേർന്ന മിഷന്റെ ഒന്നാമത് യോഗതീരുമാന പ്രകാരം മിഷന്റെ പൊതു ലക്ഷ്യങ്ങളും ശുചിത്വ മാലിന്യ സംസ്ക്കരണം, ജല സംരക്ഷണം, കൃഷി വികസനം എന്നീ 3 ഉപദൗത്യങ്ങളുടെ പ്രത്യേക ലക്ഷ്യങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മിഷന്റെ പൊതു സമീപനവും പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുന്നതിന് നിർദ്ദേശിച്ചു.

മിഷന്റെ രണ്ടാമത് യോഗം 2017 ഫെബ്രുവരി 20 ന് ചേരുകയുണ്ടായി. ഹരിതകേരളം മിഷന്റെ ജില്ലാതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും തുടർന്ന് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഹരിതകേരളം പ്രവർത്തനങ്ങളും 14 ജില്ലകളും സന്ദർശിച്ച് വിലയിരുത്തിയതിന്റെ റിപ്പോർട്ട് യോഗം ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ആസൂത്രണ ഗ്രാമസഭ കൂടുന്നതിനു മുമ്പായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മിഷനുകൾ രൂപീകരിക്കുന്നതിന് യോഗം നിർദ്ദേശിച്ചു. ഇതിന് സഹായകരമായ നിലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും കില യുടെ ആഭിമുഖ്യത്തിൽ വിപുലമായ പരിശീലനം സംഘടിപ്പിച്ചു. തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും പൊതു ജനങ്ങളുടെയും സഹകരണം ഉറപ്പാക്കിക്കൊണ്ട് 2017 മാർച്ച് 18 ഓടെ 741 ഗ്രാമപഞ്ചായത്തുകളിലും 106 ബ്ലോക്ക് പഞ്ചായത്തുകളിലും 61 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലും മാർച്ച് 18 ന് മുമ്പ് മിഷനുകൾ രൂപീകരിക്കുകയുണ്ടായി.

സംസ്ഥാനത്ത് വരൾച്ചയെ നേരിടുന്നതിനായി പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനഃസ്ഥാപനം, പുതിയ കിണർ, കുളം ഇവയുടെ നിർമ്മാണം, കിണർ റീ-ചാർജ്ജിംഗ് തുടങ്ങി മിക്ക ജില്ലകളിലും നടന്ന പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുകയും തുടർപ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ 3 വ്യത്യസ്ത വകുപ്പുകളുമായി ബന്ധപ്പെട്ടാണ് നടക്കുന്നത് എന്നതിനാൽ അവയുടെ കോ-ഓർഡിനേഷൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടുതൽ മെച്ചപ്പെടുന്നതിനു തീരുമാനങ്ങളുണ്ടായി. മിഷന്റെ സംസ്ഥാനതലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് മിഷന്റെ സംസ്ഥാന ഓഫീസിൽ മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളിലെ വിദഗ്ദ്ധരെയും ജില്ലകളിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി ജില്ലാമിഷൻ കർമസേനയുടെ അദ്ധ്യക്ഷൻമാരായിട്ടുള്ള ജില്ലകളക്ടർമാരെ സഹായിക്കുന്നതിനായി 14 ജില്ലകളിലും കോ-ഓർ

ഡിനേറ്റർമാരെയും നിയമിക്കുന്നതിന് മിഷൻ തീരുമാനമെടുത്തു. പ്രവർത്തനങ്ങൾ ചടുലമാക്കുന്നതിനും, തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനും ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷക്ക് മിഷന്റെ മുഖ്യനിർവ്വഹണ ഉത്തരവാദിത്വം നൽകുന്നതിനും തീരുമാനിച്ചു.

മിഷന്റെ മൂന്നാമത് യോഗം 2017 ജൂലൈ 11 ന് ചേരുകയുണ്ടായി. മിഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ട നടപടികൾ പരിഗണിച്ചു. മിഷൻ പ്രവർത്തനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കർമ്മനിരതരാക്കുന്നതിനും വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ ഉടൻ നടത്തണമെന്നും തീരുമാനിച്ചു. ജലവിഭവം, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് നേതൃത്വം നൽകുന്ന ബഹു. മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ, വിവിധ തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെ അസോസിയേഷൻ പ്രതിതിധികൾ, വകുപ്പുതല ഉദ്യോഗസ്ഥ മേധാവികൾ എന്നിവരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷിക വികസനം എന്നീ മേഖലകളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ തീരുമാനിച്ചു. മിഷൻ പ്രവർത്തനങ്ങളുടെയും, ഫലപ്രാപ്തിയുടെയും ശാസ്ത്രീയമായ നിരീക്ഷണം നടക്കേണ്ടതുണ്ട് എന്നും ഒരു വലിയ ജനകീയ മുന്നേറ്റമായി മിഷൻ പ്രവർത്തനങ്ങൾ മാറണം എന്നും അഭിപ്രായങ്ങൾ ഉണ്ടായി. മിഷൻ മുൻപോട്ടുവെക്കുന്ന 'ജലമാണ് ജീവൻ', 'ഓണത്തിനൊരുമുറം പച്ചക്കറി', 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' തുടങ്ങിയ കാമ്പയിൻ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അത് ഏറ്റെടുക്കണമെന്നും അഭിപ്രായമുണ്ടായി. ഇക്കാര്യത്തിലൊക്കെ വരുന്ന പോരായ്മകൾ, പ്രത്യേകിച്ച് ശുചീകരണത്തിന്റെ പോരായ്മയാൽ വ്യാപിക്കുന്ന പനി, പകർച്ച വ്യാധികൾ, ജലസുരക്ഷയില്ലായ്മ ഇവക്കൊക്കെ പരിഹാരം ഉണ്ടാകണം. പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാക്കണമെന്നും തീരുമാനിച്ചു.

മാലിന്യ സംസ്ക്കരണത്തിൽ ഉറവിട സംസ്ക്കരണത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും പരിഗണിക്കണമെന്നും, ഈ മേഖലയിൽ രാജ്യത്തിനകത്തും പുറത്തുമുള്ള ഫലപ്രദവും വിജയകരവുമായ മോഡലുകൾ കണ്ടെത്തണമെന്നും യോഗം നിർദേശിച്ചു. മാലിന്യം ഉത്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തമാണ് അതിന്റെ സംസ്ക്കരണമെന്നും, വീടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്ക്കരണ പ്ലാന്റുകളിൽ എത്തിക്കുന്നതിന് പ്രത്യേകം സംവിധാനങ്ങൾ ഉണ്ടാകണമെന്നും മാലിന്യ സംസ്ക്കരണത്തിനാവശ്യമായ ടെക്നോളജിയും പ്ലാന്റുകളും സ്ഥാപിക്കേണ്ടതുണ്ടെന്നും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും യോഗം വിലയിരുത്തി. മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ പല സ്വകാര്യ സംരംഭകരും മുന്നോട്ടുവരുന്നുണ്ടെന്നും എന്നാൽ പ്രാദേശികമായ എതിർപ്പുകൾ ഇതിന് തടസ്സം നിൽക്കുന്നുണ്ടെന്നും ഇതിന് പരിഹാരം കാണേണ്ടത് അത്യാവശ്യമാണെന്നും യോഗം അഭിപ്രായപ്പെട്ടു.

2016 ഡിസംബർ 8 ന് ഹരിതകേരളം മിഷൻ സംസ്ഥാനതല ഉദ്ഘാടനത്തിനു ശേഷം അന്ന് ഏറ്റെടുത്ത പദ്ധതികളുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായ തുടർച്ച ഉറപ്പാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അതതു വകുപ്പുകളിൽ നിന്ന് ലഭ്യമാക്കുകയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് എല്ലാ വകുപ്പുകളുടേയും ഏകോപനം സാധ്യമാകുന്ന രീതിയിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും തീരുമാനിച്ചു.

മിഷന്റെ മൂന്നു യോഗങ്ങളിലും എടുത്തിട്ടുള്ള തീരുമാനങ്ങൾ ഓരോന്നായി നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള ഉന്നതാധികാരസമിതി, ശുചിത്വമാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ ഉപദൗത്യങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള കർമ്മസേനകൾ, മിഷന്റെ സാങ്കേതിക സഹായ സംവിധാനം എന്നിവ പ്രവർത്തിക്കുകയുണ്ടായി.

## 5.2 ശുചിത്വ മാലിന്യ സംസ്കരണം/ഉപദൗത്യം കർമസേന

ശുചിത്വ-മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായി സംസ്ഥാനതല കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ, സാങ്കേതിക ഉപദേഷ്ടാവ് എന്നിവർ ഉൾപ്പെടെ ബന്ധപ്പെട്ട 17 വകുപ്പുകളുടെ മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കർമ്മസേന 4 തവണ യോഗം ചേർന്ന് ഉപദൗത്യവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുകയും

ഓരോ യോഗത്തിലും മുൻ യോഗതീരുമാനങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. 11/05/2017, 15/08/2017, 20/09/2017, 25/11/2017 എന്നീ തീയതികളിലാണ് കർമ്മസേന യോഗങ്ങൾ നടന്നത്.

സർക്കാർ/അർദ്ധസർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിന് കമ്പോസ്റ്റിംഗ് രീതികൾ പ്രയോജനപ്പെടുത്തൽ, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇതര വകുപ്പുകളിൽ ലഭ്യമായിട്ടുള്ള സ്ഥലം/കെട്ടിടം ഇവ അനുവദിക്കൽ പൊതു ശൗചാലയങ്ങൾ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച തീരുമാനങ്ങളാണ് 11/05/2017 ൽ കൂടിയ കർമ്മ സേന യോഗത്തിൽ കൈക്കൊണ്ടത്. ഊർജ്ജിത മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ, മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ, ഹരിതകർമ്മസേന രൂപീകരണം, മാതൃകാ റോവേസ്റ്റ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകൽ, മാലിന്യ സംസ്കരണത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കൽ, സർക്കാർ ആശുപത്രികളിലെ സുരക്ഷിത മാലിന്യ സംസ്ക്കരണം, തീരദേശത്തെ പ്ലാസ്റ്റിക് മാലിന്യ പരിപാലനം, വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ, ഉത്പാദകന്റെ അധിക ഉത്തരവാദിത്വം നടപ്പിലാക്കൽ, യൂസർ ഫീ നിശ്ചയിക്കൽ എന്നീ തീരുമാനങ്ങളാണ് 15/08/2017 ൽ കൂടിയ കർമ്മ സേന യോഗത്തിൽ കൈക്കൊണ്ടത്.

ഗവ.സെക്രട്ടറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, വകുപ്പ് ഡയറക്ടറേറ്റുകൾ, കമ്മീഷണറേറ്റുകൾ, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് മാതൃകാ ഡിസൈനുകളും എസ്റ്റിമേറ്റുകളും അവ പ്രവർത്തിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കൽ, കുടുംബശ്രീ മുഖേന ഹരിതകർമ്മ സേന രൂപീകരണവും പരിശീലനവും നടത്തൽ, മാലിന്യ സംസ്ക്കരണവും കാർഷിക പ്രവർത്തനവും തമ്മിൽ ബന്ധിപ്പിക്കൽ, മാലിന്യ സംസ്ക്കരണം, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളും തമ്മിൽ ബന്ധിപ്പിക്കൽ, സർക്കാർ ആശുപത്രികളിലെ സുരക്ഷിത മാലിന്യ സംസ്ക്കരണവും, ഹരിത സഹായ സ്ഥാപനങ്ങളെ നിശ്ചയിക്കൽ, വയബിലിറ്റി ഗ്യാപ് ഫണ്ട്, ശുചിത്വ മിഷനെ ഹരിതകേരളം മിഷന്റെ സാങ്കേതിക പിന്തുണാ സംവിധാനമായി നിശ്ചയിക്കൽ, പ്രവർത്തനരഹിതമായ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കൽ, മുൻകൊല്ലങ്ങളിൽ പണിത റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളിൽ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ നടത്തി പ്രവർത്തിപ്പിക്കൽ, മാതൃകാ പ്രോജക്ടുകൾ അവതരിപ്പിക്കുന്നതിനുള്ള ശില്പശാല എന്നിവ സംബന്ധിച്ച തീരുമാനങ്ങളാണ് 20.09.2017 ൽ കൂടിയ കർമ്മസേനയോഗം കൈക്കൊണ്ടത്.

ഗവ.സെക്രട്ടറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, തുടങ്ങിയ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശീലന മാന്വൽ തയ്യാറാക്കൽ, ഗ്രീൻ പ്രോട്ടോക്കോൾ അവലോകനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച പരസ്യങ്ങൾ നൽകൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകളും മാർഗ്ഗ നിർദേശങ്ങളും തയ്യാറാക്കൽ, ഊർജിത മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, MCF, IRF എന്നിവ സ്ഥാപിക്കുന്നതിനെതിരെ ജനങ്ങളുടെ പ്രതിഷേധം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണവും കാർഷിക പ്രവർത്തനങ്ങളും, സർക്കാർ ആശുപത്രികളിലെ സുരക്ഷിത മാലിന്യ സംസ്കരണം, റീസൈക്ലിംഗ് വ്യവസായ പാർക്കുകൾ, തീരദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാതൃകാ പ്രോജക്ടുകൾ ഡോക്യുമെന്റ് ചെയ്യൽ, ഹരിത കേരളം മിഷൻ ഒന്നാം വാർഷികം ഹരിത സഹായ സ്ഥാപനങ്ങളുടെ എം പാനൽമെന്റ് എന്നിവ സംബന്ധിച്ച തീരുമാനങ്ങളാണ് 25/11/2017 ൽ കൂടിയ കർമ്മസേനയോഗം കൈക്കൊണ്ടത്.

### 5.3 ജലസംരക്ഷണ ഉപദൗത്യം കർമസേന

ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർപേഴ്സണും ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി സംസ്ഥാനതല കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ, സാങ്കേതിക ഉപദേഷ്ടാവ് ഉൾപ്പെടെ ബന്ധപ്പെട്ട 16 വകുപ്പുകളുടെ മുഖ്യ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കർമ്മസേന 4 തവണയോഗം ചേർന്ന് ഉപദൗത്യവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുകയും ഓരോ യോഗത്തിലും മുൻ യോഗതീരുമാനങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ യോഗങ്ങളിലെ തീരുമാനപ്രകാരം നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണ് – ജല സംരക്ഷണ

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ട മാപ്പുകളുടെ പകർപ്പുകൾ ഭൂവിനിയോഗ ബോർഡും മണ്ണ് സംരക്ഷണ-പര്യവേക്ഷണ വകുപ്പും തയ്യാറാക്കുകയുണ്ടായി. ജല സംരക്ഷണ ഉപമിഷൻ ലക്ഷ്യങ്ങൾ മുൻനിർത്തി അവ പ്രാദേശികതലത്തിൽ സാക്ഷാത്കരിക്കുന്നതിനുള്ള രീതിശാസ്ത്രവും, സംഘടനാ സംവിധാനവും വിശദമാക്കിക്കൊണ്ടുള്ള മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതിന്റെ നിർവ്വഹണത്തിനായുള്ള പരിശീലനങ്ങൾ കിലയുമായി ചേർന്ന് സംഘടിപ്പിച്ചു വരുന്നു. ജല സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു കൈപുസ്തകം തയ്യാറായിട്ടുണ്ട്. മാർഗരേഖയ്ക്കനുസൃതമായി ഇത് പരിഷ്കരിക്കുകയാണ്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ദൃശ്യപ്രഭാവ സൂചകങ്ങൾ(Outcome indicators)തീരുമാനിച്ച് ചിട്ടപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ദിശാ നിയന്ത്രണവും വിലയിരുത്തലും സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായി ഒരു വെബ് അധിഷ്ഠിത പോർട്ടൽ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം Indian Institute of Information Technology Managemnet Kerala (IIITMK) യുമായി ബന്ധപ്പെട്ട് പുരോഗമിച്ച് വരുന്നു. കർമ്മസേനയുടെ തീരുമാനം നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ വകുപ്പ് തലത്തിലും ഏകോപിപ്പിച്ചുമുള്ള അനവധി യോഗങ്ങളും ശിൽപ്പശാലകളും നടത്തിയിട്ടുണ്ട്. വിവിധ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എഴുത്തുശാലകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കർമ്മസേനയുടെ ഒന്നാമത് യോഗം ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 30/05/2017 ന് സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി റൂമിൽ 23 പേർ പങ്കെടുത്തുകൊണ്ട് നടക്കുകയുണ്ടായി. മറ്റു തീരുമാനങ്ങൾക്കൊപ്പം ഹരിത കേരളവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ വകുപ്പുകൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും, പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുമ്പോൾ ഇത്തരം പ്രവൃത്തികൾക്ക് മുൻഗണന നൽകണമെന്നും യോഗം നിർദേശിച്ചു. മിഷനുമായി ബന്ധപ്പെട്ട വിജ്ഞാനവ്യാപന, കാര്യക്ഷമതാ പരിപോഷണ പ്രവർത്തനങ്ങളിൽ ജലവിഭവ വികസന പരിപാലന കേന്ദ്രം (CWRDM), കാർഷിക സർവ്വകലാശാല, കേരള നീർത്തട വികസന പരിപാലന ഇൻസ്റ്റിറ്റ്യൂട്ട് (IWDMK) എന്നീ സ്ഥാപനങ്ങൾ സജീവ പങ്ക് വഹിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

കർമ്മസേനയുടെ 2-ാമത് യോഗം 28/07/2017 ന് ജല വിഭവ സെക്രട്ടറിയുടെ അധ്യക്ഷതയിൽചേർന്നു. യോഗത്തിൽ 24 പേർ പങ്കെടുത്തു. ഒന്നാം യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനു കൈക്കൊണ്ട് നടപടികൾ സംബന്ധിച്ച് വിലയിരുത്തൽ യോഗം നടത്തി. മാർഗ്ഗരേഖയുടെ കരട് പകർപ്പ് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനും മാർഗ്ഗരേഖക്കനുസൃതമായി ഏറ്റവും താഴ്ന്ന തലം വരെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും, മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ചടയമംഗലത്തുള്ള നീർത്തട വികസന പരിപാലന കേന്ദ്രത്തെ ഇതിനായി ഉപയോഗിക്കുന്നതിനും തീരുമാനിച്ചു. ഹരിതകേരളം മിഷന്റെ സാങ്കേതിക സംഘത്തിൽ പ്രവർത്തിക്കുന്നതിനു പ്രാപ്തിയും സാങ്കേതിക പരിചയവുമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി നൽകുന്നതിനും തീരുമാനിച്ചു. ജല ഉപമിഷനുമായി ബന്ധപ്പെട്ട് തനതു പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നതിന് മുൻഗണന നൽകണമെന്നും യോഗം തീരുമാനിച്ചു.

കർമ്മ സേനയുടെ 3-ാമത് യോഗം 13.10.2017 ന് ജലവിഭവ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും, മുൻ യോഗങ്ങളിലെ തീരുമാനങ്ങൾ സംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തുകയും, തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി. മാർഗ്ഗരേഖയ്ക്കനുസൃതമായി സാങ്കേതിക സമിതികൾ രൂപീകരിക്കുന്നതിനും, മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി നീർത്തട പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിൽപ്പെട്ട വകുപ്പുകളിലെ റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുന്നതിനും തുടർന്ന് എല്ലാ തദ്ദേശ ഭരണ സ്ഥാപനതലത്തിലും രൂപീകരിക്കുന്ന സാങ്കേതിക സമിതിക്ക് പരിശീലനം നൽകി നീർത്തട അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. പരിശീലന പരിപാടികൾ കിലയുമായി ചേർന്ന് നിർവഹിക്കുന്നതിനും, തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു മണ്ണ്-സംരക്ഷണം, പരിസ്ഥിതി, തൊഴിലുറപ്പ്, CWRDM, ഭൂജലം, ജല അതോറിറ്റി, കാർഷികസർവകലാശാല, ജലസേചനം എന്നീ വകുപ്പുകളിലെ പ്രധാന ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയോഗിക്കുന്നതിനും തീരുമാനിച്ചു.

## 5.4 കൃഷി ഉപദൗത്യം കർമ്മ സേന

ഹരിത കേരളം മിഷൻ കൃഷി വികസന ഉപദൗത്യ സംസ്ഥാനതല കർമ്മസേനയുടെ ആദ്യ യോഗം 31.8.2017 കാർഷികോൽപാദന കമ്മീഷണറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ടെക്നിക്കൽ അഡ്വൈസർ, മിഷനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർ, പ്ലാനിംഗ് ബോർഡ് അഗ്രി ചീഫ്, കാർഷിക സർവ്വകലാശാല പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. മണ്ണു സംരക്ഷണ-മണ്ണുപര്യവേക്ഷണ വകുപ്പ് ജല മിഷനുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും നേട്ടങ്ങളും യോഗത്തിൽ വിശദീകരിച്ചു. കാർഷിക മേഘലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ലക്ഷ്യ പ്രാപ്തിക്കായി മിഷന്റെ ലോഗോയിൽ സംയോജിതമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. കൃഷി വികസന ഉപമിഷൻ (സുജലം സുഫലം) ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ ഒരു മാസത്തിനകം തയ്യാറാക്കുന്നതിന് 10 അംഗസമിതിയെ നിയോഗിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളും, കൃഷി വകുപ്പും, അനുബന്ധ വകുപ്പുകളും തയാറാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിതമായി നടപ്പിലാക്കുന്നതിനു പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ് എന്ന് യോഗം തീരുമാനിച്ചു. കൃഷി ഉപദൗത്യമായ സുജലം സുഫലത്തിന്റെ ലെയ്സൺ ഓഫീസറായി കൃഷി അസി. ഡയറക്ടറും, WTO സെല്ലിന്റെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറുമായ ശ്രീ. ബി. ഹരികുമാറിനെ നിയോഗിക്കാൻ തീരുമാനിച്ചു. കാർഷിക വിപണി കാർഷിക പ്രവർത്തനങ്ങളുടെ പ്രധാന ഘടകമായതിനാൽ കൃഷി ഓഫീസർമാർ ഫീൽഡ് തലത്തിൽ ആയതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതും ഇത് സാധ്യമാക്കുന്നതിന് കൃഷിഡയറക്ടർ ഇതുമായി ബന്ധപ്പെട്ട് ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു. ഹരിത കേരളം മിഷന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി പ്രകാരം രണ്ടു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടിയിൽ ആവശ്യമായ സാങ്കേതിക സഹായവും പരിശീലനവും കൃഷിഭവനുകൾ വഴി ലഭ്യമാക്കുന്നതിനും യോഗം തീരുമാനിച്ചു.

# 6. മാർഗ്ഗരേഖകൾ

### 6.1 നവകേരളം കർമ്മപദ്ധതി

ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ളതും സർവ്വതല സ്പർശിയുമായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിശ്ചയിക്കൽ, ചിട്ടയായ ആസൂത്രണം, സൂക്ഷ്മതയോടെയുള്ള നിർവ്വഹണം, ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കൽ, ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയുടെ സവിശേഷതകളായി കരുതുന്നത്. സമ്പൂർണ്ണ പാർപ്പിടം, ജനസൗഹൃദ സർക്കാർ ആശുപത്രികൾ, പൊതുവിദ്യാഭ്യാസ സംരക്ഷണം, ശുചിത്വ-മാലിന്യ സംസ്ക്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവ കൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്നീ 6 മുൻഗണന മേഖലകളെ കോർത്തിണക്കിക്കൊണ്ട് 4 വികസന മിഷനുകളാണ് നവകേരളം കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരള മിഷൻ എന്നിവയാണ് അവ. ബഹുജന പങ്കാളിത്തവും എല്ലാ മേഖലയിലേയും രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക കൂട്ടായ്മകളുടെ സമഗ്ര പങ്കാളിത്തവും ഉറപ്പാക്കിയുള്ളതാണ് നവകേരളം കർമ്മ പദ്ധതിയുടെ നിർവ്വഹണ സമീപനം. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് താഴെത്തട്ടുകളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. 2016 നവംബർ 10 ന് നടന്ന നാലു വികസന മിഷനുകളുടെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വികസന സെമിനാറിലും സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലും തലങ്ങളിലുമുള്ള പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും അനുഭവ സമ്പത്തുള്ള വിദഗ്ദ്ധരുമായും നടത്തിയ കൂടിയാലോചനാ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും നാല് മിഷനുകളുടെയം സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി 2017 ഏപ്രിൽ 19 നു സർക്കാർ ഉത്തരവ് (പി) നം. 10/2017/ആ.സാ.വ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ സംഘടനാസംവിധാനം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ- ആരോഗ്യ സംരക്ഷണ-ക്ഷേമപ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സാങ്കേതിക സഹായം, സന്നദ്ധസേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായ സഹകരണങ്ങൾ സമാഹരിച്ചുകൊണ്ട് മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് നവകേരളം കർമപദ്ധതിയുടെ മാർഗരേഖ ലക്ഷ്യമിടുന്നത്.

ഓരോ വികസന മിഷന്റെയും പൊതുവായ ലക്ഷ്യങ്ങൾ, പ്രവർത്തന സമീപനം, സംസ്ഥാന-ജില്ല-ബ്ലോക്ക്-നഗരസഭ-ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മിഷൻ ഘടന, സഹായ സംവിധാനങ്ങൾ, സംസ്ഥാന-ജില്ലാ-തദ്ദേശ ഭരണസ്ഥാപനതല കർമസേനകൾ വിവിധ തലങ്ങളിലെ മിഷനുകളുടേയും സഹായ സംവിധാനങ്ങളുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും, ജില്ലാ കളക്ടർമാരുടെ ചുമതലകൾ, തദ്ദേശഭരണസ്ഥാപനങ്ങളുമായുള്ള ബന്ധം, ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം, ഏകോപന സംവിധാനം, വിഭവലഭ്യത, ആസൂത്രണവും നിർവഹണവും സംബന്ധിച്ച് വിശദാംശങ്ങൾ എന്നിവ മാർഗരേഖ വിശദമാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപദൗത്യങ്ങളായ ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം (സുജലം-സുഫലം) എന്നിവയുടെ ലക്ഷ്യങ്ങളും, പ്രവർത്തനങ്ങളും, സംസ്ഥാനതല കർമസേനകൾ സംബന്ധിച്ചും മാർഗരേഖ വിശദീകരിച്ചിട്ടുണ്ട്.




## 6.2 ശുചിത്വ-മാലിന്യ സംസ്കരണം ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദേശങ്ങൾ


തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ 2017 ജൂലായ് 15 ന് സ. ഉ. (സാധാ) 2420/2017/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഉപമിഷന്റെ കാഴ്ചപ്പാട്, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു സ്വീകരിക്കേണ്ട പൊതു സമീപനം, പ്രവർത്തന സംവിധാനം, സംഘടനാ സംവിധാനം, സാമ്പത്തിക വിശകലനം, തുടർനടത്തിപ്പ്, ജൈവപച്ചക്കറികൃഷി, ഫലപ്രാപ്തി സൂചകങ്ങൾ തുടങ്ങിയ കാര്യങ്ങൾ മാർഗനിർദ്ദേശത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പരിപാടിയിലെ അവിഭാജ്യ ഘടകങ്ങളായ ശീലവൽക്കരണ വിദ്യാഭ്യാസം, നിയമപരമായ ഇടപെടലുകൾ, നിരന്തരമായ മോണിട്ടറിംഗ് എന്നിവയും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പരിപാടിയിൽ ഇതര ഏജൻസികൾ നിർവ്വഹിക്കേണ്ട ചുമതലകളെ സംബന്ധിച്ചും വിശദമാക്കിയിട്ടുണ്ട്. വ്യത്യസ്ത ഏജൻസികളുടേയും വകുപ്പുകളുടേയും കൂട്ടായ പ്രവർത്തനം ഉറപ്പാക്കുന്നതിനും വ്യക്തത വരുത്തുന്നതിനും ഇത് സഹായകമായിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണവും വികേന്ദ്രീകൃതമായ സാമൂഹ്യാധിഷ്ഠിത മാലിന്യ സംസ്കരണവും സംയോജിപ്പിച്ച രീതിക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. അജൈവ മാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത രീതിയാണ് നിർദേശിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിരന്തരം ധനം വിനിയോഗിക്കുക എന്നതിൽ നിന്നും മാറി ബിസിനസ് മോഡലിൽ മാലിന്യ സംസ്കരണ പ്രവർത്തന സംവിധാനം വികസിപ്പിച്ചുകൊണ്ടുവരാൻ കഴിയുന്ന തരത്തിലാണ് സ്ഥാപന-പ്രവർത്തന സംവിധാനം മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നത്. അജൈവമാലിന്യം സമാഹരിക്കുന്നതിനും ജൈവമാലിന്യം ഉറവിട സംസ്കരണം നടത്തുന്നതിനുള്ള സേവനം നൽകുന്നതിന് ഹരിതകർമ്മസേനയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സാങ്കേതിക സഹായം നൽകുന്നതിന് ഹരിത സഹായ സ്ഥാപനവുമാണ് മുഖ്യ സഹായക സംവിധാനങ്ങൾ. അജൈവ മാലിന്യത്തെ സംസ്കരണ സംവിധാനത്തിലേക്ക് എത്തിക്കുന്നതിനും ബിസിനസ് ബന്ധം ഉണ്ടാക്കുന്നതിനുമായി ക്ലീൻ കേരള കമ്പനിയെ ബന്ധപ്പെടുത്തിയുള്ള ഒരു സ്ഥാപന സംവിധാനം വിഭാവനം ചെയ്തിട്ടുണ്ട്. തുടക്കത്തിൽ വയബിലിട്ടി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) സഹായം ഹരിതകർമ്മസേനയ്ക്കും കൺസൾട്ടൻസി ഫീസ് ഹരിത സഹായ സ്ഥാപനത്തിനും നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പരിപാടിയിൽ അനുകൂല അന്തരീക്ഷ സൃഷ്ടി പ്രധാനമാണ്. ഇതിനായി വ്യത്യസ്ത രീതികൾ മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. സൂക്ഷ്മതല അടിസ്ഥാനത്തിലുള്ള തദ്ദേശീയ ക്യാമ്പയിനുകൾ, വിപുലമായ സർവ്വേ, പങ്കാളിത്ത രീതിയിലുള്ള

പദ്ധതി ആസൂത്രണം, ഹരിതകർമ്മസേനാ പ്രവർത്തനം എന്നിവ ഇതിൽ സവിശേഷതയുള്ളവയാണ്. നിയമപരമായ ഇടപെടലും ഹരിത ഗ്രീൻ പ്രോട്ടോക്കോളും അന്തരീക്ഷ സൃഷ്ടിക്കുള്ള ഉപാധികളായും വിഭാവനം ചെയ്യുന്നു. സോഷ്യൽ ഓഡിറ്റിംഗും സാമൂഹിക നിരീക്ഷണവും അന്തരീക്ഷ സൃഷ്ടിയുടെ ഉപാധികളായും സമീപിച്ചിട്ടുണ്ട്.




കർമ്മസമിതികളുടെ രൂപീകരണം, സമഗ്രമായ സർവ്വേ, സർവ്വേയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഓരോ സാമ്പത്തിക വിഭാഗത്തിൽ ഉള്ളവർക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ രൂപീകരിക്കാൻ സഹായകമായ രീതിശാസ്ത്രമാണ് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ പരിപാടികളുടെ ഒരു പ്രധാന പ്രശ്നമായി എപ്പോഴും ഉയർത്തപ്പെട്ടിട്ടുള്ളത് ശാസ്ത്രീയമായ സമാഹരണ-കൈമാറ്റ-സംസ്കരണ സംവിധാനങ്ങളുടെ അഭാവമാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടി ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിന് ആവശ്യമായ സേവനങ്ങളും അജൈവ മാലിന്യങ്ങളുടെ സമാഹരണ കയ്യൊഴിയൽ പ്രവർത്തനങ്ങൾക്കും സേവനം നൽകുന്നതിന് ഹരിത സേന എന്ന തൊഴിൽ സംഘത്തെ വിഭാവനം ചെയ്യുന്നു. ഹരിതസേനയുടെ രൂപീകരണം, പരിശീലനം, യൂസർ ഫീസ്, മോണിറ്ററിംഗ് തുടങ്ങിയ ഘടകങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർ ദ്ദേശം മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.

ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ സവിശേഷതകൾക്കനുസരിച്ച് ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതിക്ക് രൂപം നൽകേണ്ടത് അവ ഫലപ്രദമാകുന്നതിനും സുസ്ഥിരമാകുന്നതിനും അനിവാര്യമാണ്. മികച്ച സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പിന്തുണയോടെ മാത്രമേ ശാസ്ത്രീയമായ പദ്ധതി ആസൂത്രണം സാധ്യമാകൂ. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, അനുയോജ്യമായ സാങ്കേതിക വിദ്യകൾ തെരഞ്ഞെടുക്കുക, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ആവശ്യങ്ങൾക്കനുസരിച്ച് നിർണ്ണയിക്കുക, ഹരിതസേനയെ പരിശീലിപ്പിച്ച് സ്വയംതൊഴിൽ സംരംഭമാക്കി വ്യവസ്ഥാപിതമാക്കുക, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ സഹായിക്കുക, തുടർച്ചായുള്ള സാങ്കേതിക മേൽനോട്ടവും വിലയിരുത്തലും നിർവ്വഹിക്കുക തുടങ്ങി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പദ്ധതി ആസൂത്രണ-നിർവ്വഹണ-വിലയിരുത്തലുകൾക്ക് സാങ്കേതിക സഹായം നൽകലാണ് ഹരിത സഹായ സ്ഥാപനത്തിന്റെ ചുമതലയായി നിശ്ചയിച്ചിട്ടുള്ളത്.

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സമീപനമാണ് മാർഗ്ഗരേഖ മുന്നോട്ടുവയ്ക്കുന്നത്. മാലിന്യ സമാഹരണത്തിന്റെയും സംസ്കരണത്തിന്റെയും അദ്ധ്വാനം/സാമ്പത്തിക ചെലവ് അതിന്റെ ഉല്പാദകർ തന്നെ നിർവ്വഹിക്കുക എന്നതാണ് മുഖ്യ സമീപനം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ തോതിൽ പണം വിനിയോഗിക്കുന്നത് അധികനാൾ തുടർന്നുകൊണ്ടുപോകാൻ കഴിയില്ല എന്നത് വസ്തുതയാണ്. അതുകൊണ്ട് യൂസർഫീ അടിസ്ഥാനത്തിൽ മാലിന്യ-സംസ്കരണ സംവിധാനത്തെ വ്യവസ്ഥാപിതമാക്കുന്നതും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതും അനിവാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വിഭാഗങ്ങളിൽ വരുന്നവർക്കുള്ള യൂസർഫീ നിശ്ചയിച്ചിട്ടുണ്ട്.

അജൈവ മാലിന്യ സംസ്കരണത്തിലെ ഏറ്റവും പ്രധാന നാല് ഘടകങ്ങളാണ് താൽക്കാലിക സംഭരണം, തരം തിരിയ്ക്കൽ, വ്യാവസായിക അസംസ്കൃത വസ്തു അല്ലാത്ത അജൈവ മാലിന്യങ്ങളെ ശാസ്ത്രീയമായി ഇല്ലായ്മ ചെയ്യൽ, വ്യാവസായിക അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ കഴിയുന്നവയെ അതിനായി ലഭ്യമാക്കൽ ഇവ. ഇതിനനുയോജ്യമായ രീതിയിൽ പ്രാഥമിക സംഭരണത്തിന് Material Collection Facility എം.സി.എഫുകളും ദ്വിതീയ സംഭരണവും തരം

തിരിക്കലിനും Resource Recovery Facility (ആർ.ആർ.എഫു)കളും വിഭാവനം ചെയ്തിട്ടുള്ളത്. ആർ.ആർ.എഫുകളുടെ നടത്തിപ്പ് ചുമതല ക്ലീൻ കേരള കമ്പനിക്കാണ് നൽകിയിരിക്കുന്നത്. ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനങ്ങളായി തുമ്പൂർമൂഴി കമ്പോസ്റ്റിംഗിന്റെ ക്ലസ്റ്ററുകളും കമ്മ്യൂണിറ്റി ബയോഗ്യാസ് യൂണിറ്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. വിസർജ്ജ്യ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സൂചനയും മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.


മാലിന്യ സംസ്കരണത്തെ ബിസിനസ് മോഡലായി വികസിപ്പിക്കുന്നതിന് പ്രധാന ഘടകം ഇതിനുവേണ്ട മുൻപിൻ ബന്ധങ്ങൾ ഉറപ്പാക്കലാണ്. അജൈവ മാലിന്യങ്ങളുടെ സമാഹരണത്തിന് ഹരിതസേനയുടെ സേവനം മുതൽ സംസ്കരണത്തിനും വ്യാപാരബന്ധമുണ്ടാക്കുന്നതിനും ക്ലീൻ കേരള കമ്പനിയുടെ ചുമതലയിലൂടെ ഒരു സംസ്കരണ ശൃംഖല ആവിഷ്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണവും അതിന്റെ തുടർച്ചയായി, ജൈവ കൃഷിയും കൃഷിസേവനവും ലഭ്യമാക്കാൻ ഹരിതസേനയുടെ സേവനത്തിലൂടെയും വിഭാവനം ചെയ്യുന്നു. ഇങ്ങനെ ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്കരണ ശൃംഖല കൃത്യമായും നിർണ്ണയിക്കുവാൻ സാധിച്ചിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിവിധ ഏജൻസികളുടെ പിന്തുണ അനിവാര്യമാണ്. വ്യത്യസ്ത ഏജൻസികളുടെ ചുമതലകൾ ഏകോപിപ്പിച്ച് നിർവ്വഹിക്കുന്നതിലൂടെ മാത്രമേ സമയബന്ധിതമായി ലക്ഷ്യം കൈവരിക്കാൻ കഴിയൂ. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി, ഹരിത കേരളം മിഷന്റെ ചുമതലകൾ എന്നിവ വ്യക്തമായും പട്ടികപ്പെടുത്തി മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.

### 6.3 ജലസംരക്ഷണ ഉപദൗത്യം - പ്രവർത്തന മാർഗ്ഗരേഖ

സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ എല്ലാ സമയവും ജല സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ജല സംഭരണത്തിലൂടെ ഭാവി ആവശ്യങ്ങൾക്ക് ജലം കണ്ടെത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും സമൂഹത്തെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജല ഉപദൗത്യം പ്രവർത്തിക്കുന്നത്. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ജല സ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനുമായി 2017 ഒക്ടോബർ 23 നു സർക്കാർ ഉത്തരവ് നം. 20/2017/ജ.വി.വ പ്രകാരം ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള മാർഗരേഖ അംഗീകരിക്കുകയുണ്ടായി. ഉപദൗത്യത്തിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പ്രവർത്തന സമീപനം, സംഘടനാസംവിധാനവും ചുമതലകളും, പരിശീലനം, പ്രവർത്തനപരിപടി, നീർത്തടം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, നദീതട ഏകോപനം തുടങ്ങിയ ഘടകങ്ങൾ മാർഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കുന്ന മിഷനുകളുടെ ഹരിത കേരളം കർമ്മ സമിതിയിലെ മണ്ണു-ജല പ്രവർത്തനങ്ങൾക്കുള്ള ഉപസമിതി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തു തലത്തിൽ സാങ്കേതിക സമിതികൾ രൂപീകരിക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുന്ന സാങ്കേതിക സമിതികളിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധർക്കൊപ്പം നീർത്തട വികസനത്തിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗത്തെയും ജല സംരക്ഷണ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള മൂന്നു പ്രമുഖരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.




ഓരോ തദ്ദേശഭരണസ്ഥാപനത്തിലെയും ജല ക്ഷാമം പരിഗണിച്ചു കൊണ്ട് വിവിധ വാർഡുകളിൽ അടിയന്തിരമായി ചെയ്യേണ്ട പരമ്പരാഗത ജലസ്രോതസ്സു

കളുടെ പുനരുജ്ജീവനവും, പുതിയ ജലസ്രോതസ്സുകളുടെ നിർമാണവും സാധ്യമാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള അടിയന്തിര പദ്ധതികൾ തയാറാക്കി നടപ്പിലാക്കുന്നതിനു സഹായിക്കുക എന്നതാണ് സാങ്കേതിക സമിതിയുടെ പ്രാഥമിക ഉത്തരവാദിത്വം. തുടർന്ന് ഗ്രാമപഞ്ചായത്തു തലത്തിൽ ലഭ്യമാക്കുന്ന നീർത്തട മാപ്പുകൾ ഉപയോഗപ്പെടുത്തി സ്ഥിതി വിവര കണക്കുകൾ തയ്യാറാക്കുകയും പുതുതായി വിവിധ മേഖലകളിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ നിശ്ചയിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ തല സാങ്കേതിക സമിതിയുടെ ചുമതലയാണ്. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധർ ചേർന്ന് ഇത്തരത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ ബ്ലോക്ക്തല സാങ്കേതിക സമിതിക്കു കൈമാറും. ഇതോടൊപ്പം തൊഴിലുറപ്പു പദ്ധതി, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബാഹ്യ ഏജൻസികൾ പണം മുടക്കുന്ന പദ്ധതികൾ, ജല വിഭവം, മണ്ണു സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി ഇവയുടെ മാനദണ്ഡങ്ങളും സാമ്പത്തിക ലഭ്യതയും പരിഗണിച്ച് ഏത് ഏജൻസി നിർവ്വഹിക്കുന്നതാണ് ഉത്തമം എന്നു തീരുമാനിക്കും. അംഗീകരിക്കപ്പെടുന്ന മാസ്റ്റർ പ്ലാൻ പ്രകാരം നീർ ത്തടത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് വിശദമായ പദ്ധതി രൂപരേഖയും ഗ്രാമപഞ്ചായത്തു തലത്തിൽ തയ്യാറാക്കും.

ബ്ലോക്ക് പഞ്ചായത്തു സാങ്കേതിക സമിതിക്കു ലഭിക്കുന്ന നീർത്തട പ്ലാനുകൾ അവലോകനം ചെയ്തു ക്രോഡീകരിച്ച് ബ്ലോക്ക് മാസ്റ്റർ പ്ലാൻ രൂപീകരിക്കും. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ ഒരു ഗ്രാമപഞ്ചായത്തിനു വെളിയിലേക്ക് വ്യാപിച്ചിട്ടുള്ള നീർത്തടങ്ങളിൽ രൂപം നൽകുന്ന പദ്ധതികളുടെ പദ്ധതിരേഖ തയ്യാറാക്കുന്നതിനും നിർവ്വഹണത്തിനും ബ്ലോക്ക് തല സാങ്കേതിക സമിതികൾ സഹായിക്കുന്നു. ബ്ലോക്ക് തല മാസ്റ്റർ പ്ലാനുകൾ ജില്ലാ സാങ്കേതിക സമിതികൾ പരിശോധിച്ച് സാങ്കേതിക ഭദ്രത ഉറപ്പു വരുത്തി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയാകും നീർത്തട മണ്ണ്-ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക. സാങ്കേതിക മികവുള്ളതും പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതവുമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനായിരിക്കും ശ്രമിക്കുക. ഇതിനായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ നൽകുന്ന വിവരങ്ങൾ ശേഖരിക്കുകയും വിവരശേഖരണത്തിനായി നടത്തുന്ന നീർത്തട നടത്തത്തിൽ കർഷകരുൾപ്പെടെ വിവിധ മേഖലകളിലെ ആളുകളെ പങ്കെടുപ്പിക്കുകയും ചെയ്യും. സാങ്കേതിക സമിതിയിൽ അംഗങ്ങളായ വിദഗ്ദ്ധരോടൊപ്പം പ്രാദേശികമായി വിവിധ മേഖലകളിലെ പരിചയ സമ്പന്നരുടെ പങ്കാളിത്തവും ഉറപ്പാക്കി സുസ്ഥിര പദ്ധതികളായിരിക്കും ആവിഷ്ക്കരിക്കുക.

അംഗീകരിച്ച പദ്ധതികൾ അത് നടപ്പിലാക്കുന്ന വകുപ്പുകളുടെ നിർവ്വഹണ ചട്ടങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കുക. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ അറിവോടെയും മേൽനോട്ടത്തിലും ആയിരിക്കും നിർവ്വഹണം. നിർവ്വഹണത്തിനു ശേഷം നിർമ്മിതികളുടെ പരിപാലനം പ്രത്യേകമായി നടക്കേണ്ടതുണ്ട്. പ്രാദേശിക സമൂഹം ഈ നിർമ്മിതികൾ ഉപയോഗപ്പെടുത്തിയെങ്കിൽ മാത്രമേ ഇവ സംരക്ഷിക്കപ്പെടുകയും സുസ്ഥിരമായി നിലനിൽക്കുകയും ചെയ്യുകയുള്ളൂ. അതിനാൽ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തം നിർണ്ണായകമാണ്. ജല ഉപദൗത്യത്തിന്റെ ഭാഗമായ പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ തന്നെ അവയുടെ പ്രയോജനങ്ങൾ (ദൃശ്യപ്രഭാവം) എന്താണെന്ന് നിജപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്യും. പദ്ധതിയുടെ നിർദ്ദേശിക്കപ്പെട്ട ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള സൂചകങ്ങൾ അളന്നു പദ്ധതി വിലയിരുത്തും. ഇത് സംബന്ധിച്ച പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകും. ഇതു കൂടാതെ പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും നിർദേശമുണ്ട്. ഇത്തരത്തിൽ പ്രാദേശിക സമൂഹത്തിന് പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് വിലയിരുത്തപ്പെടും. നദീതടത്തിലെ ജലാവശ്യകത വർധിക്കുന്നതിനനുസ്സരിച്ച് നീരൊഴുക്ക് വർദ്ധിപ്പിക്കുകയും, ഓരോ നദിയുടെയും ജലലഭ്യതക്ക് അനുസൃതമായി ജലോപയോഗം നിയന്ത്രിക്കുകയും വേണം. ഇതിനായി ചെറു നീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ജലസുരക്ഷാ പ്ലാനുകൾ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നദീതടങ്ങളുടെ ജലസുരക്ഷ ഉറപ്പാക്കുന്നതിനുംമാർഗരേഖ ലക്ഷ്യമിടുന്നു.

### 6.4 കൃഷി വികസന ഉപമിഷൻ-സുജലം സുഫലം

സുജലം-സുഫലം (കൃഷി) ഉപമിഷൻ ലക്ഷ്യമിടുന്നത് കേരളത്തിന്റെ മുഖ്യവിളയായ നെൽ കൃഷിയുടെ വ്യാപനം, ജൈവ കൃഷിരീതിയിലൂടെ പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത, ഫലവർഗ്ഗ വിളകളുടെ വ്യാപനം, കൃഷി, സംയോജിത കൃഷിരീതിയുടെ പ്രോത്സാഹനം, യന്ത്രവൽക്കരണത്തിന്റെ വിപുലീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ചെലവുകുറഞ്ഞ

രീതിയിൽ കർഷകന് സാധ്യമാക്കുന്ന ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ വ്യാപനം, തരിശ്ശുഭൂമി പരമാവധി കൃഷിക്കായി ഉപയോഗപ്പെടുത്തൽ, കാർഷിക കർമസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ എന്നിവയാണ്. ഇതിനുതകുന്നപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ മാർഗരേഖയുടെ കരടുനിർദ്ദേശങ്ങൾ കൃഷിവികസന ഉപദൗത്യം നിയോഗിച്ച വിദഗ്ധ സമിതി തയാറാക്കിയിട്ടുണ്ട്.

നെൽകൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇതിനായി ഓരോ കൃഷിഭവന്റെയും പരിധിയിൽ വരുന്ന പാടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ തരിശായി കിടക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ച്, കാരണം പരിശോധിച്ച് പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ എത്ര മാത്രം പരിഹരിക്കാമെന്നുള്ളതിന്റെ നിർദ്ദേശങ്ങൾ സ്വരൂപിച്ചുകൊണ്ട് അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൃഷിക്കാരന് കൃഷി ചെയ്യാൻ താൽപ്പര്യമില്ലാത്ത സ്ഥലങ്ങളിൽ പാടശേഖര സമിതി, കുടുംബശ്രീ/മറ്റു സ്വയം സഹായ സംഘങ്ങളെയോ, ഗ്രൂപ്പുകളേയോ ഉപയോഗിച്ച് കൃഷിയിറക്കുന്നതിനു വേണ്ട പ്രേരണയും പിന്തുണയും തദ്ദേശഭരണസ്ഥാപനതലത്തിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗരേഖ വിശദീകരിക്കുന്നു. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗും ഞാറ്റടി മുതൽ കൊയ്ത്ത് വരെയുള്ള പ്രവർത്തനങ്ങളിൽ പരമാവധി യന്ത്രവൽക്കരണത്തിന്റെ പ്രയോജനം മുഴുവൻ കർഷകർക്കും ലഭിക്കുന്നതിനു വേണ്ടി കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്ററുകൾ, എം.കെ.എസ്.പി തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രം മാർഗ്ഗരേഖ വിശദീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും ഉൽപ്പാദിപ്പിക്കുന്ന അരി പ്രാദേശിക ബ്രാൻഡ് പേരിൽ സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി വിപണനം ചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളും മാർഗ്ഗരേഖ വ്യക്തമാക്കുന്നുണ്ട്.

പച്ചക്കറിരംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനും, അതേ സമയം ജൈവ കൃഷി രീതിക്ക് ഊന്നൽ നൽകികൊണ്ട് സുരക്ഷിത പച്ചക്കറി ഉൽപ്പാദനം സാധ്യാമാക്കുന്നതിനുമുള്ള നിർദേശങ്ങൾ മാർഗ്ഗരേഖ വിശദീകരിക്കുന്നു. ഇതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനാതിർത്തിക്കുള്ളിലും പച്ചക്കറികൃഷിക്ക് സാധ്യമായ എല്ലാ സ്ഥലങ്ങളുടേയും (മട്ടുപ്പാവ് ഉൾപ്പെടെ പൊതുസ്ഥലങ്ങൾ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, പുറമ്പോക്കുകൾ, വഴിയോരങ്ങൾ, പുഴയോരങ്ങൾ) പട്ടിക തയ്യാറാക്കുകയും ഓരോ പ്രദേശത്തും പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനു സ്വീകരിക്കേണ്ട പ്രവർത്തനങ്ങളും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. നിലവിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടത്തുന്ന പച്ചക്കറികൃഷി കൃഷിക്കാരന് പരമാവധി ആദായം ലഭിക്കുന്ന രീതിയിൽ വിവിധ വിളകൾ കൃഷി ചെയ്യുന്ന സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനുള്ള സാധ്യതകളും നിർദ്ദേശിക്കുന്നു. ഹോർട്ടികോർപ്പ്, VFPCK, എക്കോ ഷോപ്പുകൾ, ആഴ്ചച്ചന്തകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി കൃത്യമായ വിപണന സൗകര്യം ഒരുക്കുന്നതിനും സാധ്യമായ സ്ഥലങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം സഹകരണ സംഘങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനും നിർദ്ദേശിക്കുന്നു.

സംസ്ഥാനത്ത് വ്യാപകമായി ഫലവൃക്ഷങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഇതിൽ തന്നെ അന്യം നിന്നു പോകുന്നതും നാടൻ ഇനങ്ങളുടേയും (ഉദാ:കപ്പവാഴ-തിരുവനന്തപുരം, ചെങ്ങോലിക്കോടൻ വാഴ-തൃശ്ശൂർ, കോട്ടുക്കോണംമാവ്-തിരുവനന്തപുരം, കുറ്റ്യാട്ടൂർ മാങ്ങ-കണ്ണൂർ) വ്യാപനം സാധ്യമാക്കുന്നതിനും അവലംബിക്കേണ്ട രീതികൾ മാർഗ്ഗരേഖ വിശദീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഏതൊക്കെ സ്ഥലത്ത് ഏതിനം തൈകളാണ് നടേണ്ടത് എന്നിവ സംബന്ധിച്ച പട്ടിക തയ്യാറാക്കുകയും പൊതുസ്ഥലങ്ങളിൽ നടുന്നതിന് സ്വയം സഹായ സംഘങ്ങളേയും സന്നദ്ധ പ്രവർകത്തകരെയും സംഘടി പ്പിച്ചുകൊണ്ടുള്ള കാമ്പയിൻ രീതികളും മാർഗ്ഗരേഖ വിശദീകരിക്കുന്നു.

സംസ്ഥാന കാർഷിക രംഗത്തെ പ്രധാന പരിമിതി ആളോഹരി കൃഷി ഭൂമിയുടെ വിസ്തൃതി കുറവാണ് എന്നതാണ്. ഈ പരിമിതിയിൽ നിന്നുകൊണ്ട് കർഷകർക്ക് പരമാവധി ആദായം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണ് സംയോജിത കൃഷിരീതി. കൂടാതെ സംയോജിത കൃഷിയിലെ ഓരോ ഘടകത്തിന്റെയുംഉപോൽപ്പന്നങ്ങൾമറ്റൊന്നിന്പ്രയോജനപ്പെടുത്താമെന്നഗുണവുമുണ്ട്.അതുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനും ജൈവ ആവാസ വ്യവസ്ഥയുടെ സുസ്ഥിരതക്കും സംയോജിത കൃഷി ഉപകരിക്കും.അധിക ഉൽപ്പാദനം ഉണ്ടാകുന്ന സമയത്തും, അല്ലാത്തപ്പോഴും കർഷകന് ഉൽപ്പന്നത്തിന് പരമാവധി ആദായം ലഭിക്കുന്നതിനുള്ള മൂല്യവർദ്ധനക്കുള്ള നടപടികളും പ്രധാനമാണ്. ഇതിനായി സഹകരണപ്രസ്ഥാനങ്ങളെ ഉപയോഗപ്പെടുത്തി ചെറുകിട-ഇടത്തരം അഗ്രോപാർക്കുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട നടപടികളും മാർഗ്ഗരേഖ വിശദമാക്കുന്നു.

# 7. പരിശീലനം,കാര്യശേഷി വികസനം

## 7.1 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജനകീയാസൂത്രണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയും, പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകിയും ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവകൃഷിരീതിയിലധിഷ്ഠിതമായുള്ള കാർഷിക വികസനം എന്നീ മേഖലകളിൽ കൃത്യമായ വികസന ലക്ഷ്യങ്ങൾ നേടുക എന്നതാണ് ഹരിതകേരളം ദൗത്യത്തിന്റെ കാഴ്ചപ്പാട്. ഇതുസാധ്യമാകണമെങ്കിൽ കാര്യശേഷി വികസനം നിർണായകമാണ്. ഇക്കാര്യത്തിൽ മുഖ്യ പങ്കുവഹിച്ചത് കേരള പ്രാദേശിക ഭരണ സ്ഥാപനം (കില) ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, സാങ്കേതിക വകുപ്പിലെ ഉദ്യോഗസ്ഥർക്കും, സാമൂഹ്യപ്രവർത്തകർക്കും പരിശീലനം നൽകുന്ന പ്രധാന ഉത്തരവാദിത്തമാണ് കില നിർവ്വഹിച്ചത്. ഹരിതകേരള ദൗത്യത്തിന്റെ പ്രവർത്തനങ്ങളിലേറെയും ഈ വിഭാഗങ്ങളിലൂടെയാണ് സംഘടിപ്പിയ്ക്കപ്പെടുക എന്നതിനാൽ ഈ ഉത്തരവാദിത്തം ചിട്ടയായും ഗൗരവമായും നിർവ്വഹിക്കുവാൻ ആദ്യഘട്ടം മുതൽ തന്നെ കില മുന്നിട്ടിറങ്ങുകയുണ്ടായി. ഇതിനു മുന്നോടിയായി സർക്കാർ രൂപീകരിച്ച നാല് വികസന മിഷനുകൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും രൂപീകരിക്കുന്നതിനും അവയുടെ പ്രസക്തി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും വേണ്ട പരിശീലനം സംസ്ഥാന ആസൂത്രണ ബോർഡും ഹരിത കേരളം മിഷനുമായി ചേർന്ന് കില നിർവഹിക്കുകയുണ്ടായി. തുടർന്ന് ആറ് തരത്തിലുള്ള കാര്യശേഷി വികസന പ്രവർത്തനങ്ങളാണ് ഹരിതകേരള ദൗത്യവുമായി ബന്ധപ്പെട്ട് കില നിർവഹിച്ചത്.

1. ബോധവത്ക്കരണം
2. ക്യാമ്പയിൻ പ്രവർത്തനങ്ങൾ
3. സാങ്കേതിക നൈപുണ്യ പരിശീലനങ്ങൾ
4. പ്രാദേശിക കാര്യശേഷി വികസനം
5. പഠന പ്രവർത്തനങ്ങൾ
6. ഡോക്യുമെന്റേഷൻ

### 7.1.1 ബോധവത്ക്കരണം

2017 മാർച്ച് മുതൽ നവകേരള കർമ്മ പരിപാടിയിലെ വിവിധ മിഷനുകളെക്കുറിച്ചുള്ള വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG) യുമായി കില തുടക്കം കുറിച്ചു. അഞ്ഞൂറിലധികം പരിശീലകരെ സജ്ജമാക്കിക്കൊണ്ടായിരുന്നു തുടക്കം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ഏതാണ്ട് 22000 പേരെ ദൗത്യങ്ങളുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനപരിപാടികളും എന്തെന്നറിയിക്കുവാൻ സാധ്യമായ വികേന്ദ്രിത പരിശീലന പരിപാടിയിലൂടെയാണ് തുടർ

പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഇതിനായി കൈപുസ്തകവും തയ്യാറാക്കി നൽകുകയുണ്ടായി. പില്ക്കാലത്ത് നവകേരളത്തിനായി ജനകീയാസൂത്രണം എന്ന സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയിലൂടെ പ്രാദേശിക സന്നദ്ധ സംഘടനകളിലേയ്ക്കും മറ്റു സന്നദ്ധ പ്രവർത്തനങ്ങളിലേയ്ക്കും ദൗത്യങ്ങളുടെ സന്ദേശം എത്തിക്കുവാനും കിലയ്ക്കു സാധിച്ചു.

### 7.1.2 ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ഹരിതകേരള ദൗത്യം നേതൃത്വം നൽകുന്ന വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് വേണ്ട പിന്തുണാ സംവിധാനമൊരുക്കുന്നതിൽ പ്രധാനപ്പെട്ട പങ്കാണ് കില വഹിച്ചുവരുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയ്ക്കായി ഏതാണ്ട് 21500 പേരെ പരിശീലിപ്പിക്കുവാനും പരിശീലകർക്കുള്ള കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്യുവാനും പ്രാദേശികതല പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ ഹരിതകേരള ദൗത്യത്തെ സഹായിക്കുവാനും കിലയ്ക്കു കഴിഞ്ഞു.

### 7.1.3 സാങ്കേതിക നൈപുണ്യവികസന പരിശീലനങ്ങൾ

ബോധവത്ക്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കു ശേഷം ഹരിതകേരള ദൗത്യത്തിന്റെ വിവിധ ഉപദൗത്യങ്ങൾക്കാവശ്യമായ പ്രത്യേക സാങ്കേതിക നൈപുണ്യ വികസന പരിശീലനങ്ങൾക്കാണ് കില ശ്രദ്ധ നൽകിയത്. ഈ ഉപദൗത്യങ്ങളുടെ വിദഗ്ദ്ധരുടെ നേതൃത്വത്തിലും ജലവിഭവവകുപ്പ്, കൃഷിവകുപ്പ് ദേശീയ തൊഴിലുറപ്പ് മിഷൻ, കുടുംബശ്രീ മിഷൻ തുടങ്ങിയവയുമായി ചേർന്നാണ് ഈ പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. ജലസംരക്ഷണ പ്രവർത്തനങ്ങളെ നീർത്തടാധിഷ്ഠിത ആസൂത്രണവുമായും ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായും സംയോജിപ്പിക്കുക എന്ന ശ്രമകരമായ ഇടപെടലിന്റെ ആദ്യ ഘട്ടപരിശീലനങ്ങൾ ഇതിനകം സംഘടിപ്പിച്ചു കഴിഞ്ഞു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പ് മിഷനിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് 250 ഓളം പരിശീലകരെ സജ്ജമാക്കുകയുണ്ടായി. തുടർ പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ചാണ് വിദൂര പഠനരീതി (വെർച്ചുവൽ ക്ലാസ്സുകൾ) ഉപയോഗിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാർ, സെക്രട്ടറി, വികസനസ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻമാർ എന്നിവർക്ക് വേണ്ടിയും പരിശീലനം സംഘടിപ്പിക്കുകയുണ്ടായി..

ശുചിത്വ-മാലിന്യ സംസ്ക്കരണ ഉപദൗത്യത്തിനായും ഒട്ടേറെ പരിശീലനങ്ങൾ ഇതിനകം സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, ആസൂത്രണ സമിതി വൈസ് ചെയർമാൻമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി നിരവധി തലത്തിലുള്ള വിഭാഗങ്ങളിലുള്ളവർക്ക് പരിശീലനം നൽകുകയും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി.

### 7.1.4 പ്രാദേശിക കാര്യശേഷി വികസനം

'പരിശീലനങ്ങളിൽ നിന്നും കാര്യശേഷി വികസനത്തിലേയ്ക്ക്' എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നത്. കേവലം ക്ലാസ്മുറികൾ കേന്ദ്രീകരിച്ച പരിശീലന പരിപാടികൾക്കപ്പുറം പ്രാദേശികതലത്തിൽ വൈദഗ്ദ്ധ്യമെത്തിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം. ഹരിത കേരള ദൗത്യത്തിനോടൊപ്പം ചേർന്നുള്ള ചില ഇടപെടലുകൾ കില സംഘടിപ്പിച്ചുവരുന്നത് ഇതിന്റെ ഭാഗമായും കൂടിയാണ്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമൃദ്ധി പദ്ധതി, വടക്കാഞ്ചേരി പുഴ സംരക്ഷണ പരിപാടി, ഭാരതപ്പുഴ സംരക്ഷണ പരിപാടി, ആലപ്പുഴ പ്രദേശത്തെ പാരിസ്ഥിതിക ഇടപെടൽ എന്നിവയിലെ കാര്യശേഷി വികസന പരിപാടികൾ ഇതിനകം തന്നെ ആരംഭിച്ച് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

### 7.1.5 പഠന പ്രവർത്തനങ്ങൾ

ഹരിതകേരള ദൗത്യലക്ഷ്യങ്ങൾക്ക് സഹായകമാകുന്ന പഠന പ്രവർത്തനങ്ങളും കില ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ശ്രമിക്കുന്നുണ്ട്. ആലപ്പുഴ നഗരസഭയിലെ വിവിധ കനാലുകൾ, വടക്കാഞ്ചേരി പുഴ എന്നിവ ശുചീകരിക്കണമെങ്കിൽ ആവശ്യമായ അടിസ്ഥാന വിവരശേഖരണവും ഇടപെടൽ പ്രവർത്തനങ്ങൾക്കായും സാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായുള്ള പഠന പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചിട്ടുള്ളത്. മുംബൈയിലെ ഐ.ഐ.ടി യുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

### 7.1.6 ഡോക്യുമെന്റേഷൻ

ഹരിതകേരള ദൗത്യത്തിന്റെ ഭാഗമായുള്ള പ്രാദേശികതല പ്രവർത്തനങ്ങളിൽ ചിലതെങ്കിലും മറ്റു പ്രദേശങ്ങൾക്കും ഉപയോഗപ്രദമാക്കണമെന്ന ലക്ഷ്യത്തോടെയാണ് ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന വിവിധ തരത്തിലുള്ള ഡോക്യുമെന്റുകൾ കിലയുടെ പരിശീലന പരിപാടികളിൽ ഉപയോഗിക്കുകയാണ് ലക്ഷ്യം. ഇതിനകം വരട്ടാർ, കുട്ടമ്പേരൂർ പുഴ പുനരുജ്ജീവനം കാട്ടാക്കട ജലസമൃദ്ധി പദ്ധതി എന്നിവയുടെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾക്ക് കില സഹായമെത്തിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സി-ഡിറ്റ് മുഖ്യ സഹായ സ്ഥാപനമായി പ്രവർത്തിച്ചു വരുന്നു. കാട്ടാക്കട ജലസമൃദ്ധിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി 14.12.2017 നു നടന്ന ഹരിതസംഗമത്തിൽ ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി. തോമസ് പ്രകാശിപ്പിക്കുകയുണ്ടായി. വരട്ടാർ നദിപുനരുജ്ജീവനവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററിയും പ്രകാശനത്തിനു തയ്യാറായിട്ടുണ്ട്.

ഇത്തരത്തിൽ നവകേരള സൃഷ്ടിക്കായുള്ള കേരള സർക്കാരിന്റെ ദൗത്യങ്ങളിൽ ഒരു മുഖ്യ സംരംഭമായ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിർവഹണം നടത്തുന്നതിനുമുള്ള കാര്യശേഷി വികസന സഹായം കില അതിന്റെ ആറു കേന്ദ്രങ്ങളിലൂടെ നിർവഹിച്ച് വരുന്നു. പരിശീലനം സംബന്ധിച്ച കണക്കുകൾ പട്ടിക 3 ൽ കാണുക.

## പട്ടിക-3

| ക്രമ നമ്പർ | പരിശീലനത്തിന്റെ പേര് | ലക്ഷ്യവിഭാഗം | തീയതി | പരിശീലന പങ്കാളികളുടെ എണ്ണം | പരിശീലന കൈപ്പുസ്തകം |
|---|---|---|---|---|---|
| 1 | വികസന മിഷനുകളെ കുറിച്ച് ബോധവൽക്കരണ പരിപാടി- പരിശീലക പരിശീലനം | ജില്ലാതല പരിശീലകർ | 01.03.2017 മുതൽ 04.03.2017 വരെ | 559 | |
| 2 | വികസന മിഷനുകളെ കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ബോധവൽക്കരണ പരിശീലനം | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും | 13.03.2017 മുതൽ 16.03.2017 | 21860 | കൈപ്പുസ്തകം (30000 കോപ്പി) |
| 3 | നീർത്തടവികസനം - ശില്പശാല (തളിപ്പറമ്പ നിയോജക മണ്ഡലം) | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ | 13.06.2017 | 36 | |
| 4 | നീർത്തടവികസനം - ശില്പശാല (തളിപ്പറമ്പ നിയോജക മണ്ഡലം) | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ | 29.06.2017 | 70 | |

| | | | | | |
|---|---|---|---|---|---|
| 5 | നീർത്തടവികസനം - ശില്പ ശാല (തളിപ്പറമ്പ നിയോജക മണ്ഡലം) | ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി വൈസ്ചെയർമാൻ മാർ, സമൃദ്ധി കോർഡിനേറ്റർ, ഹരിതകേരളം മിഷൻ ചുമതലക്കാർ, വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ | 13.7.2017 | 251 | |
| 6 | നീർത്തടവികസനം - ശില്പ ശാല (തളിപ്പറമ്പ നിയോജക മണ്ഡലം) | ഉദ്യോഗസ്ഥർ | 29.07.2017 | 14 | |
| 7 | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം - ബ്ലോക്ക്തല പരിശീലനം (ഒന്നാംഘട്ടം) | ഗ്രാമപഞ്ചാത്ത്തലത്തിൽ നിന്നും 15 വീതവും, നഗരസഭാവാർഡുകളിൽ നിന്നും 5 വീതവും, മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ നിന്നും 10 വീതവും | 29.07.17 മുതൽ 04.08.2017 വരെ | 21500 | സമഗ്ര ശുചിത്വ പദ്ധതി-പരിശീലകർക്കുള്ള കൈപ്പുസ്തകം (314000 കോപ്പി) |
| 8 | ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവഹണമാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച പരിശീലക പരിശീലനം | ഹരിതകേരളം മിഷൻ കോർഡിനേറ്റർമാർ, റിസോഴ്സ് പേഴ്സൺസ് | 17.08.2017 മുതൽ 18.08.2017 വരെ | 186 | |
| 9 | ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവഹണ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച പരിശീലനം (രണ്ടാംഘട്ടം) | ജനപ്രതിനിധികൾ, സ്റ്റാന്റിംഗ്കമ്മിറ്റി ചെയർ പേഴ്സൺമാർ, പ്ലാൻ ക്ലാർക്ക്, കുടിവെള്ളം ശുചിത്വംവർക്കിംഗ് ഗ്രൂപ്പ്കൺവീനർ, ആസൂത്രണസമിതി വൈസ്ചെയർമാൻ | 22.08.2017 മുതൽ 26.08.2017 വരെ | 6500 | ശുചിത്വ -മാലിന്യ സംസ്കരണ ഉപമിഷൻ നിർവഹണ മാർഗ്ഗനിർദ്ദേശങ്ങൾ -മാർഗ്ഗരേഖ (8500 കോപ്പി) |

| | | | | | |
|---|---|---|---|---|---|
| 10 | നീർത്തടവികസനം - ശില്പ ശാല (തളിപ്പറമ്പ നിയോജക മണ്ഡലം) | നീർത്തട വികസന മാസ്റ്റർപ്ലാൻ ക്ലസ്റ്റർ കൺവീനർമാർ | 11.09.17 | 2487 | സമൃദ്ധി 2017- ന ീർത്തടാ ധിഷ്ഠിത വികസന പദ്ധതി കൈപ്പു സ്തകം (5000 കോപ്പി) |
| 11 | മികച്ച പ്രോജക്ടുകളുടെ അവതരണവും പൊതുമാനദ ണ്ഡം - രൂപീകരണം സംബ ന്ധിച്ച ശില്പശാല | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസേ ാഴ്സ് പേഴ്സൺമാർ | 09.10.2017 മുതൽ 10.10.2017 | 114 | |
| 12 | ശുചിത്വമാലിന്യ സംസ്കരണ മാർഗ്ഗരേഖയുടെ അടിസ്ഥാ നത്തിൽ പദ്ധതി ഭേദഗതി നിർദ്ദേശങ്ങൾ - ശില്പ ശാല | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ | 14.10.2017 മുതൽ 15.10.2017 വരെ | 123 | |
| 13 | വടക്കാഞ്ചേരി പുഴസംര ക്ഷണ ശില്പശാല | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിഷയ മേഖലാ വിദഗ്ദ്ധർ | 12.10.2017 | 115 | |
| 14 | ഹരിതകേരളം - കിണർ റീച ാർജ്ജിംഗ് പരിശീലനം | തൊഴിലുറപ്പ് പദ്ധതി ഓവർസീയർമാർ - തിരുവനന്തപുരം ജില്ല | 24.10.2017 മുതൽ 28.10.2017 വരെ | 384 | |
| 15 | കാർഷിക കർമ്മസേന - പ രിശീലക പരിശീലനം | കൃഷിവകുപ്പിലെയും ജലസേചന വകുപ്പി ലെയും എഞ്ചിനീ യർമാരും ഓവർസീ യർമാരും | 20.11.2017 മുതൽ 22.11.2017 വരെ | 95 | |
| 16 | ജലസംരക്ഷണ ഉപദൗത്യം - പ്രവർത്തന മാർഗ്ഗരേഖ സംബന്ധിച്ച പരിശീലക പ രിശീലനം | കൃഷിവകുപ്പിലെയും ജലസേചന വകുപ്പി ലെയും എഞ്ചിനീ യർമാരും ഓവർസീ യർമാരും | 22.11.2017 മുതൽ 24.11.2017 വരെ | 118 | |
| 17 | ഭാരതപ്പുഴ സംരക്ഷണം - ശില്പശാല | ജനപ്രതിനിധി കൾ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, വിഷ യ മേഖലാ വിദഗ്ദ്ധർ, തല്പര കക്ഷികൾ | 20.11.2017 മുതൽ 24.11.2017 വരെ | 56 | |

| | | | | | |
|---|---|---|---|---|---|
| 18 | ജലസംരക്ഷണ ഉപദൗത്യം - പ്രവർത്തന മാർഗ്ഗരേഖ - ജില്ലാ/ബ്ലോക്ക്തല പരിശീലനം സംബന്ധിച്ച ശില്പശാല | ജനകീയാസൂത്രണജില്ലാ കോർഡിനേറ്റർമാർ, വെർച്ചൽ ക്ലാസ്സ്റൂം സെന്റർകോർഡിനേറ്റർമാർ, റിസോഴ്സ് പേഴ്സൺ | 01.12.2017 | 43 | |
| 19 | ജലസംരക്ഷണ ഉപദൗത്യം - പ്രവർത്തന മാർഗ്ഗരേഖ - വെർച്ചൽ ക്ലാസ്സ് മുഖേന യുള്ള ആദ്യഘട്ട പരിശീലനം | പ്രസിഡന്റ്, സെക്രട്ടറി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | 04.12.2017 മുതൽ 06.12.2017 വരെ | തുടരുന്നു | |
| 20 | ജലസംരക്ഷണ ഉപദൗത്യം - പ്രവർത്തന മാർഗ്ഗരേഖ - ജില്ലാ/ബ്ലോക്ക്തല പരിശീലനം സംബന്ധിച്ച പരിശീലനം | കുടുംബശ്രീ റിസോഴ്സ് പേഴ്സൺ, ഹരിതകേരളം, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർമാർ | 04.12.2017 മുതൽ 06.12.2017 വരെ | 135 | |
| 21 | വരട്ടാർ പുഴ പുനരുജ്ജീവനം - ഡോക്യുമെന്റേഷൻ | | | | എഡിറ്റിംഗ് തുടരുന്നു |

## 7.2 കേരള നീർത്തട പരിപാലന വികസന പരിശീലന കേന്ദ്രം (IWDMK)

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പരമ്പരാഗത ജലസ്രോതസ്സുകളും തോടുകളും ഉപനദികളും പുനരുജ്ജീവിപ്പിക്കുന്ന ജനകീയ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ട മൂന്നു ഉപനദികളാണ് ആദിപമ്പ, വരട്ടാർ, പള്ളിക്കലാർ എന്നിവ. ജനകീയജജ്ഞത്തിലൂടെ പുനരുജ്ജീവിപ്പിച്ച ഈ മൂന്നു ഉപനദികളുടെയും സുസ്ഥിരത ഈ ഉപനദീതടങ്ങളിൽ വരുന്ന ചെറുനീർത്തടങ്ങളിലെ മണ്ണ്-ജല സംരക്ഷണത്തെ ആശ്രയിച്ചാണുള്ളത്. ആയതിനാൽ ഈ ഉപനദീതടത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചെറുനീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷണ പ്രവർത്തളനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ വരട്ടാർ നദീതടത്തിൽ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് വേണ്ടി 22-09-2017 ന് ചെങ്ങന്നൂർ മുനിസിപ്പൽ ൗൺ ഹാളിൽ വച്ചും, പള്ളിക്കലാറിന്റെ വൃഷ്ടിപ്രദേശത്ത് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് വേണ്ടി 23-09-2017 ന് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ചും ഏകദിന അവബോധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഹരിതകേരളം മിഷനും മണ്ണുസംരക്ഷണ-പര്യവേഷണ വകുപ്പിനു കീഴിൽ ചടയമംഗലത്തു പ്രവർത്തിക്കുന്ന സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രവും സംയുക്തമായാണ് പ്രസ്തുത പരിശീലനങ്ങൾ സംഘടിപ്പിച്ചത്.

വരട്ടാർ നീർത്തടത്തിന്റെ പരിശീലനത്തിന്റെ ഉദ്ഘാടനം പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചെങ്ങന്നൂർ നിയോജക മണ്ഡലം എം.എൽ.എ ആയ ശ്രീ. രാമചന്ദ്രൻ നായർ നിർവ്വഹിച്ചു. പരിശീലനത്തോടനുബന്ധിച്ച് വരട്ടാർ ജനകീയ ഇടപെടലു സംബന്ധിച്ച് ഒരു ഫോട്ടോ പ്രദർശനും സംഘടിപ്പിച്ചിരുന്നു. പരിശീലന പരിപാടിയിൽ 135 ജനപ്രതിനിധികൾ പങ്കെടുത്തു. ഇതിനു തുടർച്ചയായി തദ്ദേശഭരണ സ്ഥാപനതല സാങ്കേതിക സമിതി അംഗങ്ങൾക്കുള്ള ദ്വിദിന പരിശീലനം 2017 ഒക്ടോബർ 30,31 തീയതികളിൽ ചടയമംഗലത്തുള്ള സംയോജിത നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് വളരെ വിശദമായ ഒരു പ്രദർശനും ഇവിടെ സംഘടിപ്പിച്ചിരുന്നു. വരട്ടാർ നദീതടത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76 സാങ്കേതിക സമിതി അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.

പള്ളിക്കലാർ നീർത്തടത്തിന്റെ പരിശീലനത്തിൽ 13 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളും മറ്റ് ഉദ്യോഗസ്ഥരും അടക്കം 153 പേർ പരിശീലനത്തിൽ പങ്കെടുത്തു. കൊല്ലം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ശിവശങ്കരപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ ത്തിൽ കുന്നത്തൂർ എം.എൽ.എ.യായ ശ്രീ. കോവൂർ കുഞ്ഞുമോൻ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.ഇതിനു തുടർച്ചയായി സാങ്കേതിക സമിതി അംഗങ്ങൾക്കുള്ള പരിശീലനം 2017 ഒക്ടോബർ 20, 21 തീയതികളിൽ ചടയമംഗലത്തുള്ള സംയോജിത നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ചു. 120 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## 7.3 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

ജല ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജലസേചനം, ഭൂഗർഭജലം, മണ്ണ്-പര്യ വേക്ഷണം, മണ്ണ്-സംരക്ഷണം വകുപ്പുകളിലെയും തൊഴിലുറപ്പ് പദ്ധതിയിലെയും ഉദ്യോഗസ്ഥർക്ക് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് 90 ഓളം മുഖ്യ പരിശീലകരെ 3 ത്രിദിന ക്യാമ്പുകളിലായി പരിശീലിപ്പിക്കുകയുണ്ടായി. 2017 ഏപ്രിൽ 4 മുതൽ 7 വരെ 3 ബാച്ചു കളിലായാണ് പരിശീലനം നൽകിയത്. ഹരിതകേരളം മിഷൻപ്രവർത്തനങ്ങൾ, ജലസുരക്ഷപ്ലാൻ, നീർത്തട പരിപാലനാസൂത്രണം, സ്ഥലപരമായ ആസൂത്രണം, സംയോജിത ജലവിഭവ പരിപാലനം, ജലസേചന പദ്ധതികളുടെ പരിപാലനം, ജലവിനിയോഗ കാര്യക്ഷമതാ വർദ്ധന, വെള്ളപ്പൊക്കം, നീർക്കെട്ട് തുടങ്ങിയ പ്രശ്നങ്ങളുടെ പരിഹാരം, കുളങ്ങളുടെ സ്വാശ്രയ പരിരക്ഷ ഉറപ്പാക്കൽ, ഭൂഗർഭജല പരിപോഷണം, പരിശീലന സങ്കേതങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂന്നിയാണ് പരിശീ ലനം ലഭ്യമാക്കിയത്. തുടർന്ന് ഈ പരിശീലകരുടെ സഹായത്തോടെ എല്ലാ ജില്ലകളിലുമായി ഏകദേശം 900 ത്തിലധികംജില്ലാതല ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയുണ്ടായി.

## 7.4 ശുചിത്വമിഷൻ

ശുചിത്വമാലിന്യ സംസ്ക്കരണ ഉപമിഷന്റെ ഭാഗമായി ഗ്രാമാന്തര പ്രദേശങ്ങളിൽ പ്രവർ ത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ജനപ്രതിനിധികൾ, സെക്രട്ടറിമാർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ, പൊതുപ്രവർത്തകർ എന്നിവർക്ക് ശുചി ത്വമിഷൻ നേരിട്ടും, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) സോഷ്യോ, എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, (SEVF) എക്സ്റ്റൻഷൻ ട്രെയ്നിംഗ് സെന്റർ എന്നിവരുമായി ചേർന്ന് നിര വധി വിദഗ്ദ്ധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതിനുശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപ നങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയി ലുള്ള പദ്ധതികളെക്കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും അറിവും പരിജ്ഞാനവും വർദ്ധിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി മാലിന്യ മുക്ത ഹരിതകേരളം എന്ന ലക്ഷ്യപ്രാ പ്തിക്കായി വിവിധങ്ങളായ ശേഷി വികസന പരിപാടികളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. തദ്ദേശ സ്ഥാപനതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ വിവിധ തലങ്ങളിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർ, ജന പ്രതിനിധികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം പരിശീലങ്ങൾ നൽകി. ആരോഗ്യ വകുപ്പിനും, നഗരകാര്യ വകുപ്പിനും കീഴിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെ ക്ടർമാർ, ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, തദ്ദേശ സ്ഥാപനതല എഞ്ചിനീയർമാർ, പ്ലാൻ ക്ലർക്കുമാർ തുടങ്ങിയ ഉദ്യോഗസ്ഥർക്കും, തിരഞ്ഞെ ടുക്കപ്പെട്ട ജനപ്രതി നിധികൾക്കുമാണ് പ്രധാനമായും പരിശീലനങ്ങൾ നൽകിയിട്ടുള്ളത്. ഇതനുസരിച്ച് ശുചിത്വമിഷൻ നടത്തിയ വിവിധ പരിശീലനങ്ങളുടെ വിശദാംശം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

## പട്ടിക-4

| ക്രമ നമ്പർ | പരിശീലനങ്ങൾ | പരിശീലനങ്ങളുടെ എണ്ണം | പങ്കെടുത്തവർ |
|---|---|---|---|
| 1 | ശുചിത്വമിഷൻ വിദഗ്ദ്ധർ | 9 | 550 |
| 2 | സന്നദ്ധസംഘടനകൾ | 4 | 175 |
| 3 | പങ്കാളിത്ത വകുപ്പുകൾ | 10 | 2470 |
| 4 | ജനപ്രതിനിധികൾ | 4 | 179 |
| 5 | തദ്ദേശഭരണ സ്ഥാപനതല ഉദ്യോഗസ്ഥർ | 8 | 680 |
| 6 | സന്നദ്ധ പ്രവർത്തകർ | 16 | 975 |
| 7 | വിദഗ്ദ്ധർ | 5 | 417 |
| 8 | സ്ക്രാപ്പ് വിൽപ്പനക്കാർ | 14 | 2000 |
| | ആകെ | 70 | 7446 |

# 8. ഉപദൗത്യങ്ങൾ, പ്രവർത്തനങ്ങൾ

## 8.1 ശുചിത്വ-മാലിന്യ സംസ്ക്കരണ ഉപമിഷൻ

നമ്മുടെ സംസ്ഥാനത്തെ അലട്ടുന്ന ഗുരുതര പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യം. ഇന്ന് അതിന്റെ രൂക്ഷത ഗ്രാമപ്രദേശങ്ങളിൽ പോലും അനുഭവപ്പെടുന്നു. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിരന്തരം വിമർശന വിധേയമായിക്കൊണ്ടിരിക്കുന്ന തെരുവുനായശല്യവും, കൊതുകും, എലിയും മറ്റ് ക്ഷുദ്രജീവികളും പരത്തുന്ന രോഗങ്ങൾ എന്നിവ മാലിന്യ പ്രശ്നത്തിന്റെ പരിണിതഫലമാണ്.

ഉത്പാദിപ്പിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്ക്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക എന്നത് പ്രകൃതിവിഭവ സംരക്ഷണത്തിനും ജനതയുടെ ആരോഗ്യപരിപാലനത്തിനും അനുപേക്ഷണീയമാണ്. അതുകൊണ്ടുതന്നെ ജനപങ്കാളിത്തത്തോടെ പ്രാദേശികതല വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾ, അതതു പ്രദേശത്തെ മാലിന്യ മുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവ്വഹണ സംവിധാനം തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുകയാണ് ശുചിത്വ-മാലിന്യ സംസ്ക്കരണ ഉപമിഷൻ കഴിഞ്ഞ ഒരു വർഷമായി ചെയ്തു വരുന്നത്.

### 8.1.1 പൊതു സമീപനം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമു ക്തമാക്കുന്നതിനായി എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തിനോ ഉറ വിടത്തോട് ഏറ്റവുമടുത്തോ അതാതു ദിവസം തന്നെ സംസ്കരിക്കുകയും പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളക ളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുസമീ പനം.

തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള സ്വകാര്യവീടുകൾ, ഗേറ്റഡ് കോളനികൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, പൊതുസ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കമ്പോളങ്ങൾ, വ്യവസായശാലകൾ മുതലായവ ഉല്പാദിപ്പിക്കുന്ന മാലിന്യം അതുൽപ്പാദിപ്പിക്കുന്നവരുടെ പങ്കാളിത്തത്തോടെ തന്നെ സംസ്കരിക്കപ്പെടണം.

വീടുകളിലുണ്ടാകുന്ന ഭക്ഷണാവശിഷ്ടം അടങ്ങുന്ന ജൈവ മാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നതിന് കിച്ചൺ ബിൻ കമ്പോസ്റ്റിംഗ്, കലം കമ്പോസ്റ്റിംഗ്, വളക്കുഴി (ആവശ്യത്തിനു സ്ഥലമുണ്ടെങ്കിൽ മാത്രം) തുടങ്ങിയ കമ്പോസ്റ്റിംഗ് രീതികളോ, മാലിന്യത്തിൽ നിന്ന് ജൈവവാതകമു ത്പാദിപ്പിക്കുന്ന ബയോഗ്യാസ്പ്ലാന്റോ സ്ഥാപിക്കാം. ചന്തകളിൽ നിന്നും സ്വന്തമായി ഉറവിടമാലിന്യ സംസ്കരണ ഉപാധികളൊന്നും സ്ഥാപിക്കാൻ കഴിയാത്തയിടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യസംസ്ക്കരണ സംവിധാനങ്ങളും സ്ഥാപിക്കണം. വലിയ

ബയോഗ്യാസ് പ്ലാന്റുകളോ തുമ്പൂർമൂഴിമാതൃക എയ്റോബിൻ കമ്പോസ്റ്റിങ്ങോ ആണ് നിലവിൽ ഉപയോഗിക്കപ്പെടുന്ന പൊതുമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ. ഇവയൊക്കെ ഓരോയിടത്തും ആവശ്യാനുസരണം സ്ഥാപിക്കുകയും ശരിയായി ഉപയോഗിക്കുകയും വേണം. അജൈവമാലിന്യ ശേഖരണവും നീക്കലും കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങളും സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം.

ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ ഓരോ വീടും പുരയിടവും നിരത്തും പൊതുഇടങ്ങളും ജല സ്രോതസ്സുകളും അന്തരീക്ഷവും മാലിന്യമുക്തമാക്കുന്നതിന് പൊതുസമൂഹമാകെ കൈകോർക്കുന്ന പ്രവർത്തനങ്ങളാണ് ശുചിത്വ-മാലിന്യ സംസ്ക്കരണ ഉപമിഷൻ വിഭാവനം ചെയ്യുന്നത്.

ഉപമിഷൻ പ്രവർത്തനങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സംഘാടനവും നേതൃത്വവും തദ്ദേശഭരണ സ്ഥാപന ഭരണസമിതിക്കാണ്. നവകേരളം കർമ്മപദ്ധതിയുടെ തദ്ദേശഭരണതല സമിതിയുടെ ഭാഗമായി രൂപീകരിക്കുന്ന ഉപമിഷൻ സമിതിയും തദ്ദേശഭരണതലത്തിലെ ആരോഗ്യ- ശുചിത്വ വിഭാഗവും ചേർന്നാണ് പ്രവർത്തനാസൂത്രണവും നിർവഹണ മോണിറ്ററിംഗും നിർവഹിക്കേണ്ടത്. തദ്ദേശഭരണതലത്തിൽ മാലിന്യ നിർമാർജ്ജനത്തിനും ശുചിത്വ പരിപാലനത്തിനും ആവശ്യമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തുമ്പോൾ ഓരോ ഗുണഭോക്താവിനെയും മാലിന്യം സ്വന്തം ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്തേണ്ടതാണ്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപന പരിധിയിലെ മാലിന്യ സംസ്ക്കരണത്തിനുള്ള പൊതുസംവിധാനങ്ങൾ, സംഘടനാരൂപങ്ങൾ, തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനുള്ള വിഭവ വിനിയോഗം (തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടും ഗുണഭോക്താവ് നൽകുന്ന യൂസർഫീയും) പടിപടിയായി കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നതുമാകണം. ഇതിനുതകുന്ന തരത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും ആസൂത്രിതമായ വിഭവ മാനേജ്മെന്റ് തന്ത്രങ്ങൾ രൂപപ്പെടുത്തി മാലിന്യ സംസ്ക്കരണത്തിനും ശുചിത്വ പരിപാലനത്തിനുമുള്ള ധനവിനിയോഗം മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്ക്കരണത്തിലൂടെയും പുനരുപയോഗം, പുനഃചംക്രമണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും സാധ്യമാക്കുന്ന ഒരു മാതൃക സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടണം.

### 8.1.2 പ്രവർത്തന സംവിധാനം

മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തികൊണ്ടു പോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ എന്ന സമീപനം സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ, അതത് പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുനിസിപ്പൽ ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിലേക്കായി പൊതുജനങ്ങളിൽ നിന്നും നൽകുന്ന സേവനത്തിനുള്ള ഫീസും പരിസ്ഥിതി മലിനപ്പെടുത്തുന്നവരിൽ നിന്നും പരിഹാരതുകയും ഈടാക്കുക എന്ന തത്വം പാലിച്ചുകൊണ്ടുള്ള നിർവ്വഹണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

ശുചിത്വ-മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കുക, നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവയായിരിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വം. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഹരിതകർമ്മ സേനയും ഹരിതസഹായ സ്ഥാപനവുമടങ്ങുന്ന സംരംഭകത്വ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം. അങ്ങനെ ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരംഭങ്ങളുടെ ദൈനംദിന പ്രവർത്തനത്തിൽ ഇടപെടേണ്ടതില്ല, മറിച്ച് ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും പ്രവർത്തനമേന്മ ഉറപ്പുവരുത്തുകയുമാണ് വേണ്ടത്.

വൃത്തിയും വെടിപ്പുമുള്ള ഹരിതാഭമായ കേരളം ഉത്തരവാദിത്വബോധമുള്ള ജനതയുടെ പങ്കാളിത്തത്തോടെ സൃഷ്ടിക്കുകയാണ് മാലിന്യ സംസ്കരണ കർമ്മ പദ്ധതിയുടെ ലക്ഷ്യം. ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യമുക്മാക്കാനും ലോകത്തിനു പഠന വിധേയമായ മാതൃക സൃഷ്ടിക്കാനും ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി ലക്ഷ്യമിടുന്നു.

ഇന്ന് കേരള സമൂഹം അവലംബിക്കുന്ന മാലിന്യ സംസ്കരണ രീതി പരിസ്ഥിതി സൗഹൃദപ രമായില്ലെങ്കിൽ വലിയ പ്രകൃതി ദുരന്തത്തിനു തന്നെ സാക്ഷിയാകേണ്ടി വരും എന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ കർമ്മ പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്. സമ്പൂർണ്ണ മാലിന്യ മുക്തി (zero waste), പുറന്തള്ളപ്പെടുന്ന മാലിന്യത്തിന്റെ അളവ് ചുരുക്കൽ (reduce), പുനരുപയോഗം, (reuse) പനു:ചംക്രമണം (recycle), തിരിച്ചെടുക്കൽ (recovery) എന്നീ ഘടകങ്ങളാണ് ഇതിൽ പ്രധാനം.

### 8.1.3 ലക്ഷ്യങ്ങൾ

1. പുതിയ നഗര ഖരമാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

### 8.1.4 പ്രവർത്തനങ്ങൾ

1. ഗാർഹിക /സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്ക്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/വാർഡ്/ തദ്ദേശസ്വയംഭരണ സ്ഥാപനം) പ്രാവർത്തികമാക്കുക.
2. അജൈവമാലിന്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.
3. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുക.
4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുക.
5. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന് കണ്ടെത്തുകയും ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുക.
6. ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
7. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുക.
8. ഉറവിടമാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.
9. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും, പ്ളാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുക.
10. മാലിന്യം കുറയ്ക്കുക (Reduce), വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക (Re-use), പുന:ചംക്രമണം ഉറപ്പാക്കുക (Recycle) എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുക.

11. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുക.

ശുചിത്വ-മാലിന്യ സംസ്കരണം, ജലവിഭവം, കാർഷികവികസനം എന്നി മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുളള ഒരു നവീന വികസന കാഴ്ച്ചപ്പാട് സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച് തുടക്കം കുറിച്ചിരിക്കുന്ന ബൃഹത്തായ കർമ്മ പരിപാടിയാണ് ഹരിതകേരളം മിഷൻ. 2016 ഡിസംബർ 8-ാം തീയതി സംസ്ഥാന വ്യാപകമായി പദ്ധതിക്ക് വിവിധങ്ങളായ പരിപാടികളോടെ തുടക്കം കുറിച്ചു. പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് അത്തരം സ്ഥലങ്ങളുടെ സൗന്ദര്യവൽക്കരണം, ജലാശയങ്ങളുടെ ശുചീകരണം, വസ്തുക്കളുടെ പുനരുപയോഗം പ്രോൽസാഹിപ്പിച്ച് പുതിയവ യുടെ ഉപഭോഗം കുറയ്ക്കുന്നതിനും, പഴയവ പുനരുപയോഗിച്ച് പാഴ്വസ്തുക്കളുടെ അളവ് കുറയ്ക്കൽ ലക്ഷ്യമാക്കി സ്വാപ് ഷോപ്പുകളുടെ സംഘാടനം, മഴവെള്ളസംഭരണം, തരിശ് ഭൂമിയിൽ കൃഷിയും, തുടങ്ങി വിവിധങ്ങളായ പരിപാടികൾക്ക് തുടക്കംകുറിച്ച് കൊണ്ടാണ് സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ ഹരിതകേരളം മിഷനെ വരവേറ്റത്. ഇതോടൊപ്പം വിവിധ തലങ്ങളിൽ ജില്ലാ ശുചിത്വമിഷനുകളുടെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ പല തരത്തിലുള്ള വിവരവി ജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

### 8.1.5. ശുചീകരണ യജ്ഞം

മാലിന്യങ്ങൾ നീക്കംചെയ്ത് പൊതുസ്ഥലങ്ങളുടെ സൗന്ദര്യവത്ക്കരണം, ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇവ തദ്ദേശസ്ഥാപനങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരുന്നതിനാൽ സംസ്ഥാനത്തെ പൊതുനിര ത്തുകളിലും, പാതയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ ഉപേക്ഷിക്കുന്ന പ്രവണത നിലനി ന്നിരുന്നു. ഇതിന് ഒരു പരിഹാരം എന്നോണമെന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഹരിത കർമ്മസേന രൂപീകരിച്ച് യൂസർ ഫീ ഈടാക്കികൊണ്ട് മാലിന്യ ശേഖരണം നടത്തുക എന്ന് ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്നത്. ഇതിന് മുന്നോടിയായി പൊതുസ്ഥലങ്ങളിലെ നിലവിലുള്ള മാലിന്യക്കൂനകൾ നീക്കംചെയ്യുന്നതിന് തീരുമാനിക്കുകയും സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങൾ 2016 ഡിസംബർ 8 മുതലുള്ള തീയതികളിൽ സന്നദ്ധസംഘടനകളുടെയും, കുടുംബശ്രീ-തൊഴിലുറപ്പു പദ്ധതിയുടെ സഹകരണത്തോടെ 5084 മാലിന്യക്കൂമ്പാരങ്ങൾ, സംസ്ഥാനത്തുടനീളം നീക്കംചെയ്തു. ഇത് പൊതു ജനങ്ങൾക്കിടയിൽ ഹരിതകേരളംമിഷന് സ്വീകാര്യത ലഭിക്കുന്നതിനും മാലിന്യ സംസ്കരണ രംഗത്തെ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഒരുപുതുപ്രതീക്ഷ ജനിപ്പിക്കുന്നതിനും ഇടയാക്കി.

കാലാവസ്ഥാ വ്യതിയാനവും മാലിന്യ പ്രശ്നങ്ങളും കാരണം സംസ്ഥാനത്ത് പനിയും മറ്റ് പകർച്ച വ്യാധികളും മുൻവർഷങ്ങളെ അപേക്ഷിച്ച് അധികമായി ഉണ്ടായ സാഹചര്യത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ വ്യാപകമായി പ്രത്യേക ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഓരോ ജില്ലയിലും ചുമതലയുള്ള മന്ത്രിമാർ നേരിട്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കണ്ണൂർ ജില്ലയിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ശുചീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ശുചീകരണ പ്രവർ ത്തനങ്ങൾ നടന്നു. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി, തൊഴിലാളികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തിയത്. പി.എച്ച്.സി കളുടെ നേതൃത്വത്തിൽ പകർച്ചവ്യാധികൾക്കെതിരെ ഊർജ്ജിത പ്രതിരോധ പ്രവർ ത്തനങ്ങൾ സംഘടിപ്പിച്ചു. വാർഡുകൾതോറും ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖകളുടെ വിതരണം, സ്കൂളുകൾ-അംഗൻവാടികൾ എന്നിവയുടെ ശുചീകര ണം, തദ്ദേശസ്ഥാപനങ്ങളിൽ വ്യാപകമായി സ്പ്രേയിങ്, ഫോഗിംഗ്, ക്ലോറിനേഷൻ, വെള്ളക്കെട്ടുകൾ നീക്കം ചെയ്യൽ, പാതയോരങ്ങളുടെ ശുചീകരണം എന്നിവ നടന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി വോളണ്ടിയർമാർ വ്യാപകമായി ഭവന സന്ദർശനം നടത്തി ആളുകളു മായി സംവദിക്കുകയും ഭവന-പരിസര ശുചീകരണത്തിന് ആളുകളെ സജ്ജരാക്കുകയും ചെയ്തു.

5084 മാലിന്യക്കൂമ്പാ രങ്ങൾ, സംസ്ഥാന ത്തുടനീളം നീക്കം ചെയ്തു

സംസ്ഥാനത്തെ ജലാശയങ്ങൾ നാശത്തിന്റെ വക്കിലെത്തിയതിന് പിന്നിൽ മാലിന്യ സംസ്കരണരംഗത്തെ അശാസ്ത്രീയതയും പോരാ യ്മകളും കാരണമായിട്ടുണ്ട്. ഈബോധ്യത്തിൽ നിന്നാണ് കുളങ്ങളു





*തീവ്രശുചീകരണ യജ്ഞത്തിന്റെ ഭാഗമായി കണ്ണൂർ കോർപ്പറേഷനിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ശുചീകരണം*



*തീവ്രശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി. ഡോ. കെ.ടി.ജലീലിന്റെ നേതൃത്വത്തിൽ മലപ്പുറം ഇടപ്പാൾ ടൗണിൽ നടന്ന ശുചീകരണം*

ടെയും, പുഴകളുടെയും മറ്റ്ജലാശയങ്ങളുടെയും ശുചീകരണത്തിനും പുനരുജ്ജീവനത്തിനും ഹരിത കേരളം മിഷൻ പദ്ധതിയിടുന്നത്. ഇതിന് തുടക്കംകുറിച്ചുകൊണ്ട് സംസ്ഥാനത്തെ നിരവധി പുഴകളും, കുളങ്ങളും, നദികളും, ജലസ്രോതസ്സുകളും ശുചിയാക്കി അവയുടെ പരിപാലനം ഉറപ്പാക്കുന്നതിനുള്ള നടപടികൾകൈക്കൊണ്ടു. പൂർണ്ണമായും ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പരിപാടിയുടെ വിജയസൂചകമാണ് പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ആദിപമ്പ-വരട്ടാർ, കോലറയാർ, കോഴിക്കോട് ജില്ലയിലെ മാമ്പുഴ, കനോലിക്കനാൽ, തൃശ്ശൂർജില്ലയിലെ മണലിപുഴ, മലപ്പുറത്തെ കനോലിക്കനാൽ, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ എന്നീ ജലസ്രോതസ്സുകളുടെ ശുചീകരണം. എറണാകുളം ജില്ലയിൽ '50 ദിനം 100 കുളം' എന്ന് ലക്ഷ്യമിട്ടു തുടങ്ങിയ ക്യാമ്പയിൻ ജനങ്ങളുടെ താൽപ്പര്യ പ്രകാരം 150 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനമായി. ഇത്തരം പരിപാടികളുടെ വിജയവുംസ്വീകാര്യതയുമാണ് എല്ലാ ജില്ലകളിലും കാണാനായത്.

### 8.1.6 സ്വാപ്പ്ഷോപ്പ്

മാലിന്യ സംസ്കരണ-ശുചിത്വ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും ആവിഷ്കരിക്കുമ്പോഴും സാധാരണയായി പദ്ധതികളുടെ പ്രയോക്താക്കൾ അവഗണിക്കുന്ന ഒരുകാര്യമാണ് ദൈനദിനം ഉണ്ടാകുന്ന മാലിന്യങ്ങളുടെ അളവ്കുറയ്ക്കുന്നതിനായി കൈകൊള്ളേണ്ടുന്ന നടപടികളെക്കുറിച്ചുള്ള ആസൂത്രണം. ജനങ്ങൾക്കിടയിൽ ശരിയായ അവബോധം ജനിപ്പിച്ച്, വിഭവങ്ങൾ പാഴാക്കികളയാതെ അവയുടെ പരമാവധി ഉപയോഗക്ഷമത പ്രയോജനപ്പെടുത്തിയാൽ നമ്മുടെ നാട്ടിൽ പ്രതിദിനം ഉണ്ടാകുന്ന മാലിന്യക്കൂമ്പാരങ്ങളുടെ അളവിൽ ഗണ്യമായ കുറവ് വരുത്തുവാൻ നമുക്ക് സാധിക്കും. ഇത് പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തെ തടയുന്നു എന്ന് മാത്രമല്ല മാലിന്യ സംസ്കരണത്തിനായി ഉപയോഗപ്പെടുത്തേണ്ടിവരുന്ന ഊർജ്ജം, പണം, മനുഷ്യവിഭവശേഷി തുടങ്ങി മറ്റ് ഒട്ടനവധി വിഭവങ്ങളുടെ അളവിലും കുറവ് വരുന്നതിന് ഇടയാക്കും.

2016 ഡിസംബറിൽ 141 സ്ഥലങ്ങളിൽ സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിച്ചു

ഈ വിധത്തിലുള്ള സുസ്ഥിര ജീവിതാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തുതന്നെ ആദ്യമായി ഒരു സംസ്ഥാനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. സംസ്ഥാന സർക്കാറിന്റെ ഈ മേഖലയിലുള്ള ആത്മാർഥ ശ്രമങ്ങൾക്ക് എല്ലാ പിന്തുണയും നൽകികൊണ്ട് 141 സ്ഥലങ്ങളിൽ 2016 ഡിസംബർ മാസത്തിൽ സ്വാപ്പ്ഷോപ്പുകൾ നടത്തുകയുണ്ടായി. ജനങ്ങൾക്ക് ഇതുവഴി ലഭിക്കുന്ന പ്ര യോജനം തിരിച്ചറിഞ്ഞ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥിരംസ്വാപ്പ് ഷോപ്പ് പദ്ധതികളു മായി മുന്നോട്ട് പോകുന്ന ഒരുസാഹചര്യം ഉണ്ടായി. നിലവിൽ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സ്വപ്പ്ഷോപ്പ് സംവിധാനം പ്രവർത്തിക്കുന്നു. കൂടാതെ 100 സ്ഥലങ്ങളിൽ2017-18 വർഷത്തെ പദ്ധതിയുടെ ഭാഗമായി സ്വാപ്പ്ഷോപ്പുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

### എന്താണ് സ്വാപ്പ്ഷോപ്പ് ?

ഒരു വ്യക്തിയ്ക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗക്ഷമമായ വസ്തു / ഉൽപ്പന്നം ഒരു പൊതു സംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തു മറ്റൊരു വ്യ ക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവ രിലെത്തിക്കുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുക എന്നുള്ളതുമാണ് സ്വാപ്പ് ഷോപ്പുകളുടെ ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് പ്രസ്തുത സ്വാപ്പ് ഷോപ്പ് പ്രവർത്തനം സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക ചുമതല.

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടു കൂടി ഉപയോഗിച്ചതും വൃത്തിയുള്ളതും പുനരുപയോഗയോഗ്യവുമായ വസ്തുക്കൾ / ഉൽപ്പന്ന ങ്ങൾ തുടങ്ങിയവ ആവശ്യക്കാർക്ക് സ്വന്തമാക്കുന്നതിനും അതുവഴി പുനരുപയോഗത്തിലൂടെ ഉപയോഗിക്കപ്പെടാത്ത വസ്തുക്കളുടെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സ്വാപ്പ് ഷോപ്പുകൾ 93 നഗരസഭകളിലും, ബ്ളോക്ക് പഞ്ചായത്തു തലത്തിലും മാസത്തിൽ ഒരു ദിവസമെങ്കിലും നിർബന്ധമായും സംഘടിപ്പിക്കേണ്ടതും തുടർന്ന് സ്ഥിര സംവിധാനമായി മാ റ്റേണ്ടതുമാണ്. താല്പര്യമുള്ള എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇത് ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.



*കണ്ണൂർ കോർപ്പറേഷനിൽ സ്വാപ്ഷോപ്പ് കളക്ടർ ഉദ്ഘാടനം ചെയ്യുന്നു.*




*കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ സ്വാപ് ഷോപ്പ്*




*കോട്ടയം മുനിസിപ്പാലിറ്റിയിലെ സ്വാപ് ഷോപ്പ്*

### 8.1.7 മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ

ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് ഓരോ ജില്ലയിലും തൃതല തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ എണ്ണവും വകയിരുത്തിയിരിക്കുന്ന തുകയും താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ഓരോ ജില്ലയിലും ഏറ്റെടുത്ത പദ്ധതികളുടെ താരതമ്യ ചിത്രങ്ങളും താഴെ നൽകിയിട്ടുണ്ട്




| ജില്ല | ത്രിതല സ്ഥാപനങ്ങൾ | പദ്ധതികളുടെ എണ്ണം | തുക(രൂപ) |
|---|---|---|---|
| ആലപ്പുഴ | ബ്ളോക്ക്പഞ്ചായത്ത് | 41 | 46395545 |
| | ജില്ലാ പഞ്ചായത്ത് | 32 | 64676100 |
| | ഗ്രാമ പഞ്ചായത്ത് | 426 | 129505062 |
| | മുനിസിപ്പാലിറ്റി | 145 | 109666118 |
| എറണാകുളം | ബ്ളോക്ക്പഞ്ചായത്ത് | 67 | 52480020 |
| | കോർപ്പറേഷൻ | 91 | 186367586 |
| | ജില്ലാ പഞ്ചായത്ത് | 11 | 76789021 |
| | ഗ്രാമ പഞ്ചായത്ത് | 587 | 183615556 |
| | മുനിസിപ്പാലിറ്റി | 173 | 154380662 |
| ഇടുക്കി | ബ്ളോക്ക്പഞ്ചായത്ത് | 103 | 68779086 |
| | ജില്ലാ പഞ്ചായത്ത് | 24 | 58500000 |
| | ഗ്രാമ പഞ്ചായത്ത് | 410 | 159165985 |
| | മുനിസിപ്പാലിറ്റി | 28 | 26614759 |
| കണ്ണൂർ | ബ്ളോക്ക്പഞ്ചായത്ത് | 64 | 56661595 |
| | കോർപ്പറേഷൻ | 45 | 41623795 |
| | ജില്ലാ പഞ്ചായത്ത് | 48 | 67341378 |
| | ഗ്രാമ പഞ്ചായത്ത് | 623 | 170060036 |
| | മുനിസിപ്പാലിറ്റി | 145 | 117702592 |
| കാസർഗോഡ് | ബ്ളോക്ക്പഞ്ചായത്ത് | 32 | 32775982 |

| | | | |
|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 69 | 49143000 |
| | ഗ്രാമ പഞ്ചായത്ത് | 262 | 114686753 |
| | മുനിസിപ്പാലിറ്റി | 69 | 47923485 |
| കൊല്ലം | ബ്ളോക്ക് പഞ്ചായത്ത് | 49 | 59631074 |
| | കോർപ്പറേഷൻ | 32 | 137753343 |
| | ജില്ലാ പഞ്ചായത്ത് | 63 | 72969162 |
| | ഗ്രാമ പഞ്ചായത്ത് | 383 | 171633134 |
| | മുനിസിപ്പാലിറ്റി | 44 | 58763677 |
| കോട്ടയം | ബ്ളോക്ക് പഞ്ചായത്ത് | 54 | 48599145 |
| | ജില്ലാ പഞ്ചായത്ത് | 79 | 68281213 |
| | ഗ്രാമ പഞ്ചായത്ത് | 391 | 118996732 |
| | മുനിസിപ്പാലിറ്റി | 75 | 83509171 |
| കോഴിക്കോട് | ബ്ളോക്ക് പഞ്ചായത്ത് | 73 | 63506025 |
| | കോർപ്പറേഷൻ | 57 | 178995125 |
| | ജില്ലാ പഞ്ചായത്ത് | 14 | 50511495 |
| | ഗ്രാമ പഞ്ചായത്ത് | 442 | 170498719 |
| | മുനിസിപ്പാലിറ്റി | 68 | 56646418 |
| മലപ്പുറം | ബ്ളോക്ക് പഞ്ചായത്ത് | 85 | 84797940 |
| | ജില്ലാ പഞ്ചായത്ത് | 154 | 118655053 |
| | ഗ്രാമ പഞ്ചായത്ത് | 677 | 240498460 |
| | മുനിസിപ്പാലിറ്റി | 149 | 123775682 |
| പാലക്കാട് | ബ്ളോക്ക് പഞ്ചായത്ത് | 55 | 71098638 |
| | ജില്ലാ പഞ്ചായത്ത് | 7 | 65557780 |
| | ഗ്രാമ പഞ്ചായത്ത് | 551 | 256986535 |
| | മുനിസിപ്പാലിറ്റി | 135 | 87460895 |
| പത്തനംതിട്ട | ബ്ളോക്ക് പഞ്ചായത്ത് | 44 | 38180840 |
| | ജില്ലാ പഞ്ചായത്ത് | 31 | 32300512 |
| | ഗ്രാമ പഞ്ചായത്ത് | 311 | 90320884 |
| | മുനിസിപ്പാലിറ്റി | 65 | 38141121 |
| തിരുവനന്തപുരം | ബ്ളോക്ക് പഞ്ചായത്ത് | 49 | 60548933 |
| | കോർപ്പറേഷൻ | 53 | 390603382 |
| | ജില്ലാ പഞ്ചായത്ത് | 93 | 90507147 |
| | ഗ്രാമ പഞ്ചായത്ത് | 492 | 200434379 |
| | മുനിസിപ്പാലിറ്റി | 74 | 80693112 |
| തൃശൂർ | ബ്ളോക്ക് പഞ്ചായത്ത് | 83 | 69768823 |
| | കോർപ്പറേഷൻ | 30 | 101994133 |
| | ജില്ലാ പഞ്ചായത്ത് | 18 | 56844257 |
| | ഗ്രാമ പഞ്ചായത്ത് | 668 | 248122543 |
| | മുനിസിപ്പാലിറ്റി | 125 | 120589867 |
| വയനാട് | ബ്ളോക്ക് പഞ്ചായത്ത് | 36 | 45692929 |
| | ജില്ലാ പഞ്ചായത്ത് | 11 | 33626006 |

| | | | |
|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | 201 | 105409409 |
| | മുനിസിപ്പാലിറ്റി | 49 | 35893302 |
| | **ആകെ** | **9563** | **6243651111** |

## 8.1.8 ജൈവമാലിന്യ പരിപാലനം

### 1. ഉറവിട മാലിന്യ സംസ്കരണം

ജൈവമാലിന്യം സംസ്കരിക്കുന്നതിന് അതിന്റെ ഉറവിട സ്ഥാനത്ത് തന്നെ സംവിധാനങ്ങൾ ഒരുക്കണമെന്ന ആശയത്തെ അടിസ്ഥാനമാക്കി ഒരു ലക്ഷത്തോളം ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് സംസ്ഥാനത്തെ വീടുകളിൽ ലഭ്യമാക്കി യിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കാണുക.

| | |
|---|---|
| ബയോഗ്യാസ് പ്ലാന്റ് (0.5m3) | 9106 |
| ബയോഗ്യാസ് പ്ലാന്റ് (1 m3) | 4370 |
| ബയോകമ്പോസ്റ്റർ ബിൻസ് | 20186 |
| ബയോഡൈജസ്റ്റർ പോട്ട് | 12596 |
| ബക്കറ്റ് കമ്പോസ്റ്റ് | 21770 |
| കിച്ചൺ ബിൻ | 7020 |
| പൈപ്പ് കമ്പോസ്റ്റ് | 4948 |
| റിംഗ് കമ്പോസ്റ്റ് | 9012 |
| ബയോബിൻ | 1032 |
| കലംകമ്പോസ്റ്റ് | 2320 |
| വെർമി കമ്പോസ്റ്റ് | 825 |
| ആകെ | 93185 |



*കൊടൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം- ബയോബിൻ വിതരണം*



*നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്, എറണാകുളം-ബയോഗ്യാസ് പ്ലാന്റ് വിതരണം*



*വേങ്ങാട് ഗ്രാമപഞ്ചായത്ത് - ബിൻ വിതരണം*



*മീനങ്ങാടി ഗ്രാമപഞ്ചായത്ത് - ബയോഡൈജസ്റ്റർ പോട്ട് വിതരണം*

## 2. തുമ്പൂർമുഴി കമ്പോസ്റ്റിംഗ് സംവിധാനം

ഉറവിട ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുമ്പോഴും ചില സാഹചര്യങ്ങളിൽ സമൂഹതലത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതായി വരും. കൂടാതെ പൊതുസ്ഥലങ്ങളിലെ ജൈവമാലിന്യ സംസ്കരണത്തിനും സൗകര്യങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യം മുന്നിൽകണ്ടാണ് പൊതുസ്ഥലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റിംഗ് സംവിധാനം സ്ഥാപിച്ച് വരുന്നത്. സംസ്ഥാനത്ത് നിലവിൽ സ്ഥാപിച്ചിട്ടുള്ളതും സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നതുമായ തുമ്പൂർമുഴി കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | തുമ്പൂർമൂഴി ഏറോബിൻസ് | |
|---|---|---|---|
| | | നിലവിലുള്ളത് | പണി നടന്നുവരുന്നത് |
| 1 | തിരുവനന്തപുരം | 30 | 7 |
| 2 | കൊല്ലം | 36 | 187 |
| 3 | പത്തനംതിട്ട | 7 | 9 |
| 4 | ആലപ്പുഴ | 11 | 9 |
| 5 | കോട്ടയം | 23 | 54 |
| 6 | ഇടുക്കി | 4 | 31 |
| 7 | എറണാകുളം | 0 | 7 |
| 8 | തൃശ്ശൂർ | 0 | 9 |
| 9 | പാലക്കാട് | 2 | 9 |
| 10 | മലപ്പുറം | 0 | 0 |
| 11 | കോഴിക്കോട് | 7 | 44 |
| 12 | വയനാട് | 0 | 1 |
| 13 | കണ്ണൂർ | 7 | 3 |
| 14 | കാസർഗോഡ് | 0 | 10 |
| | ആകെ | 127 | 380 |


*പത്തനംതിട്ട മുനിസിപ്പാലിറ്റി*


*ഫെറോക്ക് മുനിസിപ്പാലിറ്റി, കോഴിക്കോട്*


*ആലപ്പുഴ മുനിസിപ്പാലിറ്റി*


*ഏലൂർ മുനിസിപ്പാലിറ്റി, എറണാകുളം-തുമ്പൂർമൂഴി*

### 8.1.9 അജൈവമാലിന്യ പരിപാലനം

### 1. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എ.സി.എഫ്), റിസോഴ്സ് റിക്കവറി സെന്ററുകളും (ആർ.ആർ.സി)

വിഭവങ്ങളുടെ പുനഃചംക്രമണം പ്രോത്സാഹിപ്പിച്ച് മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പുതിയ ഉത്പന്നങ്ങൾക്കായി പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നത് പരിമിതപ്പെടുത്തുക, കാര്യക്ഷമമായ പുനഃചംക്രമണ ശൃംഖല സൃഷ്ടിച്ച് സാധ്യമാവുന്ന എല്ലാ പാഴ്വസ്തുക്കളും പുനഃചംക്രമണത്തിന് വിധേയമാക്കുക എന്നീ ലക്ഷ്യങ്ങളോടെ മാലിന്യസംസ്കരണ പദ്ധതി - ആസൂത്രണം എന്ന സന്ദേശം മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലേക്കും എത്തിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാകും കേരളം. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും എം.സി.എഫ്.കൾ സ്ഥാപിക്കുന്നതിനും അവിടെ എത്തുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് ഇനം അനുസരിച്ച് ക്ലീൻ കേരള കമ്പനിയുടെ സഹായത്താൽ ബ്ലോക്കടിസ്ഥാനത്തിലോ നഗരസഭാതലത്തിലോ സ്ഥാപിക്കുന്ന ആർ.ആർ.എഫ്.കളിൽ എത്തിച്ച് ഷ്രഡ്ഡിംഗ് / ബയിലിംഗ് നടത്തി പുനഃചംക്രമണ വ്യവസായികൾക്കോ, ക്ലീൻ കേരള കമ്പനി വഴി തദ്ദേശസ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗിനോ കൈമാറുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. മിഷൻ പ്രവർത്തനം ആരംഭിച്ച് ഒരു വർഷമാകുമ്പോൾ സംസ്ഥാനത്ത് 65 ലധികംതദ്ദേശസ്ഥാപനങ്ങളിൽ എം.സി.എഫ്.കൾ പ്രവർത്തനം ആരംഭിച്ച്കഴിഞ്ഞു. അടുത്ത രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും എം.സി.എഫ്.കൾ സ്ഥാപിച്ച് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ നിശ്ചിതകാലയളവിൽ മുടക്കം കൂടാതെ ശേഖരിക്കുന്നതിനും ആണ് മിഷൻ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതിനകം രൂപീകൃതമായ എം.സി.എഫ്, ആർ.ആർ.എഫ് പ്ലാസ്റ്റിക് ഷ്രഡ്ഡിങ് യൂണിറ്റ് എന്നിവയുടെ എണ്ണം താഴെ പട്ടികയിൽ കാണുക.

| ക്രമ നം. | ജില്ല | സ്ഥാപിച്ച എം.സി.എഫ് കളുടെ എണ്ണം | സ്ഥാപിച്ച ആർ.ആർ.എഫ് കളുടെ എണ്ണം | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | |
|---|---|---|---|---|---|
| | | | | നിലവിലുള്ളത് | പണി നടന്നു വരുന്നത് |
| 1 | തിരുവനന്തപുരം | 4 | 1 | 1 | 15 |
| 2 | കൊല്ലം | 5 | 1 | 0 | 7 |
| 3 | പത്തനംതിട്ട | 11 | 0 | 0 | 9 |
| 4 | ആലപ്പുഴ | 5 | 2 | 2 | 18 |
| 5 | കോട്ടയം | 2 | 0 | 0 | 8 |
| 6 | ഇടുക്കി | 2 | 2 | 2 | 18 |
| 7 | എറണാകുളം | 4 | 0 | 1 | 9 |
| 8 | തൃശ്ശൂർ | 4 | 6 | 2 | 12 |
| 9 | പാലക്കാട് | 1 | 1 | 7 | 13 |
| 10 | മലപ്പുറം | 2 | 1 | 1 | 12 |
| 11 | കോഴിക്കോട് | 9 | 1 | 5 | 34 |
| 12 | വയനാട് | 0 | 0 | 7 | 1 |
| 13 | കണ്ണൂർ | 8 | 2 | 2 | 2 |
| 14 | കാസറകോഡ് | 8 | 1 | 1 | 4 |
| | **ആകെ** | **65** | **18** | **31** | **162** |

തദ്ദേശ സ്ഥാപനതലങ്ങളിലുള്ള എം.സി.എഫ്. കളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് ഇനങ്ങളാക്കി വലിയ അളവിൽ കൈമാറാൻ സാധിച്ചാൽ മാത്രമേ അജൈവ മാലിന്യ സംസ്ക



ചാലക്കുടി മുനിസിപ്പാലിറ്റി, തൃശൂർ-മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി



ചെറുകുന്ന്, കണ്ണൂർ - എം.സി.എഫ്



ചിറ്റൂർ - തത്തമംഗലം,
പാലക്കാട്-എം.സി.എഫ്



വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്,
പത്തനംതിട്ട-എം.സി.എഫ്



ഇരിങ്ങാലക്കുട മുനിസിപ്പാ
ലിറ്റി, തൃശൂർ-എം.സി.എഫ്




ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്,
തൃശൂർ-എം.സി.എഫ്




പാലക്കാട് മുനിസിപ്പാലിറ്റി-
എം.സി.എഫ്



*കാസർഗോഡ് ജില്ലയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ ആർ.ആർ.എഫ് സെന്റർ*

രണത്തിൽ സുസ്ഥിരത ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യം മുന്നിൽ കണ്ട് ബ്ലോക്ക് അടിസ്ഥാനത്തിലാണ് നഗരസഭാതലത്തിലും ആർ.ആർ.എഫ്.കൾ സ്ഥാപിക്കുന്നത്. ഇങ്ങനെ തരം തിരിച്ച് ആർ.ആർ.എഫ്.കളിൽ എത്തുന്നവ വലിയ അളവിൽ പുനഃചംക്രമണത്തിനായി കൈമാറ ണമെങ്കിൽ അവ ഷ്രെഡ്ഡിംഗ് / ബെയിലിംഗ് നടത്തുന്നതിനുള്ള സംവിധാനവും ആവശ്യമായുണ്ട്. നിലവിൽ സംസ്ഥാനത്ത് ഷ്രെഡ്ഡിംഗ് / ബെയിലിംഗ് സംവിധാനങ്ങളോടുകൂടി 49 ആർ.ആർ.എഫ്. കൾ പ്രവർത്തിക്കുന്നുണ്ട്.

## 2 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്

സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽ നിന്നുണ്ടാകുന്ന അജൈവ പാഴ് വസ്തുക്കൾ മെറ്റീരി യൽ കളക്ഷൻ സംവിധാനങ്ങളിൽ എത്തിച്ചതിന് ശേഷം അവിടെ തരംതിരിവ് നടത്തി ആർ.ആർ.എഫ്



*എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ബെയിലിങ് മെഷീൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. കെ.റ്റി.ജലീൽ ഉദ്ഘാടനം ചെയ്യുന്നു.*



*മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ പി.എസ്.യു ന്റെ ഉദ്ഘാടനം ബഹു. സ്പീക്കർ ശ്രീ. ശ്രീരാമകൃഷ്ണൻ നിർവ്വഹിക്കുന്നു.*




*ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് / ബെയിലിങ് മെഷീൻ ഉദ്ഘാടനം*










കളിൽ എത്തിക്കുന്നു. ഇങ്ങനെ തരംതിരിച്ച് എത്തുന്ന പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളിൽ പുനഃചംക്രമണ യോഗ്യമല്ലാത്തവ പൊടിച്ച് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നതിനും പുനഃചംക്രമണ യോഗ്യമായവ ബെയിൽ ചെയ്യുന്നതിനുമാണ് തദ്ദേശസ്ഥാപനങ്ങളിൽ ഷ്രെഡ്ഡിംഗ്/ബെയിലിംഗ് സംവിധാനങ്ങൾ ഒരുക്കുന്നത്. നിലവിൽ 55 തദ്ദേശ സ്ഥാപനങ്ങളിലാണ് ബയിലിംഗ്/ഷ്രെഡിംഗ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് അടുത്ത ഒരു വർഷത്തിനകം സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

### 3. ഹരിതകർമ്മ സേന

സംസ്ഥാനത്തിന്റെ പൊതുവായ നയത്തിന്റെയും തദ്ദേശ സ്ഥാപനത്തിന്റെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു തദ്ദേശ സ്ഥാപനത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും പ്രയോഗത്തിൽ വരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ഹരിതകർമ്മ സേനയ്ക്കാണ്. ഉറവിടമാലിന്യ സംസ്കരണത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കി മുഴു വൻ വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ രീതിയിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കുക, ഉറവിട സംസ്കരണം അസാധ്യമായവർക്ക് പൊതുസംവിധാനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിച്ച് പരിപാലിക്കുക, അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണം ഉറപ്പാക്കുക, അവയുടെ ശരിയായ സംസ്കരണ സംവിധാനങ്ങൾ ഏർപ്പാടാക്കുക, മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുള്ള ഉപാധികളായ ഗ്രീൻ പ്രോട്ടോക്കോൾ സേവനങ്ങൾ ലഭ്യമാക്കുക. വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതിന് സ്വാപ് ഷോപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനത്ത് ഇതിനോടകം 481 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചു. ഇവർക്കുള്ള പരിശീലനം ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഇവർ പ്രവർത്തനം ആരംഭിക്കുകയും ഇവരുടെ സേവനം മേൽപറഞ്ഞ രീതിയിൽ ലഭ്യമായി തുടങ്ങുകയും ചെയ്യും.

**ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം (2017 ഡിസംബർ 11 വരെ)**

| ക്രമ നം. | ജില്ല | ഹരിത കർമ്മസേന രൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം | ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 17 | 438 |
| 2 | കൊല്ലം | 49 | 2891 |
| 3 | പത്തനംതിട്ട | 46 | 1239 |
| 4 | ആലപ്പുഴ | 59 | 1697 |
| 5 | കോട്ടയം | 20 | 3316 |
| 6 | ഇടുക്കി | 26 | 1336 |
| 7 | എറണാകുളം | 12 | 446 |
| 8 | തൃശൂർ | 28 | 364 |
| 9 | പാലക്കാട് | 68 | 2015 |

| | | | |
|---|---|---|---|
| 10 | മലപ്പുറം | 45 | 2478 |
| 11 | കോഴിക്കോട് | 57 | 3541 |
| 12 | വയനാട് | 30 | 678 |
| 13 | കണ്ണൂർ | 63 | 2112 |
| 14 | കാസർഗോഡ് | 1 | 41 |
| | ആകെ | 521 | 222592 |

### 4. ഹരിതകർമ്മ സേനയും കുടുംബശ്രീയും

ഹരിതകർമ്മ സേനാംഗങ്ങളായി തിരഞ്ഞെടുക്കുവാൻ ആദ്യ പരിഗണന നല്കേണ്ടത് കുടുംബശ്രീ അംഗങ്ങൾക്കാണ്. തദ്ദേശസ്ഥാപനങ്ങൾ കുടുംബശ്രീ അംഗങ്ങളെ ഉൾക്കൊളളിച്ച് രൂപപ്പെടുത്തുന്ന ഹരിതകർമ്മ സേനാംഗങ്ങളെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയുമായും അവരുടെ പ്രവർത്തന രീതികളെപ്പറ്റിയും ശരിയായ പരിശീലനം നല്കി കാര്യശേഷി വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഇതിനായി കുടുംബശ്രീ സംസ്ഥാന-ജില്ലാതല ഉദ്യോഗസ്ഥൻമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല ടി.ഒ.ടി. പരിശീലനം 04.12.2017 മുതൽ 06.12.2017 വരെ തിരുവനന്തപുരം കിലയിൽ വച്ച് നടത്തുകയും ജില്ലാതല പരിശീലനത്തിനുള്ള ആസൂത്രണം പൂർത്തിയാക്കുകയും ചെയ്തു. ഇവർ ജില്ലാതല പരിശീലനം പൂർത്തിയാക്കി ഓരോ തദ്ദേശ സ്ഥാപനങ്ങളിലെയും ഹരിതകർമ്മസേനയിലെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ മിഷന്റെ പൂർണ്ണമായ ചുമതലയിലായിരിക്കും തദ്ദേശസ്ഥാപനതല പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഇതിന് ആവശ്യമായ പിന്തുണ ശുചിത്വ മിഷനും കിലയും നൽകും.

ഹരിത കർമ്മസേനയാണ് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പ്രധാന ഫീൽഡ് തല സംവിധാനം. സംസ്ഥാനത്ത് 521 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരണം പൂർത്തിയായി. ജൈവ-അജൈവ മാലിന്യ മേഖലയിൽ കുടുംബശ്രീ സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ അധിക വരുമാനമായി വിവിധ സേവനങ്ങൾ കൂടി ആക്ടിവിറ്റി ഗ്രൂപ്പ് എന്ന നിലവിൽ ഹരിത കർമ്മസേനയ്ക്കു എറ്റെടുക്കാവുന്നതാണ്. ഇതിൽ പ്രധാനപ്പെട്ടവ: പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും, മാലിന്യ സംസ്കരണ ഉപാധികളുടെ പരിപാലനം, പൊതു മാലിന്യ സംസ്കരണ ഉപാധികളുടെ നടത്തിപ്പ്, ജൈവവളം നിർമ്മാണം, വിൽപ്പന, ജൈവ പച്ചക്കറികൃഷി തുടങ്ങിയവയാണ്.

### 8.1.10 മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിൻ നടപ്പിലാക്കുന്നത്. 2017 ആഗസ്റ്റ് മാസം 15-ാം തീയതി എല്ലാ ജില്ലകളിലും കാമ്പയിന് തുടക്കം കുറിച്ചു.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യ രഹിതമാക്കി, ഇതിലൂടെ മാലിന്യത്തിൽ നിന്നു സ്വാതന്ത്ര്യം നേടുക എന്നതാണ് ഈ യജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം. വീടുകളിലെയും, കോളനികളിലേയും, ഫ്ളാറ്റ് സമുച്ചയങ്ങളിലെയും, കച്ചവട സ്ഥാപനങ്ങളിലെയും, കമ്പോളങ്ങളിലെയും, വ്യവസായ സ്ഥാപനങ്ങളിലെയും, മാലിന്യം സംസ്കരിക്കുകഎന്നതും ഇതിൽ ഉൾപ്പെടുന്നു. സ്ഥല പരിമിതികളുള്ള വീടുകളിലെ മാലിന്യം കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും രൂപരേഖ ആവിഷ്കരിച്ചിട്ടുണ്ട്.

മാലിന്യത്തിൽ നിന്നും സ്വതന്ത്ര്യം ഗാർഹിക വിവരശേഖരണ യജ്ഞത്തിൽ നിന്നും മാലിന്യ സംസ്കരണത്തിന് നിലവിൽ സംവിധാനങ്ങൾ ഇല്ലാത്ത സംസ്ഥാനത്തെ വീടുകളിൽ നിന്നും 43% വീടുകൾക്ക് കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വീട്ടിൽ ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യങ്ങൾ അതിലിട്ട് കമ്പോസ്റ്റാക്കുന്നതിന് തയ്യാറുള്ളവരാണ് എന്ന വിവരം ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വീടുകളിൽ കുഴി കമ്പോസ്റ്റിംഗിനായുള്ള സൗകര്യങ്ങൾ എല്ലാ ജില്ലകളിലും ചെയ്തു കൊടുക്കുക ഉണ്ടായി.

## 1. വിവരശേഖരണം

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതിവിവരം മനസ്സിലാക്കുന്നതിനും ഇക്കാര്യത്തിലുള്ള ജനങ്ങളുടെ മനോഭാവവും സമീപനവും അറിയുന്നതിനുമായി ആഗസ്റ്റ് രണ്ടാം വാരം സംസ്ഥാന വ്യാപകമായി ഒരു വിവരശേഖരണ പരിപാടി നടത്തുകയുണ്ടായി. കൃത്യമായ ആസൂത്രണത്തോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും വരുന്ന വീടുകളെ 50 വീതം അടങ്ങുന്ന ക്ലസ്റ്ററുകളാക്കി, ക്ലസ്റ്റർ ഒന്നിന് ഒരു സർവ്വേ ടീം എന്ന കണക്കിൽ പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരാണ് വിവരശേഖരണത്തിന് നേതൃത്വം നല്കിയത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും, ജില്ലാ-സംസ്ഥാനതലത്തിലും ക്രോഡീകരിക്കുകയുണ്ടായി.

### a) തദ്ദേശസ്വയംഭരണസ്ഥാപനതല മിഷൻ യോഗങ്ങൾ (2017 ജൂലൈ 22)

ശുചിത്വ മാലിന്യ സംസ്കരണയജ്ഞം താഴെ തലത്തിൽ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി തദ്ദേശസ്ഥാപനതല മിഷനുകളുടെ യോഗങ്ങൾ 2017 ജൂലൈ 22-ന് സംസ്ഥാനത്താകമാനം നടക്കുകയുണ്ടായി. വിവരവിജ്ഞാന വ്യാപനത്തിനും മാലിന്യ സംസ്കരണത്തിലെ സംസ്ഥാനത്തിന്റെ സമീപനം പൊതുജനങ്ങളെ അറിയിക്കുന്നതിനും 2017-18 വർഷത്തേക്കുള്ളശുചിത്വമാലിന്യ സംസ്കരണ പദ്ധതികളെ കുറിച്ചുള്ള ആസൂത്രണത്തിനും ഈ മിഷൻ യോഗങ്ങൾ പ്രയോജനം ചെയ്തു. പ്രത്യേകിച്ച് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിന് ആവശ്യമായ ആസൂത്രണ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിനും ഇതിലൂടെ സാധിച്ചു.

### b) വാർഡ്തല സാനിട്ടേഷൻ സമിതികളുടെയോഗം (2017 ജൂലൈ 23-26)

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിനും ഗൃഹതല വിവരശേഖരണത്തിനുമായി വാർഡ് തല സാനിട്ടേഷൻ സമിതികളുടെ യോഗം 2017 ജൂലൈ 23-26 കാലയളവിൽ നടത്തുകയുണ്ടായി. ആഗസ്റ്റ് 15, 16 തീയതികളിലായി നടത്തിയ ഗൃഹതല സന്ദർശനത്തിനും, ബോധവത്കരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ കൃത്യമായ ആസൂത്രണവും ഈ യോഗത്തിൽ നടത്തുകയുണ്ടായി.

### c) ഗൃഹസന്ദർശന പരിപാടിക്കു മുമ്പായുള്ള ബോധവൽക്കരണം

ഗൃഹസന്ദർശനം നടത്തി ഓരോ ഗൃഹങ്ങളിലും ഓരോ തദ്ദേശസ്ഥാപനതലങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങളുടെ അളവ്, സ്വഭാവം, നിലവിലെ സംസ്കരണരീതികൾ, ആവശ്യമായ സഹായം, ആളുകളുടെ മനോഭാവം മുതലായവ മനസ്സിലാക്കുന്നതിനുള്ള വിവര ശേഖരണയജ്ഞം സംസ്ഥാനത്ത് ഉടനീളം നടത്തുന്നതിനാവശ്യമായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിനായി സംസ്ഥാന വ്യാപകമായി തദ്ദേശസ്ഥാപനതലത്തിൽ വിളംബരഘോഷയാത്രകൾ, പദയാത്രകൾ, കോർണർമീറ്റിംഗുകൾ, ദീപസന്ധ്യ, മൈക്ക് അനൗൺസ്മെന്റ് മുതലായവിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

**അവസ്ഥാ നിർണ്ണയ പഠനം ക്രോഡീകരിച്ച്**
**റിപ്പോർട്ട് നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങൾ**

| ക്രമ നം. | ജില്ല | ഗ്രാമ പഞ്ചായത്തുകൾ | | മുനിസിപ്പാലിറ്റികൾ | | കോർപ്പറേഷനുകൾ | |
|---|---|---|---|---|---|---|---|
| | | ആകെ | റിപ്പോർട്ട് നൽകിയത് | ആകെ | റിപ്പോർട്ട് നൽകിയത് | ആകെ | റിപ്പോർട്ട് നൽകിയത് |
| 1 | തിരുവനന്തപുരം | 73 | 57 | 4 | 2 | 1 | 0 |
| 2 | കൊല്ലം | 68 | 30 | 4 | 2 | 1 | 0 |
| 3 | പത്തനംതിട്ട | 53 | 33 | 4 | 0 | 0 | 0 |
| 4 | ആലപ്പുഴ | 72 | 72 | 6 | 4 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കോട്ടയം | 71 | 65 | 6 | 4 | 0 | 0 |
| 6 | ഇടുക്കി | 52 | 44 | 2 | 1 | 0 | 0 |
| 7 | എറണാകുളം | 82 | 82 | 13 | 13 | 1 | 0 |
| 8 | തൃശൂർ | 86 | 55 | 7 | 6 | 1 | 1 |
| 9 | പാലക്കാട് | 88 | 88 | 7 | 7 | 0 | 0 |
| 10 | മലപ്പുറം | 94 | 55 | 12 | 12 | 0 | 0 |
| 11 | കോഴിക്കോട് | 70 | 27 | 7 | 0 | 1 | 0 |
| 12 | വയനാട് | 23 | 9 | 3 | 1 | 0 | 0 |
| 13 | കണ്ണൂർ | 71 | 68 | 9 | 9 | 1 | 1 |
| 14 | കാസർഗോഡ് | 38 | 23 | 3 | 1 | 0 | 0 |
| | ആകെ | 941 | 708 | 87 | 62 | 6 | 2 |

**2. മാലിന്യത്തിൽ നിന്നു സ്വാതന്ത്ര്യം സർവ്വേ അനുബന്ധപ്രവർത്തനങ്ങൾ**

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുന്നതിന്റെയും സർവ്വേയുടെയും ഭാഗമായി വിപുലമായ അനുബന്ധ പ്രവർത്തനങ്ങളാണ് സംസ്ഥാന-ജില്ലാ തലങ്ങളിൽ നടന്നിട്ടുള്ളത്. തിരഞ്ഞെടുത്ത മൂവായിരത്തിലധികം ആളുകളെ സംസ്ഥാന-ജില്ലാ തലങ്ങളിൽ പരിശീലിപ്പിക്കുകയും, ഇരുപത്തി അയ്യായിരത്തോളം ആളുകളെ ബ്ലോക്ക് തലത്തിലും രണ്ടേ മുക്കാൽ ലക്ഷം വോളന്റിയർമാരെ തദ്ദേശ സ്ഥാപന വാർഡ് തലത്തിലും പരിശീലനം നടത്തി ഗൃഹതല സർവ്വേയും വിവര വ്യാപന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുകയുണ്ടായി. ഇവർ സംസ്ഥാനത്ത് 1034 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നായി 6866332 വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും, ഉറവിടമാലിന്യ സംസ്കരണം സംബന്ധിച്ച അടിസ്ഥാന പാഠങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു.

**മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിൻ പ്രാരംഭ പ്രവർത്തനങ്ങൾ**

| ക്രമ. നം. | പ്രവർത്തനങ്ങൾ | ഗ്രാമ പഞ്ചായത്ത് | മുനി സിപ്പാലിറ്റി | കോർപ്പറേഷൻ | ആകെ |
|---|---|---|---|---|---|
| 1 | സംസ്ഥാനതല RPപരിശീലനം | | | | 150 |
| 2 | ജില്ലാതല പരിശീലനത്തിൽ പങ്കെടുത്തവർ | 1412 | 372 | 85 | 1869 |
| 3 | ബ്ലോക്ക് തല പരിശീലനത്തിൽ പങ്കെടുത്ത തദ്ദേശ സ്ഥാപനങ്ങൾ. | 941 | 66 | 5 | 1012 |
| 4 | ബ്ലോക്ക് തല പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം. | 14231 | 9875 | 1146 | 25252 |
| 5 | വാർഡ് തലത്തിൽ പരിശീലിപ്പിക്കപ്പെട്ട വോളന്റിയർമാരുടെ എണ്ണം | 238028 | 30520 | 9922 | 278470 |
| 6 | എത്ര സ്വാകഡുകൾ സർവ്വെ നടപടികളിൽ പങ്കെടുത്തു. | 124565 | 23644 | 6226 | 154435 |
| 7 | എത്ര വീടുകൾ വിവര ശേഖരണ സ്ക്വാഡുകൾ സന്ദർശിച്ചു. | 5622552 | 896383 | 347397 | 6866332 |


| | | | | | |
|---|---|---|---|---|---|
| 8 | എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചു | 941 | 87 | 6 | 1034 |
| 9 | പ്രഖ്യാനം നടത്തി പ്രതിജ്ഞ ചൊല്ലിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (എണ്ണം) | 940 | 73 | 6 | 1019 |
| 10 | ശുചിത്വ സംഗമം നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (എണ്ണം) | 909 | 71 | 6 | 986 |
| 11 | ശുചിത്വ സംഗമം നടന്ന വാർഡുകൾ (എണ്ണം) | 13781 | 1974 | 285 | 16040 |
| 12 | ജനപ്രതിനിധികളുടെ സന്ദർശനം നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ(എണ്ണം) | 941 | 74 | 6 | 1021 |
| 13 | ജനപ്രതിനിധികളുടെ സന്ദർശനം നടന്ന വാർഡുകൾ (എണ്ണം) | 15520 | 2110 | 343 | 17973 |
| 14 | ജനപ്രതിനിധികളുടെ സന്ദർശനം നടന്ന വീടുകൾ (എണ്ണം) | 248743 | 60725 | 1870 | 311338 |
| 15 | എം.പി, എം.എൽ.എ. മാരുടെ പങ്കാളിത്തം ഉണ്ടായിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (എണ്ണം) | 109 | 24 | 5 | 138 |
| 16 | മികവാർന്ന ശുചിത്വ സംഗമം പരിപാടികൾ നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (എണ്ണം) | 321 | 31 | 4 | 356 |

**3. ഗൃഹതല സർവ്വേ - വിശകലനം**

സംസ്ഥാനത്തെ 68.66 ലക്ഷത്തോളം ഭവനങ്ങളിൽ സർവ്വേ നടത്തിയപ്പോൾ മനസ്സിലാക്കുവാൻ സാധിച്ച വിവരം-മാലിന്യ സംസ്കരണത്തിലെ അടിസ്ഥാനതത്വമായ തരംതിരിച്ച് മാലിന്യ സംസ്കരണം നടത്തുന്ന വീടുകളുടെ എണ്ണം കേവലം 22ശതമാനം മാത്രമാണ്. വീടുകളിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് വിശകലനം സഹായകമായി. തൽഫലമായി തരംതിരിച്ച മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 300-ൽ അധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്., ആർ.ആർ.എഫ്. പദ്ധതികളുണ്ടായി. ഇതിൽ നൂറോളം എം.സി.എഫ്., ആർ.ആർ.എഫ്. പദ്ധതികളുടെ നിർവ്വഹണം അവസാനഘട്ടത്തിലാണ്.

| | |
|---|---|
| അഴുകുന്ന വസ്തുക്കളും അഴുകാത്ത വസ്തുക്കളും വെവ്വേറെ തരംതിരിച്ച് ശേഖരിച്ച് വയ്ക്കുന്നവർ | 22.4 ശതമാനം |

| | |
|---|---|
| നിലവിൽ മാലിന്യ സംസ്കരണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്ന വീടുകളുടെ എണ്ണം | 31ശതമാനം |




**a)സംസ്ഥാനത്ത് വീടുകളിൽ ജൈവമാലിന്യ സംസ്കരണം നടത്തുന്നതിന്റെ സ്ഥിതിവിവരം**

ജൈവമാലിന്യം സംസ്ഥാനത്തെ വീടുകളും സ്വന്തം ഉത്തരവാദിത്തത്തിൽ സംസ്കരിക്കണമെന്നതാണ് സർക്കാരിന്റെ നയം. ഇത് സംബന്ധിച്ച് സർവ്വേയിൽ നിന്ന് മനസ്സിലാക്കുവാൻ സാധിച്ചത് വെറും 22 ശതമാനം ആളുകൾ മാത്രമാണ് മാലിന്യം കൃത്യമായി തരംതിരിക്കുന്നത് എന്നാണ്. 44 ശതമാനം ആളുകൾ കമ്പോസ്റ്റിംഗ് നടത്തുന്നു. 30 ശതമാനം ആളുകൾ വീട്ടുവളപ്പിൽ തന്നെ മാലിന്യങ്ങൾ കുഴികളിൽ നിക്ഷേപിച്ച് സംസ്കരിക്കുമ്പോൾ 29 ശതമാനം ആളുകൾ മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായി നൽകുന്നു. 11 ശതമാനം ആളുകൾ എല്ലാ മാലിന്യങ്ങളും കൂട്ടിയിട്ട് കത്തിക്കുന്നു എന്ന വിവരവും അടിയന്തിരമായി തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് വ്യക്തമായി.

**വീട്ടിലെ അഴുകുന്നമാലിന്യങ്ങളുടെ സംസ്കരണ രീതി**

| ക്രമ. നം | രീതി | ശതമാനം |
|---|---|---|
| 1 | കൃഷി/വളക്കുഴിയിൽ നിക്ഷേപിക്കുന്നവർ | 31 |
| 2 | മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായി നല്കുന്നവർ | 27.8 |
| 3 | കമ്പോസ്റ്റ് വളം തയ്യാറാക്കുന്നവർ | 8.7 |
| 4 | അലക്ഷ്യമായി വലിച്ചെറിയുന്നു | 11.57 |
| 5 | ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നവർ | 4.4 |
| 6 | പഞ്ചായത്ത്/നഗരസഭയിൽ നല്കുന്നവർ | 4 |
| 7 | കത്തിക്കുന്നു | 9 |
| 8 | സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു | 5.4 |

b) **അജൈവമാലിന്യ സംസ്കരണം നടത്തുന്നതിന്റെ സ്ഥിതി വിവരം**

അജൈവമാലിന്യ സംസ്കരണത്തിൽ സംസ്ഥാനം വിവിധങ്ങളായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് സഹായകരമായ വിവരങ്ങൾ ഈ സർവ്വേയിലൂടെ കണ്ടെത്തുന്നതിന് സാധിച്ചു. സംസ്ഥാനത്ത് നിലവിൽ 17 ശതമാനം ആളുകൾ സ്വകാര്യ വ്യക്തികളേയോ സ്ഥാപനങ്ങളേയോ ഏജൻസികളേയോ അജൈവ മാലിന്യ സംസ്കരണത്തിനായി ആശ്രയിക്കുന്നു. നിലവിൽ 6.5 ശതമാനം ആളുകൾ മാത്രമാണ് അജൈവമാലിന്യ സംസ്കരണത്തിനായി സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്നത്. 22.4 ശതമാനം ആളുകൾ അജൈവ മാലിന്യങ്ങൾ കത്തിക്കുമ്പോൾ 39 ശതമാനം ആളുകൾ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

**വീട്ടിലെ അഴുകാത്ത മാലിന്യങ്ങളുടെ സംസ്കരണ രീതി**

| ക്രമ. നം | രീതി | ശതമാനം |
|---|---|---|
| 1 | വീട്ടിൽ സൂക്ഷിക്കുന്നു | 15.28 |
| 2 | സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു | 16.9 |
| 3 | പഞ്ചായത്ത്/നഗരസഭയിൽ നല്കുന്നവർ | 6.5 |
| 4 | കത്തിക്കുന്നു | 22.4 |
| 5 | അലക്ഷ്യമായി വലിച്ചെറിയുന്നു | 38.92 |

**c) ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റു ചെയ്യുന്ന വീടുകളുടെ സ്ഥിതിവിവരം**

സംസ്ഥാനത്ത് ആകമാനം 23 ശതമാനം വീടുകളിലാണ് ഏതെങ്കിലും കമ്പോസ്റ്റിംഗ് സംവിധാനം പ്രവർത്തനക്ഷമമായിട്ടുള്ളത്. പൈപ്പ് കമ്പോസ്റ്റിംഗ്, ബക്കറ്റ് കമ്പോസ്റ്റിംഗ്, പോട്ട് കമ്പോസ്റ്റിംഗ്, വെർമി, റിംഗ് മുതലായ കമ്പോസ്റ്റിംഗ് ഉപാധികളാണ് ഇവർ പിന്തുടരുന്നത്. 21 ശതമാനം ആളുകൾ വീട്ടുവളപ്പിൽ നിക്ഷേപിച്ച് സ്വാഭാവിക കമ്പോസ്റ്റിംഗ് രീതി അവലംബിക്കുന്നു. 31 ശതമാനം വീടുകൾ തങ്ങൾ നിലവിൽ പിന്തുടരുന്ന മാലിന്യ സംസ്കരണ രീതിയിൽ തൃപ്തി രേഖപ്പെടുത്തി.

d) വീടുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടു പോകുന്നതിന് തദ്ദേശസ്ഥാപനങ്ങൾ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ ആ സേവനത്തിന് ഒരു നിശ്ചിത ഫീസ് നല്കുന്നതിന് സംസ്ഥാനത്തെ 51 ശതമാനം വീടുകൾ തയ്യാറാണ്. മാലിന്യ സംസ്കരണത്തിന് ശരിയായ ഒരു സംവിധാനം നിലവിൽ വരണമെന്നതാണ് ഇവരുടെ ആവശ്യം. ആ സംവിധാനം നിലവിൽ വന്നു കഴിയുമ്പോൾ പ്രസ്തുത സേവനം പ്രയോജനപ്പെടുത്തുന്നവർ എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന ആവർത്തന ചെലവുകൾ വഹിക്കുന്നതിന് ആവശ്യമായ യൂസർഫീ ഉപയോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് ഇവർക്ക് എതിർപ്പില്ല.

| | |
|---|---|
| ജൈവ മാലിന്യം ശേഖരിച്ച് കൊണ്ടു പോകുന്നതിന് നഗരസഭ/ഗ്രാമ പഞ്ചായത്ത് ഏജൻസികളെ ഏർപ്പെടുത്തിയാൽ അവർക്ക് നിശ്ചിത നിരക്കിൽ ഫീസ് നല്കാൻ സമ്മതമുള്ളവർ | 50.5 ശതമാനം |

e) സർക്കാരിന്റെ തൊഴിലുറപ്പ് പോലുള്ള ഏതെങ്കിലും പദ്ധതിയുടെ ഭാഗമായി കമ്പോസ്റ്റുകുഴി നിർമ്മിച്ച് നല്കുകയാണെങ്കിൽ 43% ശതമാനം ആളുകൾ കമ്പോസ്റ്റിംഗ് ചെയ്യുവാൻ തയ്യാറുള്ളവരാണ്.

| | |
|---|---|
| തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായോ, അല്ലാതെയോ നിർമ്മിക്കുന്ന കമ്പോസ്റ്റ് കുഴിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് വളമാക്കുന്നതിന് താൽപ്പര്യമുള്ള കുടുംബങ്ങൾ | 43 ശതമാനം |

**f) ദ്രവമാലിന്യ സംസ്കരണം**

വീടുകളിൽ നിന്നുള്ള മലിനജലം 27 ശതമാനം ആളുകൾ സോക്-പിറ്റ് നിർമ്മിച്ച് അതിലേക്ക് ഒഴുക്കി വിടുമ്പോൾ 52 ശതമാനം ആളുകൾ കൃഷി ഇടങ്ങളിലേക്കോ, വീടിനോട് ചേർന്നുള്ള കൃഷിത്തോട്ടത്തിലേക്കോ ഒഴുക്കുന്നു. 10.4. ശതമാനം ആളുകൾ സ്വീവേജ് നെറ്റ്‌വർക്കുമായി കണക്ഷൻ ഉള്ളവരാണ്. 11 ശതമാനം ആളുകൾ തുറസ്സായ പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.

## വീട്ടിലെ പാഴ്ജല ഉപയോഗം

| ക്രമ. നം | രീതി | ശതമാനം |
|---|---|---|
| 1 | പാഴ്ജലക്കുഴി | 27 |
| 2 | സ്വീവേജ് പൈപ്പ് | 10.4 |
| 3 | മരങ്ങളുടെ തടത്തിൽ ഒഴുക്കുന്നു | 34 |
| 4 | കൃഷിക്ക് നനക്കുന്നു | 18 |
| 5 | കോമ്പൗണ്ടിന് പുറത്ത് ഒഴുക്കുന്നു | 10.6 |

**g) സെപ്റ്റിക് ടാങ്ക് / കക്കൂസ് കുഴി നിറയുമ്പോൾ പരിഹരിക്കുന്ന രീതി**

കക്കൂസ് കുഴി നിറയുമ്പോൾ 19 ശതമാനം വീടുകളിൽ സമാന്തര കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുന്ന രീതിയാണ് നിലവിലുള്ളത്. 9 ശതമാനം ആളുകൾ സ്വകാര്യ ടാങ്കർ ലോറികളിൽ പമ്പു ചെയ്തുകൊണ്ടു പോകുന്നതിന് നല്കുമ്പോൾ 1.2 ശതമാനം വീടുകളിൽ മുനിസിപ്പൽ ടാങ്കർ ലോറികളിൽ പമ്പുചെയ്ത് കയറ്റി വിടുന്നു. 0.7 ശതമാനം വീടുകളിൽ ഓടയിലേക്കോ തോട്ടിലേക്കോ ഒഴുക്കി വിടുന്ന പ്രവണത നിലനിൽക്കുന്നു. 55 ശതമാനം വീടുകളിൽ കക്കൂസ് കുഴി ഇതുവരെ നിറയാത്ത സാഹചര്യവുമുണ്ട്.

**സെപ്റ്റിക് ടാങ്ക്/കക്കൂസ് കുഴി നിറയുമ്പോൾ പരിഹരിക്കുന്ന രീതി**

| ക്രമ. നം | രീതി | ശതമാനം |
|---|---|---|
| 1 | കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റും | 21.8 |
| 2 | മുനിസിപ്പൽ ടാങ്കർ ലോറിയിലേക്ക് പമ്പ് ചെയ്ത് കൊണ്ടു പോകും | 1.1 |
| 3 | പ്രൈവറ്റ് ഏജൻസികളുടെ ടാങ്കർ ലോറികളിലേക്ക് പമ്പ് ചെയ്ത് കൊണ്ട് പോകും | 9 |
| 4 | ഓടയിലോ തോട്ടിലോ ഒഴുക്കും | 0.8 |
| 5 | കുഴി ഇതുവരെ നിറഞ്ഞിട്ടില്ല | 67.3 |

## 8.1.11 ഗ്രീൻ പ്രോട്ടോക്കോൾ

സംസ്ഥാനത്ത് ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമായപ്പോൾ ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗത്തിലും വലിയ തോതിലുള്ള കുറവാണ് വന്നിട്ടുള്ളത്. കല്യാണങ്ങൾ, പൊതുചടങ്ങുകൾ, ആഘോഷങ്ങൾ, പലവിധ സംഘടനകളുടെ മിറ്റിംഗുകൾ മതപരമായ ചടങ്ങുകൾ തുടങ്ങി ഒട്ടനവധി പരിപാടികൾ ഇന്ന് ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു എന്നത് ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ വിജയമായി കരുതാവുന്നതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടപ്പിലാക്കാനായി. കൂടുതൽ ചടങ്ങുകളിലേക്ക് ഗ്രീൻ പ്രോട്ടോക്കോൾ വ്യാപിപ്പിക്കുന്നതിന് ഇതിൽ നിന്നും ലഭിച്ച പാഠങ്ങൾ സഹായകരമാണ്.

1. ഗ്രീൻ പ്രോട്ടോക്കോൾ കല്യാണങ്ങൾ
2. ആറ്റുകാൽ പൊങ്കാല
3. സ്കൂൾ കലോൽസവം (ജില്ലാ-സംസ്ഥാന തലം)
4. മിഷൻ ഗ്രീൻ ശബരിമല
5. മാരാമൺ കൺവൻഷൻ
6. പരുമലപള്ളി പെരുന്നാൾ
7. റംസാൻ നോമ്പുതുറ
8. കൽപ്പാത്തി രഥോൽസവം
9. സംസ്ഥാന സ്കൂൾ ശാസ്ത്രമേള
10. ഓണം വാരാഘോഷം
11. മലങ്കര കത്തോലിക്കസഭ പുനരൈക്യ സമ്മേളനം
12. സത്യപ്രതിജ്ഞാ ചടങ്ങുകളും, രാജ്ഭവനിൽ നടക്കുന്ന എല്ലാ ചടങ്ങുകളും

**താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഇതിനകം ഗ്രീൻപ്രോട്ടോകോൾ പാലിക്കാൻ മുമ്പോട്ട് വന്നിട്ടുണ്ട്**

1. രാജ് ഭവൻ
2. പോലീസ് ഹെഡ് ക്വാർട്ടേഴ്സ്
3. എക്സൈസ് ഹെഡ് ക്വാർട്ടേഴ്സ്
4. പൊതു വിദ്യാഭ്യാസ വകുപ്പ്
5. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ
6. നിയമസഭാ സമാജികരുടെ ഹോസ്റ്റൽ

## ഹരിതവിവാഹ കാഴ്ചകൾ

















*ഹരിത ശീലങ്ങൾ*
*ഹരിതവിവാഹത്തിലെ വിവിധ ദൃശ്യങ്ങൾ*















ഹരിത വിവാഹം
ദമ്പതിമാർക്ക് ആദരം : ജില്ലകളിലൂടെ

















വിവാഹ അനുബന്ധ പരിപാടികളെല്ലാം ഹരിതചട്ടപ്രകാരം നടത്തിയപ്പോൾ ആശംസകൾ അറിയിച്ചുകൊണ്ട് സമ്മാനിച്ച മംഗളപത്രം



ഹരിതചട്ടം പാലിച്ച് കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവം

| ക്രമ നം. | പരിശീലനം | സ്ഥലം | തീയതി | പങ്കെടുത്ത വരുടെ എണ്ണം |
|---|---|---|---|---|
| 1 | ബീക്കൺ മുനിസിപ്പാലിറ്റികളിലെ മേയർമാർക്കും, ചെയർപേഴ്സൺമാർക്കും ഹരിതകേരളം - മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് ഏകദിന പരിശീലനം | ഗവ. ഗസ്റ്റ് ഹൗസ്, തൈക്കാട് | 12.05.2017 | 80 |
| 2 | ഫീൽഡ്തല സന്ദർശനം: ശുചിത്വമിഷൻ ഉദ്യോഗസ്ഥർ (14 ജില്ലകളിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എസ്.ഡബ്ല്യു.എം & ഐ.ഇ.സി)രണ്ട് ഘട്ടങ്ങളിലായി ഫീൽഡ് സന്ദർശനം | വർക്കല മുനിസിപ്പാലിറ്റി & തിരുവനന്തപുരം കോർപ്പറേഷൻ | 30.05.2017 | 11 |
| 3 | സംസ്ഥാന-ജില്ലാ ശുചിത്വമിഷൻ ഉദ്യോഗ സ്ഥർക്കായി മാലിന്യപരിപാലനത്തെകുറിച്ച് ദ്വിദിന റസിഡൻഷ്യൽ ശില്പശാല | മരിയാറാണി സെന്റർ, ശ്രീകാര്യം | 22.06.2017 23.06.2017 | 125 |
| 4 | തിരുവനന്തപുരം കോർപ്പറേഷനിലെ ഗ്രീൻ വോളണ്ടിയർമാർക്കും ഉദ്യോഗസ്ഥർക്കുമായി മാലിന്യപരിപാലന പ്രവർത്തനങ്ങളുടെ പ രിശീലനം | പഞ്ചായത്ത് അസോസിയേ ഷൻ ഹാൾ, വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീ യേഴ്സ് ഹാൾ, വെള്ളയമ്പലം | 11.07.2017 13.07.2017 | 600 |
| 5 | സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർ ക്കായി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിൻ - ഏകദിന ശില്പശാല | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫാമിലി & വെൽഫെയർ സെന്റർ, തൈക്കാട് | 15.07.2017 | 110 |
| 6 | തിരുവനന്തപുരം കോർപ്പറേഷനിലെ ഗ്രീൻ വോളണ്ടിയേഴ്സിനും, ഉദ്യോഗസ്ഥർക്കും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പരിശീലനം | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫാമിലി & വെൽഫെയർ സെന്റർ, തൈക്കാട് | 16.07.2017 | 156 |

| | | | | |
|---|---|---|---|---|
| 7 | പുനലൂർ മുൻസിപ്പാലിറ്റിയിലെ ഗ്രീൻ ടെക്നീഷ്യൻസിന് മൂന്ന് ദിവസ പരിശീലനം | പുനലൂർ സോഷ്യൽ വെൽഫെയർ സൊസൈറ്റി | 02.08.2017<br>04.08.2017 | 75 |
| 8 | എഞ്ചിനീയർമാർക്കും, ഹെൽത്ത് ഓഫീസർമാർക്കും ആധുനിക അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട പരിശീലനം | മരിയാറാണി സെന്റർ, ശ്രീകാര്യം | 01.08.2017<br>11.08.2017 | 42 |
| 9 | ജില്ലാ ശുചിത്വമിഷൻ ഓഫീസർമാർക്ക് ഏകദിന അവലോകന യോഗം | ഹോട്ടൽ ചൈത്രം, കെ.റ്റി.ഡി.സി, തമ്പാനൂർ | 26.08.2017 | 75 |
| 10 | സംസ്ഥാന-ജില്ലാ ശുചിത്വമിഷൻ ഉദ്യോഗസ്ഥർക്കും, റിസോഴ്സ് പേഴ്സൺമാർക്കും ദ്വിദിന റസിഡൻഷ്യൽ പരിശീലനം | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, മുടവൻമുഗൾ | 19.09.2017<br>20.09.2017 | 85 |
| 11 | ദ്വിദിന റസിഡൻഷ്യൽ പരിശീലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | കില, തൃശ്ശൂർ | 09.10.2017<br>10.10.2017 | NA |
| 12 | ദ്വിദിന റസിഡൻഷ്യൽ പരിശീലനം | കില, തൃശ്ശൂർ | 14.11.2017<br>15.11.2017 | NA |
| 13 | ശാസ്ത്രീയ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർക്കും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ദ്വിദിന റസിഡൻഷ്യൽ പരിശീലനം | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴ | NA | NA |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ശാസ്ത്രീയ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ദ്വിദിന റസിഡൻഷ്യൽ പരിശീലനം | എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര | NA | NA |
| 15 | ശുചിത്വമിഷനിലെ കീ റിസോഴ്സ് പേഴ്സൺമാർക്ക് മൊബൈൽ ആപ്പിന്റെ ഉപയോഗത്തെകുറിച്ചുള്ള സംസ്ഥാനതല സാങ്കേതിക പരിശീലനം | ഹോട്ടൽ ചൈത്രം, കെ.റ്റി.ഡി.സി തമ്പാനൂർ | NA | NA |
| 16 | സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർക്ക് ദ്വിദിന റസിഡൻഷ്യൽ പരിശീലനം | മരിയാറാണി സെന്റർ, ശ്രീകാര്യം | NA | NA |
| 17 | മാസ്റ്റർ ഫാക്കൽറ്റി ശില്പശാല | വനശ്രീ ആഡിറ്റോറിയം, വഴുതക്കാട് | NA | NA |

### 8.1.12 പദ്ധതി ഭേദഗതി - ആസൂത്രണം, 2017 സെപ്തംബർ 18,19,20

പദ്ധതികൾ ദേദഗതി ചെയ്യുന്നതിനായി ജില്ലകളിൽ നടത്തേണ്ട പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നതിനും, ഭേദഗതി വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജില്ലാ പ്ളാനിങ്ങ് ഓഫീസർമാർ, എ.ഡി.സി (ജനറൽ), ജനകീയാസൂത്രണം ജില്ലാ കോ-ഓർഡിനേറ്റർമാർ, ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ യോഗം 18.09.2017 ന് കിലയിൽ ചേർന്നു. കിലയിലെ യോഗത്തിന് ശേഷം ഈ പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനായി ബ്ളോക്ക് തലത്തിൽ പരിശീലനം നൽകി. ഗ്രാമ പഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും നഗര സഭകളും ഈ പരിശീലനങ്ങളിൽ പങ്കെടുത്തു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, ഉപാദ്ധ്യക്ഷന്മാർ, ആരോഗ്യ - വിദ്യാഭ്യാസം, വികസനം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, സെക്രട്ടറിമാർ, കർമ്മസമിതി കൺവീനർ, തദ്ദേശ ഭരണ സമിതി ആസൂത്രണസമിതി ഉപാദ്ധ്യക്ഷന്മാർ

എന്നിവർക്കാണ് പരിശീലനം നൽകിയത്. 5493 പേർ ഈ പരിശീലനങ്ങളിൽ പങ്കെടുത്തു. ഈ പരിശീലനങ്ങളുടെ സംഘാടനം കിലയാണ് നിർവ്വഹിച്ചത്.

ശുചിത്വ മാലിന്യ സംസ്ക്കരണ പദ്ധതികളുടെ നിർവഹണത്തിനുള്ള സാങ്കേതിക പരിശീലനം സെപ്തംബർ 19,20 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റിൽ വച്ച് നടത്തി.

**ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ഭേദഗതികൾ:- ബ്ളോക്ക്തല പരിശീലനത്തിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | ജില്ല | പങ്കെടുക്കേണ്ടവർ (എണ്ണം) | പങ്കെടുത്തവർ (എണ്ണം) | ശതമാനം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 623 | 499 | 80 |
| 2 | കൊല്ലം | 616 | 313 | 51 |
| 3 | പത്തനംതിട്ട | 459 | 246 | 53 |
| 4 | ആലപ്പുഴ | 630 | 357 | 56 |
| 5 | കോട്ടയം | 760 | 510 | 67 |
| 6 | ഇടുക്കി | 434 | 355 | 81 |
| 7 | എറണാകുളം | 610 | 501 | 82 |
| 8 | തൃശൂർ | 780 | 538 | 69 |
| 9 | പാലക്കാട് | 756 | 481 | 63 |
| 10 | മലപ്പുറം | 847 | 427 | 50 |
| 11 | കോഴിക്കോട് | 623 | 447 | 71 |
| 12 | വയനാട് | 210 | 134 | 63 |
| 13 | കണ്ണൂർ | 644 | 484 | 75 |
| 14 | കാസർഗോഡ് | 329 | 201 | 61 |
| | ആകെ | 8321 | 5493 | 66 |

## 8.1.13 ക്ലീൻകേരള കമ്പനി നിർവ്വഹിച്ച ചുമതലകൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ക്ലീൻ കേരള കമ്പനി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി

## 1. ഇ-മാലിന്യ സംസ്കരണം

സംസ്ഥാനത്ത് ഇ- മാലിന്യത്തിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവയുടെ ശാസ്ത്രീയമായ സംസ്കരണവും പുന:ചംക്രമണവും ലക്ഷ്യമിട്ട്. ഇന്ത്യയിൽ ആദ്യമായി ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിച്ചു സംസ്കരിക്കുന്നതിനുള്ള ഒരു ബൃഹത്ത് പദ്ധതിക്ക് രൂപം നൽകി. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

- സംസ്ഥാനത്തെ പത്തോളം കളക്ടറേറ്റുകളിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിച്ചു അവയുടെ ശാസ്ത്രീയമായ പുന:ചംക്രമണം ഉറപ്പാക്കി. കൂടാതെ മറ്റു കളക്ടറേറ്റുകളിൽ നിന്നും ഇ-മാലിന്യസംസ്കരണ പദ്ധതിയുടെ ഭാഗമായുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്.
- സംസ്ഥാനത്തെ പല കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിൽ നിന്നും ഇ-മാലിന്യം ശേഖരിച്ചു അവയുടെ ശാസ്ത്രീയ സംസ്കരണവും പുന:ചംക്രമണവും നടത്തുന്നതിന് നടപടി സ്വീകരിച്ചു.
- വിദ്യാർത്ഥികളിൽ സാമൂഹ്യബോധം വളർത്തുന്നതിനായി എൻ.എസ്.എസുമായി ചേർന്നു ഇ-മാലിന്യം ശേഖരിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇ- മാലിന്യം ശേഖരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നാളിതുവരെ 400 ടണ്ണോളം ഇ-മാലിന്യം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നീക്കം ചെയ്തു. സംസ്ഥാനത്തെ ഇ-മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരിക യാണ്. വരുന്ന ഒരു വർഷക്കാലം കൊണ്ട് ഇ-മാലിന്യ രഹിത സംസ്ഥാനമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഐടി @ സ്കൂൾ എന്ന പദ്ധതിയുടെ ഭാഗമായി ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇ-മാലിന്യ നിർമാർജന പദ്ധതിക്ക് തുടക്കം കുറിച്ച് നാളിതുവരെയായി 250 ടൺ ശേഖരിച്ചു. മാർച്ച് അവസാനത്തോടെ 1000 ടൺ സംസ്കരിക്കുക എന്ന ലക്ഷ്യവുമായി മുന്നോട്ടു പോകുകയാണ്.

## 2. പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം

സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രഡ്ഡിങ്ങ് മെഷീനുകൾ മുനിസിപ്പാലിറ്റിയിൽ ഒന്ന്, ബ്ളോക്കിൽ ഒന്ന്, കോർപ്പറേഷനിൽ അഞ്ച്, എന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ചു. നാളിതുവരെ 75 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 2018 മാർച്ച് അവസാനത്തോടെ മുഴുവൻ സ്ഥലങ്ങളിലും ഈ പദ്ധതി പൂർത്തിയാക്കുന്നതിനാണ് ശ്രമിച്ചു വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് നൽകുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ കിലോയ്ക്ക് 15 രൂപ എന്ന നിരക്കിൽ വില നൽകിയാണ് ക്ളീൻ കേരള കമ്പനി വാങ്ങുകയും 20 രൂപ എന്ന നിരക്കിൽ പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന്റെ അമ്പതു ശതമാനം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇത്തരത്തിൽ ശുചിത്വമാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രതിസന്ധികൾക്ക് ശാശ്വതപരിഹാരം കാണുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഹരിതകേരളമിഷന്റെ ശുചിത്വ ഉപമിഷൻ ഊർജ്ജിത കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. മാലിന്യ സംസ്കരണത്തിന് തദ്ദേശസ്ഥാപനതലങ്ങളിൽ വികേന്ദ്രീകൃതാസൂത്രണം നടത്തി മാലിന്യങ്ങൾ തരം അനുസരിച്ച് (ജൈവ-അജൈവ) പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളാണ് സംസ്ഥാന വ്യാപകമായ പ്രാദേശിക സർക്കാരുകൾ കഴിഞ്ഞ ഒരു വർഷമായി ചെയ്ത് വരുന്നത്. ഈ മേഖലയിലുള്ള പ്രവർത്തനങ്ങളുടെ വിജയസൂചകങ്ങളാണ് തദ്ദേശസ്ഥാപനങ്ങളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉയർന്ന് വന്നിരിക്കുന്ന മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ, റിസോഴ്സ് റിക്കവറി സെന്ററുകൾ, ഷ്രെഡിംഗ്/ബയിലിംഗ് യൂണിറ്റുകൾ മുതലായവ. ഇത് മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിച്ച് ഒപ്പം സംസ്ഥാന വ്യാപകമായി ഹരിതചട്ടം പ്രയോഗത്തിൽ വരുത്തി ശൂന്യമാലിന്യ (zero waste) സംസ്ഥാനം എന്ന ലക്ഷ്യത്തിലേയ്ക്കാണ് ഹരിത കേരളം മിഷൻ ചുവടുവയ്പ്പുകൾ നടത്തുന്നത്. ഇതിനായി ഒട്ടേറെ നയപരമായ തീരുമാനങ്ങളാണ് സംസ്ഥാനസർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വിവിധ പാഴ് വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ജി.എസ്.ടി നിരക്കുകൾ ഏർപ്പെടുത്തിയത് പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക താത്പര്യമെടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി നികുതി ഒഴിവാക്കി ഉത്തരവുണ്ടായി.

തദ്ദേശസ്ഥാപനങ്ങൾ ശുചിത്വമാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് 15 ശതമാനം പഞ്ചായത്തുകൾ 10 ശതമാനം ഫണ്ട് വകയിരുത്തണമെന്ന വ്യവസ്ഥ കൊണ്ട് വന്നത് ഈ മേഖലയിൽ സർക്കാരിന്റെ ആത്മാർത്ഥ സമീപനത്തിന്റെ തെളിവാണ്. എല്ലാ സിവിൽ സ്റ്റേഷനുകളിലും, ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയും, സർക്കാർ ഓഫീസുകളിലേയും വിദ്യാലയങ്ങളിലേയും ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴി നീക്കം ചെയ്തു. സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയും മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്ന പ്രാഥമിക തത്വത്തിന്റെ പ്രയോഗവൽക്കരണമാണ് കഴിഞ്ഞ ഒരു വർഷത്തിൽ സംസ്ഥാനത്ത് നടന്നിട്ടുള്ളത്. തദ്ദേശസ്ഥാപനങ്ങൾ ഷ്രെഡ് ചെയ്ത് നൽകുന്ന പ്ലാസ്റ്റിക്കുകൾ തദ്ദേശസ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് മറ്റ് വകുപ്പുകൾ തുടങ്ങിയവർ റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പ്ലാസ്റ്റിക് മാലിന്യം കുറക്കുന്നതിന് ഗണ്യമായി സഹായിച്ചുവരുന്നു.

**ഹരിതകേരളം മിഷൻ വിവിധ പ്രവർത്തന ങ്ങളുടെ നേർക്കാഴ്ചകൾ**




മാവേലിക്കര മുനിസിപ്പാലിറ്റിയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം എം.എൽ.എ ശ്രീ. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.



കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ഉദ്ഘാടനം ബഹു. എം.പി ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ നിർവ്വഹിക്കുന്നു.



തൃശൂരിൽ ഹരിതകർമ്മസേനയുടെ ഉദ്ഘാടനം ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ശ്രീമതി. ടി.എൻ. സീമ നിർവ്വഹിക്കുന്നു.



തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേന ഉദ്ഘാടനം





കോളയാട് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ഉദ്ഘാടനം ബഹു. എം.പി ശ്രീമതി. പി.കെ ശ്രീമതി ടീച്ചർ നിർവ്വഹിക്കുന്നു.



കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ഉദ്ഘാടനം ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. തോമസ് ഐസക് നിർവ്വഹിക്കുന്നു.



കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിൽ ഹരിതകർമ്മസേനയ്ക്ക് എം.എൽ.എ ശ്രീ. ജയിംസ് മാത്യു യൂണിഫോം വിതരണം ചെയ്യുന്നു.

## കളക്ഷൻ ഡ്രൈവ്സ്



നെല്ലിക്കുഴി പഞ്ചായത്തിൽ ശ്രീ. ആന്റണി ജോൺ എം.എൽ.എ യുടെ നേതൃത്വത്തിൽ നടന്ന അജൈവമാലിന്യ ശേഖരണം



ക്ലീൻ നെല്ലിക്കുഴി മൂവ്മെന്റ് - മാലിന്യശേഖരണം



എറണാകുളം പ്ലാസ്റ്റിക് കളക്ഷൻ ഡൈവ്



കൊല്ലം പ്ലാസ്റ്റിക് കളക്ഷൻ ഡ്രൈവ്



കൊല്ലം പ്ലാസ്റ്റിക് കളക്ഷൻ ഡ്രൈവ്

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച ആധുനിക വാതക ശ്മശാനങ്ങൾ







അടിമാലി, ഇടുക്കി



കൊഴുക്കുള്ളി, തൃശ്ശൂർ



മുളന്തുരുത്തി, എറണാകുളം



മട്ടന്നൂർ, കണ്ണൂർ

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല പ്രഖ്യാപനവും പ്രതിജ്ഞയും




പാലക്കാട്



തിരുവനന്തപുരം




കൊല്ലം




ആലപ്പുഴ


ഇടുക്കി


കോട്ടയം


പത്തനംതിട്ട


വയനാട്


എറണാകുളം



തൃശൂർ



കണ്ണൂർ



കോഴിക്കോട്



കാസർഗോഡ്



മലപ്പുറം

**മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം-ഗൃഹതല വിവരശേഖരണം**
*ബഹു. മുഖ്യമന്ത്രിയും സഹ മന്ത്രിമാരും ഓരോ ജില്ലയിലും നേതൃത്വം നൽകുന്നു*



തിരുവനന്തപുരം



വയനാട്



തൃശൂർ



കാസർഗോഡ്



കോട്ടയം



കൊല്ലം



കണ്ണൂർ



മലപ്പുറം

## 8.2 ജലവിഭവ സംരക്ഷണം

കേരളത്തിന്റെസവിശേഷതകളായിപ്രകീർത്തിക്കപ്പെട്ടിരുന്നവൃത്തിയുംജലസമൃദ്ധിയുംവീണ്ടെടുത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി ജല ഉപദൗത്യം ജനകീയ പങ്കാളിത്തത്തോടെയുള്ള പല പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ ഉരുത്തിരിയുന്ന പദ്ധതികൾക്ക് മികച്ച സാങ്കേതിക പിന്തുണ നൽകി സുസ്ഥിരമായി നിലനിർത്തുന്നതിന് വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ ഏകോപനം ഹരിതകേരളം മിഷൻ സാദ്ധ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അതിനാൽ ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ ഏറ്റെടുത്തിട്ടുണ്ട്.

### 8.2.1 കുളങ്ങളുടെ നവീകരണവും കിണറുകളുടെ റീച്ചാർജിംഗും

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വികസന റിപ്പോർട്ടു പ്രകാരവും ഭരണസമിതിയുമായി ചർച്ച നടത്തിയും വിവിധ വാർഡുകളിലെ കുളങ്ങളുടെയും ചിറകളുടെയും നവീകരണം ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം കിണർ റീച്ചാർജിംഗിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കുളങ്ങളുടെ നവീകരണവും പുനരുദ്ധാരണവും തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ വകുപ്പ്, മണ്ണു-സംരക്ഷണ-പര്യവേഷണ വകുപ്പ് എന്നീ ഏജൻസികൾ വഴിയാണ് പ്രധാനമായും നടപ്പിലാക്കിയത്. ഇതുകൂടാതെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും ജലസംരക്ഷണ പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്തിട്ടുണ്ട്. കുളങ്ങളുടെ നവീകരണത്തിനു ശേഷം അവയുടെ പുനരുപയോഗവും പരിപാലനവും ഉറപ്പാക്കുന്നതിനുള്ള തീരുമാനങ്ങളും പ്രവൃത്തി ഏറ്റെടുക്കുന്നതോടൊപ്പം നിശ്ചയിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.



### 8.2.2 കിണറുകളുടെ റീച്ചാർജിംഗ്

കേരളത്തിലെ ഭൂഗർഭജലവിതാനം ഗണ്യമായി കുറഞ്ഞുവരുന്നു എന്നാണ് കേന്ദ്ര ഭൂഗർഭജല ബോർഡ് കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ ഭൂഗർഭജല പരിപോഷണം അത്യധികം പ്രാധാന്യം അർഹിക്കുന്നു. ഇതിനുള്ള ഒരു വഴി കിണർ റീചാർജിംഗ് ആണ്. ഇതിനായി മൂന്നു രീതികൾ അവലംബിക്കാം.

1. വീടുകളിൽ പുരപ്പുറത്തു വീഴുന്ന മഴവെള്ളം കുഴലിലൂടെ ഒരു അരിപ്പയിലൂടെ കടത്തി നേരിട്ട് കിണറ്റിലെത്തിക്കുന്ന രീതി സാധാരണയായി പട്ടണപ്രദേശങ്ങളിൽ ചെയ്യുന്നുണ്ട്. ഇതിൽ അരിപ്പയുടെ പരിപാലനം ശ്രദ്ധിക്കേണ്ടതുണ്ട്.
2. വെള്ളം നേരിട്ട് കിണറിലേക്ക് എത്തിക്കുന്നതിനു പകരം കിണറിനു സമീപം ഒന്നോ അതിലധികമോ കുഴിയെടുത്ത് അതിലേക്കു നൽകുകയും അവിടെ നിന്ന് സ്വാഭാവിക രീതിയിൽ കിണർ റീച്ചാർജിംഗിനായി ഉപയോഗിക്കുകയും ചെയ്യുന്ന രീതി.
3. വീടിന്റെ മേൽക്കൂരയിൽ നിന്നോ പുരയിടത്തിലോ ലഭിക്കുന്ന മഴവെള്ളം ചാലു കീറി കിണറുകൾക്കോ മറ്റു ജല സ്രോതസുകൾക്കോ സമീപം എത്തിച്ചു അവ റീച്ചാർജ് ചെയ്യുന്ന രീതി.



ഇത്തരത്തിൽ ഏതു തരം രീതിയാണ് അവലംബിക്കേണ്ടത് എന്നുള്ളതിന് പ്രായോഗിക നിർദേശങ്ങൾ നൽകി പ്രവർത്തനം വിജയകരമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സഹായം സ്വീകരിക്കാം. കുളങ്ങളുടയും കിണറുകളുടേയും റീച്ചാർജ്ജിംഗ് നവീകരണവും ജില്ലാ തലത്തിൽ താഴെ പറയുന്ന വിധത്തിൽ കഴിഞ്ഞ വർഷം ഏറ്റെടുത്തിട്ടുണ്ട്.

| ക്രമ നം. | ജില്ല | കിണറുകളുടെ റീച്ചാർജ്ജിംഗ് | കുളങ്ങളുടെനവീകരണം | തോടുകൾ(മീറ്റർ) | | | കനാലുകൾ(മീറ്റർ) |
|---|---|---|---|---|---|---|---|
| | | | | വൃത്തിയാക്കിയത് | പുനരുജ്ജീവിപ്പിച്ചവ | പുതുതായി നിർമ്മിച്ചവ | വൃത്തിയാക്കിയവ |
| 1 | തിരുവനന്തപുരം | 793 | 460 | 112000 | 7000 | 0 | 91000 |
| 2 | കൊല്ലം | 3628 | 41 | 50933 | 25622 | 450 | 1926 |
| 3 | ആലപ്പുഴ | 2098 | 477 | 303746 | 382227 | 5169 | 52595 |
| 4 | പത്തനംതിട്ട | 2713 | 90 | 71309 | 0 | 0 | 150940 |
| 5 | കോട്ടയം | 170 | 82 | 58239 | 18797 | 1003 | 10515 |
| 6 | ഇടുക്കി | 704 | 592 | 7104 | 3985 | 0 | 2004 |
| 7 | എറണാകുളം | 3403 | 52 | 500865 | 166166 | 3820 | 297209 |
| 8 | തൃശ്ശൂർ | 1704 | 273 | 507692 | 245978 | 1150 | 99756 |
| 9 | മലപ്പുറം | 436 | 178 | 324865 | 192300 | 0 | 477957 |
| 10 | കോഴിക്കോട് | 351 | 130 | 9000 | 202475 | 1212 | 155773 |
| 11 | വയനാട് | 1 | 576 | 191920 | 61235 | 2191 | 122792 |
| 12 | കണ്ണൂർ | 123 | 100 | 220990 | 52640 | 163 | 13018 |
| 13 | കാസർഗോഡ് | 33 | 143 | 69621 | 20795 | 2439 | 1550 |
| 14 | പാലക്കാട് | 508 | 706 | 38715 | 11780 | 100 | 3625 |
| | ആകെ | 16665 | 3900 | 2466999 | 1391000 | 17697 | 1480660 |

മേൽ പ്രകാരമുള്ള ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം ഏറെയും തൊഴിൽഉറപ്പ് പദ്ധതിയിൽപ്പെടുത്തിയോ സന്നദ്ധ പ്രവർത്തനത്തിലൂടെയോ ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതു കൂടാതെ ഹരിതകേരളം പ്രവർത്തനങ്ങൾക്കായി ജലസേചനവകുപ്പിൽ അനുവദിച്ച പ്രത്യേക ഫണ്ട് ഉപയോഗപ്പെടുത്തി 529 കുളങ്ങളുടെ നവീകരണം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

### 8.2.3 ഉപരിതല ജലസംഭരണം, ജലസേചനം

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ജല ആവശ്യങ്ങൾ നേരിടുന്നതിന് പുതിയ ജല സംഭരണികൾ അത്യാവശ്യമാണ്. വലിയ നിർമ്മിതികളിലൂടെയല്ലാതെ ജല സംഭരണം സാദ്ധ്യമാക്കുന്നതിനാണ് മിഷൻ മുൻതൂക്കം നൽകുന്നത്. ജലസേചന പ്രവർത്തനങ്ങൾക്കായുള്ള പല നിർമ്മിതികളും ഉപയോഗശൂന്യമായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നിലവിലുണ്ട്. കൃഷി വകുപ്പുമായി ചേർന്ന് കാർഷിക വൃത്തി പുനരാരംഭിക്കാവുന്ന പ്രദേശങ്ങളിൽ ഇത്തരം നിർമ്മിതികളുടെ നവീകരണം മുൻഗണന നൽകി ഏറ്റെടുത്തുവരുന്നു. ഈ മേഖലയിൽ പ്രധാനമായും ജലസേചന വകുപ്പും മണ്ണു സംരക്ഷണ വകുപ്പുമാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. സംസ്ഥാനത്ത് ഈ മേഖലയിൽ ചെക്ക് ഡാമുകളുടെ നിർമ്മാണം, ചീർപ്പുകളുടെ നിർമ്മാണവും പരിപാലനവും മറ്റ് നീർത്തട സംരക്ഷണ പ്രവൃത്തികൾ എന്നിവയാണ് ഏറ്റെടുക്കുന്നത്. ഇത്തരം പ്രവൃത്തികളിലൂടെ കൂടുതൽ പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഭൂജല പരിപോഷണം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

### 8.2.4 മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ സംയോജന പദ്ധതി

കോട്ടയം ജില്ലയിൽ അയർക്കുന്നം, മണർക്കാട്, വിജയപുരം കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 1100 ലധികം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് മീനച്ചിലാറിനെയും മീനന്തറയാറിനെയും യോജിപ്പിക്കുന്ന തോട് പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കുന്നതിനുള്ള പ്രത്യക പദ്ധതിയാണിത്. ഈ പ്രവൃത്തിയുടെ ഭാഗമായി 23 തോടുകൾ ജനകീയ കൂട്ടായ്മയിലൂടെ വൃത്തിയാക്കി, തടസ്സങ്ങൾ നീക്കി, ആഴം കൂട്ടി നീരൊഴുക്കു സാധ്യമാക്കി. പ്രദേശത്ത് നീരൊഴുക്കു സുഗമമാക്കുന്നതു വഴി പരമ്പരാഗത ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സഹായകരമായി. 10 കുടിവെള്ള പദ്ധതികൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനും ഈ പ്രവൃത്തിയിലൂടെ സാധ്യമാവും. ഇതോടൊപ്പം മത്സ്യകൃഷി,






പച്ചക്കറി, പഴങ്ങൾ മുതലായ കൃഷികളും ഏറ്റെടുക്കുന്നതിനു സാധിക്കും. മൂന്നു ഘട്ടങ്ങളിലായാണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. ആദ്യഘട്ടത്തിൽ 23 തോടുകൾ നവീകരിച്ച് ജല നിർഗ്ഗമന മാർഗ്ഗം സുഗമമാക്കികഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ മീനന്തലയാറിലേക്കു വെള്ളമെത്തുന്ന മറ്റു തോടുകൾ കൂടി നവീകരിക്കുന്നതിനു പദ്ധതിയുണ്ട്.

മൂന്നു നദികളുടെ സംയോജനം എട്ടു പഞ്ചായത്തുകൾക്കും കോട്ടയം നഗരസഭയ്ക്കും പ്രയോജനപ്പെടുന്നതാണ്. ഈ പ്രദേശത്തിന്റെ പ്രശ്നങ്ങൾ അവിടെ സഞ്ചരിച്ച് നീർത്തട മാപ്പുകളിൽ രേഖപ്പെടുത്തി വകുപ്പുകളുടേയും സാങ്കേതിക വിദഗ്ദ്ധരുടെയും കൂട്ടായ ചർച്ചകളിലൂടെ പദ്ധതികളായി രൂപപ്പെടുത്തി പരിഹരിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രാദേശികമായി രൂപം കൊണ്ട ജനകീയ സമിതിയാണ് ഹരിതകേരളം ബാനറിൽ ഈ പ്രവർത്തനങ്ങൾ നിർവ്വഹിച്ചത്

### 8.2.5 ജല സമൃദ്ധിക്ക് കാട്ടാക്കട മാതൃക

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ ആറു ഗ്രാമ പഞ്ചായ

ത്തുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ജലദൗർലഭ്യം ഒഴിവാക്കി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി നടപ്പിലാക്കി വരുന്നു. മണ്ഡലത്തിലെ എം.എൽ.എ യുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മയിലൂടെയും വ്യാപകമായ ചർച്ചകളിലൂടെയും പദ്ധതികൾ രൂപീകരിച്ച് ശാസ്ത്രീയമായ മുൻഗണന നൽകി നടപ്പിലാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്..

കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഭൂരിപക്ഷം പ്രദേശങ്ങൾ ഉൾപ്പെടുന്ന നേമം ബ്ലോക്ക് പ്രദേശത്ത് ഭൂജല വിതാനം നിർണ്ണായകസ്ഥിതി ('സെമി ക്രിട്ടിക്കൽ') യിലേക്ക് മാറിയ അവസ്ഥ ഗൗരവത്തോടെ കണ്ടാണ് ഈ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഉപഗ്രഹ സാങ്കേതിക വിദ്യയിലൂടെ നടത്തിയ പഠനത്തിൽ നെൽകൃഷി 1291.31 ഹെക്ടറിൽ നിന്ന് 104.67 ഹെക്ടറായി കുറഞ്ഞതായും കുളങ്ങളുടെ നാശോൻമുഖമായ അവസ്ഥ മനസ്സിലാക്കുകയും ചെയ്തു.

അടിസ്ഥാന വിവരശേഖരണം, ദ്വിതീയ വിവരങ്ങൾ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും നിർദേശിച്ച് പ്രാദേശിക അഭിപ്രായങ്ങൾ കൂടി സമാഹരിച്ച് പദ്ധതി നിർദേശങ്ങൾ അംഗീകരിക്കുകയാണുണ്ടായത്. പതിനഞ്ചിന കർമ്മപരിപാടികളാണ് ജനകീയ കൂട്ടായ്മയിലൂടെ അംഗീകരിച്ച് നടപ്പിലാക്കി വരുന്നത്.






1. ജല ശുദ്ധി - 30000 കിണറുകളിലെ ജലം പരിശോധിച്ചു ജല ഗുണനിലവാര കാർഡുകൾ ലഭ്യമാക്കൽ
2. കിണർ റീച്ചാർജ്ജിംഗ് - ഘട്ടം ഘട്ടമായി, ആവശ്യമായ കിണറുകൾ റീച്ചാർജ്ജ് ചെയ്യുന്നതിനായി വിവിധ പദ്ധതികൾ ഉപയോഗപ്പെടുത്തൽ.
3. മഴക്കുഴികൾ - അനുയോജ്യമായി കണ്ടെത്തിയ പ്രദേശത്ത് ഏകദേശം 4775 ഹെക്ടർ സ്ഥലത്തിനു പ്രയോജനം ലഭിക്കത്തക്ക പദ്ധതി ശാസ്ത്രീയമായി രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ചു കൊണ്ടു നടപ്പിലാക്കൽ.
4. പൊതു കിണറുകൾ ശുദ്ധീകരിക്കൽ.
5. ലക്ഷം വൃക്ഷം ലക്ഷ്യം : ഒരു ലക്ഷം വൃക്ഷത്തൈകൾ, ഒരു കുടുംബത്തിന് 5 തൈകൾ എന്ന നിലയിൽ 20000 കുടുംബങ്ങളിൽ നടപ്പിലാക്കൽ.
6. വിദ്യക്കൊപ്പം വിളവ് - ശാസ്ത്രീയമായ നീർത്തട വികസന പരിപാടിയുടെ മാതൃക വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കൽ. ഇതോടൊപ്പം കൃഷി വികസനവും സാധ്യമാക്കുക.
7. കയർ ഭൂവസ്ത്രം- കുളങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കൽ.
8. ശാന്തിസ്ഥൽ-സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ സഹായത്തോടെ അപൂർവ്വമായ, നില നിൽപ്പിനു ഭീഷണി നേരിടുന്ന വൃക്ഷങ്ങൾ ഉൾപ്പെടുത്തി വനവൽക്കരണം
9. കുളങ്ങളുടെ നവീകരണം - തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണം
10. പി.എം.കെ.എസ്.വൈ - കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 130 കുളങ്ങളുടെ നവീകരണം



11. മത്സ്യകൃഷി - 11 കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കൽ
12. കുളങ്ങളുടെ സൗന്ദര്യവൽക്കരണം - കുളങ്ങൾ വൃത്തിയാക്കിയും അതിന്റെ ഓരത്ത് നടക്കുന്നതിനും ഇരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കി സംരക്ഷിക്കൽ
13. നെൽക്കൃഷി - തരിശു കിടക്കുന്ന പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള പദ്ധതി
14. അരുവികളുടെ പുനരുദ്ധാരണം - വിവിധ വകുപ്പുകളുടെ സംയോജനത്തോടെ അരുവികൾ തുടക്കം മുതൽ അവസാനം വരെ പുനരുജ്ജീവിപ്പിച്ച് ജല സാന്നിദ്ധ്യം ഉറപ്പാക്കൽ.
15. തരിശു നിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കൽ.
16. നീർച്ചാലുകളിൽ നീരൊഴുക്ക് സ്ഥായിയാക്കൽ.

നീർത്തട സംരക്ഷണ യാത്ര, വിദ്യാർത്ഥികളുടെ സൈക്കിൾ റാലി, ജലമിത്രങ്ങൾ, പ്രത്യേക വെബ് സൈറ്റ് എന്നിവ ഈ ജനകീയ പരിപാടിയുടെ നിർവ്വഹണത്തിന് സഹായകരമാകുകയും വിജയത്തിന് കാരണമാകുകയും ചെയ്തു.

### 8.2.6 ആദിപമ്പ-വരട്ടാർ സംരക്ഷണം

പത്തനംതിട്ട. ആലപ്പുഴ ജില്ലകളിലൂടെ ഒഴുകുന്ന പമ്പയുടെ പൂർവ്വകാല നീർച്ചാലായ ആദിപമ്പയും ആദി പമ്പയിൽ നിന്ന് ആരംഭിച്ച് മണിമലയാറിൽ അവസാനിക്കുന്ന വരട്ടാർ നദിയും കഴിഞ്ഞ കുറെ വർഷങ്ങളായി ഒഴുക്ക് നിലച്ച് നശീകൃതമായിരുന്നു. പമ്പയാറ്റിൽ നിർമ്മിക്കപ്പെട്ട അണക്കെട്ടുകളും അനധികൃത മണൽ ഖനനവുമെല്ലാം പമ്പയിലെ ജലനിരപ്പ് താഴുന്നതിനും ആദിപമ്പയിലേക്കുള്ള നീരൊഴുക്ക് കുറയുന്നതിനും കാരണമായി. വരട്ടാറിന്റെ ഇരുകരകളിലുമുള്ള കൃഷിയിലുണ്ടായ







മാറ്റം നദീ കൈയ്യേറ്റത്തിന് കാരണമാകുകയും നദി പൂർണ്ണമായും ഇല്ലാതാകുന്ന തരത്തിൽ അത് വ്യാപിക്കുന്നതിനും വഴിവച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച ചില നിർമ്മിതികൾ ഇതിലെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുന്നതിന് കാരണമായി. വഞ്ചിപ്പോട്ടിൽ കാവിൽ നിന്നാരംഭിച്ച് പത്തനംതിട്ട ജില്ലയിലെ കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളിലൂടെയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇടനാടിനെ വലംവച്ചുമൊഴുകുന്ന 4 കി.മീ നീളമുള്ള നദിയാണ് ആദിപമ്പ (പൂർവ്വപമ്പ). വരട്ടാർ പുതുക്കുളങ്ങരയിൽ നിന്നും ആരംഭിച്ച് 9.4 കിലോ മീറ്റർ ഒഴുകി മണിമലയാറിൽ ചേരുന്നു.

പലയിടത്തും ആറിന്റെ ലക്ഷണം പോലുമില്ലാതായ ഈ നദികളുടെ പുനരുജ്ജീവനം ഒരു കടുത്ത വെല്ലുവിളിയായിരുന്നു. ആദിപമ്പ, വരട്ടാർ പുനരുജ്ജീവനത്തിനായി അനേകം ആവശ്യങ്ങൾ പല കാലത്തായി ഉയർന്നു വന്നിരുന്നുവെങ്കിലും ഇതിന് മുൻപില്ലായിരുന്ന ഒരു പ്രാധാന്യം കൈവന്നത് ഹരിതകേരളം മിഷന്റെ പ്രഖ്യാപനത്തോടെയാണ്. ഇരവിപേരൂർ പഞ്ചായത്തിന്റെ ആവശ്യപ്രകാരം ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ സ്ഥലം സന്ദർശിച്ച് പ്രശ്നം പഠിക്കുകയും ബഹു. ധനകാര്യമന്ത്രിയോട് സഹായം അഭ്യർത്ഥിക്കുകയുമായി. അദ്ദേഹം പ്രദേശം സന്ദർശിച്ചതോടെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. പൂർണ്ണമായും നഷ്ടപ്പെട്ടിരുന്ന ഈ നദിയെ വൻപിച്ച ജനപങ്കാളിത്തത്തോടെയാണ് പുനരുജ്ജീവിപ്പിച്ചത്. ധനകാര്യം, ജലവിഭവം വകുപ്പുകളുടെ ബഹു.മന്ത്രിമാർ, പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തു. റവന്യൂ, കൃഷി, വനംവകുപ്പുകളുടെ ബഹു.മന്ത്രിമാർ ഒപ്പം നിന്ന് സഹായിച്ചു. ബഹു.ചെങ്ങന്നൂർ എം.എൽ.എ, ആറന്മുള എം.എൽ.എ, തദ്ദേശസ്വയംഭരണ സമാപന



വരട്ടാർ മുമ്പ്



വരട്ടാർ ഇപ്പോൾ

ങ്ങളിലെ അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ ഇവർ പ്രാദേശിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബഹു. റാന്നി എം.എൽ.എ യും സഹായിച്ചു. ഹരിതകേരളം എന്ന ആശയത്തെ ഉൾക്കൊ് മിഷന് വേണ്ടി സന്നദ്ധസേവനം നടത്തുന്ന ശ്രീമതി.ബീനാഗോവിന്ദനാണ് കോ-ഓർഡിനേറ്റ് ചെയ്തത്. ജനകീയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ കമ്മിറ്റികളുടെയും പ്രദേശത്തെ നിയമസഭാ സാമാജികരുടേയും നേതൃത്വത്തിൽ പുനരുജ്ജീവനത്തിന് ആവശ്യമായ മനുഷ്യ - ധന വിഭവങ്ങൾ പൂർണമായും പ്രാദേശികമായി സമാഹരിക്കാൻ ഈ ജനകീയ മുന്നേറ്റത്തിന് കഴിഞ്ഞു. വാട്ട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രാദേശികമായി സ്വരൂപിച്ച 27 ലക്ഷത്തിലധികം രൂപ ഉപയോഗപ്പെടുത്തി മാത്രമാണ് ഒന്നാംഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

ഈ മുന്നേറ്റത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജനമൊഴുകുന്നിടത്തുകൂടി ജലമൊഴുകും എന്നത് യാഥാർത്ഥ്യമായി എന്നതു മാത്രമല്ല വർദ്ധിത അവേശത്തോടെയുള്ള ജലോത്സവം ഈ പുഴയിൽ സംഘടിപ്പിക്കാനും കഴിഞ്ഞു. ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് പുനരുജ്ജീവിപ്പിച്ച നദി നാടിന് സമർപ്പിച്ചു. അതോടൊപ്പം നദിയിൽ സംഘടിപ്പിച്ച ഹരിതകേരളം ജലോത്സവവും അദ്ദേഹം ഫ്ളാഗ് ഓഫ് ചെയ്യുകയയുണ്ടായി. ഇത്തരത്തിൽ വീണ്ടെടുത്ത വരട്ടാറിന്റെ സുസ്ഥിരത ഉറപ്പാക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിനാവശ്യമായ നിർ മ്മിതികളും മറ്റ് സംരക്ഷണ ഉപാധികളും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഹരിതകേരളം ജലഉപമിഷന്റെ ഭാഗമായുള്ള പ്രവൃത്തികളിൽ ഉൾപ്പെടുത്തി വരട്ടാറിന്റെ പാർശ്വസംരക്ഷണത്തിനായി 770 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് ജലസേചന വകുപ്പ് തയ്യാറാക്കി തുടർനടപടികൾ സമാഹരിച്ചു വരുന്നു.



മന്ത്രിമാർ പങ്കെടുത്ത പുഴ നടത്തത്തിൽ തുടങ്ങി മുഖമന്ത്രി പങ്കെടുത്ത വീണ്ടെടുക്കൽ പ്രഖ്യാപനം വരെയുള്ള ജനകീയ മുന്നേറ്റം സംസ്ഥാനത്ത് സമാനതകളില്ലാത്തതാണ്. എന്നാൽ ഒരു സാധാരണ ഗ്രാമപ്രദേശത്ത് വർദ്ധിത ഇച്ഛാശക്തിയുടെ ഫലമായി നേടാൻ കഴിഞ്ഞ ഈ ജനകീയ വിജയം കേരളത്തിൽ മുഴുവൻ അനുകരിക്കാൻ കഴിയുന്ന മാതൃകയാണ്.

### 8.2.7 കോലറയാർ സംരക്ഷണം

പമ്പാ നദിയിൽ അറക്കൽ മുഖപ്പിൽ നിന്നും ഉദ്ഭവിച്ച് നീരേറ്റുപുറം അരീത്തോടിൽ വച്ച് തിരികെ പമ്പാനദിയിൽത്തന്നെ കൂടിച്ചേരുന്ന ഒരു ചെറുനദിയാണ് കോലറയാർ. ഈ നദിയുടെ നീളം 12 കിലോമീറ്ററും ശരാശരി വീതി 18 മീറ്ററുമാണ്. പമ്പാനദിയിൽ ചേരുന്നതിനു മുമ്പ് ഈ നദി രണ്ട് കൈവഴിയായി പിരിഞ്ഞാണ് നദിയിലേയ്ക്ക് ചേരുന്നത്. കടപ്ര, നിരണം പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ഈ ചെറുനദി 1600 ഏക്കറോളം വിസ്തൃതിയിലുള്ള പാടങ്ങളുടെ ജലസ്രോതസ്സാണ്. പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെയാണ് ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. 6000 മീറ്റർ നീളത്തിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള പാർശ്വ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ജലസേചനവകുപ്പിലൂടെ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്. 4 കോടി രൂപ ആകെ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ നിർവ്വഹണ നടപടികൾ ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.




### 8.2.8 കാനാമ്പുഴ പുനരുജ്ജീവനം

കണ്ണൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി ഒഴുകുന്ന കാനാമ്പുഴ പതിറ്റാണ്ടുകളായി സ്വാഭാവിക നീരൊഴുക്കു നിലച്ച അവസ്ഥയിലാരുന്നു. ബഹു. തുറമുഖം - പുരാരേഖ പുരാവസ്തു - മ്യൂസിയം മന്ത്രിയായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട കാനാമ്പുഴ അതിജീവന സമിതിയുടേയും ഹരിത കേരള മിഷന്റെയും നേതൃത്വത്തിൽ കാനാമ്പുഴ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ ആണ് സംഘടിപ്പിക്കപ്പെട്ടത്.

കാനാമ്പുഴ ആരംഭിക്കുന്നത് മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നാണ്. ഈ നദി 10 കിലോ മീറ്റർ ദൂരം സഞ്ചരിച്ച് ആദികടലായി അഴിമുഖത്ത് അറബിക്കടലിൽ പതിക്കുന്നു. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഒഴുക്കു നിലച്ച് നഗരത്തിന്റെ കുപ്പത്തൊട്ടിയായ മാലിന്യ കൂമ്പാരമായിരുന്നു ഈ പുഴ. അറബിക്കടലിൽ ചേരുന്നിടം മണൽക്കൂമ്പാരവും. കാനാമ്പുഴ അതി





ജീവന സമിതിയ്ക്ക് പുറമേ വിവിധ സ്ഥലങ്ങളിലായി സ്വമേധയാ സംഘടിപ്പിക്കപ്പെട്ട 9 കമ്മിറ്റികളും ചേർന്നാണ് ഈ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ ഒരു പുഴ നടത്തം സംഘടിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ആയിരത്തോളം പേർ അണി നിരന്ന പുഴ നടത്തത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങി നാനാതുറകളിൽ നിന്നുള്ളവർ പങ്കെടുത്തു.

2017 മെയ് 14 ന് രാവിലെ 6 മണി മുതൽ ആയ്യായിരത്തിലേറെ സന്നദ്ധ പ്രവർത്തകരും കുടുംബാംഗങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കാനാമ്പുഴയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ നഗരസഭ ലഭ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി ഈ സംരംഭത്തെ പിന്തുണച്ചു. ബഹു.ധനമന്ത്രി ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ 9 പ്രാദേശിക കേന്ദ്രങ്ങളിലും ഉദ്ഘാടനം നടന്നു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി കാനാമ്പുഴ പൂർണ്ണമായും മാലിന്യമുക്തമാക്കാനും നീരൊഴുക്ക് പുനസ്ഥാപിക്കാനും കഴിഞ്ഞു. കാനാമ്പുഴ സ്ഥിരമായി നീരൊഴുക്കുള്ള, വൃത്തിയുള്ള നദിയായി മാറ്റിത്തീർക്കേണ്ടതുണ്ട്. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി പുഴയും നീർത്തടവും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള രണ്ടാംഘട്ട പ്രവർത്തനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### 8.2.9 ജലശ്രീ പദ്ധതി

തിരുവന്തപുരം ജില്ലയിലെ ജലസുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലയിലെ ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്/നഗരസഭകൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് ജലശ്രീ, ജലസുരക്ഷ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം, തൊഴിലുറപ്പ് പദ്ധതി എന്നിവയാണ് പ്രധാനമായും ജലശ്രീ, ജലസുരക്ഷ പരിപാടിയിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നത്. അതോടൊപ്പം കൃഷി വകുപ്പ്, ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, കേരള ജല അതോറിട്ടി, ശുചിത്വമിഷൻ, സി.സി.ഡി.ഒ, മത്സ്യ വകുപ്പ്, റവന്യൂ, ലാൻഡ് യൂസ് ബോർഡ്, എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡ്, വനംവകുപ്പ് എന്നിവയുടെ 2017-18 കാലയളവിലെ ജലശുചിത്വ പരിപാടികൾ ജലശ്രീ ജലസുരക്ഷ പദ്ധതിയുമായി ഏകോപിപ്പിച്ച് ഒരേ കാലയളവിൽ നടപ്പിലാക്കുന്നതാണ്.



**ലക്ഷ്യങ്ങൾ**

1. ജില്ലയിൽ സമ്പൂർണ്ണ ജലസുരക്ഷ ഉറപ്പാക്കുക
2. ജില്ലയിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുക
3. എല്ലായ്പ്പോഴും എല്ലാവർക്കും ജലം ലഭ്യമാക്കുക
4. ജലസ്രോതസ്സുകൾ മാലിന്യ രഹിതമായി സംരക്ഷിക്കുക
5. ഭൂജലനിരപ്പ് വർദ്ധിപ്പിക്കുക
6. ജലസംരക്ഷണം, മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, വെള്ളക്കെട്ട് നിവാരണ മാർഗ്ഗങ്ങൾ എന്നിവ നടപ്പിലാക്കുക

7. മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണ രീതികൾ, മാതൃകകൾ, അച്ചടക്കത്തോടെയുള്ള ശുദ്ധജല വിനിയോഗം എന്നിവ പ്രചരിപ്പിക്കുകയും വ്യാപകമാക്കുകയും പുതിയ മാതൃകകൾ രൂപപ്പെടുത്തുകയും ചെയ്യുക
8. ജില്ലയിലെ ഭക്ഷ്യ സുരക്ഷക്കാവശ്യമായ ജലം ഉറപ്പാക്കുക. വിപുലമായ ജനപങ്കാളിത്തം എല്ലാ ഘട്ടങ്ങളിലും ഉറപ്പാക്കുക
9. ജലശുചിത്വ മേഖലകളിൽ സന്നദ്ധ സേവന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ**

1. മുന്നൊരുക്ക പരിപാടികൾ
2. അവബോധ/ പ്രചാരണ/വിദ്യാഭ്യാസ പരിപാടികൾ
3. പരിശീലനങ്ങൾ
4. ജലകൂട്ടായ്മകൾ/ജലസാക്ഷരത
5. ജലസർവ്വെ
6. ജലമഹാസഭയും ജലശ്രീ പദ്ധതി സമാരംഭവും
7. ജലപഞ്ചായത്ത് (പഞ്ചായത്ത് തലം)
8. ഗുണനിലവാര പരിശോധന
9. ജലസ്രോതസ്സുകളുടെ സംരക്ഷണം വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ
10. നീർതട മാസ്റ്റർ പ്ലാൻ പരിപാടികൾ
11. ഡോക്യുമെന്റേഷൻ
12. ജലശ്രീ സമ്മേളനവും ലോക ദിനാചരണവും (മാർച്ച് 22, 2018)

പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി മുന്നൊരുക്ക പരിപാടികളും സംഘാടന പ്രവർത്തനങ്ങളും നടക്കുകയുണ്ടായി. ഇതേത്തുടർന്ന് പദ്ധതിയുടെ ഉദ്ഘാടനം ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികൾ പങ്കെടുത്തുകൊണ്ടുള്ള വിപുലമായ യോഗം 28.09.2017 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കിണറുകളുടെ റീ ചാർജ്ജിംഗ്, കിണറുകളുടെ നിർമ്മാണം, നീർച്ചാലുകൾ മെച്ചപ്പെടുത്തൽ, കുളങ്ങളുടെ സംരക്ഷണവും നിർമ്മാണവും തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വിവിധ തലത്തിലുള്ള പരിശീലനങ്ങൾ ജില്ലാ പഞ്ചായത്തിന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ജില്ലാതല സാങ്കേതിക സമിതിയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലത്തിൽ സാങ്കേതിക സമിതിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വേനൽക്കാല വരൾച്ചാ പ്രതിരോധവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്തല സാങ്കേതികസമിതി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രാദേശിക ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രവൃത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തുടർന്ന് നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്ലാൻ തയ്യാറാക്കുന്നതിനും അവയെ ബ്ലോക്ക്തലത്തിലും നദീതടാടിസ്ഥാനത്തിലും സംയോജിപ്പിച്ച് ജില്ലയുടെ ജലസുരക്ഷ ഉറപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയിൽ വലിയതോതിൽ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനായി ജലകൂട്ടായ്മ സംഘടിപ്പിക്കുന്നതിനും ജലസാക്ഷരത പ്രവർത്തനങ്ങൾ നടത്തുന്നതിനും ജലസർവ്വെ നടത്തുന്നതിനും ജലസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരമ്പരാഗത ജലസ്രോതസ്സുകൾ പരമാവധി പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി നിർവ്വഹിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

### 8.2.10 നീർത്തടാസൂത്രണം സുസ്ഥിര വികസനത്തിന് - സെമിനാർ

ഭൂവിഭവ സംരക്ഷണ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാന ഭൂവിനിയോഗ ബോർഡും ഹരിതകേരളം മിഷനും ചേർന്ന് ദ്വിദിന സെമിനാർ സംഘടിപ്പിച്ചു. നീർത്തടാ സൂത്രണം സുസ്ഥിര വികസനത്തിന് എന്ന വിഷയത്തിൽ 2017 നവംബർ 27,28 തീയതികളിൽ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സെമിനാർ ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

ജലം മലിനമാക്കുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. വലിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മൂന്ന് ശതമാനം സ്ഥലം ജലസംഭരണ സംവിധാനമൊരുക്കു

ന്നതിനായി നീക്കിവയ്ക്കാൻ ചട്ടമുണ്ടാക്കും. കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും അതിനെ പ്രയോജനപ്പെടുത്താനാകുന്നില്ല. ഭൂഗർഭ ജലവിതാനം ഉയർത്താനാകണം. ഉപരിതലജല നില വർധിപ്പിച്ചും ജല മലിനീകരണം തടഞ്ഞും പരിഹാരം കണ്ടെത്തണം. നശിച്ചു പോയ ജലസ്രോതസ്സുകളും ജലസംഭരണികളും വീണ്ടെടുക്കണം. മഴവെള്ളം സംരക്ഷിക്കണം. മട്ടുപ്പാവിൽ വീഴുന്ന മഴവെള്ളം കിണറുകളിൽ സംഭരിക്കാൻ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ സംവിധാനമുണ്ടാകണം. പ്രകൃതി സംരക്ഷണം ഉറപ്പാക്കിയുള്ള സുസ്ഥിര വികസനത്തിന് നീർത്തട സംവിധാനം ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ അഭികാമ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. മണ്ണിന്റെ ജൈവസ്വഭാവം തിരികെപ്പിടിക്കണം. പാടങ്ങൾ, പറമ്പുകൾ, കുന്നുകൾ, പുഴകൾ, ചതുപ്പുകൾ തുടങ്ങിയ വിവിധ പരിസ്ഥിതിവ്യൂഹങ്ങളുടെ കൂട്ടായ്മയാണ് ഓരോ നീർത്തടവും. പ്രകൃതി വിഭവങ്ങളുടെ പരിപാലനം, ദുരന്തനിവാരണം, പാരിസ്ഥിതിക പ്രശ്നങ്ങളുടെ അവലോകനം എന്നിവയിൽ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തെക്കുറിച്ചു ചർച്ച ചെയ്യപ്പെടണം.



നാശോന്മുഖമായ ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിന് ഹരിതകേരളം മിഷന്റെ ഒരു വർഷത്തെ പ്രവർത്തനം വലിയ തോതിൽ സഹായിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു. ജലസംരക്ഷണത്തിനും കൃഷിക്കും മാലിന്യനിർമാർജനത്തിനും ഊന്നൽ നൽകിയുള്ള പ്രവർത്തനമാണ് ഹരിതകേരളം മിഷന്റേത്. ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങളിൽ നാട്ടുകാരുടെ ഇടപെടലുകളും ആവേശകരമാണ്. ഇതിന് തുടക്കമിട്ടത് വരട്ടാർ പുനർജീവനപദ്ധതിയാണ്. അത് മറ്റിടങ്ങളിലേക്കും വ്യാപിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീ. കെ. മുരളീധരൻ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധു, കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ ജഗദമ്മ ടീച്ചർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

ചടങ്ങിൽ നീർത്തടാസൂത്രണവുമായി ബന്ധപ്പെട്ട് 30 പ്രബന്ധങ്ങൾ അടങ്ങിയ പ്രബന്ധ സംഗ്രഹവും ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ 7 ജില്ലകളുടെ പഞ്ചായത്ത് തല നീർത്തട ഭൂപടങ്ങളും ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ ഹരിതകേരള സന്ദേശം നൽകി. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്. സ്വാഗതവും ഭൂവിനിയോഗ കമ്മീഷണർ എ. നിസ്സാമുദ്ദീൻ നന്ദിയും പറഞ്ഞു. വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, ജനപ്രതിനിധികൾ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നി വർ ഉൾപ്പെടെ 400 ലധികം പേർ പങ്കെടുത്തു.

അഞ്ച് ടെക്നിക്കൽ സെഷനുകളിലായി സംഘടിപ്പിച്ച സെമിനാറിൽ കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധരും ഗവേഷകരും ഉദ്യോഗസ്ഥരും സാമൂഹിക പ്രവർത്തകരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ടെക്നിക്കൽ സെഷനിൽ മുൻ ചീഫ്സെക്രട്ടറിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ചെയർമാനുമായ ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ് (റിട്ട.) മുഖ്യ പ്രഭാഷണം നടത്തി. ഹരിതകേരളം മിഷൻ ടെക്നിക്കൽ അഡ്വൈസർ, ഡോ. ആർ. അജയകുമാർ

വർമ്മ വിഷയാവതരണം നടത്തി. നവംബർ 28 ന് വൈകുന്നേരം നടന്ന സമാപന സമ്മേളനം ശ്രീ. ഐ.ബി. സതീഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ദ്വിദിന സെമിനാറിനൊപ്പം വിവിധങ്ങളായ ജല സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കിയുള്ള എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

### 8.2.11 ജലക്ഷാമ പരിഹാര നടപടികൾ

കൂടുതൽ ജലക്ഷാമം നേരിടുന്ന പാലക്കാട്, വയനാട്, കാസറഗോഡ്എന്നീ ജില്ലകളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ച് താഴെക്കാണുന്ന പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രദേശങ്ങളിൽ സ്ഥലം എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഉപനദികളുടെ വീണ്ടെടുക്കൽ സാധ്യമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി സഹായം കൂടി ഉപയോഗിച്ചുകൊണ്ടാണ് മിക്ക പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയുണ്ടായത്. പത്തനംതിട്ട, കൊല്ലം ജില്ലകളിലൂടെ ഒഴുകുന്ന പള്ളിക്കലാർ, ആലപ്പുഴ-പത്തനംതിട്ട ജില്ലയിലെ കുട്ടംപേരൂർ പുഴ, കയ്പമംഗലത്തെ പെരുംതോട്, വലിയതോട് തുടങ്ങിയവ ഇതിൽപ്രധാനമാണ്.




| ക്രമ നമ്പർ | നിർമ്മിതി | എണ്ണം | ആയക്കെട്ട് (ഹെക്ടറിൽ) | ആകെ അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | വി.സി.ബി. | 5 | 218.5 | 1385 |
| 2 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | 2 | 197 | 240 |
| 3 | തടയണ | 4 | 154 | 266.18 |
| 4 | നിലവിലുള്ള നിർമ്മിതികളുടെ പുനരുദ്ധാരണം | 6 | 59 | 366 |
| | ആകെ | 17 | 628.5 | 2257.18 |

## 8.3 കൃഷി വികസന ഉപദൗത്യം സുജലം സുഫലം

ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം-സുജലം സുഫലം എന്ന പേരിലാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രധാനമായും നിർവഹിക്കപ്പെട്ടത് കൃഷി വകുപ്പിന്റെ നേതൃത്വത്തിലാണ്. കൂടാതെ നിരവധി തദ്ദേശ ഭരണ സ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളും, കുടുംബശ്രീ മിഷനും, വ്യക്തികളും ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങി. ഇതിന്റെ ഭാഗമായി പൊതുവിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കപ്പെട്ടത്.

- പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ എന്നീ അടിസ്ഥാന കാർഷികോൽപ്പന്നങ്ങളുടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- നീർത്തടാധിഷ്ഠിതമായ ജല-മണ്ണ് സംരക്ഷണം, മണ്ണിനെ സ്വാഭാവിക ജൈവഘടനയിലേക്ക് തിരിച്ചുകൊണ്ടുവരിക, മണ്ണിന്റെ ആരോഗ്യം സംരക്ഷിച്ചുകൊണ്ട് മണ്ണറിഞ്ഞുള്ള ശാസ്ത്രീയ സൂക്ഷ്മതല കൃഷി പരിപാലന രീതി വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ജൈവകൃഷി പ്രോത്സാഹനവും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (safe to eat) ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ടുള്ള പ്രവൃത്തികൾ.
- വീട്ടുവളപ്പിലും തരിശു കിടക്കുന്ന സ്ഥലങ്ങളിലും നടത്തിയ കൃഷി വ്യാപനം.
- സംയോജിത കൃഷി പ്രോത്സാഹനം.
- ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്ന വിപണി സംവിധാനങ്ങളുടെ വികസനം.
- മൂല്യവർദ്ധിത സംരംഭങ്ങളിലൂടെ ലാഭകരമായ കൃഷിയും പരമാവധി തൊഴിലവസരങ്ങളും സൃഷ്ടിക്കൽ.
- യന്ത്രവത്ക്കരണം, വായ്പാ സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ.

### 8.3.1 ഉദ്ഘാടന ദിനപ്രവർത്തനങ്ങൾ

ഹരിത കേരളം പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ച ദിവസം (08.12.2016) സുജലം സുഫലം പദ്ധതിയുടെ ഉദ്ഘാടന പരിപാടികൾ എല്ലാ ജില്ലകളിലും കൃഷിഭവൻതലം വരെ നടത്തുകയുണ്ടായി. ഇതിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം, തരിശു നില കൃഷി, ജൈവ കൃഷി പ്രവർത്തനങ്ങൾ, ഫലവൃക്ഷ തൈകളുടെ നടീൽ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ഉൾപ്പെടുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നും നടന്നുവരികയാണ്. 08.12.2016 ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ച ഹരിത കേരളം മിഷന്റെ സംസ്ഥാനതല ഉദ്ഘാടന പരിപാടി തന്നെ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിലെ കല്ലറത്തലയ്ക്കൽ പാടശേഖരത്തിൽ തരിശുനിലകൃഷി വിത്തു വിതച്ചുകൊണ്ടുള്ളതായിരുന്നു. പ്രസ്തുത നിലത്തിൽ 9 ഹെക്ടറിലാണ് തരിശുനില കൃഷി ആരംഭിച്ചത്. കൃഷി ഡയറക്ടറേറ്റിൽ വെജിറ്റബിൾ സെല്ലിന്റെ ആഭിമുഖ്യത്തിൽ 01.01.2017 മുതലുള്ള 52 ആഴ്ചകളായുള്ള ഒരു പച്ചക്കറി ഉൽപാദന കലണ്ടർ തയ്യാറാക്കുകയുണ്ടായി. ജില്ലാതലത്തിലും ഇത്തരത്തിൽ പച്ചക്കറി ഉൽപാദനത്തിന് ഉൽപാദന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു.

### 8.3.2 അവലോകന യോഗങ്ങൾ

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം യോഗം ചേർന്ന് സുജലം സുഫലം പദ്ധതി അവലോകനം നടത്തി വരുന്നു. സുജലം സുഫലം ഉപദൗത്യത്തിന്റെ സംസ്ഥാനതല കർമ്മ സേനയുടെ യോഗം 31.8.2017 ന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടി യോഗത്തിന്റെ തീരുമാനപ്രകാരം തെരഞ്ഞെടുത്ത സമിതി അംഗങ്ങൾ പ്രസ്തുത പദ്ധതിനടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാർ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് പ്രാവർത്തികമാക്കുന്നതാണ്.

### 8.3.3 ഡെപ്യൂട്ടേഷൻ

27.07.2017 ലെ സ.ഉ.(ആർ.റ്റി) നം.441/2017/ആ.സ.വ പ്രകാരം കൃഷി വകുപ്പിൽ നിന്നും മൂന്ന് ഉദ്യോഗസ്ഥരെ ഹരിതകേരളം മിഷൻ പദ്ധതിയിലേയ്ക്ക് ഡെപ്യൂട്ട് ചെയ്തിട്ടുണ്ട്. കൺസൾട്ടന്റ് (അഗ്രി

ക്കൾച്ചർ), ടെക്നിക്കൽ ഓഫീസർ (അഗ്രിക്കൾച്ചർ), ജില്ലാ കോ-ഓർഡിനേറ്റർമാർ (കോഴിക്കോട് ജില്ല) എന്നിവിടങ്ങളിലേക്കാണ് ഉദ്യോഗസ്ഥരെ ഡെപ്യൂട്ട് ചെയ്തിരിക്കുന്നത്.

### 8.3.4 ലോകപരിസ്ഥിതി ദിനം

2017 ജൂൺ 5 ന് (ലോക പരിസ്ഥിതി ദിനം) ഒരു കോടി മരങ്ങൾ നടുന്ന കാമ്പയിനുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ മുഖേന ഉൽപാദിപ്പിച്ച 4,22,600 നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയുണ്ടായി. 2018 ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2 കോടി നടീൽവസ്തുക്കളാണ് സംസ്ഥാനത്തൊട്ടാകെ നടുന്നതിനും തുടർ പരിരക്ഷയ്ക്കും ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ കൃഷി വകുപ്പിലെ ഫാമുകൾ മുഖന പരമാവധി നടീൽ വസ്തുക്കൾ ഉൾപ്പാദിപ്പിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ പഞ്ചായത്തുകളിൽ നഴ്സറികൾ സ്ഥാപിച്ച് നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിനുവേണ്ട സാങ്കേതിക സഹായവും പരിശീലനവും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നൽകി വരുന്നു.

### 8.3.5 ഹരിതകേരളം ദൗത്യത്തിൽ ഊന്നൽ നൽകുന്ന മേഖലകൾ

നെൽകൃഷിയുടെ വ്യാപനം, ഉത്തമ കാർഷിക മുറകൾ സ്വീകരിച്ചുള്ളപച്ചക്കറി ഉൽപാദനം, ജൈവ കൃഷി വികസനം, നീർത്തടാധിഷ്ഠിതമായ ജല-മണ്ണ് സംരക്ഷണം, മണ്ണിനെ സ്വാഭാവിക ജൈവ ഘടനയിലേക്ക് തിരിച്ചുകൊണ്ടു വരിക, മണ്ണിന്റെ ആരോഗ്യം സംരക്ഷിച്ചുകൊണ്ട് മണ്ണറിഞ്ഞുള്ള ശാസ്ത്രീയ സൂക്ഷ്മതല കൃഷിപരിപാലന രീതി വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നിവയ്ക്കാണ് ഹരിത കേരളം ദൗത്യത്തിൽ സുജലം-സുഫലം ഉപദൗത്യം ഊന്നൽ നൽകി വരുന്നത്.

### 8.3.6 നെൽകൃഷി

നെൽകൃഷി വികസനത്തിനായി കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. പാടശേഖരങ്ങൾ മുഖാന്തിരമുള്ള ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ വഴി നടപ്പ് സാമ്പത്തിക വർഷം 1,31,478 ഹെക്ടർ നിലത്തിൽ ഇതുവരെ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. തരിശുനില കൃഷി വ്യാപനത്തിന് കൃഷി വകുപ്പ് പ്രത്യേക പരിഗണന നൽകിവരുന്നു. വർഷങ്ങളായി തരിശു കിടന്ന വിവിധ ജില്ലകളിലെ പ്രദേശങ്ങൾ, കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം, ആർ.കെ.വി.വൈ. പദ്ധതി വിഹിതം എന്നിവ ഉപയോഗിച്ച് കൃഷിയോഗ്യമാക്കി കൃഷി ആരംഭിച്ചിട്ടുണ്ട്. രണ്ടാം വിളയും പുഞ്ച കൃഷിയും നടപ്പിലാകുന്നതോടുകൂടി കൂടുതൽ തരിശുനിലങ്ങൾ നെൽകൃഷിയുടെ കീഴിൽ കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കരനെൽകൃഷിക്കും പ്രത്യേക പ്രാധാന്യം നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി കൃഷി



വകുപ്പ് നൽകിയിട്ടുണ്ട്. ഒരു വിള മാത്രം കൃഷി ചെയ്തിരുന്ന നിലങ്ങളിൽ ഇരുപ്പൂവും സാധിക്കുമെങ്കിൽ മൂന്ന് സീസണിലും കൃഷി ആരംഭിക്കുന്നതിനുള്ള പരിപാടികളും ആസൂത്രണം ചെയ്തു വരുന്നു. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്ക് (ഞവര, പൊക്കാളി, ജീരകശാല, ഗന്ധകശാല മുതലായവ) കൃഷി വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുള്ള ധനസഹായത്തോടെ പ്രോത്സാഹനം നൽകി വരുന്നുണ്ട്. മേൽ സൂചിപ്പിച്ച വിവിധ പദ്ധതികളിലൂടെ 8934.40 ഹെക്ടർ (22070 ഏക്കർ) നിലത്തിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതിക്ക് പുറമേ കൂടുതലായി നെൽകൃഷി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ തദ്ദേശ കൃഷി ഭവനിലും തരിശുനിലം കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിന് തരിശു നിലങ്ങളുടെ മാപ്പിംഗ് നടത്തണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. നെൽകൃഷി വികസനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം | ഇനം | ഭൗതിക നേട്ടം (വിസ്തീർണം ഹെക്ടറിൽ) | സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസനം (ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ) | 77296.69 | 1054.31 |
| 2 | തരിശുനില കൃഷി, മറ്റ് ഉപഘടകങ്ങളിലൂടെ അധികമായി നെൽകൃഷി വികസനം | 8934.40 (22070 ഏക്കർ) | |



നെൽകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് 10 ജില്ലകളിൽ നടന്ന പ്രവർത്തനങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു

| ജില്ല | ഗ്രൂപ്പ് ഫാമിംഗ് (ഹെക്ടർ) | തരിശ് നില കൃഷി (ഹെക്ടർ) | അധികവിള (ഹെക്ടർ) | കരനെൽകൃഷി (ഹെക്ടർ) |
|---|---|---|---|---|
| തിരുവനന്തപുരം | 900 | 36.6 | - | 225 |
| പത്തനംതിട്ട | 330 | 451.02 | - | 262.4 |
| ആലപ്പുഴ | 37000 | 490.12 | 80 | 100 |
| കോട്ടയം | 17339 | 876 | 40 | 213 |
| എറണാകുളം | 2219 | 257 | 100 | 93.5 |
| ഇടുക്കി | 800 | 46 | 105 | 50 |

| | | | | |
|---|---|---|---|---|
| കോഴിക്കോട് | 2000 | 178.24 | – | 473.24 |
| മലപ്പുറം | 6469 | 316 | – | 219 |
| കണ്ണൂർ | – | 132 | 17.2 | 83.2 |
| കാസർഗോഡ് | 2000 | 129 | 19 | 67 |



1970-കളിൽ സംസ്ഥാത്തെ നെൽ കൃഷി വിസ്തൃതി 8 ലക്ഷം ഹെക്ടറിൽ അധികമായിരുന്നു. എന്നാൽ നാല് ദശകങ്ങളിലായി ഇത് ക്രമേണ കുറഞ്ഞ് നിലവിൽ 196000 ഹെക്ടർ എന്ന അവസ്ഥയിലാണ്. ഈ കണക്കുകളിൽനിന്നുതന്നെ സംസ്ഥാനത്തെ നെൽകൃഷിയുടെ പരിതാപകരമായ അവസ്ഥ വെളിപ്പെടും. ജനങ്ങളുടെ മുഖ്യ ആഹാരമായ അരിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് പരമാവധി കുറക്കുക എന്നതാണ് സുജലം സുഫലം ദൗത്യത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. ഇതിനായി നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറിൽ എത്തിക്കുക എന്ന ദൗത്യത്തിന് ശുഭ സൂചകമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ കാലയളവിൽ കഴിഞ്ഞു. ഹരിതകേരളം മിഷന്റെ ഒരു വർഷക്കാല പ്രവർത്തനത്തിനിടയിൽ ഏകദേശം 30,000 ഏക്കറോളം തരിശ് ഭൂമിയിൽ നെൽകൃഷി ഇറക്കി. ഇതുകൂടാതെ 3000 ഹെക്ടറിൽ അധികം സ്ഥലത്ത് കരനെൽകൃഷിയും ചെയ്തു.



ഈ നേട്ടങ്ങളിൽ ഏറ്റവും എടുത്തു പറയേണ്ട ഒന്ന് പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വിമാനത്താവളത്തിനു വേണ്ടി വ്യവസായ മേഖലയായി വിജ്ഞാപനം ചെയ്ത സ്ഥലത്ത് നെൽ കൃഷി തിരികെ കൊണ്ടുവരാനായതാണ്. 90 ഹെക്ടർ സ്ഥലമാണ് ഇങ്ങനെ ആറന്മുളയിൽ നെൽ കൃഷിക്കായി മാറ്റിയെടുക്കാൻ കഴിഞ്ഞത്. കാർഷിക സംസ്കൃതിയുടെ പ്രോജ്ജ്വലമായ പാരമ്പര്യമുള്ള ആറന്മുളയെ വീണ്ടും പഴയ കാർഷിക സംസ്കാരത്തിലേക്ക് തിരികെ എത്തിക്കുന്നതിന് നെൽകൃഷി മേഖലയിലെ ഈ നടപടി കാരണമായി. മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിലെ പുന്നയ്ക്ക പാടശേഖരത്തിൽ 25 ഏക്കർ, ആറന്മുള്ള പുഞ്ചയിൽ 1.5 ഏക്കർ, തെച്ചിക്കാവ്, പൂമ്പൊടി, പന്നിവേലിമൂല, നീർവിളാകം എന്നിങ്ങനെ വിവിധ പാടശേഖരങ്ങളിലായി ഏകദേശം 225 ഏക്കർ സ്ഥലത്താണ് പുതുതായി കൃഷി ഇറക്കിയത്. ഉമ, ചുവന്ന ത്രിവേണി എന്നീ നെല്ലിനങ്ങളാണ് വിളയിച്ചെടുത്തത്. അത് ആറന്മുള്ള അരി എന്ന ബ്രാൻഡിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മുഖേന വിപണനം ചെയ്യുകയുകയുണ്ടായി.



കോട്ടയം ജില്ലയിൽ കുമരകം പഞ്ചായ ത്തിൽ വേമ്പനാട് കായലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 417 ഏക്കർ വിസ്തൃതിയുള്ള പാടശേഖരമാണ് മെത്രാൻ കായൽ അഥവാ സെമിനാരി കായൽ. 1940-കളിലെ ഭക്ഷ്യക്ഷാമകാലത്ത് വൈദി കൻമാരുടെ നേതൃത്വത്തിൽ കായൽ നികത്തി കൃഷിയിറക്കിയതിനാലാണ് ഈ പാടശേഖരത്തിന് മെത്രാൻ കായൽ എന്ന പേര് ലഭിച്ചത്. ഏറെക്കാലമായി തരിശിട്ടിരുന്ന മെത്രാൻ കായൽ പാടശേഖരത്തിന്റെ തരം മാറ്റി മറ്റ് ആവശ്യ ങ്ങൾക്കായി നികത്തുന്നതിനുള്ള ശ്രമം നടന്നിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ബഹു. കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ 304 ഏക്കറിലാണ് കൃഷിയിറക്കിയത്. ഇതിൽ 24 ഏക്കറിൽ കർഷകരും ബാക്കി സ്ഥലത്ത് വിവിധ സംഘടനകളുടെ നേതൃത്വത്തിലുമാണ് നെൽകൃഷി നടപ്പിലാക്കിയത്. ഈ കൃഷിയിലൂടെ സംഭരിച്ച 356.3 ടൺ നെല്ല് ഓയിൽ പാം ഇന്ത്യയുടെ മോഡേൺ റൈസ് മില്ലിൽ സംസ്കരിച്ച് അരിയാക്കി 'മെത്രാൻകായൽ അരി' എന്ന ബ്രാൻഡിൽ വിപണനം നടത്തി.



കോട്ടയം ജില്ലയിലെ തന്നെ മീനച്ചൽ, മീനന്തറ, കൊടൂർ ആറുകളെ ബന്ധിപ്പിക്കുന്ന ജന കീയ ഇടപെടലിന്റെ ഫലമായി വിജയപുരം, മണർകാട് ഗ്രാമപഞ്ചായത്തുകളിൽ 600-ഓളം ഏക്കർ വരുന്ന തരിശുപാടശേഖരത്തിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യം





ഒരുങ്ങിയിട്ടുണ്ട്. ഇതിൽ 200 ഏക്കർ വരുന്ന പാടശേഖരത്തിൽ വിത്തിടൽ ഉദ്ഘാടനം ബഹു. കൃഷിമന്ത്രി 2017 ഡിസംബർ 2 ന് നിർവ്വഹിച്ചു. ഇതുകൂടാതെ മധ്യകേരളത്തിലെ പരമ്പരാഗത തനിമയുള്ള പൊക്കാളി നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീവ്ര ശ്രമങ്ങൾ ജനപങ്കാളിത്തത്തോടെ നടന്നുവരുന്നു. ഇതിനോടൊപ്പം വയനാടിന്റെ തനത് നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവയുടേയും മറ്റ് ജില്ലകളിൽ ഞവര ഉൾപ്പെടെയുള്ള ഔഷധ നെല്ലിനങ്ങളുടേയും കൃഷികൾ കേരളത്തിന്റെ തനത് പ്രാദേശിക നെല്ലിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രോത്സാഹനം നൽകുന്നു.

വിവിധ ജനകീയ കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ ജൈവകൃഷി രീതിക്ക് ഊന്നൽ നൽകി ക്കൊണ്ട് കേരളത്തിന്റെ പരമ്പരാഗത നെല്ലിനങ്ങൾ കൃഷിചെയ്യുന്നതിനും പ്രാദേശിക ബ്രാൻഡുകളിൽ വിപണനം ചെയ്യുന്നതിനുമുള്ള പരിശ്രമങ്ങളും കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നുവരുന്നു.

### 8.3.7 പച്ചക്കറി കൃഷി

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഈ ലക്ഷ്യത്തിന് കൂടുതൽ ആക്കം കൂട്ടുവാനുള്ള നടപടികൾ ഏറ്റെടുത്തുവരുന്നു. പരമ്പരാഗത കർഷകരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ യോജിപ്പിച്ചുകൊണ്ട് കൃഷി വകുപ്പിൽ നിന്നുള്ള ധനസഹായത്തോടെ പച്ചക്കറി പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ തരിശു നിലങ്ങളിലെ പച്ചക്കറി കൃഷി, ടെറസ്സ് കൃഷി, സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൃഷി തുടങ്ങിയവയും ഈ ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതിനോടകം 483.28 ഹെക്ടർ തരിശു പ്രദേശത്ത് പച്ചക്കറി കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഉത്തമ കൃഷി മുറകൾ (Good Agricultural Practices -GAP) സ്വീകരിച്ചുകൊണ്ടുള്ള കൃഷി രീതിയാണ് ഇതിൽ നടപ്പിലാക്കുന്നത്. പച്ചക്കറികൃഷിയിൽ സുജലം-സുഫലം ഉപദൗത്യവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പുരോഗതി താഴെപട്ടികയിൽ ചേർത്തിട്ടുണ്ട്.



| ക്രമ നം | ഇനം | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി | സീഡ് കിറ്റ് വിതരണം ചെയ്തത് 40 ലക്ഷം | 400.00 |
| | | പച്ചക്കറി തൈകൾ വിതരണം ചെയ്തത് 45.3 ലക്ഷം | 98.29 |
| 2 | ടെറസ്സ് കൃഷിക്കുള്ള ഗ്രോബാഗ് വിതരണം (ഒരു യൂണിറ്റ് = 25 ബാഗ്) | 34877 യൂണിറ്റ് | 525.52 |
| 3 | പച്ചക്കറി കൃഷിയും ജൈവമാലിന്യ സംസ്കരണവും | 1088 യൂണിറ്റ് | 25.01 |
| 4 | കർഷകരുടെ ക്ലസ്റ്റർ മുഖേനയുള്ള പച്ചക്കറി കൃഷി | 650 ഹെക്ടർ | 97.50 |
| 5 | തരിശുനിലങ്ങളിലെ പച്ചക്കറി കൃഷി | 453.28ഹെക്ടർ | 124.24 |
| 6 | സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള പച്ചക്കറി കൃഷി | 1993 എണ്ണം | 69.48 |

പച്ചക്കറി ഉല്പാദന രംഗത്ത് തിളക്കമാർന്ന മുന്നേറ്റം കാഴ്ചവയ്ക്കുന്നതിന് വിവിധ ജില്ലകൾക്ക് ഈ കാലയളവിൽ സാധിച്ചു. ഓണത്തിന് ഒരുമുറം പച്ചക്കറി എന്ന ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിയെ ആശ്രയിക്കുന്നത് വലിയൊരളവിൽ കുറക്കുന്നതിന് സഹായിച്ചു. കൃഷിവകുപ്പിന്റെ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി വികസന പരി പാടികളും വിവിധ തലത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും പച്ചക്കറികൃഷി രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ സഹായിച്ചു. വിവിധ ജില്ലകളിൽ പച്ചക്കറി കൃഷിരംഗത്ത് കഴിഞ്ഞ ഒരു വർഷം ഉണ്ടായ നേട്ടങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ജില്ല | ക്ലസ്റ്ററുകളുടെ എണ്ണം | വിസ്തൃതി ഹെക്ടറിൽ | ജൈവ ക്ലസ്റ്ററുകളുടെ എണ്ണം | വിസ്തൃതി ഹെക്ടർ | ഗ്രോ ബാഗ് | പച്ചക്കറി വിത്ത് | തൈ | സ്കൂൾ തോട്ടങ്ങൾ എണ്ണം |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | - | 400 | 70 | 350 | - | - | - | 50 |
| വയനാട് | 62 | 310 | - | - | - | 140000 | 600000 | - |
| പത്തനംതിട്ട | 6 | 30 | - | - | 6450 | 320000 | 200000 | 59 |
| മലപ്പുറം | 46 | 230 | - | - | - | - | - | - |
| കോട്ടയം | 38 | 190 | - | - | 75000 | 330000 | 300000 | 178 |
| കാസർകോഡ് | - | - | 11 | 25 | - | - | - | - |
| കണ്ണൂർ | 73 | - | - | - | 75000 | 561113 | - | 99 |
| ഇടുക്കി | - | 365 | - | - | 2500 | 330000 | 30000 | 150 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| എറണാ കുളം | – | – | – | – | 3000 | 300000 | – | 210 |
| കോഴി ക്കോട് | 34 | 170 | 10 | 250 | – | – | – | – |
| ആലപ്പുഴ | 30 | 150 | 18 | 440 | 7500 | 103000 | – | – |

നവമാധ്യമങ്ങളെ അടിസ്ഥാനമാക്കിയുള്ള കൂട്ടായ്മകൾ ജൈവപച്ചക്കറി കൃഷി പ്രോൽസാഹനത്തിന് വളരെയധികം സഹായിക്കുന്ന ഒരു സംവിധാനമായി മാറിയിട്ടുണ്ട്. വാണിജ്യാവശ്യത്തിന് അല്ലാതെയുള്ള പച്ചക്കറി കൃഷി പരമ്പരാഗത കൃഷിക്കാർ അല്ലാത്ത പൊതുജനങ്ങളുടെയിടയിൽ പ്രത്യേകിച്ചും അഭ്യസ്തവിദ്യർ, നഗരത്തിലെ വീട്ടമ്മമാർ, മറ്റ് വൈറ്റ് കോളർ എന്ന് വിവക്ഷിക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിങ്ങനെ വലിയൊരു വിഭാഗം ജനങ്ങളെ സ്വന്തമായി ജൈവപച്ചക്കറി കൃഷി രംഗത്തേക്ക് കൊണ്ടുവരുന്നതിന് ഇത്തരം നവമാധ്യമ കൂട്ടായ്മകൾക്കായിട്ടുണ്ട് എന്നത് വസ്തുതയാണ്. ഇതിന് ഒരു അംഗീകാരമായും അവരുടെ സഹകരണം ഹരിത കേരളം മിഷന്റെ സന്ദേശം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനും പരമാവധി ജനങ്ങളെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ഇത്തരം കൂട്ടായ്മകളുടെ സഹായവും സേവനവും പ്രയോജനപ്പെടുത്താൻ സാധിക്കണം. ഈ ലക്ഷ്യത്തോടെ നവമാധ്യമ കൂട്ടായ്മകൾ പ്രതിനിധാനം ചെയ്യുന്ന വ്യക്തികളുടെ പ്രാഥമികതലയോഗം ഹരിതകേരളം മിഷൻ ഓഫീസിൽവച്ച് 4.12.2017 ന് ചേരുകയുണ്ടായി. ഇതിൽ 17 ഗ്രൂപ്പുകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

**പച്ചക്കറി കൃഷി വ്യാപനരംഗത്തെ മറ്റ് ശ്രദ്ധേയമായ കാൽവയ്പ്പുകൾ ഇവയാണ്.**

1. ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഹരിതാഭം എന്ന പേരിൽ സമഗ്ര പച്ചക്കറി കൃഷി ആരംഭിച്ചു.
2. ഇടുക്കി ജില്ലയിൽ സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് 200ഹെക്ടർ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി ആരംഭിച്ചു.
3. തിരുവനന്തപുരം ജില്ലയിൽനെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ 29 ഏക്കറിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുകയും, ആട്, വെച്ചൂർ പശു എന്നിവയെ അവിടെ തന്നെ വളർത്തി അവയുടെ ചാണകവും മറ്റും കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യുന്നു.

ഇതേ ബ്ലോക്കിൽ അങ്കണവാടി ജൈവഗ്രാമം എന്ന പദ്ധതി വഴി 164 അംഗൻവാടിയിൽ മിനിമം 10 സെന്റ് സ്ഥലത്തെങ്കിലും കൃഷിയിറക്കി ജൈവ പച്ചക്കറി ഉൽപ്പാദിപ്പിച്ച് കുട്ടികൾക്ക് ഭക്ഷണമായി നൽകുന്നു.



### 8.3.8 ജൈവകൃഷി

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനത്തിനും ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള ഇക്കോഷോപ്പുകൾ സ്ഥാപിക്കൽ എന്നിവയ്ക്കും പ്രാധാന്യം നൽകി വരുന്നു. കാസർഗോഡ് ജില്ലയിൽ ആരംഭിച്ച ജൈവ കൃഷി വികസന പദ്ധതി 2016-17 വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുണ്ടായിട്ടുള്ള വാർഷിക പുരോഗതി താഴെ പട്ടികയിൽ നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി | 94 എണ്ണം | 30.93 |
| 2 | ഇക്കോഷോപ്പുകൾ സ്ഥാപിക്കൽ (പുതിയത്) | 56 എണ്ണം | 52.285 |
| 3 | ഇക്കോഷോപ്പുകൾ സ്ഥാപിക്കൽ (നിലവിലുള്ളവ) | 46 എണ്ണം | 27.86 |
| 4 | പാക്കിംഗ്, ബ്രാന്റിംഗ്, ലേബലിംഗ് | 2 മുനിസിപ്പാലിറ്റി | 0.69 |



### 8.3.9 ഫലവർഗ്ഗകൃഷി

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫലവർഗ്ഗ കൃഷിയിലും കാര്യമായ വിസ്തൃതി ഉണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലും ഫലവർഗ്ഗ തൈകൾ വിതരണം നടത്തിയാണ് ഇത് സാധ്യമാക്കിയത്.ആലപ്പുഴ മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 1 ലക്ഷം വാഴകൃഷി പദ്ധതി ആരംഭിച്ചു. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പപ്പായഗ്രാമംഎന്ന പേരിൽ പപ്പായ കൃഷി വ്യാപന പരിപാടിയും ആരംഭിച്ചിട്ടുണ്ട്.



# 9. പ്രത്യേക പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ

## 9.1 ജലമാണ് ജീവൻ കാമ്പയിൻ


2017-ന്റെ ആദ്യ മാസങ്ങൾ കേരളം വലിയ ഒരു വരൾച്ച അഭിമുഖീകരിക്കുകയുണ്ടായി. രൂക്ഷമായ കുടിവെള്ള ക്ഷാമവും കാർഷിക ആവശ്യങ്ങളുൾപ്പെടെ വെള്ളം ലഭ്യമല്ലാതെയിരുന്ന ഒരു അവസ്ഥയും സംസ്ഥാനത്തുണ്ടായി. വ്യവസായനിർമ്മാണ മേഖലകൾ സ്തംഭനാവസ്ഥയിലെത്തി. ഈ പശ്ചാത്തിലത്തിൽ ജലസംരക്ഷണം ഒരു സാമൂഹ്യ ഉത്തരവാദിത്തമായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കുവാൻ ഹരിതകേരളം മിഷൻ ജലജാഗ്രതാ പ്രചാരണ പരിപാടികൾക്ക് രൂപം കൊടുക്കുകയുണ്ടായി. ജലവിഭവ വകുപ്പും, സാക്ഷരതാ മിഷനും, കുടുംബശ്രീയും നിരവധി സന്നദ്ധ സംഘടനകളും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്നാണ് ജല ജാഗ്രതാ ക്യാമ്പയിൻ സംഘടിപ്പിച്ചത്. ഇതിനായി 'ജലമാണ് ജീവൻ' എന്ന പേരിൽ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.




ജലവിനിയോഗകാര്യങ്ങളിൽ ജാഗ്രത പാലിച്ച്, നിത്യജീവിതത്തിൽ മാറ്റങ്ങൾ വരുത്തി, ജല സംരക്ഷണത്തിനും ജല ഉപയോഗത്തിലെ കാര്യക്ഷമതയ്ക്കും ഊന്നൽ നൽകുവാനുള്ള നിർദ്ദേശങ്ങൾ ജനങ്ങളിലെത്തിക്കുവാൻ 'ജലമാണ് ജീവൻ' എന്ന പ്രചാരണ പരിപാടിക്ക് സാധിച്ചു. 'ഹരിത വീട്' എന്ന സങ്കൽപ്പം എങ്ങനെ ചെറിയ കാര്യങ്ങളിലൂടെ സാധ്യമാക്കാം എന്ന് ലളിതമായി വിവരിച്ചു. വ്യാപക പ്രചാരണം നടത്തുന്നതിന് ജലജാഗ്രതാ ക്യാമ്പയിൻ നേതൃത്വം നൽകി. മഴവെള്ളം കിണറിലേക്ക് റീചാർജ്ജ് ചെയ്യുക, വെള്ളം കാര്യക്ഷമമായി ഉപയോഗിക്കുക, പുനരുപയോഗം സാദ്ധ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സമൂഹത്തെ പ്രേരിപ്പിക്കുക എന്നതെല്ലാം ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. ഇതിനായി ഒരു ഹരിത വീട്ടിൽ പാലിക്കേണ്ട രീതികൾ സമഗ്രമായി 'ജലമാണ് ജീവൻ' എന്ന കൈപ്പുസ്തകം വിവരിച്ചു നൽകി. ഇതിൽകൂടി ചൂടിനെ പ്രതിരോധിക്കുന്നതിനും ജൈവമാർഗ്ഗങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സ്വാഭാവിക

മാർഗ്ഗങ്ങൾ, മേൽക്കൂരയിൽ ഒരുക്കാവുന്ന സൗരോർജ്ജ പ്ലാന്റ് തുടങ്ങിയ സാദ്ധ്യതകൾ എന്നിവ സംബന്ധിച്ച ചെറു വിവരങ്ങൾ സമൂഹത്തിനു കൈമാറി.

ജല ഉപയോഗത്തിൽ മിതത്വം പാലിച്ചുകൊണ്ട് ദൈനംദിന കാര്യങ്ങൾ എങ്ങനെ നിർവ്വഹിക്കാം എന്നതിനെ സംബന്ധിച്ചും ചിത്രങ്ങൾ സഹിതം ഈ കൈപ്പുസ്തകത്തിൽ വിവരിച്ചു നൽകി. ഇതോടൊപ്പം പരിസര പ്രദേശങ്ങളിലുള്ള നഷ്ടപ്പെട്ടുപോയതും മലിനീകരിക്കപ്പെട്ടതുമായ ജലസ്രോതസ്സുകൾ എങ്ങനെ വീണ്ടെടുക്കാം എന്നതു സംബന്ധിച്ചും വിവരങ്ങൾ കൈമാറി. ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിനും സമൂഹത്തെ പ്രേരിപ്പിച്ചു. കൈപ്പുസ്തകത്തിൽ വിവരിച്ച ജല സംരക്ഷണ മാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വീടും എത്രമാത്രം ജലസംരക്ഷണ മേഖലയിൽ മുന്നേറിയിട്ടുണ്ടെന്ന് സ്വയം വിലയിരുത്തുന്നതിന് ഒരു ചോദ്യാവലിയും ഇതിൽ ഉൾപ്പെടുത്തി നൽകി. ഈ പ്രവർത്തനങ്ങളിലൂടെ ജല സംരക്ഷണം സാമൂഹ്യ ഉത്തരവാദിത്വമാണെന്ന ബോധം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിനു ഒരു പരിധിവരെ സാധിച്ചിട്ടുണ്ട് എന്നാണ് മനസിലാക്കുന്നത്.




## 9.2 വൃക്ഷവൽക്കരണം

കേരളത്തിന്റെ ജൈവ പ്രകൃതിയെ എല്ലാ നന്മകളോടെയും വീണ്ടെടുത്ത് അടുത്ത തലമുറക്ക് കൈമാറാനുള്ള ദൗത്യമാണ് ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ളത്. ഇത് സാധ്യമാകണമെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഉത്തരവാദിത്തം സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. നാടിനെ ഹരിതാഭമാക്കുന്നതിന് പരമാവധി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ട് പ്രാദേശിക കാലാവസ്ഥയെ അനുകൂലമാക്കുന്നതിനും വായു മലിനീകരണം കുറക്കുന്നതിനും ശബ്ദ മലിനീകരണം നിയന്ത്രിക്കുന്നതിനും അന്തരീക്ഷ താപനില കുറക്കുന്നതിനും ജൈവ വൈവിധ്യം വർദ്ധിപ്പിക്കുന്നതിനും മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് വലിയ സഹായം ചെയ്യും. സർവ്വോപരി, ശുദ്ധമായ പ്രാണവായു ലഭ്യമാക്കുന്നതിനും അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിനും വൃക്ഷങ്ങൾ നമ്മെ സഹായിക്കും. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 3 കോടി വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചു. 2017 ലെ ലോക പരിസ്ഥിതി ദിന (ജൂൺ 5) വുമായി ബന്ധപ്പെട്ട് 86 ലക്ഷം വൃക്ഷത്തൈകൾ നടുകയുണ്ടായി. പൊതു ജനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, മാധ്യമ സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്താലാണ് ഇത്രയധികം മരങ്ങൾ നടുന്നതിന് സാധിച്ചത്. മുഖ്യമായും സംസ്ഥാന വനം വകുപ്പും കൃഷി വകുപ്പും കുടുംബശ്രീ സംവിധാനവും വൃക്ഷത്തൈകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഇതിന്റെ തുടർച്ചയായി 2017 ഒക്ടോബർ 2 മുതൽ ഒരാഴ്ചക്കാലം ഹരിതകേരളം മിഷൻ ജില്ലാ സംവിധാനം ഉപയോഗപ്പെടുത്തി നട്ട മരങ്ങളുടെ സംരക്ഷണ സ്ഥിതി സംബന്ധിച്ച പൊതു അന്വേഷണം നടത്തുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് 50 ശതമാനത്തിലധികം വൃക്ഷത്തൈകളും സംരക്ഷിക്കപ്പെടുമെന്ന സൂചനയാണ് ലഭിച്ചിട്ടുള്ളത്. വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട നിരീക്ഷണ സംവിധാനം ഇക്കാര്യത്തിൽ അവലംബിക്കുന്നത് ഗുണപ്രദമാകും.

2018 ലെ ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് 2 കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പി

ക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നഴ്സറികൾ സ്ഥാപിച്ച് വേണ്ടത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലധികവും ഫലവൃക്ഷങ്ങളാകണമെന്നും നിർദ്ദേശമുണ്ട്. ഇതനുസരിച്ച് 50 ലക്ഷം കശുമാവ്, 28 ലക്ഷം മാവ്, 28 ലക്ഷം പ്ലാവ്, 14 ലക്ഷം പേര, 4 ലക്ഷം സപ്പോട്ട, 5 ലക്ഷം തെങ്ങ്, 5 ലക്ഷം വേപ്പ്, 14 ലക്ഷം നെല്ലി, 14 ലക്ഷം മുരിങ്ങ, 14 ലക്ഷം കറിവേപ്പ്, 14 ലക്ഷം മുള, 5 ലക്ഷം പുളി, 1 ലക്ഷം മാതളം തുടങ്ങിയ ഇനം വൃക്ഷത്തൈകൾ 14 ജില്ലകളിലുമായി നഴ്സറികൾ സ്ഥാപിച്ച് ഉൽപ്പാദിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പഞ്ചായത്തുകളുടെയും കൃഷി വകുപ്പിന്റെയും അധീനതയിലുള്ള ഫാമുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും വ്യക്തികളുടെ സ്ഥലങ്ങളിലും മറ്റുമായി നഴ്സറികൾ സ്ഥാപിച്ചാണ് തൈകൾ ഉത്പാദിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ തുടങ്ങിയവരുടെ സേവനം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് നഴ്സറികൾ തുടങ്ങുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനം കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ അതത് കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ ലഭ്യമാക്കുകയുണ്ടായി. ഇതോടൊപ്പം വനംവകുപ്പിൽ നിന്നും കൃഷി വകുപ്പിൽ നിന്നും മറ്റ് സന്നദ്ധസംഘടനകളിൽ നിന്നുമെല്ലാം വൃക്ഷത്തൈകൾ സ്വരൂപിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

### 9.3 ഹരിതോത്സവം

മറ്റു ലോക രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും കാലാവസ്ഥാ വ്യതിയാനം നേരിടുകയാണ്. ഇതിന്റെ സൂചകങ്ങളായ നിനച്ചിരിക്കാതെയുള്ള പെരുമഴ, വെള്ളപ്പൊക്കം എന്നിവയ്ക്കൊപ്പം ചിലപ്പോൾ നമുക്കു ലഭിക്കേണ്ട മഴ ലഭിക്കാതിരിക്കുകയും അന്തരീക്ഷ ഊഷ്മാവിൽ ഗണ്യമായ വർദ്ധന ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ കേരളം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നമാണ് ജലസ്രോതസ്സുകളുടെ മലിനീകരണം. പുതിയ രോഗങ്ങൾ സംസ്ഥാനത്ത് വ്യാപകമാകുന്നതായി നമുക്കു കാണാൻ കഴിയും.ഈ അവസ്ഥ നേരിടുന്നതിന് നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രകൃതിയെ അറിഞ്ഞ്, അതിന്റെ നന്മകളെ ആസ്വദിച്ച് നമ്മൾ ജീവിക്കുന്ന പരിസ്ഥിതിയെ സ്നേഹിക്കാൻ കഴിയണം. പ്രകൃതിയെ സ്നേഹിച്ചു തുടങ്ങുന്ന ഒരാളിനും അതിനെ മലിനമാക്കാനോ നശിപ്പിക്കുവാനോ സാധിക്കില്ല. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് വ്യക്തികൾക്കും സമൂഹത്തിനും വലിയ സംഭാവന നൽകാൻ കഴിയും. പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിന്റെ ഗുണഫലങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്. ക്ലാസ് മുറികളിൽ നിന്ന് പുറത്തിറങ്ങി പ്രകൃതിയെ കാണുന്നതിനും നിരീക്ഷിക്കുന്നതിനും തൊട്ടറിയുന്നതിനും കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഹരിതോത്സവം എന്ന കാമ്പയിനിലൂടെ സ്കൂളുകളെ ഹരിതവിദ്യാലയങ്ങളായി മാറ്റുന്നതിനും വിദ്യാർഥികളിൽ കൂടുതൽ ഹരിതബോധവും ഹരിതശീലവത്കരണവും സാധ്യമാക്കുക എന്നതാണ് ലക്ഷ്യം.

ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഹരിതോത്സവം എന്ന പേരിൽ സ്കൂൾതല പരിസ്ഥിതി പ്രവർത്തനങ്ങൾക്കായി ഹരിതോത്സവം എന്ന ക്യാമ്പയിനിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചു. ഹരിതോത്സവം സംഘടിപ്പിക്കുന്നതിനുള്ള രീതി ശാസ്ത്രം വികസിപ്പിക്കുന്നിതനായി വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുടെയും സാമൂഹ്യ-പരിസ്ഥിതി- ആസൂത്രണ മേഖലകളിലെ വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല നടത്തുകയുണ്ടായി. ഹരിതകേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ സീമയുടെ അധ്യക്ഷതയിൽ ആരംഭിച്ച ശില്പശാല ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ശില്പശാല തീരുമാനപ്രകാരം ഹരിതോത്സവം ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ കൈപുസ്തകം തയ്യാറാക്കുകയുണ്ടായി. ശ്രീ.ജോജി കൂട്ടുമ്മേൽ, ഡോ.സി മധുസൂദനൻ, ഡോ. കെ.സി കൃഷ്ണകുമാർ, ശ്രീ. ശ്രീരാഗ് എസ്.ജെ, ശ്രീമതി. വീണ എം. ശ്രീമതി. നജുമ യു., ശ്രീമതി ചിത്ര മാധവൻ എന്നിവർ കൈപുസ്തക രചന നിർവ്വഹിച്ചു.

ഹരിതോത്സവം പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഹരിതോത്സവം കൈപുസ്തകത്തിന്റെ പ്രകാശനവും 2017 സെപ്റ്റംബർ 28 ന് ബഹു.വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് നിർവ്വഹിച്ചു. തിരുവനന്തപുരത്ത് കോട്ടൺഹിൽ ഗവ.ഗേൾസ് എച്ച്.എസ്.എസിൽ നടന്ന ചടങ്ങിൽ ഡോ. ശശി തരൂർ എം.പി, ബഹു. മേയർ അഡ്വ. വി.കെ പ്രശാന്ത്, ബഹു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, മുൻ എം.എൽ.എ ശ്രീ. എം.വി ശ്രേയാംസ് കുമാർ, ഹരിതകേരളം ഉപാധ്യക്ഷ ഡോ. ടി.എൻ സീമ,



പി.ടി.എ പ്രസിന്റ് ശ്രീ.എസ് പ്രദീപ് കുമാർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

ഒരു വിദ്യാലയം ഹരിത വിദ്യാലയമാകുന്നതിനു ചില മാനദണ്ഡങ്ങളുണ്ട്. വിദ്യാലയത്തിന്റെ ഭാഗമായ എല്ലാ ഘടകങ്ങളും ഹരിത സൗഹൃദമാകേണ്ടതുണ്ട്. വെളിച്ചമുള്ള, വായു സഞ്ചാരമുള്ള ക്ലാസ് മുറികൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുള്ള പഠനോപകരണങ്ങൾ,



മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ, അപകട സാധ്യത കുറഞ്ഞ പരീക്ഷണ ശാലകൾ തുടങ്ങിയവ കുട്ടികളെ പ്രകൃതിയിലേക്ക് അടുപ്പിക്കുന്നു. നമ്മുടെ സ്കൂൾ മുറ്റത്തെ ചെടികൾ, വൃക്ഷങ്ങൾ എന്നിവ കിളികളെയും ശലഭങ്ങളെയും ആകർഷിക്കുന്നവ ആകണം. നല്ല വൃക്ഷങ്ങളുടെ ഒരു വലിയ നിര തന്നെ നമുക്കുണ്ട്. ഇവയിൽ ചിലതെങ്കിലും സ്കൂളിലുമുണ്ടാവണം. വൃക്ഷങ്ങളുടെ കരിയിലകൾ അവയുടെ ചുവട്ടിൽ പുതയിടണം. കിളികൾക്കു വെള്ളം ലഭിക്കണം.സ്കൂളുകളിൽ കുടിവെള്ളം കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്. ടോയ്ലറ്റുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. സൗകര്യമുള്ള സ്കൂളുകളിൽ പച്ചക്കറി കൃഷി സാധ്യമാവുമോ എന്നു പരിശോധിക്കണം. പച്ചക്കറി കൃഷിയിൽ ഏർപ്പെടുന്നത് കുട്ടികൾക്ക് പ്രകൃതിയെ കൂടുതൽ അറിയുന്നതിനു സഹായകരമാകും. ഇങ്ങനെ ഹരിത വിദ്യാലയം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനു കഴിയും. ഹരിത വിദ്യാലയം രൂപപ്പെടുന്നതോടൊപ്പം പ്രകൃതിയെ അറിയുന്നതിനു കുട്ടികളെ സഹായിക്കുന്ന പ്രവർത്തനങ്ങൾ പത്ത് ഉത്സവങ്ങളായി ആഘോഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതോത്സവം സംഘടിപ്പിക്കുന്നത്. ഹരിത ചർച്ചകളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും വിദ്യാലയങ്ങളിലും വീടുകളിലും ഹരിത നിയമാവലി പ്രാവർത്തികമാക്കലും എല്ലാം ചേർന്നതാണ്

പത്ത് ഹരിതോത്സവങ്ങൾ. ഓരോ ദിനാഘോഷവും ഓരോ പ്രത്യേക വിഷയം പരിചയപ്പെടുത്തുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.




**ജൂൺ 5 – ഒന്നാം ഉത്സവം – ലോക പരിസ്ഥിതി ദിനം:** കോടിക്കണക്കിന് മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങൾക്കു ജീവിക്കുവാൻ ഒരൊറ്റ ഭൂമിയെ ഉള്ളൂ എന്ന് ഓർമ്മപ്പെടുത്തുന്ന ദിനമാണ് ലോകപരിസ്ഥിതി ദിനം. ഭൂമിയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങലെ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുകയാണ് ഈ ദിനാചരണത്തോടനുബന്ധിച്ച് ചെയ്യുന്നത്. ഇതിനായി മരങ്ങൾ നട്ടു സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ, മഴയെ പരിചയപ്പെടൽ, മഴവെള്ള സംഭരണം, ജൈവ വൈവിധ്യ ഉദ്യാനവും, രജിസ്റ്ററും ഒരുക്കുന്ന പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു.

**ജൂൺ 17–രണ്ടാം ഉത്സവം – മരുവത്ക്കരണ വിരുദ്ധ ദിനം:** വരൾച്ചയും മരുവത്കരണവും പ്രതിരോധിക്കുന്നതിനും അതേക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഈ ദിനാചരണം. ഊഷരമായിക്കൊണ്ടിരിക്കുന്ന ഭൂമിയെ സംരക്ഷിച്ച് മണ്ണു പുനസ്ഥാപിക്കുന്ന പ്രക്രിയയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ഇതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ സഹായിക്കും. ഹരിത നിയമാവലി പ്രഖ്യാപനം കുടിവെള്ള ഗുണനിലവാര പരിശോധന, അന്തരീക്ഷത്തെ അറിയുന്നതിനുള്ള പ്രവർത്തനങ്ങൾ, കൃഷി ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്നു.

**ജൂലൈ 1 – മൂന്നാം ഉത്സവം – ഡോക്ടർ ദിനം:** ആരോഗ്യമെന്നാൽ ജീവിത ശൈലി കൂടിയാണെന്ന് കുട്ടികളെ മനസ്സിലാക്കുകയും അതിനായി ഭക്ഷണത്തിൽ പാലിക്കേണ്ട രീതികൾ, വ്യായാമം, വാക്സിനേഷൻ തുടങ്ങിയ വിഷയങ്ങൾ പരിചയപ്പെടുന്നതിന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സഹായിക്കുന്നു.

ജീവിത ശൈലി രോഗങ്ങളുടെ ചാർട്ടു തയ്യാറാക്കുക, പ്രാഥമിക ആരോഗ്യ കേന്ദ്രം സന്ദർശിക്കുക, ഡോക്ടറുമായി സംസാരിക്കുക, കൊതുകു നിയന്ത്രണത്തെപ്പറ്റി മനസ്സിലാക്കുക തുടങ്ങിയവ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഉണ്ട്.

**ജൂലൈ 28 – നാലാം ഉത്സവം – ലോക പ്രകൃതി സംരക്ഷണ ദിനം:** ആരോഗ്യമുള്ള പരിസ്ഥിതി നിലനിർത്തുന്നതിന് പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കേണ്ടത് ആവശ്യമാണ്. വായു, വെള്ളം, മണ്ണ്, മരങ്ങൾ, മൃഗങ്ങൾ, മൂലകങ്ങൾ തുടങ്ങിയവയെല്ലാം ജീവൻ നിലനിർത്തുന്നതിന് ആവശ്യമാണ്. കിളികൾക്കു കുളിക്കുന്നതിനും കുടിക്കുന്നതിനും ചെറു മൺ പാത്രങ്ങളിൽ വെള്ളം വച്ച് കിളികുളിക്കളം സ്ഥാപിക്കുന്നതിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

**ആഗസ്റ്റ് 9 – അഞ്ചാം ഉത്സവം – പുനരുപയോഗ ദിനം:** ആധുനിക കാലഘട്ടത്തിൽ പല വസ്തുക്കളും ഒരിക്കൽ മാത്രം ഉപയോഗിച്ച് വലിച്ചെറിഞ്ഞു കളയുന്ന ശീലം വർധിച്ചു വരുന്നതായി കാണാൻ കഴിയും. ഇത് പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ അളവ് വർധിപ്പിച്ചു. പുനരുപയോഗത്തിലൂടെ മാലിന്യ സംസ്കരണരംഗത്ത് വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. ഈ നിലയ്ക്ക്

കുട്ടികളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം. ഇതിനായി പഴയ വസ്തുക്കൾ ഉപയോഗിച്ചു ബാഗു പോലെയുള്ള അവശ്യ വസ്തുക്കൾ സൃഷ്ടിക്കുവാൻ കുട്ടികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിൽ ഈ ദിനാചരണം സഹായിക്കുന്നു.

**ആഗസ്റ്റ് 29 – ആറാം ഉത്സവം – ദേശീയ കായിക ദിനം:** കുട്ടികളുടെ വളർച്ചയിൽ കായിക പ്രവർത്തനങ്ങൾക്കുള്ള പങ്ക് വലുതാണ്. ഇന്നു പല സ്കൂളുകളിലും മതിയായ കളി സ്ഥലങ്ങളില്ല. കൂട്ടായി പങ്കെടുക്കുന്ന കായിക വിനോദങ്ങളിലൂടെ ആരോഗ്യവും നല്ല സൗഹൃദങ്ങളും നിലനിർത്തുന്നതിനു സാധിക്കും. നമ്മുടെ നാട്ടിൻപുറങ്ങളിലെ പഴയകാല കായിക വിനോദങ്ങളായ തലപ്പന്തു കളി, കുട്ടിയും കോലും കളി തുടങ്ങിയ കുട്ടികൾക്ക് പരിചയപ്പെടുത്തി അവരെ ഈ വിനോദങ്ങളിൽ ഏർപ്പെടുന്നതിനു പ്രോത്സാഹിപ്പിക്കുന്നതിന് ആറാം ഉത്സവം ഉപയോഗപ്പെടുത്താം.

**സെപ്റ്റംബർ 16 – ഏഴാം ഉത്സവം – ഓസോൺ ദിനം:** ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ഏറ്റവും ആവശ്യമായ ഓസോൺ പാളി മനുഷ്യ പ്രവർത്തനങ്ങളാൽ നശിക്കുകയും അത് ജീവന്റെ നിലനിൽപ്പിന് ഭീഷണിയായി മാറുയും ചെയ്യുന്നു. ഓസോൺ പാളിക്ക് ദോഷകരമായ പ്രവർത്തനങ്ങൾ എന്താണെന്ന് തിരിച്ചറിയുന്നതിനും അതിൽ വേണ്ട തിരുത്തലുകൾ വരുത്തുന്നതിനും ഈ ദിനം പ്രേരകമാകുന്നു.ഓസോൺ പാളിക്ക് ഹാനികരമാകുന്ന ഏതൊക്കെ ഉപകരണങ്ങളാണ് വീടുകളിലുള്ളതെന്ന് കണ്ടെത്തുവാൻ കുട്ടികളെ, പ്രോത്സാഹിപ്പിക്കുന്നു. ഓരോ കുട്ടിയും അഞ്ചു വീടു സന്ദർശിച്ചു. ഇത്തരം ഉപകരണങ്ങളുടെ വിവര ശേഖരണം നടത്തുന്നു. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളെ ബോധവാൻമാരാക്കുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായിക്കും.

**ഒക്ടോബർ 2 – എട്ടാം ഉത്സവം – ഗാന്ധിജയന്തി:** ലളിത ജീവിതം, മൂല്യങ്ങൾ, അഹിംസാ മനോഭാവം, സേവന സന്നദ്ധത ഇവ കുട്ടികളെ പരിചയപ്പെടുത്തുന്നതിനാണ് ഈ ദിനാചരണം ലക്ഷ്യമിടുന്നത്. മാലിന്യം അലക്ഷ്യമായി ഉപേക്ഷിക്കാതെ വൃത്തിയാക്കുന്നതിനുള്ള ചിന്ത കുട്ടികളിൽ ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ഇതിനായി വേസ്റ്റ് ഓഡിറ്റ് അവതരിപ്പിക്കുന്നു, പരിസര ശുചീകരണം നടത്തുന്നു, ശുചിത്വ വോട്ടിംഗ് നടത്തുന്നു, മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ സന്ദർശിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ മാലിന്യ മുക്തമായ നാട് സൃഷ്ടിക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നു.

**ഒക്ടോബർ 16 – ഒൻപതാം ഉത്സവം – ലോക ഭക്ഷ്യ ദിനം:** പട്ടിണി ഇല്ലാതാക്കൽ, ഭക്ഷ്യ സുരക്ഷ, എല്ലാവർക്കും പോഷക മൂല്യമുള്ള ഭക്ഷണം തുടങ്ങിയ ആവശ്യങ്ങൾ എങ്ങനെ സാധിക്കും എന്നു ചിന്തിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. കാർഷിക മേഖലയ്ക്കു മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങൾ ഈ ദിനത്തിൽ സംഘടിപ്പിക്കുന്നു. പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ചുള്ള ഭക്ഷ്യമേള, നാട്ടു വിഭവങ്ങളുടെ പോഷക മൂല്യം പ്രദർശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ ഏറ്റെടുക്കുന്നു.

**നവംബർ 17 – പത്താം ഉത്സവം – സാർവ്വദേശീയ വിദ്യാർത്ഥി ദിനം:** ഇന്നത്തേതിൽ നിന്ന് മെച്ചപ്പെട്ട ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നു എന്ന സൂചനയാണ് ഈ ദിനാചരണം നൽകുന്നത്. ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് പരിസ്ഥിതി മേഖലയിലാണ്. ലോകത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ ഒത്തു ചേർന്ന് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള വലിയ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഹരിതോത്സവത്തിന്റെ സമാപനം ഈ മേഖലയിൽ പുതിയൊരു അവബോധം സൃഷ്ടിച്ചു കൊണ്ടാകണം. ഇതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് സ്കൂളിനെ ഹരിതവിദ്യാലയമായി പ്രഖ്യാപിക്കുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തും.ഹരിതനിയമാവലി പരിശോധിച്ച് അവ പാലിക്കുന്നതിൽ എത്രത്തോളം വിജയം കണ്ടെത്താനായി എന്ന വിലയിരുത്തൽ കൂടുതൽ ശ്രദ്ധയോടെ ഈ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രേരിപ്പിക്കും.

### 9.4 ഹരിത സാങ്കേതിക വിദ്യാ കേന്ദ്രങ്ങൾ (ജി.ടി.സി)

കേരളത്തിൽ ഇന്ന് വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം സാധാരണക്കാരനും പാവപ്പെട്ടവനും വരെ ലഭ്യമാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ സമൂഹത്തിലെ എല്ലാത്തരം ആൾക്കാർക്കും അവരുടെ നിത്യജീവിതത്തിലും അവർ ഏർപ്പെടുന്ന വികസന പ്രവർത്തനങ്ങളിലും സാങ്കേതിക വിദ്യകളുടെ പ്രയോഗസാധ്യതകൾ ലഭ്യമാക്കുന്നതിൽ ഇനിയും പോരായ്മകൾ വളരെയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ചും, ജീവിത രീതിമെച്ചപ്പെടുന്നതിനനുസരിച്ചുംസേവനസൗകര്യങ്ങളുംഉത്പാദനമേഖലയുംമെച്ചപ്പെടണം. ഇവിടെ പരിസ്ഥിതി ആഘാതം ഉണ്ടാക്കാത്ത സാങ്കേതിക വിദ്യയുടെ പ്രയോഗം സുപ്രധാനമാണ്. ഹരിത സാങ്കേതിക വിദ്യകളുടെ ലഭ്യത ഉറപ്പാക്കാൻ ആയാൽ അത് ജനങ്ങൾക്കും പരിസ്ഥിതിക്കും ഒരേ പോലെ പ്രയോജനം ചെയ്യും. കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ ഉത്പാദനം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ എല്ലാം ഹരിത സാങ്കേതിക വിദ്യകളുടെ പ്രയോഗം ഗ്രാമങ്ങളിലും, നഗരങ്ങളിലും എത്തിക്കാൻ ആയാൽ അത് നാടിന്റെ വികസനത്തിൽ വലിയ പ്രയോജനം ചെയ്യും.

അനുയോജ്യ സാങ്കേതിക വിദ്യകൾ ദൈനംദിന ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സാധാരണ ജനങ്ങൾക്ക് വലിയ പരിമിതികളുണ്ട്. നിത്യജീവിതത്തിൽ ആവശ്യമായ സാങ്കേതിക വിദ്യകൾ ആവശ്യാനുസരണം കാര്യക്ഷമമായി ലഭിക്കുന്നില്ല എന്നതാണ് വസ്തുത. ഇത് പരിഹരിക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങളുടെ മാതൃകയിൽ സംരംഭകത്വ രീതിയിൽ ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ (ജി.ടി.സി)തുടങ്ങുന്നതിനുള്ള നിർദ്ദേശം ഹരിത കേരളം മിഷൻ പരിഗണിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന് ബാധ്യത ഉണ്ടാകാത്ത രീതിയിൽ ജി.ടി.സികൾ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുന്നതിനും അവയുടെ പ്രവർത്തന കാര്യക്ഷമത പരിശോധിച്ചുകൊണ്ട് സംരംഭകത്വ രീതിയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിനുമാണ് നിർദ്ദേശിക്കപ്പെട്ടത്. ഇതിനുള്ള സഹായം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖാന്തിരം സ്വരൂപിക്കണമെന്നും നിർദ്ദേശം ഉണ്ടായി. ഈ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ 3 ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങളുടെ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും പ്രതീക്ഷിത പ്രയോജനങ്ങളും സാമ്പത്തിക സാധ്യതകളും അവലോകനം ചെയ്യുകയുമുണ്ടായി. തുടർന്ന് വിവിധങ്ങളായ ഹരിത സാങ്കേതിക മേഖലകളിൽ പ്രാവീണ്യം സിദ്ധിച്ച 5 സർക്കാരിതര സ്ഥാപനങ്ങൾ വഴി പരീക്ഷണാടിസ്ഥാനത്തിൽ ജി.ടി.സികൾ ആരംഭിക്കുന്നതിനും അതിന് അത്യാവശ്യം വേണ്ട പരിശീലനസാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും തീരുമാനിച്ചു. കൗൺസിൽ രൂപം കൊടുക്കുന്ന സാങ്കേതിക ഉപദേശക സമിതിയുടെ നേതൃത്വത്തിൽ നിർദ്ദേശങ്ങൾ പരിശോധിച്ച് ജി.ടി.സി കൾ ആരംഭിച്ച് അതിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

# 10. പ്രവർത്തനപുരോഗതി നിരീക്ഷണം

ഹരിതകേരളം മിഷന്റെ കീഴിൽ വിഭാവനം ചെയ്യപ്പെടുന്ന ഇടപെടലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നുറപ്പാക്കുന്നതിന് പരിപാടികൾ ആരംഭിക്കുമ്പോൾത്തന്നെ സമയക്രമം നിശ്ചയിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട സമയക്രമം പരിപാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും പുരോഗതി വിലയിരുത്തുന്നതിന് ക്രമമായി യോഗങ്ങൾ വിളിക്കുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മിഷന്റെ ജില്ലാ കർമ്മ സേനയുടെ അധ്യക്ഷന്മാരായ ജില്ലാ കലക്ടർമാരോട് വീഡിയോ കോൺഫറൻസ് വഴി ബന്ധപ്പെട്ടു ഓരോ ജില്ലയുടെയും പുരോഗതി വിലയിരുത്തി വരുന്നു. ഇതിനായി ഓരോ ഉപ ദൗത്യത്തിന്റെയും കീഴിലുള്ള ഇടപെടലുകളെ വിലയിരുത്തുന്നതിന് അനുയോജ്യമായ സൂചകങ്ങൾ നിശ്ചയിച്ചു 'പിവട്ട് ടേബിൾ' രീതിയിൽ ജില്ലകളിൽ നിന്ന് വിവരങ്ങൾ ചേർക്കുന്നതിനു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട് (അനുബന്ധം- 1). ജില്ലാ കലക്ടർമാരെ ഗ്രൂപ്പിൽ ഉൾപ്പെടുത്തി വേഗത്തിൽ വിവരങ്ങൾ കൈമാറുന്നതിനാൽ വിവരശേഖരണം ക്ലിപ്തവും സമയബന്ധിതവുമായി നടത്തുന്നതിന് ഇത് സഹായിക്കും. സെപ്തംബർ മുതൽ ഇതിനകം രണ്ടുവട്ടംചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് വഴി ഓരോ ജില്ലാകലക്ടർമാരുമായി ചർച്ച ചെയ്യുകയും പുരോഗതി വിലയിരുത്തി വേണ്ട മാർഗ്ഗ നിർദേശം നൽകുകയും ചെയ്തുവരുന്നു. ചീഫ് സെക്രട്ടറിയുടെ മൂന്നാംവട്ട വിലയിരുത്തൽ ഡിസംബർ 14 മുതൽ തീരു മാനിച്ചിട്ടുണ്ട്. ജില്ലാ കലക്ടർമാർ മിഷന്റെ ജില്ലാ കോ ഓർഡിനേറ്റർമാർ വഴി വിവര ശേഖരണം നടത്തിയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടും വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് പിന്തുടരുന്നത്. ജില്ലാ കലക്ടർമാർ മിഷന്റെ ജില്ലാ കർമ്മസേനയുടെ യോഗങ്ങൾ വിളിച്ചും പുരോഗതി വിലയിരുത്തുന്നുണ്ട്. ഹരിത കേരളം മിഷൻ ഉൾപ്പെടെയുള്ള നാല് വികസനമിഷനുകളുടെ പ്രവർത്തനങ്ങൾ മുന്തിയ പ്രാധാന്യത്തോടെ ജില്ലാകളക്ടർമാർ പരിഗണിക്കുന്നതിന് ഈ നിരീക്ഷണ പ്രക്രിയ വളരെയധികം സഹായകമാകുകയുണ്ടായി.

പുരോഗതി വിലയിരുത്തുന്നതിന് വിവര സാങ്കേതിക വിദ്യ നൽകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഓരോ പ്രദേശത്തും നടത്തുന്ന പ്രവർത്തനങ്ങൾ ജിയോ ടാഗിങ്ങിലൂടെ രേഖപ്പെടുത്തി ഫോട്ടോ സഹിതം മൊബൈൽ ഫോൺ ഉപയോഗിച്ച് അയക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയാൽ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴി പുരോഗതി വിലയിരുത്തുന്നതിന് സാധിക്കും. ഓരോ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിച്ചു വരുന്നു എന്നുറപ്പാക്കുന്നതിനും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ദൂരീകരിക്കുന്നതിനും ക്രമമായ വിലയിരുത്തലിലൂടെ സാധിക്കും.

## FORMAT FOR REPORTING PROGRESS
### ജല ഉപദൗത്യം
### Progress Report of schemes under Haritha Keralam Mission (Water Submission)

| District | Well Re-charging | | | | Well construction/ renovation | | | | Public&Private Ponds, Quarry Construction/ renovation | | | | Stream/Canals construction/renovation | | | | Mazhakuzhi | | | | Block master plans | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Gross Target (Nos) | Monthly target (Col. D/18 months)-No | Achieve-ment | Percentage | Gross Target (Nos) | Monthly target (Co. D/16 months) | Achieve-ment (upto June 2017 ) | Percentage | Gross Target (Nos) | Monthly target (Col. D/18 months)-No | Achieve-ment (upto June 2017 ) | Percentage | Target KM | Monthly target (Co. D/12 months) | Achieve-ment (upto June 2017 ) | Percentage | Target No. | Monthly target (Col. D/18 months)-No | Achieve-ment | Percentage | Target No. | Achieve ment | Percentage |
| Thiruva-nantha-puram | | | | | | | | | | | | | | | | | | | | | | | |
| Kollam | | | | | | | | | | | | | | | | | | | | | | | |
| Pathana-mthitta | | | | | | | | | | | | | | | | | | | | | | | |
| Alappuzha | | | | | | | | | | | | | | | | | | | | | | | |
| Kottayam | | | | | | | | | | | | | | | | | | | | | | | |
| Idukki | | | | | | | | | | | | | | | | | | | | | | | |
| Ernakulam | | | | | | | | | | | | | | | | | | | | | | | |
| Thrissur | | | | | | | | | | | | | | | | | | | | | | | |
| Palakkad | | | | | | | | | | | | | | | | | | | | | | | |
| Malap-puram | | | | | | | | | | | | | | | | | | | | | | | |
| Kozhik-kode | | | | | | | | | | | | | | | | | | | | | | | |
| Wayanad | | | | | | | | | | | | | | | | | | | | | | | |
| Kannur | | | | | | | | | | | | | | | | | | | | | | | |
| Kasaragod | | | | | | | | | | | | | | | | | | | | | | | |

## ശുചിത്വ പരിപാലന ഉപദൗത്യം
## sanitation & waste management submission

| District | Formation of Haritha Karma Sena | | | | Enlisting Haritha sahaya sthapanam | | | | Material Collection Facility | | | | Resource Recovery Facility | | | | Source level bio-waste management facility | | | | Decentralised common bio-waste manage-ment facility | | | | centralised common waste management facility | | | | centralized septage treatment plants | | | | centralized landfill facility | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress | Gross Target (Nos) | Monthly target No. | Ac hievement | Percentage progress |
| Thiruvananthapuram | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Kollam | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Patha nam thitta | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Alappuzha | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Kottayam | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Idukki | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Ernak ulam | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Thrissur | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Pala kkad | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Malappuram | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Kozh ikkode | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Way anad | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Kannur | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| Kasa ragod | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |

## കൃഷി വികസന ഉപദൗത്യം
## sanitation & waste management submission

| District | Expansion of paddy cultivation | | | | Expansion of veg-etable cultivation | | | | Integrated farming units sponsored | | | | Fallow land cultivation | | | | Area under mechanized paddy | | | Agro parks | | | Karshika karma sena | | | Co-operative facilities for procure-ment & marketing of local agricul-tural produces | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Existing paddy area 2014 - 15 (Ha) | Target (Ha) | Achievement | Percentage progress | Number of HH (No) | Target Unit | Achievement | Percentage progress | No. of GPs | Target No | Ac hievement | Percentage progress | Target area (Ha) | Monthly target No. | Achievement | Percentage progress | Target (Ha) | Achievement | Percentage progress | Target No. | Achievement | Percentage progress | Target No. | Achievement | Percentage progress | Target No. | Achievement | Percentage progress |
| Thiruvananthapuram | | | | | | | | | | | | | | | | | | | | | | | | | | | | |
| Kollam | | | | | | | | | | | | | | | | | | | | | | | | | | | | |
| Patha nam thitta | | | | | | | | | | | | | | | | | | | | | | | | | | | | |
| Alappuzha | | | | | | | | | | | | | | | | | | | | | | | | | | | | |
| Kottayam | | | | | | | | | | | | | | | | | | | | | | | | | | | | |
| Idukki | | | | | | | | | | | | | | | | | | | | | | | | | | | | |
| Ernak ulam | | | | | | | | | | | | | | | | | | | | | | | | | | | | |
| Thrissur | | | | | | | | | | | | | | | | | | | | | | | | | | | | |
| Pala kkad | | | | | | | | | | | | | | | | | | | | | | | | | | | | |
| Malappuram | | | | | | | | | | | | | | | | | | | | | | | | | | | | |
| Kozh ikkode | | | | | | | | | | | | | | | | | | | | | | | | | | | | |
| Way anad | | | | | | | | | | | | | | | | | | | | | | | | | | | | |
| Kannur | | | | | | | | | | | | | | | | | | | | | | | | | | | | |
| Kasa ragod | | | | | | | | | | | | | | | | | | | | | | | | | | | | |

# 11. ഹരിതസംഗമം 2017

ഹരിതകേരളം മിഷൻ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ഹരിതസംഗമം 2017 ഡിസംബർ 14 ന് സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻമാരേയും ജനപ്രതിനിധികളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള സമ്മേളനവും, ഭാവി പരിപ്രേക്ഷ്യം നിർണ്ണയിക്കുന്നതിന് മൂന്നു ഉപ ദൗത്യങ്ങളുമായി ബന്ധപ്പെട്ട മൂന്ന് ശിൽപ്പശാലകളും സംഘടിപ്പിച്ചു. തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന 'ഹരിതസംഗമം-2017' ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.




*ഹരിതസംഗമം 2017 മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.*

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ നവകേരളം കർമ്മ പദ്ധതി നടപ്പിലാക്കിവരുന്നത് എന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. ഈ കർമ്മ പദ്ധതിയിലെ പ്രധാനപ്പെട്ട ഒരു ദൗത്യമാണ് ഹരിതകേരളം മിഷൻ എന്നും നമ്മുടെ സവിശേഷതകളായിരുന്ന പരിസര ശുചിത്വവും ജലസമൃദ്ധിയും വീണ്ടെടുക്കുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രധാനപ്പെട്ട ചില ചുവടുവയ്പ്പുകൾ നടത്തുന്നതിന് മിഷന് സാധിച്ചിട്ടുണ്ട് എന്നും മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു. സമഗ്രമായ മാലിന്യ സംസ്കരണം, ജൈവകൃഷിയും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുക, കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വനസമ്പത്തും ജല




സമ്പത്തും സംരക്ഷിക്കുവാനും വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിയുക തുടങ്ങിയ ഇന്നത്തെ കേരള സമൂഹത്തിന്റെ അടിയന്തര ആവശ്യങ്ങൾ കേവലം ഒരു സർക്കാർ പദ്ധതി എന്ന നിലയില്ല മറിച്ച് വികസന വകുപ്പുകളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ, ജനങ്ങളുടെ പങ്കാളിത്തത്തോടെ നാടിന്റെ പരിസ്ഥിതി സുരക്ഷ വീണ്ടെടുക്കുക എന്ന രീതിയിലാണ് ഹരിതകേരളം മിഷൻ അവലംബിച്ചിട്ടുള്ള പ്രവർത്തന രീതി എന്ന് ബഹു. മുഖ്യമന്ത്രി പറയുകയുണ്ടായി.

ജൈവ മാലിന്യങ്ങളെ പരമാവധി സ്രോതസ്സിൽ തന്നെ ഏറ്റവും അനുയോജ്യമായ സാങ്കേതിക രീതി ഉപയോഗിച്ച് സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങളെ കേന്ദ്രീകൃത സംഭരണ കേന്ദ്രത്തിലെത്തിച്ച് പുനരുപയോഗത്തിനോ, പുനചംക്രമണത്തിനോ വിധേയമാക്കുന്ന രീതിയുമാണ് അവലംബിക്കുന്നത്. ഇതോടൊപ്പം വലിയ നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും വേണ്ടതുണ്ട്. ഈ രീതിയിലുള്ള സമീപനമാണ് മാലിന്യസംസ്കരണ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം. ഇതിന്റെ അടിസ്ഥാനത്തിൽ 300 ൽ അധികം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള പദ്ധതികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വലിയ ജനപങ്കാളിത്തത്തോടെ നടത്തിയ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന വിപുലമായ ക്യാമ്പയിനിന്റെ തുടർച്ച എന്നോണമാണ് ഈ പദ്ധതികൾ രൂപപ്പെട്ടത്. അടുത്ത 2-3 മാസത്തിനകം ഈ പദ്ധതികൾ മിക്കവയും പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. മിഷൻ നടത്തിയ പ്രചാരണ പ്രവർത്തനങ്ങളുടെ ഫലമായി മെച്ചപ്പെട്ട ശുചിത്വ ശീലത്തിലേക്ക് കേരളസമൂഹം മാറുന്നു എന്ന പ്രതീതി ഉണ്ടാക്കുന്നതിനുമായിട്ടുണ്ട് എന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ വർഷം അനുഭവപ്പെട്ട ജലക്ഷാമം തുടർന്നും വരാതിരിക്കുന്നതിനുള്ള പരിശ്രമം അത്യന്താപേക്ഷിതമാണെന്ന് കേരള സമൂഹം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. അതിന്റെ ഫലമായി ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട് എന്നാണ് മനസിലാക്കുന്നത്.

സംസ്ഥാനത്തെ നിരവധിയായ പരമ്പരാഗത ജലസ്രോതസ്സുകൾ പുനരുജ്ജീവിക്കപ്പെട്ടു. ആദ്യഘട്ടത്തിൽ കുളങ്ങൾ, കനാലുകൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ 15000 ലധികം കിണറുകൾ നിർമ്മിക്കുകയും 5000 ത്തിലധികം പൊതുകിണറുകൾ പുനരുജ്ജീവിപ്പിക്കുകയും 10000 ത്തോളം കുളങ്ങൾ വൃത്തിയാക്കുകയും 3200 കി.മീ തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 1500 കി.മീ കനാലുകൾ വൃത്തിയാക്കുകയുമുണ്ടായി. നാട്ടുകാരുടെ സന്നദ്ധപ്രവർത്തനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതി പ്രവർത്തനത്തിലൂടെയുമാണ് ഈ മുന്നേറ്റം പ്രധാനമായും സാധ്യമായത്. നദികളുടെയും ഉപനദികളുടേയും പുനരുജ്ജീവനം രണ്ടാം ഘട്ടത്തിലാണ് ലക്ഷ്യമിട്ടത്. എങ്കിലും ജല സുരക്ഷാ പ്രശ്നങ്ങൾ നേരിടുന്ന അനേകം പ്രദേശങ്ങളിൽ പ്രാദേശിക ജനസമൂഹം ഉപനദികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ഹരിതകേരളം സംവിധാനത്തിനു കീഴിൽ സ്വമേധയാ അണിചേരുന്നതായാണ്

കേരളം കണ്ടത്. ഇക്കാര്യത്തിൽ വരട്ടാർ ഒരു ഉത്തമ മാതൃകയാണ്. പ്രദേശവാസികൾ സ്വരൂപിച്ച സാമ്പത്തിക സഹായമാണ് പ്രധാനമായും ഈ പുനരുജ്ജീവന പ്രവർത്തനങ്ങൾ സാധ്യമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയും പ്രയോജനപ്പെടുത്താനായി. പരിസ്ഥിതി സംരക്ഷണത്തിൽ ജനങ്ങൾക്കുള്ള താല്പര്യമാണ് ഇവിടെ കാണാൻ സാധിച്ചത്. കിണർ റീ-ചാർജ്ജിംഗും ജലസംഭരണവും വ്യക്തികളുടെ ഉത്തരവാദിത്തം എന്ന രീതിയിൽ സമൂഹം കണ്ടുതുടങ്ങിയിക്കുന്നു. ഈ മാറ്റം പ്രയോജനപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ജലസംരക്ഷണം പരമാവധി വർദ്ധിപ്പിക്കുന്നതിന് വരും വർഷങ്ങളിൽ നമുക്കാവണം. ഇതോടൊപ്പം നമുക്ക് ലഭ്യമയ ജലം ശുദ്ധമായി സംരക്ഷിക്കുകയും നിയന്ത്രിതമായി വിനിയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. ഓരോ പൗരനും പ്രത്യേകം ശ്രദ്ധിച്ചാൽ മാത്രമേ ഇത് കൈവരിക്കാനാകുകയുള്ളൂ.

കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതി 2 ലക്ഷം ഹെക്ടറിനു താഴെയാണ്. പച്ചക്കറി ഉത്പാദനത്തിൽ കുറെയൊക്കെ മുൻപോട്ടു പോകാനായെങ്കിലും ഇനിയും കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്താനാകുന്ന അവസ്ഥയുണ്ട്. ലഭ്യമായ പച്ചക്കറി ഭക്ഷ്യയോഗ്യമായിരിക്കുകയും വേണം. ഈ സാഹചര്യത്തിൽ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം സാധ്യമാക്കി സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം കൃഷി ഉപമിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് 80 ലക്ഷത്തിലധികം വിത്തുകളോ തൈകളോ വിതരണം ചെയ്യുകയുണ്ടായി. ഏതാണ്ട് 450 ൽ അധികം ഹെക്ടർ തരിശുനിലങ്ങളിലും 650 ഹെക്ടർ കർഷക ക്ലസ്റ്ററുകളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി. സ്കൂളുകളിലും സ്ഥാപനങ്ങളിലും വീടുകളിലും പറ്റാവുന്ന സ്ഥലത്തൊക്കെ പച്ചക്കറി കൃഷിയാകാം എന്ന തോന്നൽ വർദ്ധിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഫാർമിംഗ് പ്രവർത്തനങ്ങളിലൂടെ 77000 ൽ അധികം ഹെക്ടറിൽ സുസ്ഥിര നെൽകൃഷി വികസനം തുടരുകയാണ്. 8900 ഹെക്ടർ തരിശുനിലങ്ങളിലും പുതുതായി നെൽകൃഷിയിറക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഏതാണ്ട് 86 ലക്ഷത്തിലധികം വൃക്ഷത്തൈകളാണ് നടുന്നതിനായത്. വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഇതിൽ 50 ശതമാനത്തിലധികം തൈകളെങ്കിലും നശിക്കാതെ സംരക്ഷിക്കപ്പെടുന്നുണ്ടെന്നാണ് ഏകദേശ ധാരണയുണ്ടായിട്ടുള്ളത്. വരും വർഷം 2 കോടി വൃക്ഷത്തൈകൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പച്ചപ്പിന്റെ സമൃദ്ധി തിരിച്ചെടുക്കാൻ കൈകോർക്കുകയാണ് കേരളം. ആദ്യവർഷ പ്രവർത്തനമെന്ന നിലയിൽ കുറെയധികം കാര്യങ്ങൾ ചെയ്യുന്നതിന് തുടക്കമിട്ടിട്ടുണ്ട്. കേരളത്തിലങ്ങോളമിങ്ങോളം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രതീക്ഷാ നിർഭരമായ ചലനങ്ങൾ സൃഷ്ടിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞു എന്നത് നല്ല തുടക്കമായി സർക്കാർ കാണുന്നു. എന്നാൽ ഇവയെ സുസ്ഥിരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളുമായി മാറ്റേണ്ടതുണ്ട്. മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവകൃഷി വികസനം എന്നീ പ്രവർത്തനങ്ങളിൽ ഓരോ പ്രദേശത്തിനും ഉചിതമായ ഇടപെടൽ രീതികൾ വികസിപ്പിക്കുവാനും നടപ്പിലാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഇതിന് ആവശ്യമായ സാങ്കേതിക പിന്തുണ ഹരിതകേരളം മിഷനും അനുബന്ധ വകുപ്പുകളും നൽകും. ജനങ്ങൾക്ക് ഈ മേഖലയിൽ ആവേശമുണ്ടാകും വിധം പ്രചരണങ്ങളും പ്രവർത്തനങ്ങളുമുണ്ടാകണം. തദ്ദേശഭരണ സ്ഥാപനങ്ങൾ താല്പര്യപൂർവ്വം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്. അവർക്ക് പൂർണമായ പിന്തുണ നൽകും വിധം വിവിധ വകുപ്പുകളും ഉദ്യോഗസ്ഥരും ഹരിതകേരളം മിഷന്റെ ബാനറിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടാകണം. കൈവരിക്കാനുള്ള ലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ട് ശാസ്ത്രീയവും ഭാവനാപൂർണ്ണവുമായ കാഴ്ചപ്പാടോടെ സംസ്ഥാനത്തിന്റെ ജലസുരക്ഷ, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സുരക്ഷ ഇവ നേടിയെടുക്കുക എന്ന വലിയ വെല്ലുവിളി നാം ഏറ്റെടുക്കണം. നമ്മളെല്ലാം ഒരുമിച്ച് വിചാരിച്ചാൽ കേരളത്തിന്റെ വൃത്തി, വെള്ളം, വിളവ് ഇവ തിരിച്ചുകൊണ്ടുവരുന്നതിന് നമുക്ക് കഴിയും. ഈ വെല്ലുവിളി കൂടുതൽ ശുഷ്കാന്തിയോടെ നാം ഏറ്റെടുക്കണം. വരും വർഷത്തെ പ്രവർത്തനത്തിൽ അത് പ്രതിഫലിപ്പിക്കണം എന്നും ബഹു. മുഖ്യമന്ത്രി ഉത്ബോധിപ്പിച്ചു.

ബഹു. സഹകരണം-ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ, ശ്രീമതി. കെ.കെ. ഷൈലജടീച്ചർ, ബഹു. ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു ടി തോമസ് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ, ബഹു. തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത്, ബഹു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ.

മധു, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ആർ. സുഭാഷ്, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ ചെയർമാൻ, ശ്രീ. വി.വി. രമേശൻ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി, ഡോ. ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്, ഡോ. എ. സമ്പത്ത് എം.പി. ശ്രീ. സി.പി. നാരായണൻ എം.പി., കോഴിക്കോട് മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എന്നിവർ പ്രഭാഷകരായി പങ്കെടുത്തു. യോഗത്തിൽവച്ച് കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലസമൃദ്ധി പദ്ധതിയുടെ സി.ഡി. പ്രകാശനം ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ഹരിതകേരളം മിഷൻ ഗാനങ്ങളുടെ സി.ഡി. പ്രകാശനം ബഹു. കൃഷിവകുപ്പ് മന്ത്രിയും നിർവ്വഹിച്ചു. ഹരിതകേരളം ഓൺലൈൻ വാർത്താപത്രികയുടെ പ്രകാശനം ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ശുചിത്വമാതൃക കളുടെ സമാഹാര പുസ്തക പ്രകാശനവും ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാശനവും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും നിർവ്വഹിച്ചു. ഹരിതകേരളം മിഷൻ ഒന്നാം വാർഷികത്തിന്റെ ഭാഗമായി നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിൽ വിജയികളായവർക്ക് ബഹു. കൃഷി മന്ത്രി അവാർഡുകൾ വിതരണം ചെയ്തു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ സ്വാഗതം ആശംസിച്ചു. ഹരിത കേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ. ആർ. അജയകുമാർ വർമ്മ ഭാവിപരിപ്രേക്ഷ്യം അവ തരിപ്പിച്ചു. ആസൂത്രണ സാമ്പത്തികകാര്യ സി.പി.എം.യു വകുപ്പ് ഡയറക്ടർ ശ്രീമതി ബണ്ഡാരി സ്വാഗത് റൺവീർചന്ദ് ഐ.എ.എസ്. യോഗത്തിന് നന്ദി രേഖപ്പെടുത്തി.

## 11.1 ഭാവി പരിപ്രേക്ഷ്യ ശിൽപ്പശാലകൾ

### 1. സുജലം സുഫലം ഉപദൗത്യം

ഹരിതസംഗമം-2017 ന്റെ പൊതു സമ്മേളനത്തെ തുടർന്ന് അന്നേ ദിവസം ഉച്ചയ്ക്കുശേഷം മൂന്ന് ഉപദൗത്യങ്ങളുമായി ബന്ധപ്പെട്ട സമാന്തര ശിൽപ്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. ഓരോ ശിൽപ്പശാലയുടേയും വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

കൃഷിഉപദൗത്യമായ 'സുജലം-സുഫലം' ത്തിന്റെ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 'ഹരിത കേരളവും സമഗ്ര കാർഷിക വികസനവും', 'മണ്ണ് സംരക്ഷണം-ഫലപ്രദമായ ഇടപെടലുകളും വികസന മാതൃകകളും'' എന്നീ രണ്ട് വിഷയങ്ങളെ ആസ്പദമാക്കിയുള്ള ശിൽപ്പ ശാലകൾ പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ സംഘടിപ്പിച്ചു.

കാർഷികോല്പാദന കമ്മീഷണർ ശ്രീ. ടിക്കാറാം മീണ ഐ.എ.എസ്. സെമിനാറിൽ അദ്ധ്യക്ഷത വഹിച്ചു. ബഹു. കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ടിക്കാറാം മീണ ഐ.എ.എസ്. ഹരിത കേരളം മിഷന്റെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ട ആവശ്യകതയെപ്പറ്റി ഊന്നൽ നൽകി. ബഹു. കൃഷിമന്ത്രി




*ഹരിതസംഗമം 2017 നോടനുബന്ധിച്ച് നടന്ന കാർഷിക ശിൽപ്പശാല കൃഷിമന്ത്രി വി.എസ്.സുനിൽകുമാർഉദ്ഘാടനം ചെയ്യുന്നു*

തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഹരിത കേരളം മിഷന്റെ വിജയകരമായ ഫലപ്രാപ്തിക്ക് വിവിധ വകുപ്പുകളുടെ ഏകോപനം പ്രധാനപ്പെട്ട ഘടകമാണെന്ന് എടുത്തു പറഞ്ഞു. കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി കൃഷിവകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടേയും പ്രവർത്തന ദിശയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു എന്ന് അദ്ദേഹം അറിയിച്ചു. ഇതിനായി 'ഫയലിൽനിന്നും ഫീൽഡിലേക്ക്' എന്ന രീതിയിൽ വകുപ്പിന്റേയും 'ലാബിൽനിന്ന് ലാൻഡിലേക്ക്' എന്ന തരത്തിൽ കാർഷിക സർവ്വകലാശാല യുടേയും പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതാണെന്നും അറിയിച്ചു. കൃഷിക്കാർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഹരിത കേരള മിഷനും കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കണമെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന് കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. എസ്. ജനാർദ്ദനൻ,. കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജിജു പി. അലക്സ്, എന്നിവർ വിഷയാവതരണം നടത്തി. തുടർന്ന് ശ്രീ. കെ. കൃഷ്ണൻകുട്ടി എം.എൽ.എ., ശ്രീ. ആർ. ഹേലി (റിട്ട. കൃഷി ഡയറക്ടർ), ശ്രീമതി ജഗദമ്മ ടീച്ചർ (പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്), ഡോ. പി. രാജശേഖരൻ (ചെയർമാൻ കാർഷിക വില നിർണ്ണയ ബോർഡ്), ഡോ. സി. ഭാസ്ക്കരൻ റിട്ട. പ്രൊഫസർ കേരള കാർഷിക സർവ്വകലാശാല, ശ്രീ. എം. മുഹമ്മദ് സലിം (ചെയർമാൻ, പെരിന്തൽമണ്ണ) എന്നിവർ പ്രതികരിച്ച് സംസാരിച്ചു. തുടർന്ന് 'മണ്ണുസംരക്ഷണം ഫലപ്രദമായ ഇടപെടലുകളും വികസന മാതൃകകളും' എന്ന വിഷയത്തിൽ മണ്ണുസംരക്ഷണ-മണ്ണുപര്യവേക്ഷണ വകുപ്പ് ഡയറക്ടർ ശ്രീ. ജസ്റ്റിൻ മോഹൻ - ഐ.എഫ്.എസ്., വിഷയം അവതരിപ്പിച്ചു. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അദ്ധ്യക്ഷയായിരുന്നു. തുടർന്ന് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി (കാർഷിക സർവ്വകലാശാല), എ.എം. സുനിൽ കുമാർ, ഡോ. ജയകുമാരൻ (കൃഷിവകുപ്പ്), ശ്രീ. എസ്. പ്രേമ (കാർഷിക സർവ്വകലാശാല) എന്നിവർ പ്രതികരിച്ചു. വൈകുന്നേരം 5.30 ന് സമാപിച്ച സെമിനാറിന് കൃഷിവകുപ്പ് അസി. ഡയറക്ടർമാരായ ശ്രീ. സജി ജോൺ സ്വാഗതവും, ശ്രീ. ബി. ഹരികുമാർ നന്ദിയും പറഞ്ഞു.

നെൽകൃഷി വികസന രംഗത്ത് ഹരിതകേരളം മിഷന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിക്കുന്നതിനും യന്ത്രവൽക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നതിനും സാധിക്കണമെന്നും, ജലസേചന സൗകര്യങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് ജലസേചന വകുപ്പുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പാക്കണമെന്നും ശിൽപ്പശാല അഭിപ്രായപ്പെട്ടു. പച്ചക്കറി കൃഷിയിൽ കഴിഞ്ഞ ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് വലിയൊരളവിൽ ഒഴിവാക്കാൻ സാധിച്ചു എന്നും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ കൃഷിക്ക് അനുയോജ്യമായ എല്ലാ സ്ഥലത്തും സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളെയും വിദ്യാർത്ഥികളെയും സന്നദ്ധസംഘടനകളെയും പങ്കെടുപ്പിച്ച് ഈ വർഷവും വ്യാപകമായ ക്യാമ്പയിൻ സുരക്ഷിത പച്ചക്കറി ഉല്പാദനത്തിൽ പരമാവധി സ്വയം പര്യാപ്തത നേടാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും ശിൽപ്പശാലയിൽ അഭിപ്രായസമന്വയം ഉണ്ടായി. കൂടാതെ നാടൻ പഴങ്ങളുടെ സംരക്ഷണവും വ്യാപനവും പ്രധാനമാണെന്നും കഴിക്കുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും അളവ് ശരാശരിയിൽ താഴെയായതിനാൽ സുരക്ഷിത ഭക്ഷണശീലം വളർത്തിയെടുക്കുന്നതിനുള്ള ക്യാമ്പയിൽ ഉണ്ടാകണമെന്നും ശിൽപ്പശാല അഭിപ്രായപ്പെട്ടു. കേരളത്തിൽ കൃഷി ചെയ്തിരുന്ന ചെറു ധാന്യങ്ങളുടെ കൃഷി പുനരുജ്ജീവനത്തിനുള്ള നടപടികളും ഉണ്ടാകണമെന്ന അഭിപ്രായത്തോട് എല്ലാവരും യോജിപ്പ് പ്രകടിപ്പിച്ചു.

**2 ജലസംരക്ഷണ ഉപദൗത്യം**

ജല സംരക്ഷണവുമായി ബന്ധപ്പെട്ടു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാല മൂന്നു തലങ്ങളിലായാണ് സംഘടിപ്പിച്ചത്.

1. ജല സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളും ഭാവി പരിപാടികളും.
2. അനുഭവ പാഠങ്ങളും വിജയ കഥകളും.
3. വിദഗ്ധ പ്രതികരണങ്ങളും നിർദ്ദേശങ്ങളും

ശില്പശാല ബഹു. തുറമുഖ-മ്യൂസിയം വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ജല-വിഭവ സെക്രട്ടറി ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ്. അദ്ധ്യക്ഷയായിരുന്നു. ഹരിത കേരളം മിഷനിൽ ജല-വിഭവ വകുപ്പ് നടത്തേണ്ട ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ

ആവശ്യകതയെപ്പറ്റി ജല വിഭവവകുപ്പ് സെക്രട്ടറി പ്രത്യേകമായി പരാമർശിച്ചു. ബഹു മന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ കാലാവസ്ഥാ വ്യതിയാനം ജലമേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിന് ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടതുണ്ടെന്നു നിർദ്ദേശിച്ചു. കണ്ണൂർ ജില്ലയിലെ കാനാമ്പുഴ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മാതൃകയാക്കാവുന്ന പ്രവർത്തനമായി ബഹു. മന്ത്രി ചൂണ്ടിക്കാട്ടി. ജലമേഖലയിൽ കഴിഞ്ഞവർഷം നടത്തിയ പ്രവർ ത്തനങ്ങളെപ്പറ്റി ജല ഉപദൗത്യത്തിന്റെ കർമ്മസേനാ കൺവീനർ കൂടിയായ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. കെ.എം. ജോഷി ആമുഖ അവതരണത്തിലൂടെ വിശദീകരിച്ചു. ഹരിതകേരളം മി ഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശീലന പരിപാടികളെക്കുറിച്ചും കഴിഞ്ഞവർഷം മണ്ണു സംരക്ഷണം, എം.ജി.എൻ.ആർ.ഇ.ജി.എസ്., ഭൂജലവകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾ വിശദീകരിച്ചു. മിഷന്റെ ഭാഗമായി നടത്തുന്ന ഇടപെടലുകളുടെ പ്രതീ ക്ഷിതഫലം മുൻകൂട്ടി നിശ്ചയിച്ചു. പ്രവർത്തനങ്ങളിൽ ഇടപെടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. ഭൂവിനിയോഗ കമ്മീഷണർ ശ്രീ. എ. നിസാമുദ്ദീന്റെ വിഷയാവതരണത്തിൽ നീർത്തടാധിഷ്ഠിത പ്ലാനിംഗിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. ഒരു നീർത്തടത്തിന്റെ ചരിവ്, മണ്ണിന്റെ ഘടന, ഭൂവിനി യോഗ സ്ഥിതി എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയാൽ ലഭിക്കാവുന്ന ഗുണഫലങ്ങൾ അദ്ദേഹം വിശദീകരിച്ചു. ജല ഉപയോഗത്തിലെ കാര്യക്ഷമത അടിസ്ഥാനമാക്കി ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുധീർ പടിക്കൽ വിഷയാവതരണം നടത്തി. ലഭ്യമായ ജലത്തിന്റെ അളവ്, ജല ഉപയോഗം എന്നിവയിലെ വ്യത്യാസം നികത്തുന്നതി നുള്ള പ്രവർത്തന പരിപാടി അദ്ദേഹം അവതരിപ്പിച്ചു. അനുഭവ പാഠങ്ങളും വിജയകഥകളുമായി എം.എൽ.എമാരായ ശ്രീ. ഐ.ബി. സതീഷ്, ശ്രീ. ഇ.റ്റി. ടൈസൺ മാസ്റ്റർ എന്നിവരോടൊപ്പം അഡ്വ. അനിൽകുമാർ, ശ്രീ. എൻ. ചന്ദ്രൻ, ശ്രീ. വി. ഹരിലാൽ, ശ്രീ. തിലകൻ തുടങ്ങിയവരും വിഷയങ്ങൾ അവതരിപ്പിച്ചു.



ഹരിതസംഗമം 2017 നോടനുബന്ധിച്ച് നടന്ന ജലസംരക്ഷണം ജലസമൃദ്ധി ശിൽപ്പശാല മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഹരിത കേരളം മിഷനുമായി ചേർന്ന് നടത്തിയ പ്രവർ ത്തനങ്ങളാണ് ശ്രീ. ഐ.ബി. സതീഷ് എം.എൽ.എ. യും ശ്രീ. വി. ഹരിലാലും അവതരിപ്പിച്ചത്. കാട്ടാക്കട മണ്ഡലത്തിൽ നേരിട്ട കുടിവെള്ള ക്ഷാമത്തെ തുടർന്ന് ആരംഭിച്ച 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധ കാട്ടാക്കട' എന്നു നാമകരണം ചെയ്ത പ്രവർത്തന പരിപാടികളുടെ തുടക്കം ശ്രീ. ഐ.ബി. സതീഷ് വിശദീകരിച്ചു. ഇതിന് ലഭ്യമായ വലിയ ജന പങ്കാളിത്തവും വകുപ്പുകളുടെ സഹകരണവും അദ്ദേഹം പ്രത്യേകം പ്രതിപാദിച്ചു. ഇതിന്റെ ആദ്യഘട്ടം മുതൽ നടത്തിയ ചിട്ടയായ പ്രവർത്തനങ്ങൾ ശ്രീ. വി. ഹരിലാൽ വിശദീകരിച്ചു. മാലിന്യം നിറഞ്ഞു കിടന്നിരുന്ന തൃശൂർ ജില്ലയിലെ 15 കി.മീ. നീളമുള്ള പെരുംതോട് ശുചിയാക്കിയതിനെപ്പറ്റി ശ്രീ. ടൈസൺ മാസ്റ്റർ എം.എൽ.എ. വിശദീകരിച്ചു. തോടി ന്റെ നവീകരണത്തിനായി തയ്യാറാക്കിയ പഠന റിപ്പോർട്ടും തുടർന്നുള്ള പ്രവർത്തനങ്ങളും അദ്ദേഹം വിശദീകരിച്ചു. ആദിപമ്പ-വരട്ടാർ പുനരുജ്ജീവനം കേരളം മുഴുവൻ ഉറ്റുനോക്കുന്ന പ്രവർത്തന മായി മാറിയതിനെപ്പറ്റി ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. തിലകൻ വിവരിച്ചു.

പ്രദേശത്തെ ജനങ്ങളുടെ ശ്രമഫലമായാണ് പമ്പാനദിയുടെ കൈവഴികളായ ആദിപമ്പ-വരട്ടാർ പുനരുജ്ജീവിച്ചത്. ഇനി തുടർന്നുള്ള പ്രവർത്തനങ്ങളിൽ സർക്കാർ സഹായം ആവശ്യമുണ്ട്. തുടർന്ന് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റിയും അദ്ദേഹം വിശദീകരിച്ചു. കണ്ണൂർ ജില്ലയിലെ കാനാമ്പുഴ അതിജീവന പദ്ധതി ഏറ്റെടുത്തതിനെപ്പറ്റി ശ്രീ. എൻ. ചന്ദ്രൻ വിശദീകരിച്ചു. കേരളത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ ആദ്യ ജലസംരക്ഷണ പ്രവൃത്തിയാണ് കാനാമ്പുഴ പദ്ധതി. ഇനി തുടർ പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറായി വരുന്നതായും അദ്ദേഹം അറിയിച്ചു.

വിദഗ്ദ്ധ പ്രതികരണത്തിൽ കേന്ദ്ര ഭൂജല ബോർഡിന്റെ ഡയറക്ടർ ശ്രീ. കുഞ്ഞമ്പു ഭൂജല പരിപോഷണത്തിന്റെ സാധ്യതകൾ വിശദീകരിച്ചു. നദികളും അരുവികളും പുനരുജ്ജീവിപ്പിക്കുന്നതിനും അവയിൽ ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ഭൂജല പരിപോഷണം അത്യാവശ്യമാണ്. ജലസംരക്ഷണത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ജല സംഭരണത്തിന്റെ പ്രായോഗിക മാർഗ്ഗങ്ങൾ അവരിൽ എത്തിക്കുകയും വേണം. കേരള സർക്കാരിന്റെ ഹരിതകേരളം മിഷൻ ലോകത്തിനുതന്നെ മാതൃകയാകും എന്നും അദ്ദേഹം പ്രസ്താവിച്ചു. ജലസേചന വകുപ്പ് മുൻ ചീഫ് എഞ്ചിനീയർ ശ്രീ. ജോൺ സാമുവേലിന്റെ പ്രതികരണത്തിൽ ജല ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ അനിവാര്യമാണെന്ന് ഓർമ്മിപ്പിച്ചു. കൂടാതെ ജലസേചന വകുപ്പിൽ ഇതിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയുമെന്നും നിർദ്ദേശിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കു പുറമേ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങി 200-ൽ അധികം ആളുകൾ സെമിനാറിൽ പങ്കെടുത്തു.

### 3 ശുചിത്വം-മാലിന്യസംസ്കരണം ഉപദൗത്യം

ശുചിത്വ മാലിന്യ നിർമ്മാർജ്ജനം എന്ന വിഷയത്തിൽ സാങ്കേതിക ശില്പശാല തിരുവനന്തപുരത്തെ ജിമ്മി ജോർജ്ജ് സ്റ്റേഡിയത്തിൽ നടന്നു. ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ. സി.വി. ജോയിയുടെ സ്വാഗത പ്രസംഗത്തെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. എ. അജിത്കുമാർ ഐ.എ.എസ് അദ്ധ്യക്ഷ പ്രസംഗം നടത്തി. വരുന്ന മൂന്നു വർഷക്കാലം കൊണ്ട് സംസ്ഥാനത്ത് സുരക്ഷിതമായ മാലിന്യ സംസ്കരണ പ്രവർത്തനം ബഹുജന പങ്കാളിത്തത്തോടെ ശാസ്ത്രീയമായി നടപ്പിലാക്കി സീറോ വേസ്റ്റ് സംസ്ഥാനമാക്കി മാറ്റുകയെന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ഇതിനായി എല്ലാ ഗ്രാമ പഞ്ചായത്ത്, നഗരസഭകളിലും ഹരിതകർമ്മസേന, ക്ലസ്റ്ററടിസ്ഥാനത്തിൽ ഹരിതസഹായ സ്ഥാപനം എന്നിവ സംഘടിപ്പിച്ചു വരുകയാണ്. അഴുകുന്ന മാലിന്യം വീടുകൾ, സ്ഥാപനങ്ങൾ സാമൂഹിക തലങ്ങളിൽ സംസ്കരണം നടത്തുന്നതിനും അഴുകാത്ത മാലിന്യം ശേഖരിച്ച് വെക്കുന്നതിനും, കൈമാറുന്നതിനുമായി എം.സി.എഫ്, ആർ.ആർ.എഫ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്. കൂടാതെ ഗ്രീൻപ്രോട്ടോകോൾ എല്ലാ




*ഹരിതസംഗമം 2017 നോടനുബന്ധിച്ച് നടന്ന ശുചിത്വം-മാലിന്യസംസ്കരണം ശിൽപ്പശാലയിൽ നിന്ന്*

സ്ഥാപനങ്ങളിലും, പൊതു ചടങ്ങുകളിലും പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇതിനോടൊപ്പം സ്വാപ്പ് ഷോപ്പുകളും, റിപ്പയർ ഷോപ്പുകളും തുടങ്ങണം. പ്രകൃതി സൗഹൃദ വസ്തുക്കളുടെ നിർമ്മാണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം. മലിനജലസംസ്കരണത്തിനായി എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും സംവിധാനവും കൊണ്ടു വരേണ്ടതുണ്ട്. ഇത്തരത്തിൽ സമഗ്രമായ മാലിന്യസംസ്കരണ സംവിധാനത്തിലേക്കു പോകുന്നതിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ ശിൽപ്പശാലയിൽ ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. സുമേഷ് ശില്പശാല ഉദ്ഘാടനം ചെയ്തു. സർക്കാർ നടപ്പിലാക്കി വരുന്ന നാലു മിഷനുകളിൽ പരമപ്രധാനമായ ഒന്നാണ് ശുചിത്വമാലിന്യ സംസ്കരണം ഉപദൗത്യമായുള്ള ഹരിതകേരളം മിഷൻ. മാലിന്യസംസ്കരണ വിഷയങ്ങളിൽ കാതലായ മനോഭാവമാറ്റം അനിവാര്യമാണ്. ഇതിനായുള്ള ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവാദിത്വമുള്ള ശ്രീ. എൽ.പി. ചിത്തർ വിഷയാവതരണം നടത്തി. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിച്ച്, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച്, പുനഃചംക്രമണത്തിന് കൈമാറുന്നതു വഴി അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക എന്നതാണ് ഉപമിഷന്റെ ദൗത്യ പ്രഖ്യാപനം എന്ന് അദ്ദേഹം വിശദീകരിച്ചു. ദൗത്യം സാക്ഷാത്കരിക്കുന്നതിനായി കൃത്യമായ കാലഗണന അനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. മാലിന്യ പരിപാലന സൗകര്യങ്ങൾക്ക് പശ്ചാത്തലം ഒരുക്കൽ, ജൈവ, അജൈവ മാലിന്യ പരിപാലനത്തിന് ഹരിതകർമ്മസേന വഴി പിന്തുണ ഉറപ്പാക്കൽ, അജൈവമാലിന്യം കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കൽ, അവിടെ നിന്നും ആർ.ആർ.എഫിൽ എത്തിക്കൽ, അവിടെ രണ്ടാം തരം തിരിവ് നടത്തി ഷ്രെഡിംഗ്, ബെയിലിംഗ് സൗകര്യം ഒരുക്കൽ, പുനഃചംക്രമണം ചെയ്ത് വ്യവസായങ്ങളിൽ എത്തിക്കൽ എന്നീ പ്രവർത്തനങ്ങളാണ് എല്ലാ പഞ്ചായത്തുകളും നഗരസഭകളും ആദ്യ ഘട്ടത്തിൽ( 2017-18) ഊന്നൽ നൽകേണ്ടത്. രണ്ടാം ഘട്ടത്തിൽ (2018-19) ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കൊപ്പം ഗ്രീൻ പ്രോട്ടോക്കോൾ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പുകൾ എന്നിവയും ആരംഭിക്കണം. ദ്രവമാലിന്യ പരിപാലനത്തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഒരുക്കണം. ഇ-മാലിന്യ പരിപാലനത്തിന് ഉത്പാദകൻ, ഡീലർ എന്നിവർ മുൻകൈ എടുക്കണം. കൺസ്ട്രക്ഷൻ & ഡിമോളിഷൻ മാലിന്യങ്ങൾ പുനരുപയോഗിക്കുകയും, പുനഃചംക്രമണം ഉറപ്പാക്കുകയും വേണം. ചില്ലുകുപ്പികളും ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ ഏർപ്പെടുത്തണം. ഒരു തരത്തിലും പരിപാലിക്കാനാവാത്ത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ സാനിട്ടറി ലാന്റ്ഫിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കണം. മൂന്നാം ഘട്ടത്തിൽ (2019-20) മുൻ ഘട്ട പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കൊപ്പം ഗ്രീൻപ്രോട്ടോകോൾ സ്വകാര്യ ചടങ്ങുകളിലേക്കും വ്യാപിപ്പിക്കൽ, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, സർവ്വീസ് സെന്ററുകൾ ആരംഭിക്കൽ, കെട്ടിട സമുച്ചയങ്ങൾ, ആശുപത്രികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് സംരംഭങ്ങൾ, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സാനിട്ടറി ലാന്റ്ഫിൽ സ്ഥാപന നടപടികൾ, സാനിട്ടറി നാപ്കിൻ, ഡയപ്പറുകൾ എന്നിവയുടെ സംസ്കരണം പൊതു പ്ലാന്റുകളുടെ സ്ഥാപനം എന്നിവ നടപ്പിലാക്കണം. ഈ ഘട്ടത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ പിൻമാറ്റ നടപടികളും ആരംഭിക്കണം. നാലാം ഘട്ടത്തിൽ (2020-21) നിലവിലുള്ള ഡമ്പിംഗ് സൈറ്റ് റമഡിയേഷൻ ആന്റ് കാപ്പിംഗ് പ്രവർത്തികൾ നടപ്പിലാക്കണം. ശുചിത്വമാലിന്യ സംസ്കരണത്തിൽ പൊതു സമൂഹ മനോഭാവം മാറേണ്ടതുണ്ട്. അതിനായുള്ള ഐ.ഇ.സി പ്രവർത്തനങ്ങളും സംഘടിപ്പിക്കണം. നിയമങ്ങളും ശിക്ഷാനടപടികളും ഏർപ്പെടുത്തണം. സെമിനാറിൽ സംസാരിച്ച പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. ശാന്തകുമാരി ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം കാര്യക്ഷമമാക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി. ദ്രവമാലിന്യം കൈകാര്യം ചെയ്യാൻ പദ്ധതികൾ ആവിഷ്കരിക്കണം എന്ന് പുനലൂർ നഗരസഭ ചെയർമാൻ പറഞ്ഞു. ഡോ ഡി. ഗിരിജ, പ്രൊഫസർ, കാർഷിക സർവ്വകലാശാല, ഡോ. കെ.എസ്. മീനാകുമാരി, പ്രൊഫസർ, വെള്ളായണി കാർഷിക കോളേജ് എന്നിവർ ജൈവവളം ഉപയോഗിക്കേണ്ടതിനെക്കുറിച്ചും, ജൈവമാലിന്യ പരിപാലന രീതികളും വിശദീകരിച്ചു. സീവേജ് കൈകാര്യം ചെയ്യേണ്ടതിന്റെ അനിവാര്യതയിലേക്ക് കോഴിക്കോട് കോർപ്പറേഷൻ മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ വിരൽ ചൂണ്ടി. ശുചിത്വമിഷന്റെ സാങ്കേതിക പിന്തുണ ഇനിയും ശക്തിപ്പെടണം എന്ന് നിർദ്ദേശവും സെമിനാറിൽ ഉയർന്നു വന്നു. ശ്രീ. സാജൻ, ശ്രീ. ബെന്നി കോതമംഗലം,

ശ്രീ. കബീർ ബി. ഹാറൂൺ, കരുളായി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അസൈനാർ വിശാരിയി, ശ്രീ. ജഗജീവൻ എന്നിവർ സംസാരിച്ചു. ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ ശ്രീ. ജോൺസൺ പ്രേംകുമാർ നന്ദി പറഞ്ഞു.



*ഹരിതസംഗമം 2017*

## 11.2 ജില്ലകളിൽ നടന്ന ഹരിതസംഗമങ്ങൾ

### 1. കാസറഗോഡ്

ബേഡകം അരിവിപണനവും പ്രദർശനവും: ബേഡകം ഗ്രാമപഞ്ചായത്തിൽ കൃഷിചെയ്ത് ഉൽപ്പാദിപ്പിക്കുന്ന പ്രാദേശിക അരിയുടെ വിപണോൽഘാടനവും, കഴിഞ്ഞ ഒരുവർഷക്കാലം ന ടന്ന പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റുകളുടെ സ്വിച്ച് ഓൺ കർമ്മവും ഡിസംബർ 12 ന് ബേഡകം ഗ്രാമപഞ്ചായത്തിൽ നടന്നു. ജില്ലാതലത്തിൽ നടന്ന ഈ പരിപാടി ശ്രീ. പി. കരുണാകരൻ എം.പി ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് മുനിസിപ്പൽ ചെയർമാൻ ശ്രീ. വി.വി. രമേശൻ,ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ എന്നിവർ പങ്കെടുത്തു. കൃഷി, ശുചിത്വ മിഷൻ, ജലവിഭവം, മണ്ണ് സംരക്ഷണം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരുവർഷം ജില്ലയിൽ നടന്ന പ്രവർത്തനങ്ങളുടെ അവതരണങ്ങൾ നടന്നു. കർഷകരും, ജനപ്രതിനിധികളുമായി ഏതാണ്ട് 600 പേർ പരിപാടിയിൽ പങ്കെടുത്തു. 30 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടക്കുകയുണ്ടായി.

### 2. കണ്ണൂർ

ജില്ലാതലത്തിൽ പ്രത്യേക പരിപാടികൾ നടത്തിയില്ല. ഗ്രാമ – ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ പ്രത്യേക അവലോകനയോഗം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റേയും കളക്ടറുടേയും നേതൃത്വത്തിൽ നടന്നു. ജില്ലാതല ഉദ്യോഗസ്ഥരും ഈ യോഗത്തിൽ പങ്കെടുത്തു.
തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിൽ ഹരിതകേരള സന്ദേശ പദയാത്ര സംഘടിപ്പിച്ചു. ഡിസംബർ 4 മുതൽ 7 വരെ തീയതികളിൽ നടന്ന പദയാത്രയിൽ ഓരോദിവസവും ശരാശരി 150 പേർ പങ്കെടുത്തു. ജിലാകളക്ടർ ശ്രീ. മിർ മുഹമ്മദ് അലി പദയാത്ര ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം പി.കെ ശ്രീമതി ഉദ്ഘാടനം ചെയ്തു. പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ മാവിലായി വലിയതോടിൽ നിർമ്മിച്ച വി.സി.ബി ബഹു. തുറമുഖ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. കടമ്പൂർ ഗ്രാമപഞ്ചായത്തിൽ 18 ഏക്കർ സ്ഥലത്ത് പച്ചക്കറികൃഷി ആരംഭിച്ചുകൊണ്ടാണ് ഹരിത സംഗമം ആരംഭിച്ചത്. പോതിയേടത്ത് വയലിൽ പഞ്ചായത്ത് പ്രസിഡണ്ട് നടീൽ ഉൽസവം ഉദ്ഘാടനം ചെയ്തു. മാലൂർ ഗ്രാമപഞ്ചായത്തിൽ അഞ്ച് കേന്ദ്രങ്ങളിൽ സാംസ്ക്കാരിക കൂട്ടായ്മ സംഘടിപ്പിച്ചു കൊണ്ടാണ് ഹരിതസംഗമം നടത്തിയത്. മാലിന്യശേഖരണപ്പെട്ടി വിതരണം ചെയ്തു കൊണ്ട് ധർമ്മടം പഞ്ചായത്തിലും, പിണറായി ഗ്രാമപഞ്ചായത്തിലും ഹരിതസംഗമം നടത്തി.

ധർമ്മടത്ത് ബഹു. തുറമുഖവകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനും, പിണറായിയിൽ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. രാജീവനും ഉദ്ഘാടനം നിർവഹിച്ചു. പേരാവൂർ ഗ്രാമപഞ്ചായത്തിൽ 500 തടയണകൾ നിർമ്മിച്ചുകൊണ്ട് ഹരിതസംഗമം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്തു. പായം പഞ്ചായത്ത് നിർമ്മിച്ച ഹരിതകേരളം ഡോക്യു മെന്ററി സിഡി പ്രകാശനം ചെയ്തു കൊണ്ട് ജില്ലാ കളക്ടർ ഹരിതസംഗമം ഉദ്ഘാടനം ചെയ്തു. ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ കയർഭൂവസ്ത്രം കൊണ്ട് നിർമ്മിക്കുന്ന ബണ്ട് ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു.തുറമുഖവകുപ്പ് മന്ത്രി ഹരിതസംഗമം ആരംഭിച്ചു. ഈ പരിപാടികൾക്ക് പുറമെ 14 ഗ്രാമപഞ്ചായത്തുകളിലും തലശ്ശേരി നഗരസഭയിലും ഹരിതസംഗമം നടന്നു.

**3. വയനാട്**

ഡിസംബർ 8 ന് കളക്ടറേറ്റ് അങ്കണത്തിൽ കഴിഞ്ഞ ഒരുവർഷം നടന്ന പ്രവർത്തനങ്ങളുടെ പ്രദർശനവും, മാലിന്യസംസ്ക്കരണഉപാധികളുടെ ഡമോൺസ്ട്രേഷനും നടത്തി ജില്ലാതല പരിപാടി സംഘടിപ്പിച്ചു. മീനങ്ങാടി, പൂതാടി, തരിയോട്, വൈത്തിരി, മുള്ളങ്കൊല്ലി ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമം സംഘടിപ്പിച്ചു.

**4. കോഴിക്കോട്**

ജില്ലയിൽ വ്യാകമായി നടക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ കൽപ്പൂരിൽ തടയണ നിർമ്മാണം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു. ജലവിഭവവകുപ്പ് മന്ത്രി ശ്രീ. മാത്യു ടി. തോമസ് ഹരിതസംഗമം ജില്ലാതല പരിപാടി ഉദ്ഘാടനം നിർവഹിച്ചു. സിവിൽ സ്റ്റേഷനിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്വാപ്പ് ഷോപ്പ് ഡിസമ്പർ 28ന് സംഘടിപ്പിച്ചു. ജില്ലയിൽ 20 ഗ്രാമപഞ്ചായത്തുകളിലും വടകര നഗരസഭയിലും ഹരിതസംഗമം സംഘടിപ്പിച്ചു.

**5. മലപ്പുറം**

ഡിസംബർ 8 ന് സിവിൽ സ്റ്റേഷനിൽ 'ക്ളീൻ സിവിൽ സ്റ്റേഷൻ, ഗ്രീൻ സിവിൽ സ്റ്റേഷൻ' പരിപാടി യുടെ ഭാഗമായി സെമിനാറും മികച്ച ക്ളീൻ ഓഫീസുകളെ ആദരിക്കൽ പരിപാടിയും സംഘടിപ്പിച്ചു. പി ഉബൈദുള്ള എം.എൽ.എ പരിപാടി ഉദ്ഘാടനം ചെയ്തു. മികച്ച ക്ളീൻ ഓഫീസുകളായി ജില്ലാ ടൗൺ പ്ളാനിങ്ങ് ഓഫീസ്, ജില്ലാ പ്ളാനിങ്ങ് ഓഫീസ്, ജില്ലാ വ്യവസായകേന്ദ്രം എന്നിവയെ തെരഞ്ഞെടുക്കുകയും ചടങ്ങിൽ വെച്ച് അവരെ അനുമോദിച്ച് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. സിവിൽ സ്റ്റേഷനിൽ പ്ളാസ്റ്റിക് നിരോധനം ഏർപ്പെടുത്തി. അതിന്റെ ഭാഗമായി എല്ലാ ഓഫീസ് മേധാവികൾക്കും തുണി സഞ്ചികൾ നൽകി.

ശുചിത്വമിഷന്റെ സഹായത്തോടെ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ശുചിത്വ മാതൃകകളുടെ പ്രദർശനവും നടത്തി. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. 31 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു. മലപ്പുറം നഗരസഭയിലെ ഹരിതസംഗമം ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്തു. ചാലിയാർ ഗ്രാമപഞ്ചായത്ത് ഹരിതസംഗമത്തിൽ മാലിന്യമുക്തചാലി യാർ പ്രഖ്യാപനം ശ്രീ. പി.വി. അൻവർ എം.എൽ.എ നിർവഹിച്ചു.

**6. പാലക്കാട്**

ഹരിതകേരളം മിഷൻ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പൊതുയോഗവും പ്രദർശനവും സംഘടിപ്പിച്ചു. ബഹു. എം.പി. എം.ബി രാജേഷ് പൊതുയോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ശ്രീമതി ശാന്തകുമാരി അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷനു വേണ്ടി ജില്ലാ ശുചിത്വമിഷൻ തയ്യാറാക്കിയ റിപ്പോർട്ട് ചടങ്ങിൽ പ്രകാശനം ചെയ്തു. കുടുംബശ്രീ, കൃഷിവകുപ്പ്, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, മണ്ണ് പര്യവേഷണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവയുടെ സ്റ്റാളുകൾ പ്രദർശനത്തിൽ പങ്കെടുത്തു. കൂടാതെ കുട്ടികൾ രൂപകൽപ്പന ചെയ്ത കിണർ റീചാർജ്ജിങ്ങിന്റെ മാതൃകയും പ്രദർശിപ്പിച്ചു. സിവിൽ സ്റ്റേഷനിലെ രണ്ട് ഓഫീസുകളിൽ നിന്ന് ശേഖരിച്ച് ഇ-വേസ്റ്റ് ക്ളീൻ കേരള കമ്പനിക്ക് കൈമാറി. 21 ഗ്രാമപഞ്ചായ ത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

**7. തൃശ്ശൂർ**

തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിന് സമീപം കോർപ്പറേഷൻ കോർണറിൽ ഡിസംബർ 8ന് മാലിന്യസംസ്ക്കരണ ഉപാധികളുടെ പ്രദർശനവും സ്വാപ്പ് ഷോപ്പും സംഘടിപ്പിച്ചു. തളിക്കുളം ബ്ളോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരുവ് നാടകം അവതരിപ്പിച്ചു. 35 ഗ്രാമ പഞ്ചായത്തുകളിലും കുന്നംകുളം മുനിസിപ്പാലിറ്റിയിലും ഹരിതസംഗമങ്ങൾ നടന്നു.

**8. എറണാകുളം**

ഹരിതകേരളം വാർഷികത്തിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ സെക്രട്ടറിമാർ എന്നിവർ ചേർന്ന് മികച്ച ശുചിത്വമാതൃകകൾ നേരിൽ കണ്ട് പഠിക്കുന്നതിനുള്ള സന്ദർശനയാത്ര ഡിസംബർ 22 ന് നടത്തി. കേരള കാർഷിക സർവകലാശാല, മണ്ണുത്തി, കാറളം ഗ്രാമപഞ്ചായത്ത്, ഇരിങ്ങാലക്കുട ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശനം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഡിസംബർ 6 ന് 217 ജനപ്രതിനിധികൾ മാലിന്യസംസ്ക്കരണരീതികൾ പഠിക്കുന്നതിനായി ടെക്നോപാർക്ക് സന്ദർശിച്ചു. ശുചിത്വ മിഷന്റെ നേതൃത്വത്തിലാണ് സന്ദർശനപരിപാടി നടത്തിയത്. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. കെ.ടി.ജലീൽ, ഹരിതകേരളം എക്സി. വൈസ് ചെയർപേർസൺ ഡോ. ടി.എൻ. സീമ എന്നിവർ പങ്കെടുത്തു. ജില്ലയിൽ 32 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

**9. ഇടുക്കി**

ഇടുക്കി ബ്ളോക്ക് പഞ്ചായത്തിൽ നവമ്പർ 30 ന് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഹരിതമേളയും മാലിന്യസംസ്ക്കരണ ഉപാധികളുടെ പ്രദർശനവും നടത്തി. തൊടുപുഴ മുനിസിപ്പൽ സിവിൽ സ്റ്റേഷനിൽ ഹരിതപ്രോട്ടോക്കോൾ പ്രഖ്യാപനം നവംബർ 30 ന് നടന്നു. ജില്ലാ കളക്ടർ ശ്രീ. ഗോകുൽ ഐ.എ.എസ്. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വിവിധ സർക്കാർ ഓഫീസ് മേധാവികൾ പങ്കെടുത്തു. ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

**10. കോട്ടയം**

ഡിസമ്പർ 8 ന് കളക്ടറേറ്റ് ക്യാമ്പസിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റേയും ശുചിത്വമിഷന്റേയും നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ജില്ലയിൽ നടപ്പാക്കിയ പരിപാടികളുടെ ഫോട്ടോ പ്രദർശനം നടന്നു. ജില്ലാ കളക്ടർ ഡോ. ബി.എസ്. തിരുമേനി ഉദ്ഘാടനം ചെയ്തു. കോട്ടയം നഗരസഭാ ചെയർപേർസൺ ശ്രീമതി. പി.ആർ.സോന മുഖ്യാതിഥി ആയിരുന്നു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സക്കറിയാസ് കുതിരവേലി സെമിനാർ ഉദ്ഘാടനം ചെയ്തു. ശുചിത്വ-മാലിന്യസംസ്ക്കരണം- ശ്രീ. ഫിലിപ്പോസ് ജോസഫ്, ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്റർ, ജലസംരക്ഷണം-ഡോ. കെ.ജെ ജോർജ്ജ്, എക്സി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, ശ്രീമതി. ത്രേസ്യാമ്മ തോമസ് കൃഷി ഡെപ്യൂട്ടി ഡയറകടർ എന്നിവർ വിഷയം അവതരിപ്പിച്ചു സംസാരിച്ചു. ഗ്രാമ-ബ്ളോക്ക് പഞ്ചായത്തു പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ എന്നിവർ സെമിനാറിൽ പങ്കെടുത്തു. ജില്ലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

**11. പത്തനതിട്ട**

ഡിസംബർ 13 ന് പത്തനംതിട്ട കെ.എസ്.ആർ.ടി.സി കോർണറിൽ ജില്ലാതല എക്സിബിഷൻ നടന്നു. മുനിസിപ്പാലിറ്റിയിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) യുടെ ഉദ്ഘാടനവും നടന്നു. പത്തനംതിട്ട നഗരസഭാ ചെയർപേർസൺ ശ്രീമതി. രജനി പ്രദീപ് ഉദ്ഘാടനം നിർവഹിച്ചു. ഡിസംബർ 12ന് കടമ്പനാട് ഗ്രാമപഞ്ചായത്തിൽ കയർ ഭൂവസ്ത്രവിതാനം ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിച്ചു.

ഡിസംബർ 23 ന് ഇരവിപുരം ഗ്രാമപഞ്ചായത്തിൽ 28 ഏക്കർ നിലത്ത് വിത്ത് വിതച്ചുകൊണ്ട് ജില്ലാ കളക്ടർ ശ്രീമതി. ആർ.ഗിരിജ ഹരിതസംഗമം ഉദ്ഘാടനം ചെയ്തു. ജില്ലയിൽ 17 ഗ്രാമ പഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ ഉദ്ഘാടനം ചെയ്തു.

**12. ആലപ്പുഴ**

ഡിസംബർ 8 ന് ആലപ്പുഴ കളക്ടറേറ്റ് കോമ്പൗണ്ടിൽ ഹരിതകേരളം മിഷന്റെ ഭാഗമയി കഴിഞ്ഞ ഒരുവർഷക്കാലം ജില്ലയിൽ നടന്ന പ്രവർത്തനങ്ങളുടെ പ്രദർശനവും മാലിന്യസംസ്ക്കരണ ഉപാധികളുടെ പ്രദർശനവും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജി.വേണുഗോപാലൻ ഉദ്ഘാടനം ചെയ്തു. ജില്ലയിൽ 37 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

**13. കൊല്ലം**

ഡിസംബർ 12 ന് ജില്ലാ പഞ്ചായത്ത് ഓഫീസിൽ കഴിഞ്ഞ ഒരു വർഷക്കാലം ജില്ലയിൽ നടന്ന പ്രവർത്തനങ്ങളുടെ പ്രദർശനം, ഫോട്ടോ പ്രദർശനം, മാലിന്യസംസ്ക്കരണ ഉപാധികളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചു. കൃഷി, ജലവിഭവം, ഫിഷറീസ്, വകുപ്പുകളും ശുചിത്വമിഷനും പ്രദർശനത്തിൽ പങ്കെടുത്തു. 30 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ സംഘടിപ്പിച്ചു.

**14. തിരുവനന്തപുരം**

ഡിസംബർ 8 ന് കരകുളം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും പൊതുസ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മാണിക്കൽ, പാറശാല ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ഹരിതകർമ്മസേന പരിശീലനം ഹരിതസംഗമങ്ങളുടെ തുടക്കമായി മാറി. ജില്ലയിൽ 28 ഗ്രാമപഞ്ചായത്തുകളിൽ ഹരിതസംഗമങ്ങൾ നടന്നു.

# 12. മിഷൻ പ്രവർത്തനങ്ങൾ ജില്ലകളിലൂടെ

*തിരുവനന്തപുരം*










*കൊല്ലം*







ലിഫ്റ്റ്



പത്തനംതിട്ട




നഗരസഭ
എയറോബിക് പ്ലാന്റ്




മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത്
മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി [MCF] സെന്റർ

കോട്ടയം









ഇടുക്കി
















ആലപ്പുഴ











## എറണാകുളം










## തൃശൂർ







പാലക്കാട്









മലപ്പുറം





കോഴിക്കോട്










വയനാട്











കണ്ണൂർ








കാസറഗോഡ്



# അനുബന്ധം-1

## ഹരിതകേരളം മിഷനിലേക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ (തീയതി അനുസരിച്ച്)

| ക്രമ നമ്പർ | പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ഡോ. ടി.എൻ.സീമ | എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ | 07.11.2016 |
| 2 | ജയ്മോൻ. കെ | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 08.12.2016 |
| 3 | ഡോ. ആർ. അജയകുമാർ വർമ്മ | ടെക്നിക്കൽ അഡ്വൈസർ | 03.01.2017 |
| 4 | ടി.എം. ജേക്കബ് | ഡ്രൈവർ | 19.01.2017 |
| 5 | അക്ഷയ് എം. നായർ | ഓഫീസ് അറ്റൻഡന്റ് | 24.01.2017 |
| 6 | സെലിൻ ബാബു ബി | ഫുൾ ടൈം സ്വീപ്പർ | 15.02.2017 |
| 7 | റോജ സി. | പേഴ്സണൽ അസിസ്റ്റന്റ് | 04.04.2017 |
| 8 | ഫൗസിയ പി.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 17.04.2017 |
| 9 | എബ്രഹാം കോശി | കൺസൾട്ടന്റ്-വാട്ടർ റിസോഴ്സസ് | 09.06.2017 |
| 10 | ടി.പി. സുധാകരൻ | കൺസൾട്ടന്റ്-കോ-ഓർഡിനേഷൻ & കപ്പാസിറ്റി ബിൽഡിംഗ് | 12.07.2017 |
| 11 | മനോജ് ബി. | പബ്ലിക് റിലേഷൻസ് ഓഫീസർ | 12.07.2017 |
| 12 | പി. അജയകുമാർ | ടെക്നിക്കൽ ഓഫീസർ-വേസ്റ്റ് മാനേജ്മെന്റ് | 20.07.2017 |
| 13 | വൈ. കല്യാണകൃഷ്ണൻ | ജില്ലാ കോ-ഓർഡിനേറ്റർ-പാലക്കാട് | 21.07.2017 |
| 14 | സുധീർ കിഷൻ ബി.കെ. | ജില്ലാ കോ-ഓർഡിനേറ്റർ-വയനാട് | 01.08.2017 |
| 15 | കെ.എസ്. രാജേഷ് | ജില്ലാ കോ-ഓർഡിനേറ്റർ-ആലപ്പുഴ | 03.08.2017 |
| 16 | ആർ. രാജേഷ് | ജില്ലാ കോ-ഓർഡിനേറ്റർ-പത്തനംതിട്ട | 03.08.2017 |
| 17 | സുജിത് കരുൺ | ജില്ലാ കോ-ഓർഡിനേറ്റർ-എറണാകുളം | 09.08.2017 |
| 18 | ഇ.കെ. സോമശേഖരൻ | ജില്ലാ കോ-ഓർഡിനേറ്റർ-കണ്ണൂർ | 10.08.2017 |
| 19 | എം.പി. സുബ്രഹ്മണ്യൻ | ജില്ലാ കോ-ഓർഡിനേറ്റർ-കാസറഗോഡ് | 11.08.2017 |
| 20 | പി.എസ്. ഷാജികുമാർ | ജില്ലാ കോ-ഓർഡിനേറ്റർ-തിരുവനന്തപുരം | 19.08.2017 |
| 21 | പ്രഭാകരൻ നായർ ബി. | അസിസ്റ്റന്റ് | 19.08.2017 |
| 22 | വി. രാജേന്ദ്രൻ നായർ | ടെക്നിക്കൽ ഓഫീസർ-കോ-ഓർഡിനേഷൻ & കപ്പാസിറ്റി ബിൽഡിംഗ് | 29.08.2017 |
| 23 | സുരേഷ് പോൾ വി. | അസിസ്റ്റന്റ് | 31.08.2017 |
| 24 | ജഗജീവൻ എൻ. | കൺസൾട്ടന്റ്-വേസ്റ്റ് മാനേജ്മെന്റ് | 02.09.2017 |
| 25 | സതീഷ് ആർ.വി. | ടെക്നിക്കൽ ഓഫീസർ-വാട്ടർ റിസോഴ്സസ് | 02.09.2017 |
| 26 | രാജു പി. | ജില്ലാ കോ-ഓർഡിനേറ്റർ-മലപ്പുറം | 02.09.2017 |
| 27 | പി.എസ്. ജയകുമാർ | ജില്ലാ കോ-ഓർഡിനേറ്റർ-തൃശ്ശൂർ | 02.09.2017 |
| 28 | ഡോ. ജി.എസ്. മധു | ജില്ലാ കോ-ഓർഡിനേറ്റർ-ഇടുക്കി | 02.09.2017 |
| 29 | സഞ്ജീവ് എസ്.യു. | കൺസൾട്ടന്റ്-അഗ്രികൾച്ചർ | 13.10.2017 |
| 30 | ഹരിപ്രിയ ദേവി | ടെക്നിക്കൽ ഓഫീസർ-അഗ്രികൾച്ചർ | 13.10.2017 |
| 31 | പ്രകാശ് പി. | ജില്ലാ കോ-ഓർഡിനേറ്റർ-കോഴിക്കോട് | 16.10.2017 |
| 32 | പി. രമേഷ് | ജില്ലാ കോ-ഓർഡിനേറ്റർ-കോട്ടയം | 01.11.2017 |
| 33 | ബിന്ദു വി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 14.11.2017 |
| 34 | ഇന്ദു. എസ്. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 24.11.2017 |
| 35 | ഷിജി എസ്.ജെ. | അസിസ്റ്റന്റ് | 01.01.2018 |
| 36 | ദേവരാജൻ വി. | അക്കൗണ്ട്സ് ഓഫീസർ | 24.01.2018 |

# അനുബന്ധം-2

## ഹരിതകേരളം സംസ്ഥാന മിഷൻ സംഘടനാസംവിധാനം

| | |
|---|---|
| അദ്ധ്യക്ഷൻ | മുഖ്യമന്ത്രി |
| സഹഅദ്ധ്യക്ഷന്മാർ | തദ്ദേശ സ്വയംഭരണം, കൃഷി, ജല വിഭവം (3) |
| ഉപ അദ്ധ്യക്ഷന്മാർ | ധനകാര്യം, ആരോഗ്യം, വനംവകുപ്പ് മന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും (4) |
| പ്രത്യേക ക്ഷണിതാവ് | പ്രതിപക്ഷ നേതാവ് |
| എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ | ഡോ. ടി.എൻ. സീമ, മുൻ എം.പി. |
| സാങ്കേതിക ഉപദേഷ്ടാവ് | ഡോ. ആർ അജയകുമാർ വർമ്മ |
| അംഗങ്ങൾ | 1. ചീഫ് സെക്രട്ടറി<br>2. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, വനം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവര-സാങ്കേതികം, ശാസ്ത്ര-സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ (12)<br>3. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. വൈസ് ചാൻസിലർ, കേരള കാർഷിക സർവ്വകലാശാല<br>5. ഡെവലപ്മെന്റ് അഡ്വൈസർ, കേരള സർക്കാർ |
| മിഷൻ സെക്രട്ടറി | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

## ജില്ലാ മിഷൻ

| | |
|---|---|
| അദ്ധ്യക്ഷൻ | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി |
| അംഗങ്ങൾ | 1. ജില്ലയിൽ നിന്നുള്ള ലോകസഭാംഗങ്ങൾ<br>2. രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)<br>3. മേയർ<br>4. ജില്ലയിൽ നിന്നുള്ള എം.എൽ.എ. മാർ<br>5. മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേമ്പർ നാമനിർദ്ദേശം ചെയ്യുന്ന 2 ചെയർമാൻമാർ<br>6. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും, സെക്രട്ടറിയും<br>7. ഗ്രാമപഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും<br>8. ജില്ലാപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ<br>9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി<br>10. ജില്ലാ പ്ലാനിംഗ് ഓഫീസർ<br>11. പ്രിൻസിപ്പൽ കൃഷി ഓഫീസർ<br>12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (എം.ജി.എൻ.ആർ.ഇ.ജി.എസ്.)<br>13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം<br>14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ<br>15. പഞ്ചായത്ത് ഡെപ്യൂട്ടീ ഡയറക്ടർ<br>16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)<br>17. ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്) |
| | 18. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം<br>20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം<br>21. മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ<br>22. റീജയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം<br>23. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)<br>24. 4 മിഷനുകളുടേയും ജില്ലാ കോ-ഓർഡിനേറ്റർമാർ |
| മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്റർ | ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി |

## മുനിസിപ്പാലിറ്റി / കോർപ്പറേഷൻതല മിഷൻ

| | |
|---|---|
| അദ്ധ്യക്ഷൻ | മുനിസിപ്പൽ ചെയർപേഴ്സൺ / കോർപ്പറേഷൻ മേയർ |
| അംഗങ്ങൾ | 1. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും<br>2. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ<br>3. സി.ഡി.എസുകളുടെ ചെയർപേഴ്സൺമാർ<br>4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർപേഴ്സൺമാരും, കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)<br>5. ഐ.സി.ഡി.എസ് സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ. |
| മിഷൻ സെക്രട്ടറി | മുനിസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറി |

## ബ്ലോക്ക് മിഷൻ

| | |
|---|---|
| അദ്ധ്യക്ഷൻ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| അംഗങ്ങൾ | 1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.മാർ<br>2. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ<br>3. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ<br>4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ<br>5. ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ |
| മിഷൻ സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

## ഗ്രാമപഞ്ചായത്ത്തല മിഷൻ

| | |
|---|---|
| അദ്ധ്യക്ഷൻ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| അംഗങ്ങൾ | 1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ<br>2. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും<br>3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ<br>4. സി.ഡി.എസ്.കളുടെ ചെയർപേഴ്സൺമാർ<br>5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർ പേഴ്സൺമാരും, കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം-ശുചിത്വം, വിദ്യാഭ്യാസം) |
| മിഷൻ സെക്രട്ടറി | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

## സംസ്ഥാനതല കർമ്മസേന

a) ശുചിത്വ-മാലിന്യ സംസ്ക്കരണം

| | |
|---|---|
| ചെയർ പേഴ്സൺ | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| പ്രത്യേക ക്ഷണിതാവ് | ഡോ.ടി.എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ |
| അംഗങ്ങൾ | 1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ<br>2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>3. ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>4. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്<br>5. ഡയറക്ടർ, കൃഷി വകുപ്പ്<br>6. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>7.ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്<br>8. ഡയറക്ടർ, ഫിഷറീസ് വകുപ്പ്<br>9. ഡയറക്ടർ, ടൂറിസം<br>10. എക്സിക്യൂട്ടീവ് ഡറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ.<br>11. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി<br>12. ഗ്രാമവികസന കമ്മീഷണർ<br>13. പഞ്ചായത്ത് ഡയറക്ടർ<br>14. ഡയറക്ടർ, നഗരകാര്യ വകുപ്പ്<br>15. ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ് |

| | |
|---|---|
| | 16. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്<br>17. ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്<br>18. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ |
| ജോയിന്റ് കൺവീനർ | ഉപമിഷൻ കോ-ഓർഡിനേറ്റർ, എക്സിക്യുട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ |

## b) മണ്ണ്-ജല സംരക്ഷണം

| | |
|---|---|
| ചെയർപേഴ്സൺ | അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവം |
| പ്രത്യേക ക്ഷണിതാവ് | ഡോ.ടി.എൻ. സീമ, എക്സിക്യുട്ടീവ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ |
| അംഗങ്ങൾ | 1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ<br>2. ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് (കൺവീനർ)<br>3. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>4. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)<br>5. ഡയറക്ടർ, കൃഷി വകുപ്പ്<br>6. ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ<br>7. അഡീഷണൽ ഡയറക്ടർ, സോയിൽ കൺസർവേഷൻ<br>8. അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ<br>9. ലാൻഡ് യൂസ് കമ്മീഷണർ<br>10. മാനേജിംഗ് ഡയറക്ടർ, കേരള ജലഅതോറിറ്റി<br>11. ഡയറക്ടർ ഭൂജലവകുപ്പ്<br>12. ഡയറക്ടർ, പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ്<br>13. ഡയറക്ടർ, സി.ഡബ്ല്യു.ആർ.ഡി.എം.<br>14. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്<br>15. ഹെഡ്, അക്കാദമി ഓഫ് ക്ലൈമറ്റ് ചേയ്ഞ്ച്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി<br>16. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്<br>17. കൺസൾട്ടന്റുമാർ/റിസോഴ്സ്പേഴ്സൺമാർ |
| ജോയിന്റ് കൺവീനർമാർ | ഉപമിഷൻ കോ-ഓർഡിനേറ്റർ, ജലസമൃദ്ധി |

## c) കൃഷി വികസനം

| | |
|---|---|
| ചെയർപേഴ്സൺ | പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് |
| പ്രത്യേക ക്ഷണിതാവ് | ഡോ.ടി.എൻ സീമ, എക്സിക്യുട്ടീവ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ |
| അംഗങ്ങൾ | 1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ<br>2. ഡയറക്ടർ, കൃഷി വകുപ്പ് (കൺവീനർ)<br>3. ഡയറക്ടർ, മൃഗസംരക്ഷണം<br>4. ഡയറക്ടർ, ക്ഷീരവികസനം<br>5. ഡയറക്ടർ, ഫിഷറീസ്<br>6. ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ<br>7. എക്സിക്യുട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>8. മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ<br>9. മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.<br>10. മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.<br>11. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>12. ചീഫ് എഞ്ചിനീയർ, ജലസേചനം<br>13. സ്റ്റേറ്റ് നോഡൽ ഓഫീസർ, ആത്മ<br>14. കാർഷിക സർവ്വകലാശാലയുടെ പ്രതിനിധി<br>15. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി<br>16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>17. എക്സിക്യുട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ<br>18. ഡയറക്ടർ, കോരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>19. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>20. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്<br>21. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ |
| ജോയിന്റ് കൺവീനർമാർ | ഉപമിഷൻ കോ-ഓർഡിനേറ്റർ, സുജലം സുഫലം |

## ജില്ലാതല കർമ്മസേന

| ചെയർ പേഴ്സൺ | ജില്ലാ കളക്ടർ |
|---|---|
| അംഗങ്ങൾ | 1. ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)<br>2. പ്രിൻസിപ്പൽ കൃഷി ഓഫീസർ<br>3. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ<br>4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ<br>5. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം<br>7. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്<br>8. പ്രോജക്ട് ഡയറക്ടർ, ആത്മ<br>9. കൃഷി വിജ്ഞാൻ കേന്ദ്രയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ<br>10. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ<br>11. ജില്ലാ സോയിൽ സർവ്വേ ഓഫീസർ<br>12. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്<br>13. എൻവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ്<br>14. എൻ.എസ്.എസ്, ജില്ലാ കോ-ഓർഡിനേറ്റർ<br>15. ജില്ലാ നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്<br>16. ഫാം ഫോറസ്ട്രിയുടെയും സോഷ്യൽഫോറസ്ട്രിയുടെയും ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br>17. ജില്ലാ കോ-ഓർഡിനേറ്റർ, സാക്ഷരതാ മിഷൻ<br>18. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്<br>19. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (2) (ജില്ലാ മിഷൻ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്)<br>20. റിസോഴ്സ് പേഴ്സൺമാർ |
| ജോയിന്റ് കൺവീനർമാർ | ജില്ലാ കോ-ഓർഡിനേറ്റർമാർ |

## തദ്ദേശ ഭരണസ്ഥാപനതല കർമ്മസേന

| |
|---|
| 1. കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ |
| 2. കുടിവെള്ള മേഖലാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ |
| 3. ശുചിത്വ മേഖലാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ |

ഹരിത കേരളം മിഷനു കീഴിലുള്ള ഓരോ ഉപദൗത്യവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ, ഫണ്ട് അലോട്ട്മെന്റ്, മന്ത്രിതല തീരുമാനം ആവശ്യമായ മറ്റു വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, മിഷൻ സെക്രട്ടറി (അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്), വകുപ്പു സെക്രട്ടറി, ഉപമിഷൻ കോ-ഓർഡിനേറ്റർ, കർമ്മസേനയുടെ കൺവീനർ(വകുപ്പ് മേധാവി) സാങ്കേതിക ഉപദേഷ്ടാവ് (ഹരിതകേരളം മിഷൻ) എന്നിവരുടെ യോഗം എല്ലാ മാസവും ചേരുന്നതാണ്.